# ഇസ്‌ലാമും മതസഹിഷ്ണുതയും

ശൈഖ് മുഹമ്മദ് കാരകുന്ന്

ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്
കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം, തൃശൂർ

# പ്രസ്താവന

**വി**വിധ മതസമൂഹങ്ങൾ തിങ്ങിത്താമസിക്കുന്ന നാടാണ് ഇന്ത്യ. അവയ്ക്കിടയിലെ ഐക്യത്തിലൂടെയും പരസ്പര സഹകരണ ത്തിലൂടെയും മാത്രമേ നാട്ടിന്റെ പുരോഗതിയും ക്ഷേമവും സാധ്യമാവുകയുള്ളൂ. നിർഭാഗ്യവശാൽ, ഈ രംഗത്ത് സ്വതന്ത്ര ഭാരതത്തിന്റെ ഇതഃപര്യന്തമുള്ള അനുഭവം ശോഭനമോ ശുഭക രമോ അല്ല. വർഗീയ കലാപങ്ങളും സാമുദായിക സംഘട്ടനങ്ങ ളും നിത്യസംഭവമായി മാറിയിരിക്കുന്നു. ആയിരക്കണക്കിന് ആളു കൾ കൊല്ലപ്പെടുകയും കോടിക്കണക്കിന് രൂപയുടെ സ്വത്തു ക്കൾ നശിപ്പിക്കപ്പെടുകയും ചെയ്യുന്നു.

ഭിന്ന മതവിഭാഗങ്ങൾക്കിടയിലുള്ള ഭീമമായ തെറ്റിദ്ധാരണ യാണ് അന്യോന്യമുള്ള അകൽച്ചക്കും സംഘർഷങ്ങൾക്കും പല പ്പോഴും കാരണമാവാറുള്ളത്. അതവസാനിപ്പിച്ച് പരസ്പരമ റിയാനും അടുക്കാനുമുള്ള സാഹചര്യങ്ങളൊരുക്കുന്നതിൽ ഭര ണകൂടങ്ങൾ അക്ഷന്തവ്യമായ ഉദാസീനതയാണ് ഇന്നോളം കാ ണിച്ചിട്ടുള്ളത്. നാട്ടിലെ വിദ്യാസ്ഥാപനങ്ങളിലെ ചരിത്രപഠനം പോലും പരസ്പര വിശ്വാസവും മമതയും വളർത്താൻ സഹാ യകമല്ലെന്നു മാത്രമല്ല, കൂടുതൽ അകലാനും വെറുക്കാനും ഇട വരുത്തും വിധവുമാണ്.

ചരിത്രപരമായ കാരണങ്ങളാലും, ചില വർഗീയ ശക്തിക ളുടെ ആസൂത്രിതമായ പ്രചാരണങ്ങളാലും ഇസ്‌ലാമും മുസ്‌ലിം കളും ഗുരുതരമായ തെറ്റിദ്ധാരണകൾക്ക് വിധേയമായിട്ടുണ്ട്. തൽഫലമായി ഇസ്‌ലാം കിരാതവും പ്രാകൃതവുമാണെന്നും മു സ്‌ലിംകൾക്ക് അന്യ ജനവിഭാഗങ്ങളുമായി സ്നേഹത്തിലും സഹിഷ്ണുതയിലും വർത്തിക്കാൻ സാധ്യമല്ലെന്നുമുള്ള ധാരണ വളർന്നുവന്നിരിക്കുന്നു.

ഈ പശ്ചാത്തലത്തിൽ ഇസ്‌ലാമിനെ സംബന്ധിച്ച ഭീമമായ തെറ്റിദ്ധാരണ ദൂരീകരിക്കാനുള്ള എളിയ ശ്രമങ്ങളുടെ ഭാഗമാണ് ഈ കൊച്ചു കൃതി. ഇതര ജനവിഭാഗങ്ങളുടെ നേരെ ഇസ്‌ലാമിന്റെ സമീപനം എവ്വിധമാണെന്ന് മൂലപ്രമാണങ്ങളുടെയും ചരിത്ര സത്യങ്ങളുടെയും വെളിച്ചത്തിൽ ഇതിൽ ലളിതമായി വിവരിച്ചിരിക്കുന്നു. ഇതിന്റെ അവസാനഭാഗത്ത് പഠനാർഹങ്ങളായ രണ്ട് അനുബന്ധങ്ങളും ചേർത്തിട്ടുണ്ട്.

ഈ നാലാം പതിപ്പിൽ ആവശ്യമായ ചില പരിഷ്കരണങ്ങൾ വരുത്തുകയും ഒരു പുതിയ അധ്യായം ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മതസഹിഷ്ണുതയും സാമുദായിക സൗഹാർദവും വളർത്തി സംഘർഷങ്ങളും സംഘട്ടനങ്ങളും അവസാനിപ്പിക്കാൻ ശ്രമിക്കുകയെന്ന ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ പ്രഖ്യാപിത നയം നടപ്പാക്കാനുള്ള ശ്രമങ്ങളുടെ ഭാഗം കൂടിയാണ് ഈ ലഘു കൃതി. സത്യാന്വേഷകർക്ക് വസ്തുതകൾ മനസ്സിലാക്കാനും തെറ്റിദ്ധാരണകളകറ്റാനും ഇത് പ്രയോജനപ്പെടുമെന്നു പ്രതീക്ഷിക്കുന്നു. അതിന്നായി പ്രാർഥിക്കുകയും ചെയ്യുന്നു.

-പ്രസാധകർ

## ഉള്ളടക്കം


1. ഒരു ജാതി ഒരു വർഗം ........ 11
2. വിശ്വാസ സ്വാതന്ത്ര്യം ........ 20
3. ആരാധനാ സ്വാതന്ത്ര്യം ........ 27
4. ആരാധനാലയങ്ങളുടെ ആദരണീയത ........ 35
5. വ്യക്തി നിയമങ്ങളുടെ സംരക്ഷണം ........ 46
6. ഇസ്‌ലാമിക പ്രബോധനവും നിർബന്ധ മതപരിവർത്തനവും 49
7. മുസ്‌ലിം രാഷ്ട്രത്തിലെ അമുസ്‌ലിം പൗരന്മാർ ........ 55
8. സഹിഷ്ണുത നീതിപാലനത്തിൽ ........ 62
9. ജിസ്‌യ ........ 71
10. കാഫിർ ........ 76

അനുബന്ധം i ........ 79

അനുബന്ധം ii ........ 84

ഒന്ന്

# ഒരു ജാതി ഒരു വർഗം

**മു**സ്‌ലിംകൾക്ക് ഒരു അല്ലാഹു, ഹിന്ദുക്കൾക്ക് ഒരീശ്വരൻ, ക്രിസ്ത്യാനികൾക്കൊരു കർത്താവ്, യഹൂദർക്കൊരു ദൈവം- ഈ സങ്കല്പം ഇസ്‌ലാമിന്ന് അപരിചിതമാണ്. എല്ലാവരുടെയും ദൈവം ഒന്നുതന്നെ. അവൻ ഏകനാണ്. മുഴു ലോകത്തിന്റെയും സ്രഷ്ടാവ്. അഖില ചരാചരങ്ങളുടെയും നാഥനും നിയന്താവും അവൻ തന്നെ. ഖുർആൻ പറയുന്നു:

> "പറയുക, അവൻ അല്ലാഹു ഏകനാകുന്നു. അല്ലാഹു ആരുടെയും ആശ്രയമില്ലാത്തവനും എല്ലാവരാലും ആശ്രയിക്കപ്പെടുന്നവനുമാകുന്നു. അവന് സന്താനമേതുമില്ല. അവൻ ആരുടെയും സന്താനവുമല്ല. അവന് തുല്യനായി ആരുമില്ല."[1]
>
> "അവൻ സർവ വസ്തുക്കളെയും സൃഷ്ടിക്കുകയും നിർണയിക്കുകയും ചെയ്തു."[2]
>
> "ദൈവം ഭൂമിയിൽ പർവതങ്ങളുണ്ടാക്കി. അതിൽ അനുഗ്രഹം ചൊരിഞ്ഞു. അതിൽ ആഹാരങ്ങൾ നിർണയിച്ചു."[3]
>
> "ദൈവം മനുഷ്യർക്കുവേണ്ടി ഭൂമിയെ സംവിധാനിച്ചു."[4]
>
> "ദൈവം ഭൂമിയിലുള്ള സർവവും നിങ്ങൾക്കുവേണ്ടി സൃഷ്ടിച്ചു."[5]

ദൈവം മുസ്‌ലിംകളുടെ മാത്രം സ്രഷ്ടാവല്ല. മുഴുവൻ മനുഷ്യരുടെയും കർത്താവാണ്. എല്ലാവരോടും ഏറെ സമീപസ്ഥനും.

> "നിശ്ചയം, മനുഷ്യനെ നാം സൃഷ്ടിച്ചിരിക്കുന്നു. അവന്റെ മനസ്സ് മന്ത്രിക്കുന്നതെന്തും നാമറിയുന്നു. അവന്റെ കണ്ഠനാഡിയേക്കാൾ അവനോട് അടുത്താണ് നാം."[6]

അല്ലാഹു മുസ്‌ലിംകളുടെ മാത്രമല്ല; മുഴുവൻ മനുഷ്യരുടെയും നാഥനും രാജാവും ദൈവവുമാണ്. അല്ലാഹു പറയുന്നു:

> "സ്തുതിയൊക്കെയും അല്ലാഹുവിന്നാണ്. അവൻ സർവ ലോകരുടെയും നാഥനാണ്. പരമകാരുണികനും ദയാപരനുമാണ്. വിധിനാളിന്നുടമയും."[7]
>
> "പറയുക: ഞാൻ ശരണം തേടുന്നു; ജനങ്ങളുടെ നാഥനോട്. ജന

ങ്ങളുടെ രാജാവിനോട്. ജനങ്ങളുടെ ദൈവത്തോട്, ദുർബോധനം നടത്തി പിന്മാറുന്ന പിശാചിന്റെ ദ്രോഹത്തിൽനിന്ന്."[8]

ദൈവത്തിന്റെ പ്രത്യേകതകളെക്കുറിക്കുന്ന ഏതു പേരിലും അവനെ വിളിക്കാമെന്ന് ഖുർആൻ വ്യക്തമാക്കുന്നു:

"പറയുക: നിങ്ങൾ 'അല്ലാഹു' എന്ന് വിളിച്ചോളൂ. അല്ലെങ്കിൽ പരമകാരുണികനെന്ന് വിളിച്ചോളൂ. നിങ്ങൾ ഏതു പേരുവിളിച്ചു പ്രാർഥിച്ചാലും തരക്കേടില്ല. ഉത്തമനാമങ്ങളൊക്കെയും അവന്നുള്ളതാണ്."[9]

## മനുഷ്യന്റെ ഏകത്വം

ലോകത്തുള്ള മുഴുവൻ മനുഷ്യരും ഒരേ ദൈവത്തിന്റെ സൃഷ്ടികളാണ്. അവന്റെ വായു ശ്വസിക്കുന്നവരും വെള്ളം കുടിക്കുന്നവരുമാണ്. ഭൂമിയിൽ അവൻ സംവിധാനിച്ച സൗകര്യങ്ങളനുഭവിച്ച് ജീവിക്കുന്നവരും.

ഭൂമിയിലുള്ള മുഴുവൻ മനുഷ്യരും ഒരേ ആത്മാവിൽനിന്നുണ്ടായവരാണ്. ഖുർആൻ പറയുന്നു:

"ജനങ്ങളേ, നിങ്ങളുടെ നാഥനെ സൂക്ഷിക്കുക. ഒരൊറ്റ ആത്മാവിൽനിന്ന് നിങ്ങളെ സൃഷ്ടിക്കുകയും അതേ ആത്മാവിൽനിന്നുതന്നെ അതിന്റെ ഇണയെ സൃഷ്ടിക്കുകയും അവ രണ്ടിൽനിന്നുമായി ധാരാളം സ്ത്രീപുരുഷന്മാരെ ലോകത്ത് വ്യാപിപ്പിക്കുകയും ചെയ്തവനത്രെ അവൻ."[10]

ഹിന്ദുക്കളുടെയും മുസ്‌ലിംകളുടെയും ക്രിസ്ത്യാനികളുടെയും, ഇന്ത്യക്കാരുടെയും ചീനക്കാരുടെയും അറബികളുടെയും യൂറോപ്യരുടെയുമെല്ലാം ആദിപിതാവ് ആദമാണ്. സകലരും അദ്ദേഹത്തിന്റെ സന്താനപരമ്പരകളിൽ പെടുന്നു.

"മനുഷ്യരേ, ഒരാണിൽനിന്നും പെണ്ണിൽനിന്നുമത്രെ നിങ്ങളെ നാം സൃഷ്ടിച്ചിട്ടുള്ളത്. പിന്നെ നിങ്ങളെ നാം സമുദായങ്ങളും ഗോത്രങ്ങളുമാക്കി; നിങ്ങൾ പരസ്പരം പരിചയപ്പെടേണ്ടതിന്."[11]

അതിനാൽ ലോകത്തുള്ള മുഴുവൻ മനുഷ്യരുടെയും ജാതി ഒന്നാണ്. എല്ലാവരും ഒരേ വർഗക്കാർ. ഒരേ കുടുംബാംഗങ്ങൾ. നബിതിരുമേനി അറിയിക്കുന്നു: "സൃഷ്ടികളെല്ലാം ദൈവത്തിന്റെ ആശ്രിതരാണ്. അതിനാൽ, അവന് ഏറെ പ്രിയപ്പെട്ടവർ തന്റെ ആശ്രിതർക്ക് ഏറ്റവുമധികം പ്രയോജനപ്പെടുന്നവരത്രെ."[12]

മറ്റൊരിക്കൽ പ്രവാചകൻ അരുൾ ചെയ്തു: "നിശ്ചയം, നിങ്ങളുടെ ദൈവം ഏകനാണ്. നിങ്ങളുടെയെല്ലാം പിതാവും ഒരാൾതന്നെ. എല്ലാവരും ആദമിൽനിന്നുള്ളവരാണ്; ആദമാണെങ്കിൽ മണ്ണിൽനിന്നും. അതിനാൽ, അറബിക്ക് അനറബിയേക്കാളോ വെളുത്തവന് കറുത്തവനേക്കാളോ യാതൊരു ശ്രേഷ്ഠതയുമില്ല; ദൈവഭക്തിയുടെ അടിസ്ഥാനത്തിലല്ലാതെ."[13]

അതിനാൽ ലോകത്തുള്ള മുഴുവൻ മനുഷ്യരും ജാതി, മത, ദേശ, ഭാഷാ

ഭേദമന്യേ പരസ്പരം സഹോദരീ സഹോദരന്മാരാണ്. മനുഷ്യവർഗമെന്ന ഒരൊറ്റ ജാതിയിൽപെട്ടവരും.

## മതങ്ങളുടെ ഏകത്വം

മനുഷ്യരാശിക്കുള്ള ദൈവനിർദിഷ്ടമായ ജീവിതപദ്ധതിയാണ് മതം. അതിനാൽ മതം ദൈവപ്രോക്തമാണ്. എല്ലാ മതങ്ങളുടെയും സ്രോതസ്സ് ഒന്നാണ്. ദൈവിക ജീവിതവ്യവസ്ഥ ലഭിച്ചിട്ടില്ലാത്ത ജനസമൂഹങ്ങൾ ഉണ്ടായിട്ടില്ലെന്ന് വിശുദ്ധ ഖുർആൻ ഊന്നിപ്പറയുന്നു: "ദൈവം മനുഷ്യരിൽ എല്ലാവർക്കും ഒരു നിയമവ്യവസ്ഥയും കർമമാർഗവും നിശ്ചയിച്ചിട്ടുണ്ട്."[14]

എല്ലാ മതങ്ങളുടെയും അടിസ്ഥാനം ഒന്നാണ്. ഭിന്നതകളുണ്ടായത് പിന്നീടാണ്. പുരോഹിതന്മാരുടെ ഇടപെടലാണ് അതിനു കാരണം. വ്യത്യസ്ത ദൈവദൂതന്മാരിലൂടെ അവതീർണമായ ആദർശം ഒന്നായിരുന്നുവെന്ന് വിശുദ്ധഖുർആനിലൂടെ അല്ലാഹു വ്യക്തമാക്കുന്നു:

> "നൂഹി(നോഹ)നോട് നാം അനുശാസിച്ചിട്ടുണ്ടായിരുന്നതും ദിവ്യസന്ദേശം വഴി ഇപ്പോൾ താങ്കൾക്കവതരിപ്പിച്ചിട്ടുള്ളതും ഇബ്റാഹീം (അബ്രഹാം), മൂസാ(മോസസ്), ഈസാ(യേശു) എന്നിവരോട് അനുശാസിച്ചിരുന്നതുമായ അതേ മതം തന്നെ ദൈവം നിങ്ങൾക്ക് നടപടിക്രമമായി നിശ്ചയിച്ചുതന്നിരിക്കുന്നു."[15]

മതങ്ങളുടെ അവതരണഘട്ടത്തിൽ അവയുടെയെല്ലാം മൗലികാധ്യാപനങ്ങൾ ഒന്നുതന്നെയായിരുന്നുവെന്നർഥം. വിശദാംശങ്ങളിലും ചില ആചാരാനുഷ്ഠാനങ്ങളിലും മാത്രമാണ് കാല, ദേശ വ്യത്യാസങ്ങൾക്കനുസരിച്ച് മാറ്റങ്ങളുണ്ടായിരുന്നത്. മതങ്ങൾക്കിടയിലെ മൗലികാന്തരങ്ങൾ മനുഷ്യരുടെ ഇടപെടലുകളുടെ ഫലമത്രെ.

## ദൈവദൂതന്മാർ

മാനവസമൂഹത്തിന് ദൈവിക ജീവിതവ്യവസ്ഥ എത്തിച്ചുകൊടുത്ത വ്യക്തികളാണ് ദൈവദൂതന്മാർ. ലോകത്തിലെ എല്ലാ ജനവിഭാഗങ്ങളിലും നാടുകളിലും ഇത്തരം ദൈവദൂതന്മാർ നിയോഗിതരായിട്ടുണ്ടെന്ന് വിശുദ്ധ ഖുർആൻ അവകാശപ്പെടുന്നു:

> "നാം എല്ലാ സമുദായത്തിനും ദൈവദൂതനെ നിയോഗിച്ചുകൊടുത്തിട്ടുണ്ട്."[16]

ദൈവപ്രോക്തമായ ജീവിതപാത പിന്തുടരുന്നവർക്ക് ശുഭവാർത്തയും അത് നിരാകരിക്കുന്നവർക്ക് താക്കീതും നല്കുന്ന പ്രവാചകന്മാരുടെ പരമ്പരയിലെ അവസാനത്തെ കണ്ണി മാത്രമാണ് മുഹമ്മദുനബി. അല്ലാഹു അറിയിക്കുന്നു:

> "നബിയേ, താങ്കൾ മുന്നറിയിപ്പുകാരൻ മാത്രമാകുന്നു. നാം താങ്കളെ സത്യവുമായി നിയോഗിച്ചിരിക്കുന്നു-ശുഭവാർത്തയറിയിക്കുന്നവനും

താക്കീത് നല്കുന്നവനുമായിക്കൊണ്ട്. യാതൊരു സമുദായവും അതിലൊരു മുന്നറിയിപ്പുകാരൻ വരാതെ കഴിഞ്ഞുപോയിട്ടില്ല."[17]

അതിനാൽ പ്രവാചകന്മാരെല്ലാം പരസ്പരം സഹോദരന്മാരാണ്. ദൈവ ദൂതന്മാരെന്ന നിലയിൽ സർവരും സമന്മാരും സമാദരണീയരുമാണ്. ലോകത്ത് നിയോഗിതരായ മുഴുവൻ പ്രവാചകന്മാരിലും വിശ്വസിക്കാൻ മുസ്‌ലിംകൾ ബാധ്യസ്ഥരാണ്. അവരെയെല്ലാം അംഗീകരിക്കുകയും ആദ രിക്കുകയും ചെയ്യേണ്ടതുണ്ട്. ഖുർആനിലൂടെ അല്ലാഹു ആജ്ഞാപിക്കുന്നു:

> "പറയുക: ദൈവത്തിലും ഞങ്ങൾക്ക് അവതരിച്ചു കിട്ടിയതിലും ഇബ്റാഹീമിന്നും ഇസ്മാഈലിന്നും ഇസ്ഹാഖിന്നും യഅ്ഖൂ ബിന്നും യഅ്ഖൂബ് സന്തതികൾക്കും അവതീർണമായതിലും മൂസാക്കും ഈസാക്കും മറ്റു പ്രവാചകന്മാർക്കും തങ്ങളുടെ നാഥ നിൽനിന്ന് നല്കപ്പെട്ടതിലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അവ രിൽ ആർക്കിടയിലും ഞങ്ങൾ വിവേചനം കല്പിക്കുന്നില്ല. ഞങ്ങൾ സർവാത്മനാ ദൈവത്തിന് കീഴ്പെട്ടവരാണ്."[18]

"ഓരോ ജനതയിലും ദൈവദൂതൻ നിയോഗിതനായപ്പോൾ ഒരു വിഭാഗം അതംഗീകരിക്കുകയും അദ്ദേഹത്തിന്റെ അനുയായികളായിത്തീരുകയും ചെയ്തു. മറ്റുള്ളവർ ധിക്കരിക്കുകയും നിഷേധികളായി നിലകൊള്ളുക യുമാണുണ്ടായത്. കാലക്രമേണ ദൈവദൂതനെ പിന്തുടർന്നവരും അവരുടെ പിൻമുറക്കാരും അദ്ദേഹത്തിലൂടെ അവതീർണമായ സത്യപാതയിൽനിന്ന് അകന്നുപോയപ്പോൾ അവരെ നേർവഴിയിലേക്ക് തിരിച്ചു കൊണ്ടുവരാ നായി വീണ്ടും ദൈവദൂതൻ ആഗതനായി. അപ്പോഴും ഒരു വിഭാഗം ആ ദൈവദൂതനെ പിന്തുണക്കുകയും പിന്തുടരുകയും മറ്റുള്ളവർ തങ്ങളുടെ മാർഗഭ്രംശത്തിലുറച്ചുനിൽക്കുകയും ചെയ്തു. ദൈവത്തിന്റെ അന്ത്യദൂത നായ മുഹമ്മദ് നബി നിയോഗിതനായപ്പോഴും ഇതുതന്നെ സംഭവിച്ചു. മതമെല്ലാം ഒരേ ദൈവികസ്രോതസ്സിൽനിന്നുള്ളതായിരുന്നിട്ടും അവയ്ക്കി ടയിൽ വൈവിധ്യവും വൈരുധ്യവും കാണപ്പെടാൻ കാരണം ഇതത്രെ. ലോകത്ത് വിവിധ മതങ്ങളുണ്ടാവാനുള്ള കാരണവും മറ്റൊന്നല്ല. അല്ലാഹു അറിയിക്കുന്നു:

> "ആദിയിൽ ജനമൊക്കെയും ഒരൊറ്റ സമുദായമായിരുന്നു. പിന്നീട് അവർ ഭിന്നിച്ചപ്പോൾ സന്മാർഗചാരികൾക്ക് ശുഭവാർത്തയും ദുർമാർഗികൾക്ക് താക്കീതും നൽകുന്നവരായി പ്രവാചകന്മാരെ നിയോഗിച്ചയച്ചു. ജനത്തിനിടയിൽ ഭിന്നിപ്പുള്ള കാര്യങ്ങളിൽ തീർപ്പു കൽപിക്കാനായി അവരോടൊപ്പം സത്യവേദവും അവതരിപ്പിച്ചു. സത്യജ്ഞാനം എത്തിയ ശേഷമാണ് അവർ ഭിന്നിച്ചത്. വ്യക്തമായ തെളിവുകൾ വന്നെത്തിയിട്ടും അവർ ഭിന്നിച്ചത് അവർക്കിടയിലെ പക നിമിത്തമത്രെ."[19]

"പിന്നീട് അദ്ദേഹത്തിനുശേഷം പല ദൂതന്മാരെയും അവരുടെ ജന

തയിലേക്ക് നാം നിയോഗിച്ചു. അങ്ങനെ അവരുടെ അടുത്ത് വ്യക്തമായ തെളിവുകളുമായി ആ ദൂതന്മാർ ചെന്നു. എന്നാൽ, അവർ നിഷേധിച്ചു തള്ളിയതിൽ വിശ്വസിക്കാനവർ തയ്യാറുണ്ടായിരുന്നില്ല. അക്രമകാരികളുടെ ഹൃദയങ്ങളിന്മേൽ ആവിധം നാം മുദ്രവയ്ക്കുന്നു."[20]

"പിന്നെ നാം നമ്മുടെ ദൂതന്മാരെ തുടരെത്തുടരെ അയച്ചുകൊണ്ടിരുന്നു. ഓരോ സമുദായത്തിന്റെ അടുത്തും അവരിലേക്കുള്ള ദൂതൻ ചെന്നപ്പോഴെല്ലാം അവരദ്ദേഹത്തെ നിഷേധിച്ചുതള്ളുകയാണുണ്ടായത്."[21] "വ്യക്തമായ തെളിവുകളുമായി നമ്മുടെ ദൂതന്മാർ അവരുടെ അടുത്തുചെന്നു. എന്നിട്ടും അവർ വിശ്വസിക്കുന്നവരായില്ല."[22] "ഏതൊരു നാട്ടിലേക്കും നാം താക്കീതുകാരനെ അയച്ചപ്പോഴെല്ലാം അവിടത്തെ സുഖലോലുപന്മാർ ഇങ്ങനെ പറയാതിരുന്നിട്ടില്ല: നിങ്ങൾ കൊണ്ടുവന്ന സന്ദേശത്തെ ഞങ്ങൾ തള്ളിപ്പറയുന്നു."[23]

ഇങ്ങനെ വിവിധ വിശ്വാസവീക്ഷണങ്ങൾ രൂപംകൊണ്ടതോടൊപ്പം ഓരോ വിഭാഗവും തങ്ങളുടെ വശമുള്ളതിൽ തൃപ്തിയടയുകയും അതു മാത്രമാണ് ശരിയെന്ന് അവകാശപ്പെടുകയും ചെയ്തു:

"അങ്ങനെ ജനം പല കക്ഷികളായി പിരിഞ്ഞ് തങ്ങളുടെ കാര്യത്തിൽ പരസ്പരം ഭിന്നിച്ചു. ഓരോ കക്ഷിയും തങ്ങളുടെ വശമുള്ളതിൽ തൃപ്തിയടയുന്നവരാകുന്നു."[24]

"തങ്ങളുടെ മതത്തെ ഛിന്നഭിന്നമാക്കുകയും പല കക്ഷികളായി പിരിയുകയും ചെയ്തവരോ, അവരിലെ ഓരോ കക്ഷിയും തങ്ങളുടെ വശമുള്ളതിൽ സന്തോഷിക്കുന്നവരത്രെ."[25]

## മതവൈവിധ്യം

മതവൈവിധ്യത്തെ ഖുർആൻ ഒരു യാഥാർഥ്യമായി അംഗീകരിക്കുന്നു. മനുഷ്യന് നൽകപ്പെട്ട ചിന്താസ്വാതന്ത്ര്യത്തിന്റെ അനിവാര്യതയായി വിലയിരുത്തുകയും ചെയ്യുന്നു:

"നിന്റെ നാഥൻ ഉദ്ദേശിച്ചിരുന്നെങ്കിൽ മനുഷ്യരെ അവൻ ഒരൊറ്റ സമുദായമാക്കുമായിരുന്നു. എന്നാൽ അവർ ഭിന്നിച്ചുകൊണ്ടേയിരിക്കും."[26]

"അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ നിങ്ങളെ അവൻ ഏക സമുദായമാക്കുമായിരുന്നു. എന്നാൽ താനുദ്ദേശിക്കുന്നവരെ അവൻ ദുർമാർഗത്തിലാക്കുകയും താനുദ്ദേശിക്കുന്നവരെ നേർവഴിയിലാക്കുകയും ചെയ്യുന്നു. നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതിനെ സംബന്ധിച്ച് നിങ്ങൾ ചോദ്യം ചെയ്യപ്പെടും; തീർച്ച."[27]

"അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ മനുഷ്യരെയൊക്കെ അവൻ ഒരൊറ്റ

സമുദായമാക്കുമായിരുന്നു. എന്നാൽ, താനുദ്ദേശിക്കുന്നവരെ അവൻ തന്റെ കാരുണ്യത്തിൽ പ്രവേശിപ്പിക്കുന്നു. അക്രമികളോ അവർക്ക് ഒരു സഹായിയും രക്ഷകനുമില്ല."[28]

"അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ നിങ്ങളെ മുഴുവൻ അവൻ നേർവഴിയിലാക്കുമായിരുന്നു."[29]

"നിന്റെ നാഥൻ ഉദ്ദേശിച്ചിരുന്നെങ്കിൽ ഭൂമിയിലുള്ളവരെല്ലാം ഒന്നിച്ചു വിശ്വസിക്കുമായിരുന്നു. എന്നിരിക്കെ ജനങ്ങൾ വിശ്വാസികളാകാൻ നീ അവരെ നിർബന്ധിക്കുകയോ?"[30] "നാം ഉദ്ദേശിച്ചിരുന്നെങ്കിൽ നേരത്തെ തന്നെ എല്ലാ ഓരോരുത്തർക്കും നേർവഴി കാണിച്ചുകൊടുക്കുമായിരുന്നു."[31]

വിശ്വാസ, വീക്ഷണവൈജാത്യം പോലെത്തന്നെ ആരാധനാ, ആചാര, അനുഷ്ഠാനവൈവിധ്യങ്ങളും ദൈവനിശ്ചയത്തിന്റെ ഭാഗമത്രെ. അഥവാ, മനുഷ്യന് അനുവദിക്കപ്പെട്ട ചിന്താസ്വാതന്ത്ര്യത്തിന്റെ അനിവാര്യത:

"നിങ്ങളിൽ ഓരോ വിഭാഗത്തിനും ഓരോ നിയമക്രമവും കർമമാർഗവും നാം നിശ്ചയിച്ചുതന്നിരിക്കുന്നു. അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ നിങ്ങളെ അവൻ ഒരൊറ്റ സമുദായമാക്കുമായിരുന്നു. എന്നാൽ അങ്ങനെയല്ലാത്തത് നിങ്ങൾക്കവൻ നൽകിയിട്ടുള്ളതിൽ നിങ്ങളെ പരീക്ഷിക്കാനാണ്. അതിനാൽ, നല്ല കാര്യങ്ങളിലേക്ക് നിങ്ങൾ മത്സരിച്ച് മുന്നേറുക. അല്ലാഹുവിങ്കലേക്കത്രെ നിങ്ങളുടെയെല്ലാം മടക്കം. നിങ്ങൾ ഭിന്നിച്ചിരുന്ന വിഷയങ്ങളെ സംബന്ധിച്ച് അപ്പോഴവൻ നിങ്ങൾക്ക് അറിയിച്ചുതരുന്നതാണ്."[32]

"ഓരോ സമുദായത്തിനും നാം ഓരോ ആരാധനാക്രമം നിശ്ചയിച്ചുകൊടുത്തിട്ടുണ്ട്. അവരതാണ് അനുഷ്ഠിച്ചുവരുന്നത്. അതിനാൽ ഇക്കാര്യത്തിൽ അവർ നിന്നോട് വഴക്കിടാതിരിക്കട്ടെ. നീ നിന്റെ നാഥങ്കലേക്ക് ക്ഷണിക്കുക. നീ വക്രതയില്ലാത്ത സന്മാർഗത്തിൽ തന്നെ; തീർച്ച."[33]

## ഏക സമുദായം

ആദിയിൽ മനുഷ്യരാശി ഒരൊറ്റ സമുദായമായിരുന്നു. ഭിന്നിച്ചതും പരസ്പരം അകന്നതുമെല്ലാം പിന്നീടാണ്. മനുഷ്യർ സ്വയം കൃതാശയങ്ങളും ജീവിത രീതികളും സ്വീകരിച്ചതാണ് അതിനു നിമിത്തമായി വർത്തിച്ചത്. വിശുദ്ധ ഖുർആൻ പറയുന്നു:

"ആദിയിൽ മനുഷ്യരൊക്കെയും ഏക സമുദായമായിരുന്നു. പിന്നീടവർ വിഭിന്നമായ വിശ്വാസങ്ങളും ആചാരരീതികളുമുണ്ടാക്കി ഭിന്നിച്ചുകളഞ്ഞു."[34]

ഭിന്നത അവസാനിപ്പിച്ച് ഐക്യം പുനഃസ്ഥാപിക്കാനാണ് ദൈവം തന്റെ ദൂതന്മാരെ നിയോഗിച്ചുകൊണ്ടിരുന്നത്.

"ആദിയിൽ ജനമൊക്കെയും ഒരൊറ്റ സമുദായമായിരുന്നു. (പിന്നീട്

> അവർ ഭിന്നിച്ചപ്പോൾ) ദൈവം സന്മാർഗാചരണത്തിന്റെ ശുഭാന്ത്യമറിയിക്കുന്നവരായും ദുർമാർഗാചരണത്തിന്റെ കെടുതികളെക്കുറിച്ച് താക്കീത് നല്കുന്നവരായും പ്രവാചകന്മാരെ നിയോഗിച്ചയച്ചു. സത്യത്തെ സംബന്ധിച്ച് സമൂഹത്തിനിടയിൽ ഉടലെടുത്തിരുന്ന ഭിന്നിപ്പുകളിൽ തീർപ്പു കല്പിക്കാനായി അവരോടൊപ്പം സത്യവേദവും അവതരിപ്പിച്ചു."[35]

എന്നാൽ ദൈവദൂതന്മാർ ആഗതരായപ്പോൾ സമൂഹം അവരെ നിഷേധിക്കുകയും പൂർവികാചാരങ്ങൾ പിടിവാശിയോടെ പിന്തുടരുകയും ചെയ്തതിനാൽ ഭിന്നിപ്പ് അവസാനിക്കാതെ അവിരാമം തുടരുകയാണുണ്ടായത്. അതിനാൽ, മൗലികമായി മനുഷ്യരെല്ലാം ഒരേ സമുദായത്തിലെ അംഗങ്ങളാണ്. അവ്വിധം നിലകൊള്ളാൻ കടപ്പെട്ടവരും.

## ആദരണീയത

ഇസ്‌ലാമിക വീക്ഷണത്തിൽ, ലോകത്തിലെ ഏറ്റവും ശ്രേഷ്ഠമായ സൃഷ്ടി മനുഷ്യനാണ്. അവന്റെ കുടുംബവും ജാതിയും വർഗവും വർണവും ദേശവും ഭാഷയും ഏതായിരുന്നാലും ശരി. ജന്മനാ അവൻ ആദരണീയനാണ്. അല്ലാഹു അറിയിക്കുന്നു:

> "മനുഷ്യർക്ക് നാം മഹത്വമേകിയെന്നത് നമ്മുടെ കാരുണ്യമാകുന്നു. അവർക്കു നാം കടലിലും കരയിലും വാഹനങ്ങൾ നല്കി. ഉത്തമ പദാർഥങ്ങൾ ആഹാരമായി കൊടുത്തു. നാം സൃഷ്ടിച്ച നിരവധി സൃഷ്ടികളേക്കാൾ പ്രകടമായ ഔന്നത്യമരുളുകയും ചെയ്തു."[35]

അതിനാൽ അടിസ്ഥാനപരമായി എല്ലാ മനുഷ്യരും വിശിഷ്ടരും ശുദ്ധപ്രകൃതരുമാണ്. വിശുദ്ധ ഖുർആൻ പറയുന്നു:

> "മനുഷ്യനെ നാം വിശിഷ്ടമായ ഘടനയിൽ സൃഷ്ടിച്ചിരിക്കുന്നു."[37]

പ്രവാചകൻ പറയുന്നു: "എല്ലാ കുഞ്ഞുങ്ങളും ജനിക്കുന്നത് ശുദ്ധപ്രകൃതിയോടുകൂടിയാണ്."

അതിനാൽ ഒരേ ദൈവത്തിന്റെ സൃഷ്ടികളും ഒരേ മാതാപിതാക്കളുടെ മക്കളുമായ മുഴുവൻ മനുഷ്യരും മൗലികമായി നിഷ്കളങ്കരും ആദരണീയരുമാണ്. പിന്നീട് സ്വന്തം ദുഷ്കർമങ്ങളാണ് അവരെ അപരാധികളും അപമാനിതരുമാക്കുന്നത്. അവരെ ദുഷിപ്പിക്കുന്നതും നശിപ്പിക്കുന്നതും അവതന്നെ. അല്ലാഹു അറിയിക്കുന്നു:

> "പിന്നീട് നാം മനുഷ്യനെ നീചരിൽ നീചനാക്കി- വിശ്വസിക്കുകയും സൽക്കർമങ്ങളാചരിക്കുകയും ചെയ്തവരെയൊഴിച്ച്."[38]

മതവിശ്വാസങ്ങൾക്കതീതമായി മനുഷ്യനെ മാനിക്കണമെന്ന് ഇസ്‌ലാം ആജ്ഞാപിക്കുന്നു. ഒരിക്കൽ ഒരു മൃതദേഹം കൊണ്ടുപോകുന്നത് കണ്ടപ്പോൾ നബിതിരുമേനി എഴുന്നേറ്റുനിന്നു. അപ്പോൾ അവിടത്തെ അനുച

രന്മാർ അറിയിച്ചു: 'അതൊരു യഹൂദന്റേതാണല്ലോ.' ഉടനെ പ്രവാചകൻ പ്രതിവചിച്ചത്, 'അദ്ദേഹവും മനുഷ്യനാണല്ലോ' എന്നായിരുന്നു.

അപ്രകാരം തന്നെ മതപരമായ വൈജാത്യം അന്യോന്യമുള്ള അതിക്രമങ്ങൾക്ക് നിമിത്തമാവരുത്. നന്മ പ്രവർത്തിക്കുന്നതിലും തിന്മയെ പ്രതിരോധിക്കുന്നതിലും വിശ്വാസ വൈവിധ്യതകൾക്കതീതമായി പരസ്പരം സഹായിക്കുകയും സഹകരിക്കുകയുമാണ് വേണ്ടത്. അല്ലാഹു ആവശ്യപ്പെടുന്നു:

> "പുണ്യത്തിനും ദൈവഭക്തിക്കും വേണ്ടി നിങ്ങൾ പരസ്പരം സഹായിക്കുക. പാപത്തിനും അക്രമത്തിനും നിങ്ങളന്യോന്യം സഹായിക്കരുത്."[39]

## ജീവന്റെ വില

ജാതി-മത-സമുദായ പരിഗണനകൾക്കതീതമായി ഭൂമിയിലെ എല്ലാ മനുഷ്യരും ആദരണീയരാണെന്നപോലെത്തന്നെ അവരുടെയൊക്കെ ജീവനും സമ്പത്തും അഭിമാനവും അമൂല്യമാണ്. അവയുടെ മേലുള്ള കയ്യേറ്റം അക്ഷന്തവ്യമായ അപരാധവും.

ഭൂമിയിൽനടന്ന ആദ്യത്തെ കൊലപാതകത്തിന്റെ കഥ വിവരിച്ചുകൊണ്ട് ഖുർആൻ പറയുന്നു:

> "അക്കാരണത്താൽ ഇസ്രയേൽ സന്തതികളോട് നാം വിധിച്ചു: ആരെയെങ്കിലും കൊന്നതിനോ ഭൂമിയിൽ കുഴപ്പമുണ്ടാക്കിയതിനോ അല്ലാതെ വല്ലവനും ഒരാളെ വധിച്ചാൽ അവൻ മുഴുവൻ മനുഷ്യനെയും വധിച്ചവനെപ്പോലെയാണ്. ഒരാളുടെ ജീവൻ രക്ഷിച്ചാൽ മുഴുവൻ മനുഷ്യരുടെയും ജീവൻ രക്ഷിച്ചവനെപ്പോലെയാണ്."[40]

ഏതൊരു മനുഷ്യന്റെയും ജീവൻ ലോകത്തുള്ള മുഴുവൻ മനുഷ്യരുടെയും ജീവന്റെ അത്രയും വിലയുള്ളതാണെന്ന് ഖുർആൻ വ്യക്തമാക്കുന്നു. ഒരാളെ വധിക്കുന്നത് മനുഷ്യരാശിയെ ഒന്നാകെ വധിക്കുന്നതുപോലെയും.

പ്രവാചകൻ തന്റെ വിടവാങ്ങൽ പ്രഭാഷണത്തിൽ മനുഷ്യജീവന്റെയും അഭിമാനത്തിന്റെയും സമ്പത്തിന്റെയും വിലയും ആദരണീയതയും പ്രത്യേകം ഊന്നിപ്പറയുകയുണ്ടായി. അവ ഒരിക്കലും കയ്യേറ്റങ്ങൾക്കിരയാകരുതെന്ന് പ്രത്യേകം ഉണർത്തുകയും ചെയ്തു. അതോടൊപ്പം സഹോദര സമുദായങ്ങൾക്ക് നന്മ ചെയ്യണമെന്നും അവരോട് നീതിയോടെ വർത്തിക്കണമെന്നും പ്രത്യേകം ഉണർത്തുകയും ചെയ്തു:

> "മതത്തിന്റെ പേരിൽ നിങ്ങളോട് പൊരുതുകയോ, നിങ്ങളുടെ വീടുകളിൽനിന്ന് നിങ്ങളെ ആട്ടിപ്പുറത്താക്കുകയോ ചെയ്യാത്തവരോട് നന്മ ചെയ്യുന്നതും നീതിയിൽ വർത്തിക്കുന്നതും അല്ലാഹു വിലക്കുന്നില്ല. നീതി കാട്ടുന്നവരെ തീർച്ചയായും അല്ലാഹു ഇഷ്ടപ്പെടു

ന്നു. മതത്തിന്റെ പേരിൽ നിങ്ങളോട് പൊരുതുകയും നിങ്ങളുടെ വീടുകളിൽ നിന്ന് നിങ്ങളെ പുറത്താക്കുകയും നിങ്ങളെ പുറത്താക്കാൻ പരസ്പരം സഹായിക്കുകയും ചെയ്തവരോട് ചങ്ങാത്തം സ്ഥാപിക്കുന്നത് മാത്രമാണ് അല്ലാഹു വിലക്കിയിട്ടുള്ളത്. അത്തരക്കാരോട് ചങ്ങാത്തം പുലർത്തുന്നവരാരോ അവർ തന്നെയാണ് അക്രമികൾ."[41]

## കുറിപ്പുകൾ:

1. അൽഇഖ്ലാസ്: 1-4
2. അൽഫുർഖാൻ: 2
3. ഫുസ്സ്വിലത്ത്: 10
4. അർറഹ്മാൻ: 10
5 അൽബഖറ: 29
6. ഖാഫ്: 16
7. അൽഫാതിഹ: 2-4
8. അന്നാസ്: 1-4
9. അൽഇസ്റാഅ്: 110
10. അന്നിസാഅ്: 1
11. അൽഹുജുറാത്ത്: 13
12. ബസ്സാർ
13. മുസ്ലിം, അബൂദാവൂദ്
14. അൽമാഇദ: 48
15. അശ്ശൂറാ: 13
16. അന്നഹ്ൽ: 36
17. ഫാത്വിർ: 23, 24
18. അൽബഖറ: 256
19. അൽബഖറ: 213
20. യൂനുസ്: 74
21. അൽ മുഅ്മിനൂൻ 44
22. യൂനുസ്: 13
23. സബഅ്: 34
24. അൽമുഅ്മിനൂൻ: 53
25. അർറൂം: 32
26. ഹൂദ്: 118
27. അന്നഹ്ൽ: 93
28. അശ്ശൂറാ: 8
29. അൽ അൻആം: 149
30. യൂനുസ്: 99
31. അസ്സജദ: 13
32. അൽ മാഇദ: 48
33. അൽ ഹജ്ജ്: 67
34. യൂനുസ്: 19
35. അൽബഖറ: 213
36. അൽഇസ്റാഅ്: 70
37. അത്തീൻ: 4
38. അത്തീൻ: 5, 6
39. അൽമാഇദ: 2
40. അൽ മാഇദ: 32
41. അൽ മുംതഹിന: 8, 9

രണ്ട്

# വിശ്വാസ സ്വാതന്ത്ര്യം

**ദൈ**വപ്രോക്തമായ ജീവിതവ്യവസ്ഥയാണ് ഇസ്‌ലാം. അതിന് വ്യക്ത മായ വിശ്വാസ സംഹിതയുണ്ട്. അതിൽനിന്നാണ് ഇസ്‌ലാമിലെ ആചാ രാനുഷ്ഠാനങ്ങളും കർമ പദ്ധതികളും രൂപം കൊള്ളുന്നത്. ആദർശ വിശ്വാസങ്ങളംഗീകരിക്കേണ്ടത് മനുഷ്യമനസ്സുകളാണ്. അതില്ലാതെ നാവുകൊണ്ട് നടത്തുന്ന പ്രഖ്യാപനങ്ങൾ നിരർഥങ്ങളും നിഷ്ഫലങ്ങ ളുമത്രെ. ഇസ്‌ലാം മാനവ മനസ്സുകളുടെ മാറ്റത്തിലൂന്നൽ നല്കാനുള്ള കാരണവും അതുതന്നെ. ആശയാദർശങ്ങളുടെ അംഗീകാരം വ്യക്തിക ളുടെ ഇഷ്ടാനിഷ്ടങ്ങളുമായി ബന്ധപ്പെട്ടുനില്ക്കുന്നു. അവ ആരുടെ മേലും അടിച്ചേല്പിക്കാൻ സാധ്യമല്ല. ഇക്കാര്യത്തിൽ ഇസ്‌ലാം വളരെ വിശാലവും സഹിഷ്ണുതാ പൂർണവുമായ സമീപനമാണ് സ്വീകരിക്കു ന്നത്. മാനവ മനസ്സുകൾക്ക് മുമ്പിൽ വസ്തുതകൾ വ്യക്തമായി വിശദീ കരിച്ചശേഷം വിശ്വസിക്കാനും അവിശ്വസിക്കാനും, അംഗീകരിക്കാനും നിരാകരിക്കാനുമുള്ള അനുവാദവും അവകാശവും വ്യക്തികൾക്ക് നല്കുന്നു. ഇസ്‌ലാം ആരെയും അതംഗീകരിക്കാൻ നിർബന്ധിക്കുന്നില്ല. വിശുദ്ധ ഖുർആൻ അസന്ദിഗ്ധമായി പ്രഖ്യാപിക്കുന്നു:

> "മതത്തിൽ ഒരുവിധ നിർബന്ധവുമില്ല. സന്മാർഗം മിഥ്യാധാരണ കളിൽനിന്ന് വേർതിരിഞ്ഞ് കഴിഞ്ഞിരിക്കുന്നു."[1]

> "താങ്കൾ വിളംബരം ചെയ്യുക: ഇത് നിങ്ങളുടെ നാഥനിൽനിന്നുള്ള സത്യമാകുന്നു. ഇഷ്ടമുള്ളവർക്കിത് സ്വീകരിക്കാം. ഇഷ്ടമുള്ള വർക്ക് നിഷേധിക്കാം."[2]

മതത്തിന്റെ പ്രഥമ പ്രബോധകരായ പ്രവാചകൻമാർക്കുപോലും ദൈവിക സന്ദേശങ്ങളെത്തിക്കുന്ന ഉത്തരവാദിത്വം മാത്രമേ ഉണ്ടായിരു ന്നുള്ളൂ. അല്ലാഹു പറയുന്നു:

> "ദൈവിക സന്ദേശം സ്പഷ്ടമായി അറിയിക്കലല്ലാതെ മറ്റെന്തെ

ങ്കിലും ദൈവദൂതന്മാരുടെ ബാധ്യതയിലുണ്ടോ?"[3]

അന്ത്യപ്രവാചകനായ മുഹമ്മദ് നബിക്ക് അതിലപ്പുറം ഒരു ബാധ്യതയുമില്ലെന്നു വിശുദ്ധ ഖുർആൻ വിവിധ സ്ഥലങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. നബിതിരുമേനിയെ അല്ലാഹു അറിയിക്കുന്നു:

"അഥവാ, അവർ പിന്തിരിഞ്ഞുപോവുന്നുവെങ്കിൽ നിന്നെ അവരുടെ മേൽനോട്ടക്കാരനായി നാം നിയോഗിച്ചിട്ടില്ല. സന്ദേശം എത്തിക്കേണ്ട ബാധ്യത മാത്രമേ നിനക്കുള്ളൂ."[4]

"വിധി വ്യക്തമായി എത്തിച്ചുതരുന്ന ഉത്തരവാദിത്വം മാത്രമേ നമ്മുടെ ദൂതന്നുള്ളൂ."[5]

ആളുകളെ നിർബന്ധിച്ച് വിശ്വസിപ്പിക്കാൻ നബിതിരുമേനിക്കുപോലും അനുവാദമുണ്ടായിരുന്നില്ല. ഖുർആൻ ചോദിക്കുന്നു:

"ജനങ്ങൾ വിശ്വാസികളാവാൻ താങ്കൾ അവരെ നിർബന്ധിക്കുകയോ? ദൈവഹിതമില്ലാതെ ഒരാൾക്കും വിശ്വസിക്കുക സാധ്യമല്ല."[6]

"നബിയേ, താങ്കൾ ഉദ്ബോധിപ്പിച്ചുകൊണ്ടിരിക്കുക. താങ്കൾ ഉദ്ബോധകൻ മാത്രമാകുന്നു. അവരെ നിർബന്ധിച്ച് വഴിപ്പെടുത്തുന്നവനൊന്നുമല്ല താങ്കൾ."[7]

ഇങ്ങനെ ഇസ്‌ലാം വിശ്വാസ സ്വാതന്ത്ര്യം പ്രഖ്യാപനം ചെയ്യുന്നു. മതം ആരുടെ മേലും അടിച്ചേല്പിക്കരുതെന്ന് അനുശാസിക്കുന്നു. ഓരോരുത്തർക്കും സ്വന്തം വിശ്വാസവും വീക്ഷണവും വെച്ചുപുലർത്താനും അതനുസരിച്ച് പൂജാപ്രാർഥനകളും ആചാരാനുഷ്ഠാനങ്ങളും നിർവഹിക്കാനും അവകാശമുണ്ട്. അതിലിടപെടാനോ അത് തടയാനോ ആർക്കും അധികാരമില്ല. വ്യക്തികളും സമൂഹങ്ങളും ഭരണകൂടങ്ങളും ഇതിൽ സമമാണ്.

ഇസ്‌ലാമിക രാഷ്ട്രം പൗരന്മാരുടെ വിശ്വാസകാര്യങ്ങളിൽ ഇടപെടുകയില്ല. ഖുർആൻ കണിശമായി കല്പിച്ചതനുസരിച്ച് അവർക്കിഷ്ടമുള്ള മതമംഗീകരിക്കാൻ അനുവാദം നല്കുകയും ചെയ്യും. മദീനയിൽ നബി തിരുമേനിയുടെ നേതൃത്വത്തിൽ ഇസ്‌ലാമികഭരണം സ്ഥാപിതമായതു മുതലിന്നോളമുള്ള അനുഭവങ്ങളതിന് സാക്ഷിയാണ്.

മദീനയിലെത്തിയ പ്രവാചകൻ മുഹാജിറുകളും അൻസാറുകളുമായി ഉടമ്പടിയുണ്ടാക്കി. അതിൽ അവിടത്തെ ജൂതന്മാരുമായി ചില കരാർ വ്യവസ്ഥകൾ പ്രഖ്യാപിക്കുകയും അവർക്ക് ചില വാഗ്ദാനങ്ങൾ നല്കുകയും ചെയ്തു. ഇസ്‌ലാമിക രാഷ്ട്രത്തിലെ മത ന്യൂനപക്ഷങ്ങളുടെ അവസ്ഥയും അവകാശങ്ങളും ബാധ്യതകളും വിശദമായി വിവരിക്കുന്ന മഹത്തായ ഒരു പ്രമാണം കൂടിയാണത്. അതിലൂടെ നബിതിരുമേനി മതന്യൂനപക്ഷങ്ങൾക്ക് അനുവദിച്ചതുപോലുള്ള സ്വാതന്ത്ര്യവും സൗകര്യവും ലോകത്തിലെ മറ്റേതെങ്കിലും മതാധിഷ്ഠിത രാജ്യങ്ങളിലോ മതനിരപേക്ഷ നാടുകളിലോ

കാണപ്പെടുകയില്ല. ജൂതന്മാർക്ക് സമ്പൂർണ മതസ്വാതന്ത്ര്യം പ്രഖ്യാപനം ചെയ്യുന്ന പ്രസ്തുത പ്രമാണത്തിലിങ്ങനെ കാണാം: "നമ്മുടെ ഭരണ സാഹോദര്യ സീമയിൽ പെടുന്ന ജൂതന്മാർക്ക് വർഗാടിസ്ഥാനത്തിലുള്ള പക്ഷപാതപരമായ പെരുമാറ്റങ്ങളിൽനിന്നും ദ്രോഹങ്ങളിൽനിന്നും രക്ഷ നല്കും. നമ്മുടെ സഹായത്തിനും ദയാപൂർണമായ സംരക്ഷണത്തിനും സ്വന്തം സമുദായാംഗങ്ങളെപ്പോലെ അവർക്കും അവകാശമുണ്ട്. മുസ്‌ലിംകളുമായി ചേർന്ന് അവർ ഏക ഘടനയുള്ള ഒരു രാഷ്ട്രമായിത്തീരും. മുസ്‌ലിംകളെപ്പോലെത്തന്നെ അവർക്കും സ്വതന്ത്രമായി തങ്ങളുടെ മതം ആചരിക്കാവുന്നതാണ്."

പിന്നീട് ഇസ്‌ലാമികരാഷ്ട്രത്തെ നശിപ്പിക്കാൻ അകത്തുനിന്ന് ഗൂഢശ്രമം നടത്തിയപ്പോൾ നബിതിരുമേനിക്ക് അവരെ നാടുകടത്തേണ്ടിവന്നു. അതിന് അദ്ദേഹത്തെ പ്രേരിപ്പിച്ചത് അവരുടെ മതപരമായ പ്രശ്നങ്ങളായിരുന്നില്ല. മറിച്ച് രാഷ്ട്രീയ കാരണങ്ങളായിരുന്നു. ഇക്കാര്യം വില്യം മ്യൂയർ(Muir) പോലും തുറന്ന് സമ്മതിച്ചിട്ടുണ്ട്. അദ്ദേഹം എഴുതുന്നു: "മുഹമ്മദ് അവർക്കെതിരെ (ബനൂഖുറൈളാ എന്ന ജൂതഗോത്രം) മുന്നേറ്റം നടത്തിയതിന്റെ മൗലിക കാരണങ്ങൾ രാഷ്ട്രീയമാണ്. അദ്ദേഹം അവരെ ഇസ്‌ലാം ആശ്ലേഷിക്കാൻ നിർബന്ധിക്കുകയോ അതു ചെയ്യാത്തതിന് ശിക്ഷിക്കുകയോ ചെയ്തിട്ടില്ല."[8]

ജൂതന്മാരോടെന്ന പോലെ ക്രൈസ്തവ ഗോത്രങ്ങളുമായും പ്രവാചകൻ സന്ധിയിലേർപ്പെട്ടിരുന്നു. അതനുസരിച്ച് ഇസ്‌ലാമിക രാഷ്ട്രത്തിലവർക്ക് സമ്പൂർണ വിശ്വാസ സ്വാതന്ത്ര്യം അനുവദിക്കപ്പെട്ടിരുന്നു. സർ തോമസ് ആർണൾഡ് എഴുതുന്നു: "മുഹമ്മദ് തന്നെ പല അറബ് ക്രൈസ്തവ ഗോത്രങ്ങളുമായും സന്ധിയിലേർപ്പെട്ടിരുന്നു. അവർക്ക് അദ്ദേഹം സംരക്ഷണവും സ്വന്തം മതമാചരിക്കാനുള്ള സ്വാതന്ത്ര്യവും ഉറപ്പുവരുത്തി. അവരുടെ പുരോഹിതർക്കുണ്ടായിരുന്ന സവിശേഷാധികാരങ്ങൾ പഴയപോലെ നിലനിർത്തി."[9]

നബിതിരുമേനിയുടെ ഉത്തരാധികാരികൾ അവിടത്തെ സഹിഷ്ണുതാപൂർണമായ സമീപനം അതേപടി അനുധാവനം ചെയ്തു. രണ്ടാം ഖലീഫ ഉമറുൽ ഫാറൂഖ് ഈലിയാവാസികൾക്ക് എഴുതിക്കൊടുത്ത രക്ഷാവ്യവസ്ഥകളിലിങ്ങനെ കാണാം: "ദൈവത്തിന്റെ ദാസനും വിശ്വാസികളുടെ നായകനുമായ ഉമർ ഈലിയായിലെ ജനങ്ങൾക്ക് നല്കുന്ന സംരക്ഷണമാണിത്. എല്ലാവരുടേയും ജീവന്നും സ്വത്തിന്നും ചർച്ചുകൾക്കും കുരിശുകൾക്കും മതസംബന്ധമായ എല്ലാറ്റിനും സംരക്ഷണം ഉറപ്പു നല്കുന്നു. ആരുടേയും ചർച്ചുകൾ വാസസ്ഥലമാക്കുകയോ നശിപ്പിക്കുകയോ അരുത്. അവയോ അവയോട് ചേർന്നുനില്ക്കുന്ന വസ്തുവഹയോ കുറച്ചുകളയരുത്. അതുപോലെത്തന്നെ അവരുടെ സ്വത്തുക്കളോ കുരിശുകളോ പിടിച്ചെടുക്കരുത്. വിശ്വാസകാര്യത്തിൽ ആരുടെമേലും പ്രതിബന്ധമുണ്ടാക്കുകയോ മതം മാറ്റത്തിന് നിർബന്ധിക്കുകയോ ചെയ്യരുത്. ആരെയും ഉപദ്ര

വിക്കാനും പാടില്ല."[10]

ഉമറുൽ ഫാറൂഖ് ആസന്ന മരണനായിരിക്കെ തന്റെ പിൻഗാമിക്ക് നൽകിയ ഉപദേശങ്ങളിലിങ്ങനെ കാണാം: "മത ന്യൂനപക്ഷങ്ങളുമായി( ദിമ്മികൾ) അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും പേരിൽ ഇസ്ലാമിക രാഷ്ട്രം കരാർ ചെയ്തിരിക്കുന്നു. അത് പാലിക്കാൻ ഭരണകൂടം ബാധ്യസ്ഥമാണ്. മതന്യൂനപക്ഷത്തിന്റെ ജീവനും സമ്പത്തും സംരക്ഷിക്കണം. അതിനായി എന്തു വിലനൽകാനും തയ്യാറാകണം. അവരുടെ സുരക്ഷിതത്വത്തിനായി യുദ്ധം ചെയ്യേണ്ടിവന്നാൽ അതിനുപോലും മടിച്ചുനിൽക്കരുത്. താങ്ങാനാവാത്ത നികുതിഭാരം അവരുടെ മേൽ ചുമത്തരുത്."

ഉമറുൽ ഫാറൂഖിന്റെ ഗവർണറായിരുന്ന അംറുബ്നുൽ ആസ് ഈജിപ്തുകാരുമായുണ്ടാക്കിയ കരാറനുസരിച്ച് അവിടത്തെ ക്രൈസ്തവ വിശ്വാസികൾക്ക് സകലവിധ സംരക്ഷണവും ഉറപ്പുവരുത്തിയിരുന്നു. അന്നു മുതലിന്നോളം കോപ്റ്റ് ക്രൈസ്തവർ അവിടെ സ്വൈരജീവിതം നയിച്ചുവരുന്നു. ഒരു വിധ മതപീഡനവും അവരനുഭവിച്ചിരുന്നില്ല. ആധുനിക ഈജിപ്തിലവർക്ക് ആയിരത്തി അഞ്ഞൂറോളം ആരാധനാലയങ്ങളും അഞ്ഞൂറോളം സംഘടനകളുമുണ്ട്. അവയെല്ലാം സ്ഥാപിതമായത് മുസ്ലിം ഭരണകാലത്താണ്. ഇസ്ലാം വിശ്വാസസ്വാതന്ത്ര്യം അനുവദിച്ചില്ലായിരുന്നുവെങ്കിൽ പതിമൂന്നിലേറെ നൂറ്റാണ്ടുകാലത്തെ മുസ്ലിം ഭരണത്തിനു ശേഷം ഇത്രയേറെ അന്യ മതാനുയായികളും അവരുടെ ആരാധനാലയങ്ങളും അവിടെ അവശേഷിക്കുമായിരുന്നില്ല.

മുസ്ലിംകളുടെ ഈ സഹിഷ്ണുത കാരണമായി ക്രൈസ്തവ സഹോദരന്മാർ സ്വന്തം സമുദായാംഗങ്ങളേക്കാൾ അവരെ ഇഷ്ടപ്പെട്ടിരുന്നു. അബൂ ഉബൈദയുടെ നേതൃത്വത്തിൽ മുസ്ലിം സൈന്യം ജോർഡാൻ താഴ്വരയിൽ താവളമടിച്ചപ്പോൾ തദ്ദേശവാസികളായ ക്രൈസ്തവ നേതാക്കൾ അവർക്കെഴുതി: "മുസ്ലിംകളേ, ഞങ്ങൾ ബൈസന്റായിൻകാരേക്കാൾ നിങ്ങളെയിഷ്ടപ്പെടുന്നു. അവർ ഞങ്ങളുടെ വിശ്വാസത്തിൽതന്നെ ഉള്ളവരാണെങ്കിലും നിങ്ങളാണ് ഞങ്ങളോട് വാക്കു പാലിക്കുകയും കാരുണ്യം കാണിക്കുകയും അനീതി പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്നത്."[11]

ഇന്ത്യയിൽ സിന്ധ് ആക്രമിച്ച് കീഴടക്കിയ മുഹമ്മദുബ്നുൽ ഖാസിമിന്ന് സിറിയൻ ഗവർണർ ഹജ്ജാജുബ്നു യൂസുഫ് എഴുതിയ കത്ത്, അക്കാലത്ത് അനുവദിക്കപ്പെട്ടിരുന്ന വിശ്വാസ സ്വാതന്ത്ര്യത്തിലേക്ക് വെളിച്ചം വീശുന്നു. അദ്ദേഹമെഴുതി: "അവർ നമ്മുടെ സംരക്ഷണ വ്യവസ്ഥയിൽ വരികയും നികുതിദായകരായി മാറുകയും ചെയ്തിരിക്കെ നാം മറ്റെന്താണ് അവരിൽനിന്ന് പ്രതീക്ഷിക്കുന്നത്? അവരുടെ ദൈവങ്ങളെ ആരാധിക്കാനുള്ള സ്വാതന്ത്ര്യം നാം അനുവദിച്ചിരിക്കുന്നു. ഒരാളെയും തന്റെ മതത്തിൽനിന്ന് പിന്തിരിപ്പിക്കാനോ ആരാധനാനുഷ്ഠാനങ്ങളിൽനിന്നു തടയുവാനോ പാടില്ല."[12]

ഇന്ത്യാചരിത്രത്തിൽ ഏറ്റവുമധികം തെറ്റിദ്ധരിക്കപ്പെട്ട വ്യക്തി ഔറംഗസീബാണ്. അദ്ദേഹം പരമത വിരോധിയും കടുത്ത വർഗീയവാദിയുമായി മുദ്രകുത്തപ്പെട്ടിരിക്കുന്നു. ബ്രിട്ടീഷുകാരുടെ വ്യാജപ്രചാരണങ്ങളാണ് ഇതിനു വഴിവെച്ചത്. യഥാർഥത്തിൽ അദ്ദേഹം സഹോദര സമുദായങ്ങളുടെ മതകാര്യങ്ങളിൽ ഒട്ടും ഇടപെട്ടിരുന്നില്ല. പൂർണാർഥത്തിൽ വിശ്വാസസ്വാതന്ത്ര്യം അനുവദിക്കുകയും ചെയ്തിരുന്നു. ബനാറസിലെ ഗവർണറായിരുന്ന അബുൽഹസന് അദ്ദേഹം നല്കിയ ഉത്തരവിലിങ്ങനെ കാണാം: “നീതിപൂർവകമായ നമ്മുടെ ഈ ഭരണം നടക്കുന്ന കാലത്തുപോലും ബനാറസിലും മറ്റു ചില ദേശങ്ങളിലും താമസിക്കുന്ന ഹിന്ദു പ്രജകളെ ചിലർ വൈരാഗ്യത്താലും വിദ്വേഷത്താലും വിഷമിപ്പിച്ചുകൊണ്ടിരിക്കുന്നതായി നമുക്ക് വിവരം ലഭിച്ചിരിക്കുന്നു. അവിടങ്ങളിലെ ക്ഷേത്രങ്ങളുടെ സംരക്ഷകരായ ബ്രാഹ്മണന്മാരെ അവരുടെ കൃത്യനിർവഹണത്തിൽനിന്നും ഭയപ്പെടുത്തി പിന്തിരിപ്പിക്കാൻ ശ്രമിക്കുന്നതായും നാം മനസ്സിലാക്കുന്നു. നമ്മോട് കൂറും വിശ്വസ്തതയുമുള്ള അബുൽഹസനോട് നാം കൽപിക്കുന്നു: ഈ ഉത്തരവ് കൈവശം കിട്ടിയ ഉടനെത്തന്നെ ഇത്തരം അനാശാസ്യപ്രവർത്തനങ്ങൾ ഇല്ലാതാക്കുകയും ഭാവിയിൽ ബ്രാഹ്മണപുരോഹിതന്മാരുടെ പ്രവർത്തനങ്ങളിൽ അവർക്ക് യാതൊരുവിധ തടസ്സവും ഉണ്ടാവുകയില്ലെന്ന് ഉറപ്പുവരുത്തുകയും വേണം. അനാദികാലം നിലനിൽക്കേണ്ടതും ദൈവദത്തമായി നല്കപ്പെട്ടതുമായ നമ്മുടെ സാമ്രാജ്യത്തിന്റെ ഉയർച്ചക്കും മനുഷ്യസമൂഹത്തിന്റെ കൂട്ടായ നന്മക്കും വേണ്ടി അവർ നടത്തുന്ന പ്രാർഥനകൾ അഭംഗുരം തുടരാൻ അനുവദിക്കുകയും വേണം. ഇത് വളരെ അടിയന്തര കാര്യമായി കരുതി ഉടൻ നടപടികൾ സ്വീകരിക്കുക.”[13] ഹിജ്റ 1090 റബീഉൽ ആഖിർ 17.

ഔറംഗസീബിന്റെ മതസമീപനം അലക്സാണ്ടർ ഹാമിൽട്ടൺ ഇങ്ങനെ വിലയിരുത്തുന്നു: “ഹിന്ദുക്കൾക്ക് പരിപൂർണമായ മതസ്വാതന്ത്ര്യം ലഭിക്കുന്നുണ്ടെന്നതിനു പുറമെ ഹൈന്ദവ രാജാക്കന്മാരുടെ കീഴിലായിരിക്കുമ്പോഴൊക്കെ അവർ നടത്തിയിരുന്ന വ്രതങ്ങളും ഉൽസവങ്ങളും ഇപ്പോഴും ആഘോഷിക്കുവാനുള്ള സൗകര്യങ്ങളുമുണ്ട്. മീററ്റ് നഗരത്തിൽ മാത്രം ഹൈന്ദവവിഭാഗത്തിൽ നൂറിൽപരം വ്യത്യസ്ത വിഭാഗങ്ങളുണ്ടെങ്കിലും അവർ തമ്മിൽ പ്രാർഥനകളുടെയോ സിദ്ധാന്തങ്ങളുടെയോ പേരിൽ യാതൊരുവിധ തർക്കവും നടക്കുന്നില്ല. ഏതൊരാൾക്കും അയാളാഗ്രഹിക്കുന്നവിധം ദൈവാർച്ചനകൾ നടത്തുവാനും ആരാധിക്കുവാനുമുള്ള സ്വാതന്ത്ര്യമുണ്ട്. മതധ്വംസനങ്ങൾ അജ്ഞാതമാണ്.”[14]

ദീർഘകാലം ഭരണം നടത്തിയിട്ടും മുസ്‌ലിംകൾ നന്നെ ചെറിയ ന്യൂനപക്ഷമായി തുടരുന്നതിൽനിന്നുതന്നെ ഇന്ത്യയിൽ നിർബന്ധ മതപരിവർത്തനത്തിനുള്ള ശ്രമങ്ങളൊട്ടുംതന്നെ നടന്നിരുന്നില്ലെന്നും വിശ്വാസസ്വാതന്ത്ര്യം പൂർണമായും അനുവദിക്കപ്പെട്ടിരുന്നുവെന്നും സംശയാതീതമായി ഗ്രഹിക്കാവുന്നതാണ്. മുസ്‌ലിം ഭരണാധികാരികളുടെ ആസ്ഥാനങ്ങളായിരുന്ന ഉത്തരപ്രദേശിൽ 11ഉം മൈസൂരിൽ 5 ഉം ശതമാനം മാത്രമേ

ഇന്നും മുസ്‌ലിംകളുള്ളൂ. ഇന്ത്യയുടെ ഇതര ഭാഗങ്ങളിലും ഇസ്‌ലാം വ്യാപിച്ചത് മുസ്‌ലിം ഭരണകാലത്തല്ലെന്നത് പ്രത്യേകം പ്രസ്താവ്യമാണ്. നീണ്ട നിരവധി നൂറ്റാണ്ടുകളിലെ മുസ്‌ലിം ഭരണത്തിനുശേഷം 1707 മാർച്ച് 3-ന് മുഗിള ഭരണകൂടത്തിലെ അവസാനത്തെ കരുത്തനായ ഭരണാധികാരി ഔറംഗസീബ് മരണമടയുമ്പോൾ രാജ്യനിവാസികളിൽ ഒരു ശതമാനം മാത്രമേ മുസ്‌ലിംകളായി ഉണ്ടായിരുന്നുള്ളൂവെന്ന് എഫ്. ബർണിയർ തന്റെ Travals in Mugal Empire എന്ന ഗ്രന്ഥത്തിൽ വ്യക്തമാക്കുന്നു. ( ഉദ്ധരണം: എം.എൻ. ശ്രീവാസ്തവ; 'ഇന്ത്യാചരിത്രം' പുറം: 1)

711-ലെ മുഹമ്മദ് ഖാസിമിന്റെ ആഗമനം മുതൽ 1707 വരെയുള്ള 1000 വർഷത്തെ മുസ്‌ലിം ഭരണകാലത്ത് രാജ്യത്തെ ഒരു ശതമാനം ജനങ്ങൾ മാത്രമേ മുസ്‌ലിംകളായുള്ളൂവെന്ന് ഇത് വ്യക്തമാക്കുന്നു. എന്നാൽ 1930-ൽ ഒന്നാം വട്ടമേശാ സമ്മേളനം നടക്കുമ്പോൾ രാജ്യത്തെ 25 ശതമാനം ജനങ്ങൾ മുസ്‌ലിംകളായിരുന്നു. ഭരണത്തിന്റെ തണലിലല്ല; മറിച്ച് ഭരണമില്ലാത്തപ്പോഴാണ് ഇന്ത്യയിൽ ഇസ്‌ലാം പ്രചരിച്ചതെന്ന് ഇത് അസന്ദിഗ്ധമായി വ്യക്തമാക്കുന്നു. ബംഗാളിലെ മതപരിവർത്തനത്തെ സംബന്ധിച്ച് ലഭ്യമായ രേഖ ഈ വസ്തുത സുതരാം വ്യക്തമാക്കുന്നു:

"ബ്രിട്ടീഷ് ഭരണകാലത്ത് നടന്ന നിരന്തരമായ മതപരിവർത്തനം ഒരു കാര്യം സംശയാതീതമായി തെളിയിച്ചു. രാഷ്ട്രീയാധികാരം ഉണ്ടെങ്കിലും ഇല്ലെങ്കിലും ബംഗാളിൽ ഇസ്‌ലാം അവിരാമം വികസിക്കുന്നുവെന്നതാണ് 1891-ലെ സെൻസസ് സൂചിപ്പിക്കുന്നത്. 1872-നു ശേഷം ഉത്തരബംഗാളിൽ പതിനായിരത്തിനു 100 വീതവും പൂർവബംഗാളിൽ 262 വീതവും പശ്ചിമ ബംഗാളിൽ 110 വീതവും ബംഗാൾ സംസ്ഥാനത്തൊന്നാകെ നോക്കിയാൽ ശരാശരി 159 വീതവും വർധനവുണ്ടായി."[15]

സർ, ഡബ്ലിയു. ഡബ്ലിയു. ഹൻടർ എഴുതുന്നു: "മുസ്‌ലിം അധികാര കേന്ദ്രങ്ങളായിരുന്ന ഡൽഹിയിലും ആഗ്രയിലും മുസ്‌ലിംകളുടെ എണ്ണം പരിമിതമാണ്. ഡൽഹിയിലത് പത്തിലൊരു ഭാഗമേയുള്ളൂ. ആഗ്രയിലത് കാൽഭാഗം പോലുമാവുന്നില്ല."[16]

ഇസ്‌ലാമിന്റെ ഈ സഹിഷ്ണുതാപരമായ സമീപനത്തെ സംബന്ധിച്ച് ദ്ഹോബിനോ എഴുതുന്നു: "മതവിശ്വാസം രാഷ്ട്രീയതാല്പര്യത്തിൽനിന്നു വിമുക്തമായപ്പോൾ വ്യക്തിപരമായ വിശ്വാസത്തെ കൈയേറ്റം ചെയ്യുന്നതിൽ അകന്നുനിന്ന ഏറ്റവും ഉദാരമായ മതം ഇസ്‌ലാമായിരുന്നു എന്നു കാണാം. രാഷ്ട്രത്തിന്റെ ഭദ്രത ഭീഷണിക്ക് വിധേയമായപ്പോൾ ഇസ്‌ലാമിക ഭരണകൂടങ്ങൾ മതപരമായ ഏകീകരണത്തിനു എല്ലാ മാർഗങ്ങളും സ്വീകരിക്കാൻ പ്രേരിതമായി. അപ്പോൾപോലും ഇസ്‌ലാമിക മൂല്യങ്ങളിൽനിന്നു ഉയിർക്കൊണ്ട ഉദാരതയുടെ ഈ തത്വം അതിന്റെ പരമകാഷ്ഠയിൽതന്നെയായിരുന്നു. പീഡനത്തിന്റെയും ബലാൽക്കാരത്തിന്റെയും യാതൊരു ലാഞ്ഛനയും എവിടെയും നമുക്ക് കാണാൻ കഴിയുന്നില്ല."[17]

ഇസ്‌ലാമിക ഭരണകൂടങ്ങൾ മതംമാറ്റത്തിന് ആരെയും നിർബന്ധി ച്ചിരുന്നില്ലെന്നും രാജ്യത്തെ പൗരന്മാർക്ക് വിശ്വാസസ്വാതന്ത്ര്യം പൂർണ മായി അനുവദിച്ചിരുന്നുവെന്നും കഴിഞ്ഞ പതിനാല് നൂറ്റാണ്ടുകാലത്തെ ചരിത്രം സത്യസന്ധമായി വിലയിരുത്തുന്ന ഏവർക്കും സംശയരഹിത മായി ബോധ്യപ്പെടുന്നതാണ്. അക്രമികളായ മുസ്‌ലിം ഭരണാധികാരി കളുടെ കീഴിൽ മുസ്‌ലിംകൾക്കെന്നപോലെ അമുസ്‌ലിം പൗരന്മാർക്കും ഒട്ടുവളരെ പ്രയാസങ്ങളനുഭവിക്കേണ്ടിവന്നിട്ടുണ്ടെന്ന വസ്തുത ഇവിടെ വിസ്മരിക്കുന്നില്ല. എന്നാൽ അവയ്ക്കൊന്നുംതന്നെ മതപരമായ മാന ങ്ങളുണ്ടായിരുന്നില്ല. മറിച്ച്, എക്കാലത്തെയും മർദക ഭരണാധികാരിക ളുടെ പൊതു സമീപനത്തിന്റെ ഭാഗം മാത്രമായിരുന്നു അതെല്ലാം. ഇസ്‌ലാം നിർബന്ധമതപരിവർത്തനം നിഷിദ്ധമാക്കുകയും പൂർണമായ വിശ്വാസസ്വാതന്ത്ര്യം അനുവദിക്കുകയും ചെയ്യുന്നതിനാൽ മതമൂല്യങ്ങൾ മുറുകെപ്പിടിച്ച പണ്ഡിതന്മാരും ഭരണാധികാരികളും ഒരിക്കൽപോലും ഭിന്ന മായ നിലപാട് സ്വീകരിച്ചതായി കാണുക സാധ്യമല്ല.

## കുറിപ്പുകൾ:

1. അൽബഖറ: 256
2. അൽകഹ്ഫ്: 29
3. അന്നഹ്ൽ: 35
4. അശ്ശൂറാ: 48
5. അൽമാഇദ: 92
6. യൂനുസ്: 99
7. അൽഗാശിയ: 21,22
8. ലൈഫ് ഓഫ് മുഹമ്മദ്, വാള്യം: 3, പുറം: 282
9. ഇസ്‌ലാം പ്രബോധനവും പ്രചാരവും, പുറം: 60
10. ത്വബ്‌രി: പുറം: 2405
11. സർ തോമസ് ആർണൾഡ്- ഇസ്‌ലാം പ്രബോധനവും പ്രചാരവും, പുറം: 67
12. Elliot and Dowson: Vol. 1. chachanama pp: 185-186, ഉദ്ധരണം. സി.കെ. കരീം- ചരിത്ര പഠനങ്ങൾ, പുറം: 327
13. ഉദ്ധരണം: സി.കെ. കരീം- ചരിത്രപഠനങ്ങൾ, പുറം: 495
14. Alexander Hamilton- A New Account of the East Indies, Vol. 1, pp. 159, 162, 163.
15. Census of India 1891, Vol. 3, pp: 146, 147. ഉദ്ധരണം: സി.കെ. കരീം- ചരിത്രപഠന ങ്ങൾ, പുറം: 201.
16. Sir W.W. Hunter- The Religion of India (the times february 25, 1988) ഉദ്ധരണം: സർ തോമസ് ആർണൾഡ്- ഇസ്‌ലാം പ്രബോധനവും പ്രചാരവും, പുറം: 320.
17. ഉദ്ധരണം: സർ തോമസ് ആർണൾഡ്- ഇസ്‌ലാം പ്രബോധനവും പ്രചാരവും, പുറം: 551

മൂന്ന്

# ആരാധനാ സ്വാതന്ത്ര്യം

**ഇ**സ്‌ലാം പൂർണമായും ഏകദൈവവിശ്വാസത്തിലധിഷ്ഠിതമാണ്. ബഹു ദൈവത്തെയും അതുമായി ബന്ധപ്പെട്ട സകല സങ്കൽപങ്ങളെയും സ്വഭാ വങ്ങളെയും ചിഹ്നങ്ങളെയും അത് നിരാകരിക്കുന്നു. അതുകൊണ്ടുതന്നെ ഇസ്‌ലാം വിഗ്രഹാരാധന വർജിക്കാൻ അതിശക്തിയായി ആഹ്വാനം ചെയ്യുന്നു. അതിന്റെ നേരിയ അംശം പോലും മാനവജീവിതത്തിൽ അവ ശേഷിക്കുന്നത് അതൊട്ടും ഇഷ്ടപ്പെടുന്നില്ല. എന്നിട്ടും വിഗ്രഹങ്ങളെയും മറ്റു ആരാധ്യവസ്തുക്കളെയും ആക്ഷേപിക്കുന്നതും അവഹേളിക്കുന്നതും ഇസ്‌ലാം കഠിനമായി വിലക്കുന്നു. അവയുടെ ആരാധകർക്ക് മനോവിഷ മമുണ്ടാവുകയും അവരുടെ വികാരം വ്രണപ്പെടുകയും ചെയ്യുന്ന പരാമർശ ങ്ങളെല്ലാം പൂർണമായും വർജിക്കാനാജ്ഞാപിക്കുന്നു. അതിനാൽ, വിശ്വാ സികളെ വേദനിപ്പിക്കുംവിധം ആരാധ്യവസ്തുക്കളെയും ആദരണീയ വ്യക്തികളെയും അവമതിക്കുന്നത് അനാശാസ്യ കൃത്യമാണ്. വിശുദ്ധ ഖുർ ആൻ കൽപിക്കുന്നു: "അല്ലാഹുവിനെക്കൂടാതെ അവരാരാധിക്കുന്ന ദൈവ ങ്ങളെ നിങ്ങൾ ശകാരിക്കരുത്."[1]

അന്യമതാനുയായികളുടെ ആരാധ്യവസ്തുക്കളെ അവഹേളിക്കരു തെന്ന് ആജ്ഞാപിക്കുന്ന ഇസ്‌ലാം സമ്പൂർണമായ ആരാധനാസ്വാത ന്ത്ര്യവും അനുവദിക്കുന്നു. പ്രവാചകന്റെ കാലത്ത് അവിടത്തെ പള്ളിയിൽ വെച്ചുപോലും ക്രൈസ്തവ സഹോദരങ്ങൾക്ക് അവരുടെ ആരാധനകള നുഷ്ഠിക്കാൻ അനുവാദം നല്കിയിരുന്നു. ഒരിക്കൽ നജ്റാനിലെ ക്രിസ്ത്യാ നികൾ നബിതിരുമേനിയുമായി ആശയസംവാദം നടത്താനായി മദീനാ പള്ളിയിലെത്തി. അവർ തങ്ങളുടെ മതത്തെ സംബന്ധിച്ച് സംസാരിച്ചു കൊണ്ടിരുന്നപ്പോൾ തിരുമേനി എല്ലാം ശ്രദ്ധാപൂർവം ശ്രവിച്ചുകൊണ്ടിരുന്നു. പിന്നീട് അവിടന്ന് അവർക്ക് ഇസ്‌ലാമിനെ പരിചയപ്പെടുത്തിക്കൊടുക്കു കയും ചെയ്തു. അതിനിടെ നജ്റാനിൽനിന്നെത്തിയ അതിഥികൾക്ക് തങ്ങ ളുടെ പ്രാർഥന നിർവഹിക്കാനുള്ള സമയമായി. ഉടനെ നബിതിരുമേനി അവർക്ക് അതേ പള്ളിയിൽ തങ്ങളുടെ മതാചാരപ്രകാരം പ്രാർഥന നട

ത്താൻ സകലവിധ സൗകര്യങ്ങളും ചെയ്തുകൊടുത്തു. അതിന്റെ മറ്റൊരു ഭാഗത്ത് അവിടന്ന് തന്റെ അനുചരന്മാരൊത്ത് നമസ്കാരം നിർവഹിക്കുകയും ചെയ്തു. അങ്ങനെ മുസ്‌ലിംകളും ക്രിസ്ത്യാനികളും ഒരേ പള്ളിയിൽവെച്ച് തങ്ങളുടെ മതാചാരപ്രകാരം ആരാധനാകർമങ്ങൾ നിർവഹിക്കുകയെന്ന മഹത്തായ കൃത്യത്തിന് പ്രവാചകൻ തന്നെ പശ്ചാത്തലമൊരുക്കുകയുണ്ടായി.

ഇപ്രകാരം തന്നെ എത്യോപ്യയിൽനിന്ന് നബിതിരുമേനിയെ സന്ദർശിക്കാനെത്തിയ ക്രൈസ്തവ സഹോദരങ്ങൾക്ക് അവിടന്ന് താമസസൗകര്യങ്ങൾ ചെയ്തുകൊടുത്തത് പള്ളിയിലായിരുന്നു. തിരുമേനി അവരെ ആദരപൂർവം സ്വീകരിക്കുകയും ആവശ്യമായ സകല സൗകര്യങ്ങളും ഒരുക്കിക്കൊടുക്കുകയും ചെയ്തു.

നബിതിരുമേനിയും അനുചരന്മാരും അന്യമതാനുയായികൾക്ക് സംരക്ഷണം നല്കിയപ്പോൾ അവരുടെ വിശ്വാസത്തിനും ആരാധനാസ്വാതന്ത്ര്യത്തിനും സുരക്ഷിതത്വം ഉറപ്പുവരുത്തിയിരുന്നു. നജ്റാനിലെ ക്രിസ്ത്യാനികളുമായി പ്രവാചകനുണ്ടാക്കിയ സന്ധിവ്യവസ്ഥകളിലിങ്ങനെ കാണാം: “നജ്റാനിലെ ക്രൈസ്തവർക്കും അവരുടെ സഹവാസികൾക്കും അല്ലാഹുവിന്റെ അഭയവും ദൈവദൂതനായ മുഹമ്മദിന്റെ സംരക്ഷണോത്തരവാദിത്വവുമുണ്ട്. അവരുടെ ജീവൻ, മതം, ഭൂമി, ധനം എന്നിവയ്ക്കും അവരിൽ ഹാജറുള്ളവന്നും ഇല്ലാത്തവന്നും അവരുടെ ഒട്ടകങ്ങൾക്കും നിവേദക സംഘങ്ങൾക്കും കുരിശ്, ചർച്ചു പോലെയുള്ള മതചിഹ്നങ്ങൾക്കും വേണ്ടിയാണിത്. നിലവിലുള്ള അവസ്ഥയിൽ ഒരു മാറ്റവും വരുത്തുന്നതല്ല. അവരുടെ യാതൊരവകാശവും ഒരു മതചിഹ്നവും മാറ്റപ്പെടുന്നതല്ല. അവരുടെ പാതിരിയോ പുരോഹിതനോ ചർച്ച് സേവകനോ തന്റെ സ്ഥാനത്തുനിന്ന് നീക്കപ്പെടുന്നതുമല്ല.”

പ്രവാചകന്റെ ഒന്നാം ഉത്തരാധികാരി ഹസ്രത്ത് അബൂബക്കർ ഹീറാവാസികളുമായി ചെയ്ത സന്ധിയിലിങ്ങനെ വായിക്കാം: “അവരുടെ ആരാധനാലയങ്ങളും കനീസയും ശത്രുക്കളിൽനിന്ന് രക്ഷനേടുന്ന കോട്ടയും പൊളിക്കപ്പെടുന്നതല്ല. മണിയടിക്കുന്നതോ പെരുന്നാളിന്ന് കുരിശ് എഴുന്നള്ളിക്കുന്നതോ തടയപ്പെടുന്നതുമല്ല.”

സിറിയയിലെ നിയുക്ത സൈന്യത്തിന് അബൂബക്കർ നല്കിയ പത്ത് നിർദേശങ്ങളിൽ പ്രധാനമായത് പുരോഹിതന്മാരെയും പൂജാരിമാരെയും പ്രയാസപ്പെടുത്തുകയോ അവരുടെ ആരാധനാലയങ്ങൾ തകർക്കപ്പെടുകയോ ചെയ്യരുതെന്നായിരുന്നു.

മുസ്‌ലിം സൈനിക മേധാവി അബൂഉബൈദ ബഅ്ലബക്ക് നിവാസികളുമായി ചെയ്ത കരാറിലിങ്ങനെ കാണാം: “ബഅ്ലബക്ക് നിവാസികൾക്കുള്ളതും അവരിലുള്ള റോമക്കാർക്കും പേർഷ്യക്കാർക്കും അറബികൾക്കും ബാധകമാകുന്നതുമായ പൊതു കരാറാണിത്. നഗരത്തിനകത്തും

പുറത്തുമുള്ള അവരുടെ വീടുകൾക്കും ചർച്ചുകൾക്കും ജീവന്നും സ്വത്തി ന്നും അഭയമുണ്ട്.”

വിശ്വവിഖ്യാത സേനാനി ഖാലിദുബ്നുൽ വലീദ് ഉണ്ടാക്കിയ സന്ധി വ്യവസ്ഥയിലിങ്ങനെ വായിക്കാം: “അവരുടെ മഠങ്ങളും ചർച്ചുകളും നശി പ്പിക്കപ്പെടുകയില്ല. നമസ്കാരവേളയിലൊഴിച്ച് രാത്രിയോ പകലോ അവ രിച്ഛിക്കുമ്പോഴെല്ലാം മണിയടിക്കാവുന്നതും വിശേഷ ദിവസങ്ങളിൽ കുരിശ് എഴുന്നള്ളിക്കാവുന്നതുമാണ്.”

ഹബീബുബ്നു മസ്‌ലമ, ഖബീൽ നിവാസികളുമായും ഹുദൈഫതു ബ്നുൽ യമാൻ, ജുർജാൻ നിവാസികളുമായും ഇത്തരം കരാറുകളുണ്ടാ ക്കിയതായി ചരിത്ര രേഖകളിൽ കാണാവുന്നതാണ്.

മധ്യപൂർവദേശത്തെ ക്രൈസ്തവ വിശ്വാസികൾ മുസ്‌ലിം ഭരണത്തിനു കീഴിൽ സമ്പൂർണ മതസ്വാതന്ത്ര്യം അനുഭവിച്ചിരുന്നതിനാൽ വളരെയേറെ സംതൃപ്തരായിരുന്നു. നീണ്ട അഞ്ച് നൂറ്റാണ്ടുകാലം ഇസ്‌ലാമികാധിപത്യം അനുഭവിച്ച ശേഷവും ഈ അവസ്ഥയിലോ അഭിപ്രായത്തിലോ ഒരു മാ റ്റവും സംഭവിച്ചിരുന്നില്ല. റോമക്കാരുടെ ഭരണത്തേക്കാൾ തങ്ങൾക്കുത്ത മവും ഗുണകരവും മുസ്‌ലിംകളുടേതാണെന്ന് ഉറക്കെ പ്രഖ്യാപിക്കാനുമ വർ മടിച്ചിരുന്നില്ല. പന്ത്രണ്ടാം നൂറ്റാണ്ടിന്റെ രണ്ടാം പാതിയിൽ അന്തോ ക്യായിലെ യാക്കോബായ പാത്രിയാർക്കീസായിരുന്ന വലിയ മൈക്കൽ, റോമാ ഭരണാധികാരിയായിരുന്ന ഹിറാക്ലിയസ്സിന്റെ മർദനകഥകൾ വിവ രിച്ചുകൊണ്ട് എഴുതുന്നു: “ഇങ്ങനെയാണ് സർവശക്തനും മനുഷ്യരുടെ സാമ്രാജ്യങ്ങൾ തന്റെ ഹിതത്തിനനുസരിച്ച് മാറ്റിമറിക്കുന്നവനും താനി ച്ഛിക്കുന്നവർക്ക് സാമ്രാജ്യം നല്കുന്നവനും പാവങ്ങളെ ഉദ്ധരിക്കുന്നവ നുമായ പ്രതികാരത്തിന്റെ ദൈവം ഇശ്മേലിന്റെ സന്താനങ്ങളെ, റോമൻ കരങ്ങളിൽനിന്നു നമ്മെ രക്ഷിക്കാനായി, തെക്കുനിന്നു കൊണ്ടുവന്നത്. റോമക്കാർ നമ്മുടെ ചർച്ചുകളും മഠങ്ങളും കവർച്ച ചെയ്യുന്നതും നമ്മെ നിർദയം മർദിക്കുന്നതും ദൈവം നോക്കിക്കാണുകയായിരുന്നു. യഥാർഥ ത്തിൽ നമുക്കൽപം നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ അത് കാൽസിഡോ ണിയൻ പക്ഷത്തുനിന്ന് ഏല്പിക്കപ്പെട്ട നമ്മുടെ ചർച്ചുകൾ അവരുടെ കൈയിൽതന്നെ ശേഷിക്കുന്നതുകൊണ്ട് ഉണ്ടായതു മാത്രമാണ്. അറബി കൾ നഗരങ്ങൾ അധീനപ്പെടുത്തിയപ്പോൾ ഓരോരുത്തരുടെയും കൈവ ശമുള്ള ചർച്ചുകൾ അങ്ങനെത്തന്നെ നിലനിർത്തി. ഏതായിരുന്നാലും റോമ ക്കാരുടെ ക്രൂരതയിൽനിന്നും നീചത്വത്തിൽനിന്നും രോഷത്തിൽനിന്നും മതാവേശത്തിൽനിന്നും രക്ഷ പ്രാപിക്കുകയും നാം സമാധാനത്തിൽ കഴി യുകയും ചെയ്യുന്നുവെന്നത് ഒട്ടും നിസ്സാര കാര്യമല്ല.”[2]

ഡോക്ടർ മുസ്തഫസ്സിബാഇ എഴുതുന്നു: “ഉമവീ ഭരണകാലംതൊട്ട് ക്രിസ്ത്യാനികൾ തങ്ങളുടെ മതചടങ്ങുകളും ഉൽസവങ്ങളും നടത്തിയി രുന്നത് പൊതു നിരത്തുകളിൽ വെച്ചായിരുന്നു. കുരിശ് ചുമന്ന് ഘോഷ യാത്രകൾ നടത്തുന്നത് അവർ പതിവാക്കിയിരുന്നു. മതനേതാക്കന്മാർ

അതിൽ സംബന്ധിച്ചിരുന്നത് തങ്ങളുടെ ആചാര വസ്ത്രങ്ങളണിഞ്ഞാണ്. ഒരിക്കൽ പാത്രിയാർക്കീസ്മിച്ചൽ(Michal) വലിയ ഒരു ഘോഷയാത്രയായി അലക്സാണ്ട്റിയാ പട്ടണത്തിൽ പ്രവേശിച്ചു. കുരിശും മെഴുകുതിരിയും ബൈബിളും ചുമന്നവരാണ് അതിന്റെ മുൻനിരയിലുണ്ടായിരുന്നത്. പുണ്യവാളന്മാർ തങ്ങളുടെ പാത്രിയാർക്കീസിന്റെ മഹത്വം ഉറക്കെ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു. ഹിശാമുബ്നു അബ്ദിൽ മലിക്കിന്റെ കാലത്തായിരുന്നു പ്രസ്തുത സംഭവം.

"ഹാറൂൻ റശീദിന്റെ കാലത്ത് ഈസ്റ്റർ ആഘോഷത്തോടനുബന്ധിച്ച് ക്രിസ്ത്യാനികൾ വലിയ കുരിശ് ചുമന്ന് വമ്പിച്ച പ്രകടനം നടത്തിയിരുന്നു."[3]

"അഹ്സനുത്തഖാസീം" എന്ന ഗ്രന്ഥത്തിൽ മഖ്ദിസി പറയുന്നു: "ക്രൈസ്തവ ആഘോഷങ്ങളോടനുബന്ധിച്ച് ഷീറോസ് ചന്ത അലങ്കരിക്കുക പതിവായിരുന്നു. നൈൽ നദിയിൽ വെള്ളമുയരുകയും അതോടനുബന്ധിച്ച് ക്രിസ്ത്യാനികൾ കുരിശുകയറ്റമാഘോഷിക്കുകയും ചെയ്യുമ്പോൾ ഈജിപ്തുവാസികളും അതിൽ അതിഥികളായി സംബന്ധിച്ചിരുന്നു."

'മഖ്രീസി' തന്റെ ഖുത്വത് എന്ന ഗ്രന്ഥത്തിൽ പറയുന്നു:"അഖ്ശീദികളുടെ കാലത്ത് സാധാരണ ജനങ്ങൾ മാമ്മോദീസ നല്ല നിലയിൽ ആഘോഷിച്ചിരുന്നു. ഹിജ്രാബ്ദം 230-ൽ മാമ്മോദീസയോടനുബന്ധിച്ച് വളരെ മനോഹരമായ ഒരാഘോഷം നടന്നു. അപ്പോൾ "അൽമനീൽ" ദ്വീപിലെ പ്രത്യേക കൊട്ടാരത്തിൽ അഖ്ശീദി ചക്രവർത്തി മുഹമ്മദ് ത്വഗ്ജ് അതെല്ലാം വീക്ഷിച്ചുകൊണ്ടിരുന്നു. അങ്ങനെ മാമ്മോദീസാ ആഘോഷത്തിൽ എല്ലാ ജനവിഭാഗങ്ങളും സന്തോഷപൂർവം പങ്കെടുക്കുകയുണ്ടായി."

നീണ്ട പതിനാല് നൂറ്റാണ്ടു കാലത്തെ ഇസ്‌ലാമിക ചരിത്രത്തിൽ മുസ്‌ലിം മതപണ്ഡിതന്മാരോ ഭരണാധികാരികളോ അന്യമതാനുയായികളുടെ ആരാധനാ സ്വാതന്ത്ര്യം തടയുകയോ നിയന്ത്രിക്കുകയോ ചെയ്തതായി തെളിയിക്കുക സാധ്യമല്ല. സിന്ധ് അധീനപ്പെടുത്തിയ മുഹമ്മദുൽ ഖാസിമിനെ സംബന്ധിച്ച് ഈശ്വരീപ്രസാദ് പറയുന്നു: "അദ്ദേഹം ബ്രാഹ്മണന്മാരോട് അവരുടെ മാന്യതക്കും പദവിക്കുമനുസരിച്ച് ആദരപൂർവം പെരുമാറിയിരുന്നു...മതസ്വാതന്ത്ര്യം അനുവദിക്കപ്പെട്ടു. ആരാധനയുടെ കാര്യത്തിൽ ബ്രാഹ്മണരുടെ അഭിലാഷങ്ങൾ മാനിക്കപ്പെടുകയും ചെയ്തു."[4]

അദ്ദേഹം തന്നെ തുടരുന്നു: "കീഴടക്കപ്പെട്ട ജനതക്ക് ആരാധനാസ്വാതന്ത്ര്യം അനുവദിക്കപ്പെടുകയും അവരോട് സഹിഷ്ണുതാപൂർവം പെരുമാറുകയുമുണ്ടായി."[5]

മുസ്‌ലിം ജേതാക്കൾ സ്വീകരിച്ച ഉദാരമായ സമീപനത്തെ സംബന്ധിച്ച് ഡോക്ടർ താരാചന്ദ് എഴുതുന്നു: "മുസ്‌ലിം ജേതാക്കൾ പരാജിതരോട് വളരെ നന്നായി പെരുമാറി. ഹിന്ദു പണ്ഡിതന്മാർക്കും പൂജാരികൾക്കും തങ്ങളുടെ ദേവാലയങ്ങളിൽ ആരാധന നടത്തുവാനുള്ള പൂർണമായ

സ്വാതന്ത്ര്യം നല്കി. പൂജാരിമാർക്കും ദേവാലയങ്ങൾക്കും ചട്ടപ്പടിയുള്ള അവകാശം നല്കാൻ കർഷകരെ അനുവദിച്ചു."[6]

മുഗൾഭരണ സ്ഥാപകനായ ബാബർ ചക്രവർത്തി പരമതാനുയായികളോട് വളരെ ഉദാരമായാണ് പെരുമാറിയിരുന്നതെന്നും അദ്ദേഹത്തിന്റെ കാലത്ത് ഹിന്ദുക്കൾക്ക് യാതൊരു വിഷമവും നേരിട്ടിരുന്നില്ലെന്നും സ്റ്റാൻലിലെയിൻപൂൾ അസന്ദിഗ്ധമായി തെളിയിച്ചിട്ടുണ്ട്.[7]

മകൻ ഹുമയൂണിന്ന് ബാബർ നല്കിയ അന്ത്യോപദേശങ്ങളിൽ, ഹിന്ദു സഹോദരന്മാരോട് അത്യുദാരമായി പെരുമാറണമെന്ന് പ്രത്യേകം നിഷ്കർഷിക്കുകയുണ്ടായി. മുൻ ഇന്ത്യൻ യൂനിയൻ പ്രസിഡന്റ് ഡോക്ടർ രാജേന്ദ്രപ്രസാദ് ഉൾപ്പെടെ ഉദ്ധരിച്ച പ്രസ്തുത അന്ത്യോപദേശങ്ങളിലിങ്ങനെ കാണാം: "ഇന്ത്യ മതവൈവിധ്യതകളുടെ നാടാണ്. അതിൽ നീ നന്ദിരേഖപ്പെടുത്തണം. അല്ലാഹു നിനക്ക് അധികാരം നല്കിയാൽ മതപക്ഷപാതിത്വം കാണിക്കരുത്. ഹൈന്ദവരുടെ ഹൃദയം വ്രണപ്പെടും വിധം പശുക്കളെ അറുക്കരുത്. അത് ചെയ്താൽ ജനം നിന്നെ വെറുക്കും. ക്ഷേത്രങ്ങളും ആരാധനാലയങ്ങളും തകർക്കരുത്. ഭരണാധികാരി ഭരണീയരെയും ഭരണീയർ ഭരണകർത്താവിനെയും സ്നേഹിക്കുന്ന സാഹചര്യം സൃഷ്ടിക്കുക. ദയാഹൃദയം കൊണ്ടാണ് ഇസ്‌ലാമിനെ ധന്യമാക്കേണ്ടത്. അടിച്ചമർത്തലിലൂടെയല്ല."[8]

പാറ്റ്ന യൂനിവേഴ്സിറ്റിയിലെ ഹിസ്റ്ററി പ്രൊഫസറായിരുന്ന ശ്രീരാമപ്രസാദ് ഖോസ്‌ല ബാബർ ചക്രവർത്തിയെ "മതപക്ഷപാതിത്വങ്ങൾക്കും സങ്കുചിത വീക്ഷണങ്ങൾക്കും അതീതനായ ഭരണാധികാരി"യെന്നാണ് വിശേഷിപ്പിച്ചത്."[9]

പണ്ഡിറ്റ് ജവഹർലാൽനെഹ്റു, നീതിമാനെന്നും സമർഥനെന്നും[10] വിശേഷിപ്പിച്ച സഹീറുദ്ദീൻ മുഹമ്മദ് ബാബർ തീരെ മതഭ്രാന്തനായിരുന്നില്ലെന്നും ഹിന്ദുക്കളോട് വളരെ സൗഹാർദപരമായാണ് പെരുമാറിയിരുന്നതെന്നും അലഹബാദ് സർവകലാശാലയിലെ ചരിത്രാധ്യാപകനായ ഡോക്ടർ രാമപ്രസാദ് ത്രിപാഠി അസന്ദിഗ്ധമായി തെളിയിച്ചിട്ടുണ്ട്.[11]

പ്രശസ്ത ചരിത്രകാരനായ റൂഷ്ബ്രൂക്ക് വില്യം അദ്ദേഹത്തെ സംബന്ധിച്ച് എഴുതുന്നു: "ശ്രേഷ്ഠമായ ഗുണങ്ങളുടെ നിറകുടമായിരുന്നു ബാബർ. മഹനീയമായ അഭിലാഷങ്ങൾ, കർക്കശമായ നീതിബോധം, അവിരാമമായ വിജയപാടവം, പ്രജാക്ഷേമതല്പരത, ദൈവവിശ്വാസികളോടുള്ള അനുനയ സമീപനം, പട്ടാളക്കാരുടെ മനസ്സ് കവർന്നെടുക്കാനുള്ള കഴിവ്, നീതിയോടുള്ള അടങ്ങാത്ത സ്നേഹം എന്നീ സ്വഭാവവിശേഷങ്ങൾ ബാബറിന്റെ രക്തത്തിൽ അലിഞ്ഞുചേർന്നിരുന്നു."[12]

അക്ബർ ചക്രവർത്തിയുടെ മകൻ ജഹാംഗീറിന്റെ കാലത്ത് വാരാണസിയിൽ മാത്രം എഴുപത് പുതിയ ക്ഷേത്രങ്ങൾ നിർമിക്കുകയുണ്ടായി. മുഗിള കാലഘട്ടത്തിലെ വിവാദവ്യക്തിയായ ഔറംഗസീബിന്റെ കാലത്തും

നിരവധി പുതിയ ക്ഷേത്രങ്ങൾ പണികഴിപ്പിക്കപ്പെടുകയുണ്ടായി. ആലംഗീർനാമയിലിങ്ങനെ കാണാം: “ഔറംഗസീബ് ബംഗാളിലും ആസ്സാമിലും ചില ഹിന്ദുക്ഷേത്രങ്ങൾ നിർമിക്കുകയും ബുദ്ധഗയക്ക് വമ്പിച്ച ഭൂസ്വത്ത് രാജകീയശാസനം വഴി നല്കുകയുമുണ്ടായി.”[13]

ഔറംഗസീബിന്റെ കാലത്ത് 1671-ൽ കാശിവിശ്വനാഥക്ഷേത്രത്തിനും വാരാണസിയിലെ വിവിധ ദേവാലയങ്ങൾക്കും നിലങ്ങളും മറ്റു സഹായങ്ങളും നല്കുകയുണ്ടായി. അദ്ദേഹത്തിന്റെ കാലത്താണ് കുമരഗുരുവര്യർ ഉത്തരേന്ത്യയിൽ കാശീമഠവും കേദാരനാഥക്ഷേത്രവും നിർമിച്ചത്. ചക്രവർത്തി അവയ്ക്കാവശ്യമായ സഹായസഹകരണങ്ങൾ നല്കുകയും ചെയ്തു.

പണ്ഡിറ്റ് സുന്ദർലാൽ പറയുന്നു: “അക്ബർ, ജഹാംഗീർ, ഷാജഹാൻ എന്നിവരുടെ കാലത്തും ഔറംഗസീബിന്റെയും പിൻഗാമികളുടെയും കാലത്തും ഹിന്ദുക്കളോടും മുസ്‌ലിംകളോടും ഒരേ സമീപനമാണ് സ്വീകരിച്ചിരുന്നത്. രണ്ട് മതങ്ങളും തുല്യമായി ആദരിക്കപ്പെട്ടു. മതത്തിന്റെ പേരിൽ ആരോടും ഒരുവിധ വിവേചനവും കാണിച്ചിരുന്നില്ല. എല്ലാ ചക്രവർത്തിമാരും നിരവധി ക്ഷേത്രങ്ങൾക്ക് ഒട്ടേറെ ഭൂസ്വത്തുക്കൾ നല്കുകയുണ്ടായി. ഇന്നും ഇന്ത്യയിലെ വിവിധ ക്ഷേത്രപൂജാരികളുടെ വശം ഔറംഗസീബിന്റെ ഒപ്പുള്ള രാജകല്പന നിലവിലുണ്ട്. അവ അദ്ദേഹം പാരിതോഷികങ്ങളും ഭൂസ്വത്തുക്കളും നല്കിയതിന്റെ സ്മരണയത്രെ. ഇത്തരം രണ്ടു കല്പനകൾ ഇപ്പോഴും ഇലാഹാബാദിലുണ്ട്. അവയിലൊന്ന് സോമനാഥക്ഷേത്രത്തിലെ പൂജാരിയുടെ വശമാണ്.”

ഔറംഗസീബ് നടത്തിയ പൊതു വിളംബരത്തിൽ ഹിന്ദുസഹോദരന്മാരുടെ പ്രാർഥനകൾക്ക് തടസ്സം സൃഷ്ടിക്കരുതെന്ന് പ്രത്യേകം നിഷ്കർഷിച്ചതായി കാണാം. “ഈ ശുഭമുഹൂർത്തത്തിൽ നാം കല്പിക്കുന്നതെന്തെന്നാൽ രഞ്ചീവനെന്ന പുരോഹിതന്റെ വാസസ്ഥലത്തിന് മുൻ വശമായും ഗംഗയുടെ തീരത്ത് ബനീമാധവ കടവിനടുത്തായും അവിടെയുള്ള പ്രധാന പള്ളിയുടെ അരികിലായും കിടക്കുന്ന 588 1/2 ദിറ വിസ്തീർണമുള്ള സ്ഥലവും അതിന്റെയെല്ലാം ഏറെ മുകളിലായി സ്ഥിതിചെയ്യുന്ന മറ്റൊരിടവും ഇപ്പോൾ ആൾപ്പാർപ്പോ കെട്ടിടങ്ങളോ ഇല്ലാതെ ഒഴിഞ്ഞു കിടക്കുകയാണല്ലോ. അവയിൽ പ്രവേശിക്കുന്ന ഹിന്ദുക്കളെ ചിലർ വിരട്ടിയോടിക്കുന്നതായും അന്യായമായി അവിടെ പ്രവേശിക്കുന്നതായും നമുക്ക് വിവരം ലഭിച്ചിരിക്കുന്നു. ആ സ്ഥലത്തുള്ള ബ്രാഹ്മണന്മാരെയോ മറ്റു ഹിന്ദുക്കളെയോ മേലിൽ ആരും ഉപദ്രവിക്കുകയോ ഭയപ്പെടുത്തുകയോ ചെയ്യരുത്. പഴയപോലെ അവർ തങ്ങളുടെ ജോലികൾ സമാധാനത്തോടെ ചെയ്യുന്നതിനും ദൈവദത്തമായി നല്കപ്പെട്ടതും അനാദികാലം നിലനിൽക്കേണ്ടതുമായ നമ്മുടെ രാജ്യത്തിന്റെ ക്ഷേമൈശ്വര്യങ്ങൾക്കായി പ്രാർഥിക്കുന്നതിനും യാതൊരു വിധ തടസ്സവും ഉണ്ടാക്കാൻ പാടുള്ളതല്ല.” ഹിജ്റ 1069 ജമാദുൽ ആഖിർ 15 (A.D. 1659)[14]

പ്രവാചകന്റെ കാലം തൊട്ടിന്നേവരെ ഇസ്‌ലാമിക ഭരണത്തിൻ കീഴിൽ അമുസ്‌ലിം സഹോദരങ്ങൾക്ക് സമ്പൂർണമായ ആരാധനാ സ്വാതന്ത്ര്യം അനുവദിക്കപ്പെട്ടു പോന്നിട്ടുണ്ട്. പാക്കിസ്ഥാൻ, ബംഗ്ലാദേശ്, ഇന്തോനേഷ്യ, മലേഷ്യ, സിറിയ, ഈജിപ്ത് പോലുള്ള മുഴുവൻ മുസ്‌ലിം നാടുകളിലും അമുസ്‌ലിംകൾക്ക് പൂർണമായ ആരാധനാസ്വാതന്ത്ര്യം അനുവദിക്കപ്പെടുന്നുണ്ട്. മതപണ്ഡിതന്മാരോ ഭരണകൂടങ്ങളോ അതിൽ ഒരു നിലക്കും ഇടപെടാറില്ല.

പാക്കിസ്ഥാനിൽ ജന്മാഷ്ടമി, ദീപാവലി പോലുള്ള ആഘോഷ ദിനങ്ങളിൽ ഹിന്ദുസഹോദരങ്ങൾക്ക് അരി, പഞ്ചസാര തുടങ്ങിയവ പ്രത്യേകമായി അനുവദിക്കാറുണ്ട്. കൂടാതെ ലാഹോർ ജില്ലയിലെ അംഗീകൃത കോളേജുകളിലും സ്കൂളുകളിലും പഠിക്കുന്ന അവിടത്തെ ന്യൂനപക്ഷ സമുദായക്കാരായ വിദ്യാർഥികൾക്ക് ഗവൺമെന്റ് സ്കോളർഷിപ്പുകൾ നല്കിവരുന്നു. ലാഹോറിലെ ക്രൈസ്തവ മതവിശ്വാസികൾക്ക് ശ്മശാനമുണ്ടാക്കാൻ ആറു ലക്ഷം രൂപ സർക്കാർ സഹായധനം നല്കുകയുണ്ടായി.

ബംഗ്ലാദേശിലെ സ്ഥിതിയും ഭിന്നമല്ല. രണ്ടുമൂന്നു വർഷംമുമ്പ് അവിടെനിന്നു വന്ന ഒരു വാർത്തയിലിങ്ങനെ കാണാം: “ബംഗ്ലാദേശിലെ ഹിന്ദുക്ഷേത്രങ്ങളും ധർമസ്ഥാപനങ്ങളും പുനരുദ്ധരിക്കാൻ ഗവൺമെന്റ് ഏകദേശം ആറുലക്ഷം രൂപ അനുവദിച്ചു. ഈ തീരുമാനമെടുത്ത നീതിന്യായ വകുപ്പിന്റെയും ആധ്യാത്മിക കാര്യങ്ങളുടെയും മന്ത്രി കെ.എം. നൂറുൽ ഇസ്‌ലാം എല്ലാ മതങ്ങളുടെയും ഉന്നമനത്തിൽ തങ്ങൾ തൽപരരാണെന്ന് അറിയിച്ചു.”[15]

മസ്കത്ത്, ബഹ്റൈൻ, ദുബൈ പോലുള്ള അറബ് മുസ്‌ലിം നാടുകളിൽ തദ്ദേശീയരായ മതന്യൂനപക്ഷങ്ങൾ വിശ്വാസ- ആരാധനാസ്വാതന്ത്ര്യമുൾപ്പെടെ സകലവിധ സൗകര്യങ്ങളും അനുഭവിക്കുന്നുണ്ടെന്നത് അവിതർക്കിതമായ കാര്യമത്രെ. മലയാളത്തിലെ ആർ.എസ്സ്.എസ്സ്. പത്രമായ കേസരി എഴുതുന്നു: “മസ്കത്ത്, ബഹ്റൈൻ, ദുബായ് എന്നീ ഗൾഫ് രാജ്യങ്ങൾ വിദേശക്കോയ്മക്ക് കീഴിൽ ഉള്ളതു മുതൽ ഭാരതീയരും ഹിന്ദുക്കളുമായ സിന്ധികൾ ഇവിടങ്ങളിൽ കച്ചവടസംബന്ധമായി കുടിയേറിപ്പാർക്കുക കാരണം പ്രസ്തുത രാജ്യങ്ങളുടെ അഭിവൃദ്ധിയിൽ ഗണ്യമായ പങ്ക് വഹിച്ചിരുന്നു. പ്രസ്തുത യാഥാർഥ്യം മനസ്സിലാക്കി അവിടങ്ങളിലെ ഭരണാധിപന്മാർ അവർക്ക് പ്രത്യേക പരിഗണനകൾ കൊടുത്തുപോന്നു.”[16]

ദുബായ് ശൈഖ് അവർക്ക് (ഹിന്ദുക്കൾക്ക് )വേണ്ടുന്ന എല്ലാ ആനുകൂല്യങ്ങളും നല്കുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചുപോന്നു. സിന്ധികളുടെ ആവശ്യാർഥം ഹിന്ദുക്കളുടെ ഒരു ക്ഷേത്രവും ഇഷ്ടദേവതകളെ വെച്ചു പൂജിക്കാനുള്ള അനുവാദവും അതുപോലെ ഉത്സവാദികൾ കൊണ്ടാടാനുള്ള അംഗീകാരവും നല്കുകയുണ്ടായി. ഹിന്ദുക്കൾക്ക് ശവസംസ്കാരം ചെയ്യാനുള്ള ഒരു പ്രത്യേക ശ്മശാനത്തിനുള്ള സ്ഥലവുംകൂടി അനുവദിക്കുകയുണ്ടായി.”[17]

മറ്റൊരു മുസ്‌ലിം നാടായ ഇന്തോനേഷ്യയെ സംബന്ധിച്ച് അതേ വാരിക എഴുതുന്നു: "എല്ലാ വിഭാഗങ്ങൾക്കും പൂർണമായ ആരാധനാ സ്വാതന്ത്ര്യം നല്കുന്ന ഇന്തോനേഷ്യൻ ഭരണഘടന ആ രാജ്യത്തിന്റെ മതേതര സ്വഭാവം വ്യക്തമാക്കുന്നു. ഇസ്‌ലാം, ക്രിസ്തുമതം, ബുദ്ധമതം, ഹിന്ദുധർമം തുടങ്ങിയ നാലു മതങ്ങൾക്കും സർക്കാർ തുല്യമായ അംഗീകാരവും പ്രോത്സാഹനവുമാണ് നല്കുന്നത്. ഇതിനായി സർക്കാർ നിയന്ത്രണത്തിൽ ഒരു പ്രത്യേക വകുപ്പ് തന്നെയുണ്ട്. വിവിധ മതാനുയായികൾ ഇവിടെ പരസ്പരം സ്നേഹത്തോടും സഹവർത്തിത്വത്തോടും കൂടി കഴിയുന്നു."[18]

ആധുനിക ലോകത്തെ അധിക മതേതര രാഷ്ട്രങ്ങളും അനുവദിക്കാത്തത്ര ആനുകൂല്യങ്ങളും സൗകര്യങ്ങളുമാണ് മുസ്‌ലിംനാടുകൾ അവിടങ്ങളിലെ മതന്യൂനപക്ഷങ്ങൾക്ക് നല്കിക്കൊണ്ടിരിക്കുന്നത്. രാജ്യത്തെ അന്യമതാനുയായികളായ പൗരന്മാർക്ക് വിശ്വാസസ്വാതന്ത്ര്യവും ആരാധനാ സ്വാതന്ത്ര്യവും അനുവദിക്കാത്ത ഒറ്റ മുസ്‌ലിം നാടുമില്ല. പരിശുദ്ധ ഖുർആനും പ്രവാചക ചര്യയും ഇവ്വിഷയത്തിൽ സ്വീകരിച്ച സംശയരഹിതവും ഖണ്ഡിതവുമായ നിലപാടാണിതിന് കാരണം.

## കുറിപ്പുകൾ:

1. അൽഅൻആം: 108
2. Michael the Elder, Vol. ii, p.p: 412, 413. ഉദ്ധരണം: സർ തോമസ് ആർണൾഡ്- ഇസ്‌ലാം പ്രബോധനവും പ്രചാരവും, പുറം: 67.
3. ഡോക്ടർ മുസ്തഫസ്സിബാഇ- ഇസ്‌ലാമിക നാഗരികത ചില ശോഭന ചിത്രങ്ങൾ, പുറം 113.
4. History of Muslim Rule, p: 46
5. Ibid, p: 49
6. 'അഹ്‌ലെ ഹിന്ദ് കീ മുഖ്തസർ താരീഖ്', പുറം: 153. ഉദ്ധരണം: ഇന്ത്യാചരിത്രത്തിന്റെ രണ്ടു മുഖങ്ങൾ.
7. Illustrated Weekly, 12 10. 1975.
8. ഉദ്ധരണം: മിസിസ് നീലോഫർ അഹ്മദ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒബ്ജക്ടീവ് സ്റ്റഡീസ്, ന്യൂഡൽഹി.
9. മുഗൾ കിംഗ്ഷിപ്പ്, പേജ്: 207
10. ഇന്ത്യയെ കണ്ടെത്തൽ
11. Rise and Fall of the Mugal Empire.
12. Rush brook William the Empire builder of 16th century.
13. Illustrated Weekly, 5.10. '75
14. ബംഗാൾ ഏഷ്യാറ്റിക് സൊസൈറ്റി ജർണൽ. 1911 പുറം: 689, ഉദ്ധരണം: സി.കെ. കരീം- ചരിത്രപഠനങ്ങൾ, പുറം: 496
15. മാതൃഭൂമി, 4. 10. '85
16. കേസരി, 6.4. '86
17. കേസരി, 5. 1. '86
18. കേസരി, 7. 6. '87

## നാല്

# ആരാധനാലയങ്ങളുടെ ആദരണീയത

**മു**ഴുവൻ മതാനുയായികളുടെയും ആരാധനാലയങ്ങൾ ആദരണീയങ്ങളാണ്. അവ നിന്ദിക്കപ്പെടുകയോ നശിപ്പിക്കപ്പെടുകയോ അരുത്. മുസ്‌ലിം പള്ളികൾ പോലെത്തന്നെ ഇതര സമുദായങ്ങളുടെ ആരാധനാകേന്ദ്രങ്ങളും സംരക്ഷിക്കപ്പെടണമെന്ന് ഇസ്‌ലാം അതിയായി ആഗ്രഹിക്കുന്നു. അവ തകർക്കപ്പെടാതിരിക്കാൻ അനിവാര്യമായ നടപടിക്രമങ്ങളാണ് ഭൂമിയിൽ അനുവർത്തിക്കപ്പെടുകയെന്ന് പരിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നു: "അല്ലാഹു ജനങ്ങളിൽ ചിലരെ മറ്റു ചിലരാൽ പ്രതിരോധിക്കുന്ന പതിവില്ലായിരുന്നെങ്കിൽ അല്ലാഹുവിന്റെ നാമം ധാരാളമായി സ്മരിക്കപ്പെടുന്ന ക്രൈസ്തവചർച്ചുകളും ജൂതദേവാലയങ്ങളും സന്യാസിമഠങ്ങളും മുസ്‌ലിം പള്ളികളും തകർക്കപ്പെടുമായിരുന്നു."[1]

മുസ്‌ലിം ഭരണാധികാരികളും സമുദായ നേതാക്കളും അന്യമതസ്ഥരുടെ ആരാധനാലയങ്ങൾ പരിരക്ഷിക്കാൻ പ്രതിജ്ഞാബദ്ധരാണ്. അവിവേകികളും അമിതാവേശക്കാരുമായ മുസ്‌ലിംകൾ അവ പള്ളികളാക്കി പരിവർത്തിപ്പിക്കാനുള്ള പശ്ചാത്തലം പോലുമുണ്ടാവരുതെന്ന നിർബന്ധം പ്രഗല്ഭരായ പൂർവികർക്കുണ്ടായിരുന്നു.

ഒന്നാം ഖലീഫയായ ഹ: അബൂബക്കറിനോട് രാജ്യത്തെ ക്രൈസ്തവ വിശ്വാസികൾ, തങ്ങൾ പുതുതായി നിർമിച്ച ചർച്ച് ഉദ്ഘാടനം ചെയ്യാൻ ആവശ്യപ്പെട്ടു. "അങ്ങയുടെ മതാചാരപ്രകാരം നമസ്കാരം നിർവഹിച്ചുകൊണ്ട് ഉദ്ഘാടനം നടത്തിയാൽ മതിയെന്ന്" പ്രത്യേകം പറയുകയും ചെയ്തു. അപ്പോൾ അബൂബക്കർ പറഞ്ഞു: "ഞാനത് ഉദ്ഘാടനം ചെയ്താൽ എന്റെ കാലശേഷം യാഥാർഥ്യമറിയാത്തവർ ഞങ്ങളുടെ ഖലീഫ നമസ്കരിച്ച സ്ഥലമാണെന്ന് അതിന്റെമേൽ അവകാശവാദമുന്നയിക്കുകയും അത് കുഴപ്പങ്ങൾക്കിടവരുത്തുകയും ചെയ്തേക്കും."

ഖലീഫയുടെ ആശങ്ക ഏറെ പരിഗണനീയമാണെന്ന് ബോധ്യമായ ക്രൈസ്തവ സഹോദരന്മാർ തങ്ങളുടെ ഉദ്യമത്തിൽനിന്ന് പിന്തിരിഞ്ഞു.

ഫലസ്തീനിൽ നൂറ്റാണ്ടുകളായി നിലനിന്നുപോന്നിരുന്ന സാമ്രാജ്യ

വാഴ്ചക്ക് വിരാമമിട്ടത് മഹാനായ ഉമറുൽ ഫാറൂഖ് ആണ്. ഹിറാക്ലിയസിന്റെ മർദകഭരണമവസാനിപ്പിച്ച് അവിടത്തുകാർക്ക് ആശ്വാസമേകിയ വ്യക്തിയാണദ്ദേഹം. അതുകൊണ്ടുതന്നെ അവിടം സന്ദർശിച്ച ഖലീഫക്ക് തദ്ദേശവാസികൾ സ്നേഹപൂർണമായ സ്വീകരണമാണ് നല്കിയത്. അവരുടെ മുൻനിരയിലുണ്ടായിരുന്നത് സ്ഥലത്തെ ക്രൈസ്തവ പുരോഹിതനായ സ്വഫർനിയൂസും പരിവാരങ്ങളുമാണ്. അവരോടൊന്നിച്ച് അവിടം ചുറ്റിക്കാണവെ മധ്യാഹ്ന നമസ്കാരത്തിന് സമയമായി. വിവരം പാത്രിയാർക്കീസിനെ അറിയിച്ചപ്പോൾ അദ്ദേഹം ഉമറിനോടും കൂട്ടുകാരോടും അവിടത്തെ ചർച്ചിൽവെച്ച് നമസ്കരിക്കാനാവശ്യപ്പെട്ടു. എന്നാൽ സ്വഫർനിയൂസിന്റെ ഈ അഭ്യർഥന ഖലീഫ നന്ദിപൂർവം നിരസിക്കുകയാണുണ്ടായത്. അതിന്, അദ്ദേഹം പറഞ്ഞ കാരണം, താനവിടെവെച്ച് നമസ്കരിച്ചാൽ പിൽക്കാലത്ത് അവിവേകികളായ മുസ്‌ലിംകളാരെങ്കിലും അതിന്റെ പേരിൽ അവകാശവാദമുന്നയിക്കുകയും അത് പള്ളിയാക്കി മാറ്റാൻ ശ്രമിക്കുകയും ചെയ്തേക്കുമെന്നായിരുന്നു. അത്തരമൊരവിവേകത്തിന് അവസരമുണ്ടാവരുതെന്ന് നിർബന്ധമുണ്ടായിരുന്ന ഉമറുൽ ഫാറൂഖ് ചർച്ചിന് പുറത്തുള്ള ഒരൊഴിഞ്ഞ സ്ഥലത്ത് വസ്ത്രം വിരിച്ച് നമസ്കരിക്കുകയാണുണ്ടായത്.

ഡമാസ്കസിൽ ഗ്രീക്കുകാരുടെ ജൂപിറ്റർ വിഗ്രഹം പ്രതിഷ്ഠിക്കപ്പെട്ട ഒരു പടുകൂറ്റൻ ക്ഷേത്രമുണ്ടായിരുന്നു. ക്രിസ്ത്യാനികളവിടം കീഴ്പെടുത്തിയപ്പോൾ അത് യോഹന്നാന്റെ നാമധേയത്തിലുള്ള ചർച്ചാക്കി മാറ്റി. ഉമറുൽ ഫാറൂഖിന്റെ കാലത്താണ് പ്രസ്തുത പ്രദേശം ഇസ്‌ലാമികരാഷ്ട്രത്തിന്റെ ഭാഗമായിത്തീർന്നത്. പിന്നീട് യോഹന്നാൻ ചർച്ച് ഉപയോഗിച്ചിരുന്ന ഡമാസ്കസ് വാസികളിലധികപേരും ഇസ്‌ലാമാശ്ലേഷിച്ചു. അതോടെ അത് പള്ളിയാക്കി പരിവർത്തിപ്പിക്കണമെന്ന ശക്തിയായ ആവശ്യം ഉയർന്നുവന്നു. എങ്കിലും ഇസ്‌ലാമിക ഭരണകൂടം അതംഗീകരിച്ചില്ല. ചർച്ച് ഉപയോഗിക്കുന്ന അവസാനത്തെയാളും ഇസ്‌ലാമാശ്ലേഷിക്കുകയോ അതിന്റെ അവകാശികൾ സ്വമനസ്സാലെ വിട്ടുതരികയോ ചെയ്യുന്നതുവരെ അത് സാധ്യമല്ലെന്ന സമീപനമാണ് ഇസ്‌ലാമിക നേതൃത്വം സ്വീകരിച്ചത്.

പിന്നീട് മുസ്‌ലിംകളും ക്രിസ്ത്യാനികളും കൂടിയാലോചിച്ച് തീരുമാനിച്ചതനുസരിച്ച് ഇരുവിഭാഗവും തങ്ങളുടെ ആരാധനാ കർമങ്ങൾക്ക് അതുപയോഗിച്ചുകൊണ്ടിരുന്നു. ഒരു ഭാഗത്ത് മുസ്‌ലിംകൾ നമസ്കരിക്കുകയും മറുഭാഗം ക്രൈസ്തവ വിശ്വാസികൾ തങ്ങളുടെ പ്രാർഥനകൾക്ക് ഉപയോഗിക്കുകയുമാണ് ചെയ്തിരുന്നത്. ദീർഘകാലം ഈ നില തുടർന്നു.

വലീദുബ്നു അബ്ദിൽ മലിക് ഭരണം നടത്തിക്കൊണ്ടിരിക്കെ മദീനയിലെയും ഫലസ്തീനിലെയും പള്ളികളോടനുബന്ധിച്ച് അതും പുതുക്കിപ്പണിയാനാഗ്രഹിച്ചു. ക്രിസ്ത്യാനികൾ അതനുവദിക്കുകയും പള്ളിയാക്കി മാറ്റാൻ പൂർണ സമ്മതം നല്കുകയും ചെയ്തു. പകരം മർയം ചർച്ച് പുനരുദ്ധരിക്കുകയും ചെയ്തു.

വലീദ് വളരെ വിപുലമാംവിധമാണ് പള്ളി പുനർനിർമാണമാരംഭിച്ചത്. അത് പൂർത്തീകരിക്കാൻ ഇരുപത് വർഷം വേണ്ടിവന്നു. പന്തീരായിരം ജോലിക്കാരാണ് അതിന്റെ നിർമാണത്തിൽ പങ്കുവഹിച്ചത്. റോമിൽനിന്നുപോലും വിദഗ്ധരെ ഇറക്കുമതി ചെയ്തിരുന്നു. അതിന്മേൽ അതിമനോഹരമായ കുംഭഗോപുരം നിർമിച്ചു. നിലത്ത് മാർബിൾ പതിക്കുകയും ചുമരുകൾ അത്യാകർഷകമായ കൊത്തുപണികൾകൊണ്ട് അലങ്കരിക്കുകയും ചെയ്തു. ഇതിന്റെ നിർമാണത്തിനുവേണ്ടി ഒരുകോടി അറുപത് ലക്ഷം ദീനാറാണ് വലീദ് ചെലവഴിച്ചത്. എന്നിട്ടും ജോലി പൂർത്തിയായില്ല. സഹോദരൻ സുലൈമാന്റെ കാലത്താണ് അതിന്റെ നിർമാണം പൂർണമായത്.

ഇസ്‌ലാമിക ഭരണത്തിന്റെ ഉൽകൃഷ്ട മാതൃകകളായി ജ്വലിച്ചുനില്ക്കുന്ന മഹാരഥന്മാരുടെ മുന്നണിയിൽ സ്ഥാനമുറപ്പിച്ച ഉമറുബ്നു അബ്ദിൽ അസീസ് അധികാരമേറ്റതോടെ അദ്ദേഹത്തിന്റെ നീതിബോധത്തിലും മതസഹിഷ്ണുതയിലും പൂർണവിശ്വാസമുണ്ടായിരുന്ന ക്രൈസ്തവസമൂഹം പള്ളിപൊളിച്ച് യോഹന്നാൻ ചർച്ച് പുനർനിർമിക്കണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചു. വലീദിന്റെ കാലത്ത് തങ്ങൾ നിർബന്ധിതരായാണ് അത് വിട്ടുകൊടുത്തതെന്ന് വാദിക്കുകയും ചെയ്തു. അക്കാലത്തെ ഏറ്റവും വലുതും മഹാദ്ഭുതവുമായ പള്ളി പൊളിച്ചുമാറ്റി ചർച്ച് നിർമിക്കുക; അതും പരമഭക്തനായ മുസ്‌ലിം ഭരണാധികാരി. സാധാരണ ധാരണയനുസരിച്ച് ഇത് തികച്ചും അചിന്ത്യമത്രെ. എന്നാൽ ആദർശവാദിയായ ഖലീഫ എക്കാലത്തേയും ഭക്തന്മാരെപ്പോലെ നീതി നടത്തുകയാണ് ചെയ്തത്. സത്യവിശ്വാസിക്ക് സങ്കുചിതനും പക്ഷപാതിയുമായി മാറുക സാധ്യമല്ല. ഉമറുബ്നു അബ്ദിൽ അസീസ് പള്ളി പൊളിച്ച് ചർച്ച് പുനർനിർമിക്കാൻ ഉത്തരവിട്ടു. ക്രിസ്ത്യാനികൾ വലീദിന്റെ കാലത്ത് സ്വയം വിട്ടുകൊടുത്തതിനാലാണ് പള്ളി നിർമിച്ചതെന്നും അതിനാൽ ഉത്തരവ് പിൻവലിക്കണമെന്നും മുസ്‌ലിംകൾ ശക്തിയായി ആവശ്യപ്പെട്ടു. എങ്കിലും ഖലീഫ വഴങ്ങിയില്ല. അദ്ദേഹം തന്റെ ധീരമായ തീരുമാനത്തിലുറച്ചുനിന്നു. അവസാനം മുസ്‌ലിംകൾ ക്രിസ്ത്യാനികളെ സമീപിച്ച് അവരെ സമ്മതിപ്പിച്ച് ഇരുവിഭാഗവും കൂട്ടായി ആവശ്യപ്പെട്ടപ്പോൾ മാത്രമാണ് അദ്ദേഹം പള്ളി അതേപടി നിലനിർത്താൻ അനുവദിച്ചത്.

ഇസ്‌ലാമിക രാഷ്ട്രത്തിലെന്നും എവിടെയും സഹോദരസമുദായങ്ങളുടെ ആരാധനാലയങ്ങൾ പൂർണമായും സുരക്ഷിതമായിരുന്നു. സ്വന്തം മതാനുയായികളായ മുസ്‌ലിംകളെയോ അല്ലാത്തവരെയോ അതിന്മേൽ കൈവെക്കാൻ അനുവദിച്ചിരുന്നില്ല. അതോടൊപ്പം അന്യമതാനുയായികൾക്ക് ഇഷ്ടാനുസരണം ദേവാലയങ്ങൾ പണിയാൻ അവകാശവും അനുവാദവും നല്കുകയും ചെയ്തിരുന്നു. അതുകൊണ്ടുതന്നെ മുസ്‌ലിംനാടുകളിൽ വിവിധ മതാനുയായികളുടെ ആരാധനാകേന്ദ്രങ്ങൾ അടുത്തടുത്ത് നിലനിന്നിരുന്നതായി കാണാം. മധ്യപൂർവദേശത്ത് മാറിമാറി അധികാരം നടത്തിപ്പോന്ന റോമാ-പേർഷ്യൻ സാമ്രാജ്യശക്തികളുടെ മതപീഡനങ്ങൾ

ക്കിരയായി പ്രയാസമനുഭവിച്ചിരുന്ന ജൂതന്മാർക്കും ക്രിസ്ത്യാനികളിലെ വിവിധ വിഭാഗങ്ങൾക്കും മജൂസികൾക്കും മുസ്‌ലിംകളുടെ സാന്നിധ്യം അനല്പമായ ആശ്വാസമായി അനുഭവപ്പെടാനുള്ള കാരണവും അതു തന്നെ.

അവിവേകികളായ സാധാരണക്കാർ മറ്റു മതക്കാരുടെ ആരാധനാലയങ്ങൾ അനാദരിക്കാൻ ഏറെ സാധ്യതകളുള്ളതിനാൽ അങ്ങനെ സംഭവിക്കാതിരിക്കാൻ തികഞ്ഞ ജാഗ്രതയും നിഷ്കർഷതയും പുലർത്തണമെന്ന് ഭരണാധികാരികൾ ഗവർണർമാരെയും ഉദ്യോഗസ്ഥന്മാരെയും നിരന്തരം ഉണർത്തുക പതിവായിരുന്നു. ഖലീഫമാരുടെ കത്തുകളും ഉത്തരവുകളും പരിശോധിക്കുന്ന ഏവർക്കുമിത് സുതരാം ബോധ്യമാകും. ഉമറുബ്നു അബ്ദിൽ അസീസ്, അബ്ദുർറഹ്മാനിബ്നു നഈമിന്ന് എഴുതി: “നിങ്ങൾ ചർച്ചുകളും മഠങ്ങളും മജൂസികളുടെ അഗ്നിഗൃഹങ്ങളും നശിപ്പിക്കരുത്.”

ഇന്ത്യയിൽ മുസ്‌ലിം ഭരണത്തിന് അസ്തിവാരമിട്ട മുഹമ്മദുബ്നുൽ ഖാസിം സിന്ധ് വാസികളുമായുണ്ടാക്കിയ സന്ധിവ്യവസ്ഥകളിൽ ഇങ്ങനെ കാണാം: “ഹൈന്ദവക്ഷേത്രങ്ങളും പള്ളികളും ജൂതദേവാലയങ്ങളും മാഹിയാൻമാരുടെ അഗ്നിദേവാലയങ്ങളും ഒരുപോലെയാണ്.”[2]

“അദ്ദേഹം(മുഹമ്മദുബ്നുൽ ഖാസിം) പൗരമുഖ്യരോടും ദേശവാസികളോടും ബ്രാഹ്മണരോടും അവരുടെ ക്ഷേത്രങ്ങൾ നിർമിച്ചുകൊള്ളുവാനും മുഹമ്മദീയരുമായി ഇടപഴകി നിർഭയം ജീവിക്കുവാനും സ്വന്തം ക്ഷേമത്തിനുവേണ്ടി അധ്വാനിക്കുവാനും നിർദേശം നല്കി. ധർമരോഷം പൂണ്ട ബ്രാഹ്മണരോട് അദ്ദേഹം ദയയോടെ വർത്തിക്കുകയും അവരുടെ പൂർവികരുടെ ആചാരാനുഷ്ഠാനങ്ങൾ അംഗീകരിക്കുകയും മുൻകാലാചാരമനുസരിച്ച് കാണിക്കകളും സംഭാവനകളും നല്കുകയും ചെയ്തു.”[3]

മുഹമ്മദുബ്നുൽ ഖാസിമിന്റെ സൈനിക മുന്നേറ്റത്തിനിടയിൽ കേടുപാടുകൾ സംഭവിച്ച ക്ഷേത്രം പുനർനിർമിച്ചുകൊടുക്കാൻ ഖലീഫ കല്പിക്കുകയും അദ്ദേഹം അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തതായി ചരിത്രരേഖകളിൽ കാണാം.[4]

ഇന്ത്യയിലെ മുസ്‌ലിം ഭരണാധികാരികളിൽ ഏറ്റവുമധികം അസഹിഷ്ണുത ആരോപിക്കപ്പെട്ട ഔറംഗസീബ് ഒരൊറ്റ ക്ഷേത്രമോ അമ്പലമോ നശിപ്പിച്ചിട്ടില്ല. എന്നല്ല നിരവധി അമ്പലങ്ങൾക്കും ക്ഷേത്രങ്ങൾക്കും അളവറ്റ സഹായം നല്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹം സോമേശ്വർനാഥ് മഹാദേവ ക്ഷേത്രത്തിന് ഭൂസ്വത്തും പണവും ദാനമായി നല്കിയതിന്റെ രേഖകളിന്നും ലഭ്യമാണ്. അപ്രകാരം തന്നെ വാരാണസിയിലെ ജംഗുംബാഡി ശിവക്ഷേത്രത്തിന് ഔറംഗസീബ് ഭൂസ്വത്ത് നല്കി ഉത്തരവ് പുറപ്പെടുവിച്ചതിന്റെ ആധാരങ്ങളിപ്പോഴും അവിടത്തെ മഹന്തിന്റെ വശമുണ്ട്. ഗിർനാറിലും അബുവിലും ക്ഷേത്രങ്ങൾ നില്ക്കുന്ന സ്ഥലം അവ നിർമിക്കാനായി നല്കിയത് ഔറംഗസീബായിരുന്നു. ശത്രുൻജയൻ ക്ഷേത്ര

മുൾപ്പെടെ നിരവധി ഹിന്ദു ആരാധനാലയങ്ങൾക്കും അവിടങ്ങളിലെ പൂജാരിമാർക്കും അദ്ദേഹം ഒട്ടേറെ സൗജന്യങ്ങൾ അനുവദിക്കുകയുണ്ടായി.[5]

അന്യമതാനുയായികളുടെ ആരാധനാലയങ്ങളെ അനാദരിക്കരുതെന്നും തകർക്കരുതെന്നും കണിശമായി കൽപിക്കുന്ന ഇസ്‌ലാമിന്റെ അനുയായികളാരെങ്കിലും അമ്പലങ്ങളോ ചർച്ചുകളോ മഠങ്ങളോ നശിപ്പിച്ചതിന്റെ ഒരൊറ്റ ഉദാഹരണം പോലും ഗതകാല ചരിത്രത്തിൽ കാണുക സാധ്യമല്ല. എന്നാൽ, തികഞ്ഞ മതേതരനും അക്രമിയും ധനപൂജകനുമായിരുന്ന മുഹമ്മദ് ഗസ്നി നിരവധി ക്ഷേത്രങ്ങൾ കൊള്ളയടിച്ചിട്ടുണ്ടെന്ന വസ്തുത ഇവിടെ നിഷേധിക്കുന്നില്ല. അതിന് അദ്ദേഹത്തിന് പ്രചോദനം നല്കിയത് ഒരിക്കലും മതമായിരുന്നില്ല. മറിച്ച് ധനമോഹമായിരുന്നു.

മുഹമ്മദ് ഗസ്നി മുൾട്ടാനിലെ സൂര്യപ്രതിഷ്ഠയുള്ള ക്ഷേത്രം കൊള്ളയടിച്ചതായി ഡോ: ഈശ്വരിപ്രസാദ് രേഖപ്പെടുത്തിയിട്ടുണ്ട്.[6] അതിലുണ്ടായിരുന്ന ധനമെല്ലാം അദ്ദേഹം അപഹരിച്ചെങ്കിലും ക്ഷേത്രം കേടുവരുത്തുകയോ നശിപ്പിക്കുകയോ ചെയ്തിരുന്നില്ല. അതിനാലിവിടെ അതിപ്രധാനമായ നാലു കാര്യങ്ങൾ പ്രത്യേക പരിഗണനയർഹിക്കുന്നു.

1. മുഹമ്മദ് ഗസ്നി ക്ഷേത്രങ്ങൾ അക്രമിച്ചതും കൊള്ളയടിച്ചതും സാമ്പത്തിക ലക്ഷ്യം വെച്ച് മാത്രമായിരുന്നു. പ്രശസ്ത ചരിത്രകാരനായ പി. തോമസ് എഴുതുന്നു: “ഇന്ത്യയിലെ എല്ലാ രാജ്യങ്ങളിലെയും വിഭവങ്ങളും ധനവും അതതമ്പലങ്ങളിൽ സ്വരൂപിക്കാൻ കഴിഞ്ഞ ഒറ്റക്കാര്യം മാത്രം കണക്കിലെടുത്താൽ മതി; ബ്രാഹ്മണ പൗരോഹിത്യത്തിന്റെ പദവി നിർണയിക്കാൻ. രാജാക്കന്മാരുടെ ഖജനാവുകൾ ഈ അമ്പലധനത്തോട് താരതമ്യപ്പെടുത്തുമ്പോൾ ഒന്നുമല്ലായിരുന്നു. മുഹമ്മദ് ഗസ്നിയുടെ ആക്രമണങ്ങളുടെ പ്രധാന ഉന്നം അരമനകളേക്കാൾ അമ്പലങ്ങളായിരുന്നത് മറ്റൊന്നുമായിരുന്നില്ലെന്നതാണ് സത്യം.”[7]

ബിംനഗർ ആക്രമണത്തിൽ മുഹമ്മദ് ഗസ്നി കൊള്ളയടിച്ച സ്വത്തുക്കളെ സംബന്ധിച്ച് നല്കപ്പെട്ട വിവരണത്തിലിങ്ങനെ കാണാം: “ചുമക്കാവുന്നതത്രയും സുൽത്താന്റെ സൈനികർ എടുത്തു. അവശേഷിച്ചത് പലരുമായി വീതിച്ചു. സുൽത്താന് കിട്ടിയതിൽ മുദ്രണം ചെയ്തിരുന്ന സ്വർണ നാണ്യങ്ങൾക്കുമാത്രം എട്ടുകോടി ദിർഹം വിലവരും. സ്വർണവും വെള്ളിയും 7400 ആൾച്ചുമടുണ്ടായിരുന്നു. ഇതിനു പുറമെ നല്ലതരം വസ്ത്രങ്ങളും മറ്റും കണക്കുകൂട്ടാൻ കഴിയാത്തത്ര ഉണ്ടായിരുന്നു.”[8]

“ഉത്തര മഥുരാപുരിയിലെ ശ്രീകൃഷ്ണ ക്ഷേത്രത്തിൽനിന്ന് മുഹമ്മദ് ഗസ്നിക്ക് സ്വർണനിർമിതവും അഞ്ചുവാര നീളമുള്ളതുമായ അഞ്ചു വിഗ്രഹങ്ങൾ ലഭിച്ചു. അതിൽ ഒരെണ്ണത്തിന്റെ കണ്ണ് രണ്ട് മാണിക്യക്കല്ലുകൊണ്ട് നിർമിച്ചതായിരുന്നു. അതിന് ഓരോന്നിനും അമ്പതിനായിരം ദീനാറെങ്കിലും വിലവരും. മറ്റൊന്നിന്റെ കണ്ണ് 450 മിസ്ഖാൽ(ഒരു മിസ്ഖാൽ: 4.25 ഗ്രാം)

വൈഡൂര്യം കൊണ്ട് നിർമിച്ചതായിരുന്നു. മറ്റൊരു വിഗ്രഹത്തിന്റെ കാലുകൾക്ക് 4400 മിസ്ഖാൽ തൂക്കമുണ്ടായിരുന്നു. ഈ അഞ്ച് വിഗ്രഹങ്ങളും കൂടി 98,800 മിസ്ഖാൽ സ്വർണമുണ്ടായിരുന്നു."[9]

വിവിധ ക്ഷേത്രങ്ങളിൽനിന്നായി ഗസ്നി നിരവധി സമ്പത്ത് കൊള്ളയടിക്കുകയുണ്ടായി. അതിന്റെ പ്രേരകം കേവലം ധനമോഹം മാത്രമായിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹം ആരാധനാലയങ്ങൾ നശിപ്പിച്ചിരുന്നില്ല.

2. മുഹമ്മദ് ഗസ്നി മതഭക്തനോ മതപ്രബോധകനോ ആയിരുന്നില്ല. തികഞ്ഞ സ്വേഛാധിപതിയും മർദക ഭരണാധികാരിയുമായിരുന്നു. ഒപ്പം കടുത്ത ധനമോഹിയും. വ്യക്തിജീവിതത്തിൽ അദ്ദേഹം ഇസ്‌ലാമിന്റെ ആരാധനാനുഷ്ഠാനങ്ങളോ ആചാരരീതികളോ സ്വീകരിച്ചിരുന്നില്ല. ഭരണകാര്യങ്ങളുടെ സ്ഥിതി പിന്നെ പറയേണ്ടതുമില്ലല്ലോ. ഖാസി മുഗീസുദ്ദീൻ പറയുന്നു: "മധ്യകാല നൂറ്റാണ്ടിൽ ഇന്ത്യയുടെ രാഷ്ട്രത്തലവൻ മുസ്‌ലിമായിരുന്നുവെങ്കിലും രാഷ്ട്രം ഇസ്‌ലാമികമായിരുന്നില്ല. പരിശുദ്ധ ഗ്രന്ഥങ്ങളായ ഖുർആനിലെയും ഹദീസിലെയും അധ്യാപനങ്ങളോ സുന്നീ നീതിന്യായത്തിലെ നാലു തരം പഠനങ്ങളിലെ നിയമങ്ങളോ രാഷ്ട്രം പിന്തുടർന്നില്ല. മധ്യകാല നൂറ്റാണ്ടിലെ ഇന്ത്യാരാഷ്ട്രം മതാധിഷ്ഠിതമായിരുന്നുവെന്ന് പറയുന്നത് തെറ്റാണ്. എന്തുകൊണ്ടെന്നാൽ മുസ്‌ലിം മതപണ്ഡിതന്മാരുടെ മാർഗനിർദേശത്തിൽ അത് പ്രവർത്തിച്ചിരുന്നില്ല."[10]

സി. അച്യുതമേനോൻ എഴുതുന്നു: "മധ്യകാലഘട്ടത്തെ ഭരണകൂടം ഇസ്‌ലാംമതത്തെ ജനങ്ങളുടെ മേൽ അടിച്ചേൽപിക്കുകയോ ഇസ്‌ലാം മതാചാരപ്രകാരമുള്ള ഭരണക്രമം നടപ്പാക്കാൻ ശ്രമിക്കുകയോ ചെയ്തിട്ടില്ലെന്നതാണ് വസ്തുത."[11]

3. മുഹമ്മദ് ഗസ്നിയുടെ പട്ടാളക്കാരിൽ പലരും ഹിന്ദുക്കളായിരുന്നു. ചില ഉയർന്ന ഉദ്യോഗങ്ങളിലും അവർ നിയമിതരായിരുന്നു. അദ്ദേഹത്തിന്റെ ക്ഷേത്രക്കവർച്ചക്ക് മതപരമായ മാനം ഒട്ടുമുണ്ടായിരുന്നില്ലെന്ന് ഈ വസ്തുത വ്യക്തമാക്കുന്നു. ഡോക്ടർ ഈശ്വരീപ്രസാദ് എഴുതുന്നു: "അദ്ദേഹത്തിന്റെ സൈന്യത്തിൽ ഒരുവിഭാഗം ഹിന്ദുക്കളായിരുന്നു. പട്ടാളമേധാവികൾ പലരും അങ്ങനെത്തന്നെ. അദ്ദേഹത്തിന്റെ ലാഹോറിലെ ഗവർണർ പോലും ഹിന്ദുവായിരുന്നു."[12]

4. മുഹമ്മദ് ഗസ്നി ക്ഷേത്രങ്ങൾ കവർച്ച ചെയ്തപോലെത്തന്നെ പല ഹിന്ദുരാജാക്കന്മാരും ധനമോഹത്താലും രാഷ്ട്രീയതാൽപര്യങ്ങളാലും ക്ഷേത്രങ്ങൾ കൊള്ളയടിക്കുകയും നശിപ്പിക്കുകയും ചെയ്തിരുന്നു. മറാത്തക്കാരും രജപുത്രന്മാരും അന്യനാടുകളിലെ അനേകം അമ്പലങ്ങൾ കൊള്ളയടിച്ചിട്ടുണ്ട്.

"1791-ൽ രഘുനാഥറാവു പട്വർധന്റെ നേതൃത്വത്തിൽ മറാത്തസേന പ്രശസ്തമായ ശൃംഗേരിമഠം കൊള്ളയടിക്കുകയും അനവധി വൈദിക

ബ്രാഹ്മണരെ കൊല്ലുകയും ചെയ്തു. ധാരാളം ധനം അപഹരിക്കുകയുണ്ടായി. മഠാധിപതിക്ക് പ്രാണരക്ഷാർഥം ഓടിപ്പോകേണ്ടിയും വന്നു. അന്ന് ശൃംഗേരി മഠാധിപതികളുടെ അഭ്യർഥന മാനിച്ച് സംരക്ഷണത്തിനു പട്ടാളത്തെ അയച്ചു അക്രമകാരികളെ തുരത്തിയത് ടിപ്പുസുൽത്താനാണ്."[13]

റൊമിളാതാപ്പർ എഴുതുന്നു: "പതിനൊന്നാം നൂറ്റാണ്ടിൽ കാശ്മീർ ഭരിച്ച ഹർഷന്റെ ഉദാഹരണം നമ്മുടെ മുമ്പിലുണ്ട്. അദ്ദേഹത്തെ സംബന്ധിച്ചേടത്തോളം ക്ഷേത്രധ്വംസനം ഒരു സംഘടിത കൃത്യമായിരുന്നു. അതിന് ഭരണപരമായ ഏർപ്പാടുകളും ഉണ്ടായിരുന്നു. ദേവോത്പതന നായകൻ എന്ന ഒരുദ്യോഗസ്ഥനെത്തന്നെ (ആ പദത്തിന്റെ അർഥം തന്നെ ദേവന്മാരെ തകർക്കുന്ന ഉദ്യോഗസ്ഥൻ എന്നാണ്) ഹർഷൻ ഇതിനായി നിയമിച്ചിരുന്നുവെന്നു കൽഹൻ തന്റെ 'രാജതരംഗിണി' എന്ന കൃതിയിൽ വ്യക്തമാക്കുന്നു. ആ ഉദ്യോഗസ്ഥന്റെ മുഖ്യജോലി ക്ഷേത്രങ്ങൾ കൊള്ളയടിക്കലായിരുന്നു. ഈ കൃത്യത്തിനു നല്കാവുന്ന വിശദീകരണം ഹർഷൻ മതഭ്രാന്തനാണ് എന്നല്ല. സമ്പത്ത് കവർന്നെടുക്കാനായിരുന്നു അദ്ദേഹം ക്ഷേത്രങ്ങൾ കൊള്ളയടിച്ചത് എന്നും ആ സമ്പത്ത് അദ്ദേഹം മറ്റു തരത്തിൽ ഉപയോഗപ്പെടുത്തി എന്നുമത്രെ."[14]

ഹർബൻസ്മുഖിയ എഴുതുന്നു: "മുസ്‌ലിംകൾ രാഷ്ട്രീയ പ്രതിയോഗികളായി ഉയർന്നുവരുന്നതിനും എത്രയോ മുമ്പ് ശത്രുരാജ്യങ്ങളിലെ ക്ഷേത്രങ്ങളുടെ നേരെ അനവധി ഹിന്ദുരാജാക്കന്മാരും ഇതേവിധം പ്രവർത്തിച്ചുപോന്നുവെന്ന വസ്തുത ആനുഷംഗികമായി പ്രസ്താവിക്കട്ടെ. പർമാര വംശത്തിലെ ഭരണാധികാരിയായ സുഭതവർമൻ(1193-1210) ഗുജറാത്തിനെ ആക്രമിക്കുകയും ദാഭോയിലേയും കാംബോയിലേയും ജൈന ക്ഷേത്രങ്ങൾ കൊള്ളയടിക്കുകയും ചെയ്തു. കാശ്മീരിലെ ഭരണാധികാരിയായ ഹർഷൻ നാലു ക്ഷേത്രങ്ങളൊഴികെ തന്റെ സാമ്രാജ്യത്തിൽപെട്ട എല്ലാ ക്ഷേത്രങ്ങളും കൊള്ളയടിച്ച് ഖജനാവിന്നു മുതൽക്കൂട്ടുണ്ടാക്കി."[15]

ഇന്ത്യയിലെ ബുദ്ധവിഹാരങ്ങൾക്ക് സംഭവിച്ച തകർച്ചയുടെ കഥ ആർക്കും അജ്ഞാതമല്ലല്ലോ. 'കേരളം പരശുരാമനിലൂടെ' എന്ന ഗ്രന്ഥത്തിലിങ്ങനെ കാണാം: "ഭാരതമെങ്ങുമുള്ള അനേകായിരം ബുദ്ധവിഹാരങ്ങൾ നശിപ്പിക്കപ്പെടുകയും അവയിൽ ഭൂരിപക്ഷവും ഇന്നു കാണുന്ന വിധത്തിലുള്ള ബ്രാഹ്മണനിയന്ത്രിതങ്ങളായ ആരാധനാക്രമത്തോടുകൂടിയ ക്ഷേത്രങ്ങളായി മാറ്റപ്പെടുകയുമുണ്ടായി."

കേരളസർക്കാർ പ്രസിദ്ധീകരണമായ 'ജനപഥം' എഴുതുന്നു: "ആര്യന്മാർ ബുദ്ധ-ജൈനവിഹാരങ്ങളെ ഹിന്ദു ക്ഷേത്രങ്ങളാക്കി മാറ്റുകയും അവയോടൊപ്പം നിലവിലുണ്ടായിരുന്ന വിദ്യാലയങ്ങളെ വേദപാഠശാലകളാക്കി പരിവർത്തിപ്പിക്കുകയും ചെയ്തു."[16]

മുഹമ്മദ് ഗസ്നിയുടെ ക്ഷേത്രക്കവർച്ച ഇന്ത്യയിൽ ഇസ്‌ലാമിന്നും മുസ്‌ലിംകൾക്കും ഇസ്‌ലാമിക പ്രബോധനത്തിന്നും ഏല്പിച്ച ക്ഷതം വിവ

രണാതീതമത്രെ. അദ്ദേഹത്തിന്റെ അനിസ്‌ലാമികവും അനാശാസ്യവുമായ ഈ ഹീനകൃത്യം ഹിന്ദുസമൂഹത്തിൽ ഇസ്‌ലാമിനെ സംബന്ധിച്ച് ഗുരുതരമായ തെറ്റിദ്ധാരണകൾ വളരാൻ കാരണമായി. പ്രൊഫസർ ഹബീബ് മുഹമ്മദ് എഴുതുന്നു: "മുഹമ്മദ് ഗസ്നിയുടെ അക്രമങ്ങളോടുകൂടിയാണ് വിഗ്രഹധ്വംസനം ഈ നാട്ടിൽ നടക്കുന്നത്. പിന്നീടുള്ള എല്ലാ മുസ്‌ലിം രാജാക്കന്മാരും അവിതർക്കിതമാംവണ്ണം ദേവാലയ നശീകരണക്കാരായാണ് ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്. ഇന്ത്യൻ മനസ്സിൽനിന്ന് ഒരിക്കലും മാഞ്ഞുപോകാത്ത പകയും അവിശ്വാസവുമാണ് ഗസ്നി അതുമൂലമുണ്ടാക്കിയത്. ഇസ്‌ലാമിക പ്രചാരണത്തിന് ഏറ്റവും വലിയ വിഘാതം ഗസ്നിയുടെ ആക്രമണസ്മരണയും അതുണ്ടാക്കിയ ഭീകരതയുമാണ്. അതുതന്നെയാണ് ഗസ്നി മരിച്ചതോടെ ലാഹോർ മുതൽ വടക്കെ ഇന്ത്യയുടെ മറ്റെല്ലാ ഭാഗത്തും ഇസ്‌ലാമിന്റെ തരിപോലും അവശേഷിക്കാതിരുന്നത്."[17]

എന്നാൽ മഹാനായ ടിപ്പുസുൽത്താനെ മതഭ്രാന്തനായും ക്ഷേത്രധ്വംസകനായും ചിത്രീകരിക്കാൻ ചിലർ ശ്രമിക്കാറുണ്ട്. ബ്രിട്ടീഷുകാർ മെനഞ്ഞുണ്ടാക്കിയ കൃത്രിമ രേഖകളാണ് അവരതിന് അവലംബിക്കാറുള്ളത്. യഥാർഥത്തിൽ ടിപ്പു, സഹോദരസമുദായങ്ങളുടെ മതവിശ്വാസത്തേയും ആചാരാനുഷ്ഠാനങ്ങളേയും ആരാധനാ ക്രമങ്ങളേയും പൂർണമായും ആദരിച്ചിരുന്ന ഭരണാധികാരിയാണ്. അദ്ദേഹം അനേകം അമ്പലങ്ങൾ നിർമിക്കാൻ സഹായങ്ങൾ നല്കിയതോടൊപ്പം നിരവധി ക്ഷേത്രങ്ങൾക്ക് സ്വത്തുക്കൾ സംഭാവന ചെയ്യുകയുമുണ്ടായി. മൈസൂർ പുരാവസ്തു വകുപ്പിന്റെ റിപ്പോർട്ടനുസരിച്ചു അദ്ദേഹം നഞ്ചൻകോട് താലൂക്കിലെ ലക്ഷ്മീകാന്തം ക്ഷേത്രത്തിനും മേലേക്കാട് നാരായണസ്വാമി ക്ഷേത്രത്തിനും ആനകളും സ്വർണ-വെള്ളിത്തളികകളും സ്ഥലങ്ങളും മറ്റു സമ്മാനങ്ങളും നല്കിയിരുന്നു.[18]

ഇന്നും ഈ ക്ഷേത്രങ്ങളിലെ പല സ്വർണത്തളികകളിലും വിളക്കുകളിലും "പാദുഷാ ടിപ്പുവിനാൽ സമ്മാനിക്കപ്പെട്ടത്" എന്നെഴുതിയതായി കാണാം.[19]

പുഷ്പഗിരി അമ്പലത്തിന്റെ നടത്തിപ്പിന്നായി തൊംഗപ്പള്ളി, ഗൊള്ളപ്പള്ളി എന്നീ ഗ്രാമങ്ങൾ ടിപ്പുസുൽത്താൻ ഇനാമായി നല്കിയിരുന്നു.[20]

ശാരദാ മഠത്തിലെ ജഗദ്ഗുരു, അലി സഹോദരന്മാരുടെ കേസ് വിചാരണാവേളയിൽ കോടതിയിൽ കൊടുത്ത മൊഴിയിലിങ്ങനെ കാണാം: "ശൃംഗേരിയിൽ മഠാധിപതിയായ ശങ്കരാചാര്യരോട് ഏറെ ഭക്തിയുണ്ടായിരുന്ന ടിപ്പുസുൽത്താൻ നൂറുകണക്കിന് അമ്പലങ്ങൾ പുതുക്കിപ്പണിയുവാനും മറ്റും സഹായിച്ചിരുന്നു. മാത്രമല്ല, അദ്ദേഹത്തിന്റെ ശ്രമഫലമായി പല പുതിയ ക്ഷേത്രങ്ങളും നിർമിക്കപ്പെട്ടിട്ടുമുണ്ട്."[21]

രംഗനാഥക്ഷേത്രം ടിപ്പുവിന്റെ ശ്രീരംഗപട്ടണം കോട്ടക്കകത്താണ്

സ്ഥിതി ചെയ്യുന്നത്. അദ്ദേഹത്തിന്റെ അരമനയുമായി നൂറുവാര ദൂരമേ അതിനുള്ളൂ. നരസിംഹക്ഷേത്രവും ഗംഗാധേശ്വരക്ഷേത്രവും അദ്ദേഹത്തിന്റെ കോട്ടക്കകത്തുതന്നെയാണ് സ്ഥിതിചെയ്തിരുന്നത്. അവയുടെ നടത്തിപ്പിനും ആഘോഷങ്ങൾക്കും ടിപ്പു നിർലോഭമായ സാമ്പത്തിക സഹായം നല്കിയിരുന്നു. ടിപ്പു സുൽത്താൻ 156 ക്ഷേത്രങ്ങൾക്ക് സാമ്പത്തിക സഹായങ്ങൾ നല്കിയിരുന്നതായി ഡോക്ടർ സി.കെ. കരീം പ്രമാണങ്ങളുടെ വെളിച്ചത്തിൽ തെളിയിച്ചിട്ടുണ്ട്. [22]

അദ്ദേഹത്തെ സംബന്ധിച്ച് മഹാത്മാഗാന്ധി എഴുതുന്നു: "വിദേശ ചരിത്രകാരന്മാർ ടിപ്പുസുൽത്താനെ മതഭ്രാന്തനായും ഹിന്ദുപ്രജകളെ അടിച്ചമർത്തി ഇസ്ലാം സ്വീകരിക്കാൻ നിർബന്ധിച്ചവനായും ചിത്രീകരിച്ചിട്ടുണ്ട്. എന്നാൽ, അദ്ദേഹം അത്തരക്കാരനായിരുന്നില്ല. മറിച്ച്, ഹിന്ദുപ്രജകളുമായുള്ള അദ്ദേഹത്തിന്റെ ബന്ധം തികച്ചും സൗഹാർദപരമായിരുന്നു... മൈസൂർ നാട്ടുരാജ്യത്തിന്റെ പുരാവസ്തു വിഭാഗത്തിൽ ടിപ്പു സുൽത്താൻ ശൃംഗേരി മഠത്തിലെ ശങ്കരാചാര്യർക്ക് എഴുതിയ മുപ്പതിലേറെ കത്തുകളുണ്ട്....ഹിന്ദുക്ഷേത്രങ്ങൾക്ക് ടിപ്പു വൻതോതിൽ ഭൂസ്വത്തുക്കൾ ദാനം ചെയ്തു. ടിപ്പുവിന്റെ കൊട്ടാരങ്ങൾക്ക് അഭിമുഖമായി നില്ക്കുന്ന ശ്രീ വെങ്കിട്ടരാമണ്ണ ശ്രീനിവാസ്, ശ്രീരങ്കനാഥ് തുടങ്ങിയ ക്ഷേത്രങ്ങൾ ആ മഹാനുഭാവന്റെ സഹിഷ്ണുതയുടെയും വിശാലമനസ്കതയുടെയും അനശ്വര സ്മാരകങ്ങളാണ്. അല്ലാഹുവിന്റെ ഭക്തനായിരുന്ന മഹാനായ ഈ രക്തസാക്ഷി-അദ്ദേഹം സ്വാതന്ത്ര്യത്തിന്റെ രക്തസാക്ഷിയായിരുന്നു-ഹിന്ദുക്ഷേത്രങ്ങളിൽനിന്നുള്ള മണിനാദങ്ങൾ തന്റെ പ്രാർഥനകൾക്ക് ശല്യമായി കരുതിയിരുന്നില്ല."[23]

ചുരുക്കത്തിൽ, മുസ്ലിം ഭരണാധികാരികളാരുംതന്നെ ബോധപൂർവം ക്ഷേത്രങ്ങൾ നശിപ്പിച്ചിരുന്നില്ല. ഏറ്റുമുട്ടലുകളിലും യുദ്ധങ്ങളിലും ചിലതിന് കേടുപാടുകളും നാശവും സംഭവിച്ചിരുന്നുവെന്നത് ശരിയാണ്. എന്നാൽ, മതപരമായ കാരണങ്ങളാൽ അന്യരുടെ ആരാധനാലയങ്ങൾ തകർത്തതിന് ചരിത്രത്തിലെവിടെയും തെളിവുകൾ കണ്ടെത്തുക സാധ്യമല്ല. എട്ടു നൂറ്റാണ്ടു കാലത്തെ അവിരാമമായ മുസ്ലിം ആധിപത്യത്തിനു ശേഷവും ഇന്ത്യയിലെ അനേകായിരം ക്ഷേത്രങ്ങൾ സുരക്ഷിതമായി നിലനിന്നുവെന്ന വസ്തുത വിസ്മരിക്കാവതല്ല.

പരിശുദ്ധ ഖുർആനും പ്രവാചകചര്യയും പിന്തുടരാൻ പ്രതിജ്ഞാബദ്ധനായ ഒരു സത്യവിശ്വാസിയും പരമതാനുയായികളുടെ ആരാധനാലയങ്ങൾക്ക് പോറലേൽപിക്കുകയില്ല. എല്ലാ മതാനുയായികളുടെയും ആരാധനാലയങ്ങൾ സംരക്ഷിക്കപ്പെടണമെന്നാണ് ഇസ്ലാം ആഗ്രഹിക്കുന്നത്. ചരിത്രത്തിന്റെ ഇരുളടഞ്ഞ ദശാ സന്ധികളിൽ വല്ലവരിൽനിന്നും അവിഹിതമായ വല്ലതും സംഭവിച്ചിട്ടുണ്ടെങ്കിൽ അത് ദൈവവിശ്വാസവും പരലോകബോധവുമില്ലാത്ത മുസ്ലിം നാമധാരികളായ മതേതരന്മാരിൽനിന്നായിരിക്കും. അക്രമികളും സ്വാർഥികളുമായ ഭരണാധികാരികൾക്ക് മതവും ആദർശവുമെല്ലാം അധികാരം നേടാനും നിലനിർത്താനുമുള്ള മറ മാത്ര

മാണല്ലോ.

## കുറിപ്പുകൾ:

1. അൽഹജ്ജ്: 40
2. സയ്യിദ് സുലൈമാൻ നദ്‌വി- 'അറബ് ഔർ ഹിന്ദ് കെ തഅല്ലുഖഃ', പുറം:194. ഉദ്ധരണം: ബി.എൻ. പാണ്ഡെ- ഇസ്‌ലാമും ഇന്ത്യൻ സംസ്കാരവും, പുറം: 8
3. എലിയറ്റ്, വാല്യം: 1, പുറം: 186
4. S.M. Jafar- Islamic Culture, p: 109
5. വിശദവിവരങ്ങൾക്ക് ബി.എൻ. പാണ്ഡെ എഴുതിയ 'ഇസ്‌ലാമും ഇന്ത്യൻ സംസ്കാരവും' (പേജ്: 58-73) കാണുക.
6. History of Muslim Rule; p: 49, ഉദ്ധരണം. സി.കെ. കരീം- ചരിത്രപഠനങ്ങൾ, പേജ്: 239
7. P. Thomas: Hindu Religion.
8. Elliot and Dowson, Vol. 1, p: 35. ഉദ്ധരണം: ചരിത്രപഠനങ്ങൾ, പുറം: 345
9. Elliot and Dowson, Vol. 2, p: 44
10. ഉദ്ധരണം: ബി.എൻ. പാണ്ഡെ- ഇസ്‌ലാമും ഇന്ത്യൻ സംസ്കാരവും, പുറം: 52
11. ജനയുഗം വാരിക 26.11.'78.
12. Dr. Iswari Prasad- "Muslim Rule in India.'
13. Bundle of letters in the Temple sringeri discovered by shri Narasimhachar in 1916. quoted by K.H. Khan- Tippusulthan, p: 355.
14. 'വർഗീയതയും പ്രാചീനഭാരത ചരിത്രരചനയും', പ്രഭാതം പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനി ലിമിറ്റഡ്, പുറം: 23.
15. Ibid, പുറം: 48.
16. ജനപഥം, ജൂൺ 1983.
17. Prof. Habeeb Mohammed of Ghazamin, p: 87, ഉദ്ധരണം: ചരിത്രപഠനങ്ങൾ, പുറം: 343.
18. മൈസൂർ ആർക്കിയോളജിക്കൽ റിപ്പോർട്ട്, 1917, പുറം: 60
19. Ibid പുറം: 23-40.
20. Ibid പുറം: 249-95.
21. ഉദ്ധരണം: Noorani, The Trial of Ali Brothers, Indian Express dt. 25-3-1973.
22. ചരിത്രപഠനങ്ങൾ, പുറം: 433-438.
23. യങ്ങ് ഇന്ത്യ, 1930 ജനുവരി, 23, പുറം: 31.

അഞ്ച്

# വ്യക്തിനിയമങ്ങളുടെ സംരക്ഷണം

**ലോ**കത്തിലെ അറിയപ്പെടുന്ന മതങ്ങളിലെല്ലാം വ്യക്തിനിയമങ്ങൾ മതത്തിന്റെ അവിഭാജ്യഘടകമാണ്. വിവാഹം, വിവാഹമോചനം, അനന്തരാവകാശം, ശവസംസ്കാരം പോലുള്ള കാര്യങ്ങളെല്ലാം തങ്ങളുടെ മതാചാരപ്രകാരം നടത്താനാണ് മിക്ക മതസമുദായങ്ങളുമാഗ്രഹിക്കുക. എങ്കിലും ആധുനിക ലോകത്തെ ചില മതേതര ഭൗതികരാഷ്ട്രങ്ങൾ അതനുവദിക്കാറില്ല. ദേശീയ അഖണ്ഡതയുടേയും സാംസ്കാരിക ഐക്യത്തിന്റേയും പേരിൽ രാജ്യത്തെ എല്ലാ ജനവിഭാഗങ്ങൾക്കും ബാധകമാകുന്ന പൊതു നിയമങ്ങൾ നിർമിക്കുവാനും നടപ്പാക്കുവാനുമാണ് അവർ വ്യഗ്രത കാണിക്കാറുള്ളത്. എന്നാൽ, തികച്ചും മതാധിഷ്ഠിതമായ ഇസ്‌ലാമികരാഷ്ട്രം രാജ്യത്തെ മതന്യൂനപക്ഷങ്ങൾക്ക് സ്വന്തം വ്യക്തിനിയമങ്ങൾ സ്വീകരിക്കുവാനും പിന്തുടരാനും പൂർണാനുവാദം നൽകുന്നു. ഇസ്‌ലാം അംഗീകരിച്ച മതസ്വാതന്ത്ര്യത്തിൽ അമുസ്‌ലിം പൗരന്മാരുടെ പ്രസ്തുത അവകാശങ്ങൾകൂടി ഉൾക്കൊള്ളുന്നുണ്ട്. വ്യക്തിനിയമങ്ങളുൾപ്പെടെ ന്യൂനപക്ഷങ്ങളുടെ പൗരാവകാശങ്ങൾ നിഷേധിക്കുന്നത് നബിതിരുമേനി തീർത്തും നിരോധിച്ചിരിക്കുന്നു. അവിടന്ന് അരുൾ ചെയ്യുന്നു: "സൂക്ഷിച്ചുകൊള്ളുക. അമുസ്‌ലിം പൗരന്മാരെ വല്ലവനും അടിച്ചമർത്തുകയോ അവരുടെ മേൽ കഴിവിന്നതീതമായ നികുതിഭാരം ചുമത്തുകയോ അവരോട് ക്രൂരമായി പെരുമാറുകയോ അവരുടെ അവകാശങ്ങൾ വെട്ടിക്കുറക്കുകയോ ചെയ്യുകയാണെങ്കിൽ അന്ത്യവിധിനാളിൽ അവനെതിരിൽ ഞാൻ സ്വയംതന്നെ പരാതി ബോധിപ്പിക്കുന്നതാണ്."[1]

ഇസ്‌ലാമികരാഷ്ട്രത്തിൽ മതന്യൂനപക്ഷങ്ങളുടെ ജീവനും സ്വത്തും അഭിമാനവുമെല്ലാം മുസ്‌ലിംകളുടേതു പോലെത്തന്നെ പവിത്രവും സുരക്ഷിതവുമായിരിക്കും. പ്രവാചകൻ അരുൾ ചെയ്യുന്നു: "ആർ അമുസ്‌ലിം പൗരനെ അപായപ്പെടുത്തുന്നുവോ അവൻ സ്വർഗത്തിന്റെ ഗന്ധം പോലും അനുഭവിക്കുകയില്ല."[2]

അവരുടെ ശ്മശാനങ്ങളോടുപോലും അനാദരവ് കാണിക്കരുതെന്ന് ഹനഫീ നിയമഗ്രന്ഥമായ "അൽബഹറുർറാഇഖ്"ൽ വ്യക്തമാക്കിയി

ട്ടുണ്ട്.[3]

ഇസ്‌ലാമിക രാഷ്ട്രം അമുസ്‌ലിം പൗരന്മാരുടെ വ്യക്തിനിയമങ്ങളിൽ ഇടപെടുകയോ അവയിൽ ഭേദഗതി വരുത്തുകയോ ചെയ്യുന്നതല്ല. അത്തരം വശങ്ങളിൽ ശരീഅത്ത് വിധികൾ അവരുടെ മേൽ അടിച്ചേൽപിക്കുന്നതുമല്ല. വിവാഹം, വിവാഹമോചനം, അനന്തരാവകാശം പോലുള്ള വിഷയങ്ങളിൽ അവർക്കിടയിൽ ഉയർന്നുവരുന്ന പ്രശ്നങ്ങൾ അവരുടെ മതാചാരപ്രകാരമായിരിക്കും ഇസ്‌ലാമിക കോടതികൾ തീർപ്പ് കല്പിക്കുക. നബി തിരുമേനിയുടെ കാലത്ത് ജൂതന്മാരുടെ കേസുകൾ വിചാരണക്ക് വന്നാൽ മദീനയിലെ "ബൈത്തുൽ മിദ്റാസ്" എന്ന ജൂത സെമിനാരിയുമായി ബന്ധപ്പെട്ട് അവിടത്തെ പുരോഹിതന്മാരോട് തോറയിലെ വിധികൾ അന്വേഷിച്ച് പഠിച്ച ശേഷമേ അവിടന്ന് തീർപ്പ് കല്പിച്ചിരുന്നുള്ളൂ.[4]

ഡോക്ടർ മുസ്തഫസ്സിബാഇ എഴുതുന്നു: "ഇസ്‌ലാമികരാഷ്ട്രം മതമേധാവികൾക്ക് തങ്ങളുടെ മേഖലകളിൽ പൂർണസ്വാതന്ത്ര്യമനുവദിക്കുകയും തങ്ങളുടെ അനുയായികളുടെ മേൽ തീരുമാനമെടുക്കാനുള്ള അധികാരം നല്കുകയും ചെയ്തിരുന്നു. ഭരണകൂടം അതിലൊന്നും ഇടപെട്ടിരുന്നില്ല. റോമാ ഭരണാധികാരികളുടെ കാലത്ത് അറിയുകയോ അനുഭവിക്കുകയോ ചെയ്യാത്ത സ്വാതന്ത്ര്യമാണ് സ്വദേശികളായ ക്രിസ്ത്യാനികൾക്ക് മുസ്‌ലിംകളിൽനിന്ന് ലഭിച്ചത്. മഹാനായ മുഹമ്മദുൽ ഫാതിഹ് കോൺസ്റ്റാന്റിനോപ്പിൾ കീഴടക്കിയപ്പോൾ പൂർവപ്രദേശങ്ങൾക്കെല്ലാമുള്ള കത്തോലിക്കൻ പാത്രിയാർക്കിസിന്റെ (Patriarch of Eastern Catholic Christians) ആസ്ഥാനമായിരുന്നു അവിടം. അതിനാൽ, അദ്ദേഹം അവിടത്തെ മുഴുവൻ നിവാസികൾക്കും അഭയം നല്കി. അവരെല്ലാം ക്രിസ്തുമത വിശ്വാസികളായിരുന്നു. അവരുടെ ധനം, ജീവൻ, വിശ്വാസം, കുരിശ് തുടങ്ങിയവയുടെയെല്ലാം സുരക്ഷിതത്വം ഉറപ്പുവരുത്തുകയും പട്ടാളസേവനത്തിൽനിന്ന് അവരെ ഒഴിവാക്കുകയും ചെയ്തു. സ്വന്തം അനുയായികൾക്കിടയിലുണ്ടാവുന്ന തർക്കങ്ങളിൽ തീർപ്പ് കൽപിക്കാനും അവർക്കാവശ്യമായ നിയമങ്ങൾ നിർമിക്കാനും മതമേധാവികൾക്ക് അധികാരം നല്കി. ഭരണകൂടം അതിലൊന്നും ഇടപെട്ടില്ല. അതിനാൽ, കോൺസ്റ്റാന്റിനോപ്പിൾ നിവാസികൾ പഴയ ബൈസാന്റിയൻ കാലഘട്ടത്തിനും മുഹമ്മദുൽ ഫാതിഹിന്റെ ഭരണത്തിനുമിടയിലുള്ള വ്യക്തമായ അന്തരം സ്പഷ്ടമായി മനസ്സിലാക്കി. ബൈസാന്റിയക്കാർ, വിവിധ വിഭാഗങ്ങൾക്കിടയിൽ പ്രശ്നങ്ങളും തർക്കങ്ങളുമുണ്ടാകുമ്പോൾ അതിലിടപെടുകയും പക്ഷപാതപരമായി പെരുമാറുകയുമാണ് ചെയ്തിരുന്നത്. അവരെല്ലായ്പ്പോഴും തങ്ങളുടെ കക്ഷിക്കും ചർച്ചിന്റെ ആളുകൾക്കും അനുകൂലമായ തീരുമാനങ്ങളാണെടുത്തിരുന്നത്. അതിനാൽ, തദ്ദേശീയരായ ക്രൈസ്തവ വിശ്വാസികൾ പുതിയ ഇസ്‌ലാമിക ഭരണകൂടത്തിൽ അതിയായി ആശ്വസിക്കുകയും പൂർണമായ വിശ്വാസം പുലർത്തുകയും ചെയ്തു. ഉദാത്തമായ മതസഹിഷ്ണുതയിലവർ അനല്പമായ ആത്മനിർവൃതി അനുഭവിച്ചു. യഥാർഥത്തിൽ മുഹമ്മദുൽ ഫാതിഹ് റോമൻ പാത്രിയാർക്കീസിന് രാഷ്ട്രത്തിനകത്ത് മറ്റൊരു രാഷ്ട്ര

ത്തിന്റെ പദവിയും ഭരണകൂടത്തിനുള്ളിൽ ഒരു ഭരണകൂടത്തിന്റെ സ്ഥാനവുമാണ് നല്കിയിരുന്നത്. പാത്രിയാർക്കീസും അനുയായികളും ഇസ്ലാമിക രാഷ്ട്രം നല്കിയ ഈ ആനുകൂല്യം നീണ്ട അഞ്ഞൂറ് വർഷക്കാലം അനുഭവിച്ചു. അവർക്ക് സർവവിധ സ്വാതന്ത്ര്യവുമുണ്ടായിരുന്നു. അതിന്റെ സംരക്ഷണത്തിന് അവർ സാമ്പത്തികമോ സൈനികമോ ആയ ഉത്തരവാദിത്വവും ബാധ്യതയും വഹിക്കേണ്ടിവന്നിരുന്നില്ല. എല്ലാം ഭരണകൂടം നിർവഹിച്ചുകൊടുക്കുകയാണ് ചെയ്തിരുന്നത്."[5]

ഇതിനെ സംബന്ധിച്ച് എ. വോൺക്രെമർ എഴുതുന്നു: "അമുസ്ലിം സമൂഹങ്ങൾ മിക്കവാറും പൂർണമായ സ്വയംഭരണാവകാശം അനുഭവിക്കുകയുണ്ടായി. എന്തുകൊണ്ടെന്നാൽ, തങ്ങളുടെ ആഭ്യന്തര കാര്യങ്ങൾ കൈകാര്യം ചെയ്യാനുള്ള സ്വാതന്ത്ര്യം ഭരണകൂടം അവരുടെ കരങ്ങളിൽ തന്നെ ഏല്പിച്ചിരുന്നു. സഹമതസ്ഥരുമായി ബന്ധപ്പെട്ട കേസുകളിൽ അവരുടെ നേതാക്കൾക്ക് നീതിനിർവഹണാധികാരം നല്കുകയും ചെയ്തിരുന്നു."[6]

സർ തോമസ് ആർണൾഡ് എഴുതുന്നു: "അമുസ്ലിം സമുദായങ്ങൾ പൊതുവെ ഏതാണ്ട് പൂർണമായ സ്വയം ഭരണമനുഭവിച്ചിരുന്നു. അവരുടെ ആഭ്യന്തരകാര്യം നോക്കുവാനുള്ള അധികാരം ഭരണകൂടമവർക്ക് നല്കിയിരുന്നു. മതപരമായ വിഷയങ്ങളിൽ തീരുമാനമെടുക്കാനുള്ള അധികാരം അവരുടെ പുരോഹിതന്മാർക്ക് ലഭിച്ചു. അവരുടെ ചർച്ചുകളും മഠങ്ങളും യാതൊരു ഊനവും തട്ടാതെ നിലനിർത്താനനുവദിച്ചു."[7]

അമുസ്ലിം പൗരന്മാർക്ക് തങ്ങളുടെ മതാചാരമനുസരിച്ച് ആഹാരപാനീയങ്ങൾ ഉപയോഗിക്കാൻ ഇസ്ലാം അനുവാദം നല്കുന്നു. എന്നല്ല, ഇസ്ലാം വേദക്കാരുടെ ആഹാരം മുസ്ലിംകൾക്ക് അനുവദനീയമാക്കുക കൂടി ചെയ്തിരിക്കുന്നു. അല്ലാഹു അറിയിക്കുന്നു: "വേദം നല്കപ്പെട്ടവരുടെ ഭക്ഷണം നിങ്ങൾക്ക് അനുവദനീയമാണ്. നിങ്ങളുടെ ആഹാരം അവർക്കും അനുവദനീയമാണ്."[8]

മുസ്ലിംകൾക്ക് നിഷിദ്ധമായ ഭക്ഷണപാനീയങ്ങൾ ഭരണാധികാരികൾ അമുസ്ലിംകളുടെ കാര്യത്തിൽ ബാധകമാക്കിയിരുന്നില്ല. അവരുടെ മതനിയമങ്ങളും ആചാരങ്ങളും പിന്തുടരാൻ അനുവാദം നല്കുകയാണ് ചെയ്തിരുന്നത്. എന്നല്ല, ചിലപ്പോഴെങ്കിലും സഹോദരസമുദായാംഗങ്ങളുടെ വികാരങ്ങൾ വ്രണപ്പെടാതിരിക്കാൻ അവരുപേക്ഷിക്കുന്ന ആഹാരപദാർഥങ്ങൾ മുസ്ലിം ഭരണാധികാരികളും ഉപേക്ഷിച്ചിരുന്നു. മുഗിള ഭരണസ്ഥാപകനായ മുഹമ്മദ് സഹീറുദ്ദീൻ ബാബർ പശുമാംസമുപേക്ഷിക്കാൻ സന്നദ്ധനായതും സ്വന്തം മകനെ അതിനുപദേശിച്ചതും ഹൈന്ദവ വികാരത്തെ മാനിച്ചാണ്. അദ്ദേഹം തന്റെ മകൻ ഹുമയൂണിന് നല്കിയ അന്ത്യോപദേശങ്ങളിലിങ്ങനെ കാണാം: "നീതി മുറുകെപ്പിടിച്ച് നാട് ഭരിക്കുക. നിന്റെ പ്രജകളുടെ മനം കവരാനായി ഗോമാംസം ഭക്ഷിക്കുന്നത് ഉപേക്ഷിക്കുക. അപ്പോൾ അവർ നിന്റെ ഭരണകൂടത്തോട് നന്ദിയുള്ളവരാ

യിത്തീരും.”[9]

മുസ്‌ലിം ഭരണകൂടങ്ങളൊരിക്കലും മതന്യൂനപക്ഷങ്ങളുടെ വിവാഹം, കുടുംബജീവിതം, അനന്തരാവകാശം പോലുള്ള കാര്യങ്ങളിൽ ഇടപെട്ടിരുന്നില്ല. നീണ്ട എണ്ണൂറ് വർഷത്തെ തുടർച്ചയായ മുസ്‌ലിം ഭരണത്തിനു ശേഷവും ഇന്ത്യയിൽ ഹൈന്ദവാചാരങ്ങളും സാംസ്‌കാരിക സവിശേഷതകളും യാതൊരുവിധ പോറലുമേൽക്കാതെ സുരക്ഷിതമായി നിലനില്ക്കുകയുണ്ടായി. പരമതാനുയായികളുടെ വ്യക്തിനിയമങ്ങളിലിടപെടുകയോ ഭേദഗതി വരുത്തുകയോ ചെയ്ത ഒരൊറ്റ സംഭവം പോലും ഇസ്‌ലാമിക ഭരണകാലത്തുണ്ടായതായി എടുത്തുകാണിക്കാനാർക്കും കഴിയില്ല. പാക്കിസ്ഥാനും ബംഗ്ലാദേശുമുൾപ്പെടെയുള്ള മുസ്‌ലിം നാടുകളിലൊന്നും അമുസ്‌ലിംകളിലെ വ്യക്തിനിയമങ്ങളിൽ ഭരണകൂടങ്ങളിടപെടുകയോ ശരീഅത്തനുസരിച്ച് അവ ഭേദഗതി വരുത്തുകയോ ചെയ്തിട്ടില്ല. ഈ രംഗത്ത് സെക്കുലർ ഭരണകൂടങ്ങളേക്കാൾ മതസമൂഹങ്ങളുടെ വ്യക്തിനിയമങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പുനല്കുന്നത് ഇസ്‌ലാമിക വ്യവസ്ഥിതിയാണ്. ആധുനികകാലത്തെ അനുഭവങ്ങൾ പോലും ഇതിനു സാക്ഷ്യം വഹിക്കുന്നു.

## കുറിപ്പുകൾ:

1. അബൂദാവൂദ്.
2. അബൂയൂസുഫ്- കിതാബുൽ ഖറാജ്, പേ: 71
3. ഉദ്ധരണം, Hameedulla- Muslim Conduct of State, p.p: 114-115.
4. ഇബ്നുഹിശാം- സീറത്തുന്നബി, വാള്യം: 2, പുറം: 201
5. ഇസ്‌ലാമിക നാഗരികത: ചില ശോഭനചിത്രങ്ങൾ, പുറം: 106, 107.
6. ഉദ്ധരണം: ഡോ. സഈദ് റമദാൻ- ഇസ്‌ലാമികനിയമം: സാധ്യതയും ധർമദീക്ഷയും, പുറം: 146
7. ഇസ്‌ലാം പ്രബോധനവും പ്രചാരവും, പുറം: 78
8. അൽമാഇദ: 5
9. ഉദ്ധരണം: മിസിസ് നീലോഫർ അഹ്മദ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒബ്ജക്ടീവ് സ്റ്റഡീസ്, ന്യൂഡൽഹി.

ആറ്

# ഇസ്‌ലാമിക പ്രബോധനവും നിർബന്ധ മതപരിവർത്തനവും

മനുഷ്യരുടെ കൈകടത്തലുകളാൽ വികലമാക്കപ്പെടാത്ത ഏക ദൈവികജീവിത വ്യവസ്ഥയാണ് ഇസ്‌ലാം. അത് മനുഷ്യന്റെ ഇരുലോക വിജയവും ഉറപ്പുവരുത്തുന്നു. പരലോകരക്ഷ വാഗ്ദാനം ചെയ്യുന്നതോടൊപ്പം ഭൂമിയിൽ ക്ഷേമവും സമാധാനവും സ്വൈരജീവിതവും നല്കുന്നു.

വായുവും വെള്ളവും സൂര്യനും ചന്ദ്രനുമെല്ലാം ദൈവത്തിന്റേതാണ്. സൃഷ്ടികളതിൽ സമാവകാശികളും. ഇസ്‌ലാമും അങ്ങനെത്തന്നെ. അത് മുസ്‌ലിംകൾക്ക് മാത്രമുള്ളതല്ല. എല്ലാ മനുഷ്യർക്കുംവേണ്ടി ദൈവം അവതരിപ്പിച്ചതാണത്. മുഹമ്മദ് നബി മുഴുവൻ ലോകത്തിനുമായി നിയോഗിക്കപ്പെട്ടവനും. അല്ലാഹു പറയുന്നു: "ലോകർക്കെല്ലാം അനുഗ്രഹമായിട്ടല്ലാതെ താങ്കളെ നാം അയച്ചിട്ടില്ല."[1]

അതിനാൽ, ഇസ്‌ലാമിക സന്ദേശം ലഭിച്ച മുസ്‌ലിംകൾ അത് ലഭിച്ചിട്ടില്ലാത്തവർക്ക് എത്തിച്ചുകൊടുക്കാൻ ബാധ്യസ്ഥരാണ്. മുഴുവൻ മനുഷ്യരോടുമുള്ള ഗുണകാംക്ഷയും സ്നേഹ, കാരുണ്യ, വാത്സല്യവികാരവുമാണിതിന്ന് പ്രചോദകം. അടിസ്ഥാനം ദൈവപ്രീതിക്കായുള്ള അദമ്യമായ അഭിലാഷവും. മരണാനന്തര ജീവിതത്തിൽ രക്ഷ പ്രാപിക്കാനുള്ള ഏക മാർഗമെന്ന് തങ്ങൾ വിശ്വസിക്കുന്ന ദൈവികവ്യവസ്ഥ സമസൃഷ്ടികൾക്ക് എത്തിച്ചുകൊടുക്കാൻ ആരാണ് ആഗ്രഹിക്കാതിരിക്കുക? സത്യം വന്നെത്തിയിട്ടും അത് പ്രചരിപ്പിക്കാത്തവനേക്കാൾ ക്രൂരനും നീചനുമായി ആരുണ്ട്? അതിനാൽ, ഇസ്‌ലാമികപ്രബോധനം മുഴുവൻ മുസ്‌ലിംകളുടെയും ധാർമികവും മതപരവുമായ ബാധ്യതയത്രെ. ഖുർആൻ കല്പിക്കുന്നു: "യുക്തിപൂർവമായും ശ്രേഷ്ഠമായ സദുപദേശത്തോടുകൂടിയും താങ്കളുടെ നാഥന്റെ മാർഗത്തിലേക്ക് പ്രബോധനം ചെയ്യുക. ഉൽകൃഷ്ടമായ രീതിയിൽ ജനങ്ങളോട് സംവാദം നടത്തുക."[2]

മതപ്രബോധനം മാത്രമാണ് മുസ്‌ലിംകളുടെ ബാധ്യത. മറ്റുള്ളവർക്ക് ഇസ്‌ലാമിന്റെ സന്ദേശം എത്തിച്ചുകൊടുക്കലാണത്. അത് ആരെയും

അംഗീകരിപ്പിക്കേണ്ട ചുമതല അവർക്കില്ല. പ്രവാചകൻമാർ പോലും മറ്റു ള്ളവരെ മതമംഗീകരിപ്പിക്കാൻ ബാധ്യസ്ഥരായിരുന്നില്ല. അല്ലാഹു അറി യിക്കുന്നു: "നിങ്ങൾ പിന്തിരിയുകയാണെങ്കിൽ അറിയുക: വിധി വ്യക്ത മായി എത്തിച്ചുതരുന്ന ഉത്തരവാദിത്വം മാത്രമേ നമ്മുടെ ദൂതന്നുള്ളൂ."[3]

"സന്ദേശമെത്തിച്ചുതരുന്ന ചുമതല മാത്രമാണ് നമ്മുടെ ദൂതന്നുള്ളത്."[4]

മതവും വിശ്വാസവും മറ്റാരുടെയും മേൽ അടിച്ചേൽപിക്കാൻ പ്രവാച കന്മാർക്കുപോലും അനുവാദമുണ്ടായിരുന്നില്ല. അതിനാൽ, മുസ്‌ലിംകൾ നിർബന്ധ മതപരിവർത്തനത്തിന് ശ്രമിക്കുന്ന പ്രശ്നമേ ഉദ്ഭവിക്കുന്നില്ല.

ഇസ്‌ലാമിന്റെ വ്യാപനത്തിന് വഴിയൊരുക്കിയത് വാളാണെന്ന പ്രചാ രണം തീർത്തും വ്യാജമത്രെ. ഇസ്‌ലാം ചെന്നെത്തിയ നാടുകളിലെ സാമൂ ഹിക, സാമ്പത്തിക, സാംസ്കാരിക, രാഷ്ട്രീയ സാഹചര്യങ്ങളായിരുന്നു അതിന്റെ അതിവേഗമുള്ള പ്രചാരണത്തിന്ന് പാതയൊരുക്കിയത്. മുസ്‌ലിം ഭരണാധികാരികളേക്കാളും ചക്രവർത്തിമാരേക്കാളും ഇസ്‌ലാമിന്റെ വ്യാപ നത്തിന് പിന്നിൽ പ്രവർത്തിച്ചത് മതപ്രബോധകരാണ്. വിവിധ നാടുക ളിൽ ഇസ്‌ലാം പ്രചരിപ്പിച്ചതിന്റെ പശ്ചാത്തലം വിശദമായി വിവരിച്ചുകൊണ്ട് സർ തോമസ് ആർണൾഡ് എഴുതിയ വിശ്വവിഖ്യാത ഗ്രന്ഥമാണ് "ഇസ്‌ലാം പ്രബോധനവും പ്രചാരവും." ഖഡ്ഗം കൊണ്ടാണ് ഇസ്‌ലാം പ്രചരിച്ച തെന്ന പാശ്ചാത്യരുടെ ആരോപണം തീർത്തും അടിസ്ഥാനരഹിതമാ ണെന്ന് ഈ ബൃഹദ്ഗ്രന്ഥം അസന്ദിഗ്ധമായി തെളിയിക്കുന്നു.

മധ്യപൂർവദേശത്തെ ഇസ്‌ലാമിന്റെ വ്യാപനം വിവരിച്ചുകൊണ്ട് ആർണൾഡ് എഴുതുന്നു: "മേലുദ്ധരിച്ച ഉദാഹരണങ്ങളിൽനിന്ന് ക്രൈസ്ത വഗോത്രങ്ങൾ സ്വമനസ്സാലേ ഇസ്‌ലാം സ്വീകരിക്കുകയാണുണ്ടായതെന്ന് നമുക്ക് ഊഹിക്കാം. ജേതാക്കളായ മുസ്‌ലിംകളും തുടർന്നുള്ള മുസ്‌ലിം തലമുറകളും അവരോട് കാണിച്ച സഹിഷ്ണുത അങ്ങനെയുറപ്പിക്കാനാണ് നമ്മെ പ്രേരിപ്പിക്കുന്നത്. മുഹമ്മദീയരുടെ ഇടയിൽ ഇപ്പോഴും ജീവിക്കുന്ന ക്രൈസ്തവ അറബികൾ ഈ സഹിഷ്ണുതയുടെ ജീവനുള്ള തെളിവുക ളാണ്. ചാവുകടലിന്റെ കിഴക്കായുള്ള അൽകറാക്കിൽവെച്ച് മുസ്‌ലിം അറ ബികളിൽനിന്ന് പെരുമാറ്റത്തിലും വസ്ത്രത്തിലും ഒരു തരത്തിലും വ്യത്യ സ്തമല്ലാത്ത ക്രൈസ്തവ അറബികളെ കണ്ടുമുട്ടിയ കാര്യം ലിയാഡ് വിശ ദീകരിക്കുന്നു. കഴിഞ്ഞ നൂറ്റാണ്ടുവരെ ഇസ്‌ലാം സ്വീകരിക്കാതെ ജീവിച്ചു പോന്ന ക്രൈസ്തവസഭകളെക്കുറിച്ച് സീനാ പർവതത്തിലെ സന്യാസി കൾ തന്നോട് പറഞ്ഞത് ബക്കാർട്ട് ഉദ്ധരിക്കുന്നു...ശുദ്ധമായ അറബ് രക്ത മുള്ള ഗസ്സാൻ ഗോത്രത്തിലെ അംഗങ്ങൾ പലരും നാലാം നൂറ്റാണ്ടിൽ ക്രിസ്തുമതം സ്വീകരിച്ചു. അവരാ വിശ്വാസം ഇപ്പോഴും നിലനിർത്തുകയും പോപ്പിനെയനുസരിക്കുകയും മതകാര്യങ്ങൾക്കുള്ള ഭാഷയായി അറബി ഉപയോഗിക്കുകയും ചെയ്യുന്നു."[5]

അദ്ദേഹം തന്നെ തുടരുന്നു: "ക്രൈസ്തവരോട് മുസ്‌ലിം ഭരണത്തിന്റെ

ആദ്യകാലത്ത് കാണിച്ച സഹിഷ്ണുതയുടെ വെളിച്ചത്തിൽ വാളാണ് മതപരിവർത്തനത്തിന്റെ മുഖ്യ ഉപകരണം എന്ന വാദം ഒട്ടും തൃപ്തികരമല്ലാതാവുന്നു.”[6]

ഇന്ത്യയിൽ ഇസ്‌ലാമിന്റെ പ്രചാരണം നടന്നത് ഭരണാധികാരികളിലൂടെയല്ല. അവരിൽ പലരും മതകാര്യങ്ങളിൽ ഒട്ടും തല്പരരുമായിരുന്നില്ല. ചെങ്കിസ്ഖാന്റേയും ഹലാഗുവിന്റേയും നേതൃത്വത്തിൽ മങ്കോളിയർ നടത്തിയ ആക്രമണത്തിൽനിന്നു ഓടിരക്ഷപ്പെട്ട മതപണ്ഡിതന്മാരും സൂഫിവര്യരുമാണ് ഉത്തരേന്ത്യയിൽ ഇസ്‌ലാമികപ്രബോധനം നിർവഹിച്ചത്.

ഇന്ത്യയിൽ ഇസ്‌ലാമിന്റെ വ്യാപനത്തിന്ന് വഴിയൊരുക്കിയത് ഇവിടെ നിലനിന്നിരുന്ന ശക്തമായ ജാതിസമ്പ്രദായമായിരുന്നു. സി. അച്യുതമേനോൻ എഴുതുന്നു: “പ്രധാനമായ കാര്യം ജാതിസമ്പ്രദായമായിരുന്നു. മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെട്ടിരുന്ന കോടാനുകോടി ജനങ്ങൾക്ക് ഒരനുഗ്രഹമായിരുന്നു ഇസ്‌ലാം. അവർക്ക്(മുക്കുവൻമാർക്ക്) മൂന്നടിയിൽ കൂടുതൽ ഉയരമുള്ള കൂരകളിൽപോലും താമസിക്കാൻ ഗവണ്മെന്റ് അനുവാദമുണ്ടായിരുന്നില്ല. മേൽജാതിക്കാരായ ചെട്ടിയാന്മാരെയും നായന്മാരേയും കാണുമ്പോൾ സാഷ്ടാംഗം പ്രണമിക്കണമായിരുന്നു.”[7]

ശൈഖ് സൈനുദ്ദീൻ മഖ്ദൂം എഴുതുന്നു: “ഇസ്‌ലാംമതപ്രചാരണാർഥം സഞ്ചരിച്ചിരുന്ന ഒരു സംഘം മുസ്‌ലിംകൾ മലബാർ തുറമുഖങ്ങളിൽ വരികയും സ്ഥിരതാമസമാക്കുകയും ചെയ്തു. അവരിൽനിന്ന് ഇസ്‌ലാംമതത്തേയും അതിന്റെ മാഹാത്മ്യത്തേയും മനസ്സിലാക്കാൻ കഴിഞ്ഞ മലബാറുകാർ അന്ന് കൂട്ടംകൂട്ടമായി ഇസ്‌ലാമിൽ ചേരാൻ തുടങ്ങി. അങ്ങനെ മലബാറിൽ ഏറ്റവും പ്രശസ്തമായ നിലയിൽ ഇസ്‌ലാംമതത്തിന് പ്രചാരം സിദ്ധിക്കുകയും മുസ്‌ലിംകളുടെ സംഖ്യ വർധിച്ചുവരികയും ചെയ്തു.”

അദ്ദേഹംതന്നെ തുടരുന്നു: “ഏതെങ്കിലും ഹിന്ദു ഇസ്‌ലാംമതം സ്വീകരിക്കുകയാണെങ്കിൽ അക്കാരണത്താൽ ഒറ്റ ഹിന്ദുവും അയാളെ ഉപദ്രവിക്കുകയില്ല. മറിച്ച് അയാൾ എത്ര താഴ്ന്ന ജാതിയിലെ അംഗമായിരുന്നുവെങ്കിലും ഇസ്‌ലാംമതം സ്വീകരിച്ചുകഴിഞ്ഞാൽ മറ്റു മുസ്‌ലിംകളോടെന്നപോലെ അയാളോട് മൈത്രിയിൽ പെരുമാറുമായിരുന്നു.”[8]

ഡോക്ടർ റോയി ചൗധരി എഴുതുന്നു: “ബംഗാളിലെ അടിച്ചമർത്തപ്പെട്ട അധഃകൃത വർഗത്തിന് ഇസ്‌ലാം ഒരാശ്വാസവും സാന്ത്വനവുമായിരുന്നു. സവർണപീഡയിൽനിന്നും ഒരു വരം കിട്ടിയിട്ടെന്നപോലെ അവർ പിടഞ്ഞെഴുന്നേറ്റു.”[9]

ഡോക്ടർ ഈശ്വരിപ്രസാദ് പറയുന്നു: “ഉദ്യോഗമേന്മക്കും ഫ്യൂഡൽ സ്ഥാനങ്ങൾക്കും കൊതിച്ചിരുന്ന കുറേയധികം സവർണർ മുസ്‌ലിംഭരണത്തോടുകൂടി ഇസ്‌ലാമിലേക്ക് വന്നു. എന്നാൽ കൂടുതലും താഴ്ന്ന ജാതിയിൽപെട്ട അധഃകൃതരായിരുന്നു. അതിനു കാരണം ക്രൂരമായ ജാതിവ്യ

വസ്ഥ ഹിന്ദുമതത്തിൽ അവർക്ക് മൃഗതുല്യതമാത്രമാണ് നല്കിയിരുന്നതെന്നും ഇസ്‌ലാം സമത്വസാഹോദര്യം സംഭാവന ചെയ്തുവെന്നതുമാണ്."[10]

വളരെക്കാലം ബംഗാൾ സിവിൽ സർവീസിലായിരുന്ന സർ ഹെൻട്രി കോട്ടൻ India and Home affairs എന്ന ഗ്രന്ഥത്തിലെഴുതുന്നു: "കിഴക്കൻ ബംഗാളിലെ മുസ്‌ലിംകൾ മുഴുക്കെ അധഃകൃതരും അധഃസ്ഥിതരുമായ ഹിന്ദുക്കളുടെ സന്താനപരമ്പരകളാണ്. സാമൂഹ്യനീതിക്കുവേണ്ടി മതപരിവർത്തനം ചെയ്തവരാണ് അവരുടെ പിതാക്കന്മാർ."[11]

ഇന്ത്യയിലിന്നും മതപരിവർത്തനങ്ങൾക്ക് മുഖ്യ ഹേതുവായി വർത്തിക്കുന്നത് ജാതിസമ്പ്രദായമാണ്. ആര്യസമാജ് നേതാവ് സ്വാമി അഗ്നിവേശ് പറയുന്നു: "മീനാക്ഷിപുരത്തെ ഹരിജനങ്ങൾ ഇപ്പോഴും പീഡനങ്ങൾ അനുഭവിക്കുകയാണ്. തീരെ സഹിക്കവയ്യാതെയായപ്പോഴാണ് അവിടത്തെ ഹരിജനങ്ങൾ ഇസ്‌ലാം സ്വീകരിക്കാൻ തയ്യാറായത്."[12]

കെ.ആർ. മൽക്കാനി എഴുതുന്നു: "ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിനെ തൊട്ടുകൂടാത്തവനായി പരിഗണിക്കുന്നില്ല. സാമൂഹ്യവും മനശ്ശാസ്ത്രപരവുമായ ആകർഷണീയത എന്നും ഈ മതത്തിനുണ്ടായിരുന്നു. ഇസ്‌ലാമിന്റെ ഈ വ്യതിരിക്തത ചിലരെ ആകർഷിക്കുന്നു. അതിനാലാണ് മുസ്‌ലിംകൾക്ക് 'മീനാക്ഷിപുരങ്ങൾ' ലഭിക്കുന്നത്. ധാരാളം ആഫ്രിക്കക്കാരും അമേരിക്കയിലെ കറുത്ത വർഗക്കാർപോലും മുസ്‌ലിംകളായി മാറിക്കൊണ്ടിരിക്കയാണ്."[13]

ലോകത്തിന്റെ ഇതര ഭാഗങ്ങളിലെന്നപോലെ ഇന്ത്യയിലെയും മതപരിവർത്തനങ്ങളിൽ ഭരണകൂടത്തിന്റെ സമ്മർദമോ നിർബന്ധമോ അല്പം പോലും ഉണ്ടായിരുന്നില്ല. ഹർബൻസ് മുഖിയ എഴുതുന്നു: "മതപരിവർത്തനം നടന്നിരുന്നുവെന്ന കാര്യം ആരും നിഷേധിക്കുകയില്ല. ബഹുജനതലത്തിൽ അധികവും സംഭവിച്ചത് സ്വമേധയാ ആയിരുന്നു. ജനങ്ങളുടെ ഇടയിൽ താമസിക്കുകയും അവരോട് അവരുടെ ഭാഷയിൽ സംസാരിക്കുകയും ചെയ്തുപോന്ന സൂഫി സന്യാസിമാരുടെ സ്വാധീനശക്തികൊണ്ടാവാം അങ്ങനെ സംഭവിച്ചത്. ബഹുജനതലത്തിൽ മതപരിവർത്തനം നടത്തുന്നതിന് സ്റ്റേറ്റ് മുതിർന്നിരിക്കുകയില്ല എന്ന് ഇവിടെ സൂചിപ്പിക്കുന്നേയുള്ളൂ...

"ബുദ്ധമതം പ്രചരിപ്പിക്കുന്നതിനും ജനങ്ങളെ മതപരിവർത്തനം ചെയ്യിക്കുന്നതിന്നും അശോകചക്രവർത്തി ആവുന്നതൊക്കെ പ്രവർത്തിക്കുകയും ഇതിനായി ഭരണയന്ത്രത്തെ ഔദ്യോഗികമായിത്തന്നെ ഉപയോഗപ്പെടുത്തുകയും ചെയ്തിട്ടും അദ്ദേഹത്തെ മഹാനായ ഒരു ചക്രവർത്തിയായിട്ടാണ് നാം പരിഗണിക്കുന്നത്. എന്നാൽ മധ്യകാല ഇന്ത്യയിൽ സ്റ്റേറ്റ് മതപ്രചാരണത്തിൽ ഏർപ്പെട്ടതേയില്ല. എന്നിട്ടും ജനങ്ങളെ ഇസ്‌ലാമിൽ ചേർക്കുക മാത്രം കർത്തവ്യമാക്കിയ ഉപകരണമെന്ന നിലയിൽ അന്നത്തെ ഭരണം

ജനഹൃദയത്തിൽ ആക്ഷിപ്തമായിത്തന്നെ കിടക്കുന്നു. അത്തരമൊരു സമീപനത്തിനു പിന്നിൽ നമ്മുടെ മനസ്സിൽ ലീനമായിക്കിടക്കുന്ന വർഗീയ വികാരമാണുള്ളത്."[14]

സി. അച്യുതമേനോൻ എഴുതുന്നു: "മധ്യകാലഘട്ടത്തെ ഭരണകൂടം ഇസ്‌ലാംമതത്തെ ജനങ്ങളുടെ മേൽ അടിച്ചേല്പിക്കുകയോ ഇസ്‌ലാം മതാചാരപ്രകാരമുള്ള ഭരണക്രമം നടപ്പാക്കാൻ ശ്രമിക്കുകയോ ചെയ്തിട്ടില്ലെന്നതാണ് വസ്തുത."[15]

ദക്ഷിണേന്ത്യയിലെ ഇസ്‌ലാം പ്രചാരണത്തെ സംബന്ധിച്ച് ഡോക്ടർ താരാചന്ദ് എഴുതുന്നു: "ഇന്ത്യയിൽ ആദ്യം വന്ന മുസ്‌ലിംകൾ പത്താം നൂറ്റാണ്ടിന്റെ അവസാനത്തിൽ വന്ന അറബികളായിരുന്നു. അവർ ദക്ഷിണേന്ത്യയിൽ സ്ഥിരവാസമുറപ്പിക്കുകയാണ് ചെയ്തത്. അങ്ങനെ മുസ്‌ലിം സ്വാധീനം ക്രമേണ വ്യാപകമായി വളർന്നുവന്നു. വ്യാപാരികളെന്ന നിലയിലവർ ഹാർദമായി സ്വാഗതം ചെയ്യപ്പെട്ടു. മലബാറിലെ രാജാക്കന്മാർ അവർക്ക് ഭൂമി വാങ്ങാനും സ്വതന്ത്രമായി മതാനുഷ്ഠാനങ്ങൾ നിർവഹിക്കാനും അനുമതി നല്കി. ഇസ്‌ലാം ഒരാദർശ മതമായതിനാൽ തങ്ങളുടെ സുവിശേഷങ്ങൾ പ്രചരിപ്പിക്കാനും തദ്ദേശീയരെ പരിവർത്തനം ചെയ്യിക്കാനും അറബികൾക്ക് ഒരു വിഷമവുമുണ്ടായിരുന്നില്ല. അവരുടെ പ്രത്യേക വിശ്വാസങ്ങളും ആരാധനാക്രമങ്ങളും പ്രചാരണരീതിയും ലക്ഷ്യവുമെല്ലാം ഹിന്ദുജനസാമാന്യത്തെ വലുതായി ആകർഷിച്ചു."[16]

ബി.എൻ. പാണ്ഡെ എഴുതുന്നു: "ദക്ഷിണേന്ത്യയിൽ ഇസ്‌ലാമിന്ന് അനുയോജ്യമായ ഒരന്തരീക്ഷമാണുണ്ടായത്. ദക്ഷിണേന്ത്യയിൽ ബുദ്ധരും ജൈനരുമായുള്ള അധികാര വടംവലിയിൽ നവഹിന്ദുയിസം മുഴുകിയതിനാൽ മതസംഘർഷങ്ങൾ വ്യാപകമായിരുന്നു. മതവേദി സാധാരണ ജനങ്ങളെ ഭയവിഹ്വലരാക്കിയിരുന്ന ഒരന്തരീക്ഷത്തിലാണ് ലളിതമായ വിശ്വാസസംഹിതയും അനുഷ്ഠാനങ്ങളും വ്യക്തമായ നിയമങ്ങളും പ്രദർശിപ്പിച്ചുകൊണ്ട് ഇസ്‌ലാം രംഗത്തുവന്നത്. വിവേകശാലികളായ ധാരാളം പേർ സ്വമേധയാ മതപരിവർത്തനം നടത്തി. ഒമ്പതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ മലബാർ രാജാക്കന്മാരായ ചേരമാൻ പെരുമാളിൽ അവസാനത്തെയാളും പുതിയ മതത്തിലേക്ക് വന്നു."[17]

തന്റെ ആളുകളെ പരിചയസമ്പന്നരായ നാവികരായി പരിശീലിപ്പിക്കാനുള്ള ആഗ്രഹത്താൽ സാമൂതിരി "തന്റെ രാജ്യത്തെ മത്സ്യത്തൊഴിലാളി കുടുംബത്തിലെ ഒന്നോ അതിലധികമോ പേർ മുഹമ്മദൻ ആയി വളരണ"മെന്ന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.[18]

ഇസ്‌ലാം ഒരിക്കലും നിർബന്ധ മതപരിവർത്തനത്തിൽ വിശ്വസിക്കുന്നില്ല. മുസ്‌ലിംകൾ മതം മാറ്റത്തിന് വാളിന്റെ സഹായം തേടിയിട്ടുമില്ല. സർ തോമസ് ആർണൾഡ് എഴുതുന്നു: "ഇസ്‌ലാമിക പ്രചാരണത്തിന്റെ കാരണം കണ്ടെത്താൻ ഒരു കൈയിൽ വാളും മറുകൈയിൽ ഖുർആനുമായി വന്നെന്നു പറയുന്ന മുത്തശ്ശിക്കഥയിലെ പടയാളിയെ തേടിയല്ല

പോവേണ്ടത്. നിരവധി വ്യാപാരികളും പ്രബോധകന്മാരും ചെയ്ത പ്രയത്നത്തിലേക്കാണ് കണ്ണോടിക്കേണ്ടത്."[19]

മഹാത്മാഗാന്ധി എഴുതുന്നു: "ഇന്ന് മനുഷ്യവർഗത്തിലെ ജനങ്ങളുടെ ഹൃദയങ്ങളിൽ, നിർവിവാദമായ ആധിപത്യം പുലർത്തുന്ന ഒരാളുടെ ജീവിതത്തിന്റെ ഏറ്റവും ഉത്തമമായ വശം അറിയാൻ ഞാനാഗ്രഹിച്ചു. അക്കാലത്ത് ജീവിതത്തിന്റെ സരണിയിൽ ഇസ്‌ലാമിന്ന് സ്ഥാനം നേടിക്കൊടുത്തത് വാളായിരുന്നില്ലെന്ന് മുമ്പത്തെക്കാളും എനിക്ക് ബോധ്യമായിരിക്കുന്നു. പ്രവാചകന്റെ അചഞ്ചലമായ ലാളിത്യവും ഉദാത്തമായ ആത്മബലവും പ്രതിജ്ഞകളോടുള്ള ദൃഢമായ പ്രതിബദ്ധതയും കൂട്ടുകാരോടും അനുയായികളോടുമുള്ള അതിരറ്റ അർപ്പണവും നിർഭയത്വവും ദൈവത്തിലും തന്റെ ദൗത്യത്തിലുമുള്ള പരമമായ വിശ്വാസവുമായിരുന്നു, വാളായിരുന്നില്ല എല്ലാറ്റിനെയും അവരുടെ മുമ്പിലെത്തിച്ചതും എല്ലാ തടസ്സങ്ങളെയും അതിജീവിക്കാൻ സഹായിച്ചതും."[20]

പാശ്ചാത്യൻ എഴുത്തുകാരനായ മിസ്റ്റർ റോബർട്ട്സൻ എഴുതുന്നു: "മതാവേശവും ഇതര മതസ്ഥരോടുള്ള സഹിഷ്ണുതയുടെ ചൈതന്യവും ഒരുപോലെ നിലനിർത്തിയവർ മുസ്‌ലിംകൾ മാത്രമാകുന്നു. അവർ വാളെടുത്തതോടൊപ്പംതന്നെ ഇസ്‌ലാമിൽ താല്പര്യമില്ലാത്തവരെ അവരുടെ മതം മുറുകെപ്പിടിക്കാൻ അനുവദിക്കുകയുണ്ടായി."[21]

## കുറിപ്പുകൾ:

1. അൽഅൻബിയാഅ്: 107
2. അന്നഹ്ൽ: 125
3. അൽമാഇദ: 92
4. അൽമാഇദ: 99
5. ഇസ്‌ലാം പ്രബോധനവും പ്രചാരവും, പുറം: 64
6. Ibid, പുറം: 83
7. കൊച്ചിൻ സ്റ്റേറ്റ് മാനുവൽ, പുറം: 44
8. തുഹ്ഫതുൽ മുജാഹിദീൻ, പുറം: 84
9. Dr. Roy Choudary-History of Muslim Rule, p: 14, ഉദ്ധരണം: ചരിത്രപഠനങ്ങൾ, പുറം: 344.
10. Ram Gopal- Indian Muslims A Political History, p: 2.
11. ഉദ്ധരണം: ചരിത്രപഠനങ്ങൾ, പുറം: 335.
12. മലയാള മനോരമ 23.7.1986
13. ഇസ്‌ലാമിന്റെ ആകർഷണീയത അസ്പൃശ്യരിൽ- സ്റ്റേറ്റ്സ്മാൻ.
14. വർഗീയതയും പ്രാചീനഭാരത ചരിത്രരചനയും, പ്രഭാതം പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനി ലിമിറ്റഡ്, പുറം: 48
15. ജനയുഗം വാരിക 26.11.1978
16. Influence of Islam on Indian Culture, Page: 33
17. ഇസ്‌ലാമും ഇന്ത്യൻ സംസ്കാരവും, പുറം: 96.
18. Thara Chandh- Influence of Islam on Indian culture, page: 36
19. ഇസ്‌ലാം പ്രബോധനവും പ്രചാരവും.
20. യങ്ഇന്ത്യ 16.9.1924
21. Civilization of Arabs.

ഏഴ്

# മുസ്‌ലിം രാഷ്ട്രത്തിലെ അമുസ്‌ലിം പൗരന്മാർ

ഇസ്‌ലാമികരാഷ്ട്രം മതന്യൂനപക്ഷങ്ങളുടെ ജീവന്നും സ്വത്തിന്നും അഭിമാനത്തിന്നും പൂർണസംരക്ഷണം ഉറപ്പുവരുത്തുന്നു. അവരുടെ വിശ്വാസ സ്വാതന്ത്ര്യവും ആരാധനാ സ്വാതന്ത്ര്യവും വ്യക്തിനിയമങ്ങളും പരിരക്ഷിക്കുന്നു. മറ്റു ഭൗതികജീവിത മേഖലകളിൽ മുസ്‌ലിം പൗരന്മാരെപ്പോലെത്തന്നെ അവരേയും പരിഗണിക്കുന്നു. ഇസ്‌ലാമിക രാഷ്ട്രത്തിലെ അമുസ്‌ലിം പൗരന്മാർ 'ദിമ്മി'കൾ എന്ന പേരിലാണ് അറിയപ്പെടുക. "രാഷ്ട്രം സംരക്ഷണബാധ്യത ഏറ്റെടുത്തവർ" എന്നാണ് ഈ അറബി പദത്തിന്റെ സാങ്കേതികാർഥം. മതന്യൂനപക്ഷ സംരക്ഷണത്തെ സംബന്ധിച്ച് നബി തിരുമേനി കണിശമായ നിർദേശങ്ങൾ നല്കിയിട്ടുണ്ട്. അവിടന്ന് അരുൾ ചെയ്യുന്നു: "സൂക്ഷിച്ചുകൊള്ളുക. അമുസ്‌ലിം പൗരന്മാരെ ആരെങ്കിലും അടിച്ചമർത്തുകയോ അവരുടെ മേൽ കഴിവിന്നതീതമായ നികുതിഭാരം കെട്ടിയേൽപിക്കുകയോ അവരോട് ക്രൂരമായി പെരുമാറുകയോ അവരുടെ അവകാശങ്ങൾ വെട്ടിക്കുറയ്ക്കുകയോ ചെയ്യുകയാണെങ്കിൽ അന്ത്യനാളിൽ അവന്നെതിരിൽ ഞാൻ സ്വയംതന്നെ പരാതി ബോധിപ്പിക്കുന്നതാണ്."[1]

പ്രവാചകൻ വീണ്ടും പറയുന്നു: "നമ്മുടെ ഒരു 'ദിമ്മി'യെ വല്ലവനും ദ്രോഹിച്ചാൽ അന്ത്യനാളിൽ ഞാനവന്റെ ശത്രുവായിരിക്കും. ഞാൻ വല്ലവന്റെയും ശത്രുവായിത്തീരുന്നപക്ഷം അവനെ ഞാൻ പരാജയപ്പെടുത്തുന്നതാണ്."

അമുസ്‌ലിം പൗരന്മാർക്ക് ഇസ്‌ലാമികരാഷ്ട്രം മതപരവും സാമൂഹികവും സാമ്പത്തികവും മറ്റുമായ വളർച്ചക്ക് അവസരമൊരുക്കിക്കൊടുക്കുന്നു. അവരെ സർക്കാരുദ്യോഗങ്ങളിൽ നിശ്ചയിക്കുന്നു. ഈ മേഖലകളിലൊന്നും തന്നെ മതന്യൂനപക്ഷങ്ങളോട് ഒരുവിധ വിവേചനവും കാണിക്കുന്നില്ല. അംറുബ്നു ഉമയ്യഃ ദംറി എന്ന അമുസ്‌ലിമിനെയാണ് പ്രവാചകൻ അബ്സീനിയ-ഇന്നത്തെ എത്യോപ്യ-യിലെ തന്റെ സ്ഥാനപതിയായി

നിയമിച്ചത്.

പ്രവാചകന്റെ രണ്ടാം ഉത്തരാധികാരി ഉമറുൽ ഫാറൂഖ് മദീനയിലെ ചീഫ് എക്കൗണ്ടന്റായി നിയമിച്ചത് ഒരു ഗ്രീക്ക് ക്രിസ്ത്യാനിയെയായിരുന്നു.

സർ തോമസ് ആർണൾഡ് എഴുതുന്നു: "മുആവിയ(661-680) ക്രിസ്ത്യാനികളെ ധാരാളമായി ഉദ്യോഗത്തിൽ നിയമിച്ചിരുന്നു. ഭരണവംശത്തിലെ ബാക്കിയുള്ളവരും ആ ശീലം തുടർന്നു. ക്രിസ്ത്യാനികൾ പലപ്പോഴും രാജധാനിയിൽ ഉന്നതസ്ഥാനം വഹിച്ചു. ആസ്ഥാന കവിയായിരുന്ന അൽ അഖ്തൽ ഒരു ക്രിസ്ത്യാനിയായിരുന്നു. ദമാസ്കസിലെ പുണ്യവാളനായ യോഹന്നാന്റെ പിതാവ് ഖലീഫാ അബ്ദുൽ മലിക്കിന്റെ ഉപദേഷ്ടാവായിരുന്നു. ഖലീഫാ അൽമുഅ്തസ്സിന്റെ കാലത്ത് രണ്ട് ക്രൈസ്തവ സഹോദരന്മാർ അദ്ദേഹത്തിന്റെ വിശ്വസ്തരായ അനുചരന്മാരായിരുന്നു. അതിൽ സൽമുയ്യ ഏതാണ്ടൊരു വിദേശകാര്യ സെക്രട്ടറിയുടെ പദവിയിലാണുണ്ടായിരുന്നത്. അയാളൊപ്പിടാത്ത ഒരു രാജകീയ രേഖക്കും ആധികാരികത ഉണ്ടായിരുന്നില്ല. അപരനായ ഇബ്റാഹീം രാജാവിന്റെ മുദ്രയുടെ സംരക്ഷകനായിരുന്നു. പൊതുഖജനാവിന്റെ മേൽനോട്ടമായിരുന്നു അയാൾക്കുണ്ടായിരുന്നത്. പൊതുഖജനാവിന്റെ പ്രാധാന്യം പരിഗണിക്കുമ്പോൾ സാധാരണഗതിയിൽ മുസ്‌ലിമിന്നാണ് ആ ഉദ്യോഗം ലഭിക്കേണ്ടിയിരുന്നത്.

"ഇബ്റാഹീമിനോട് ഖലീഫക്ക് വലിയ സ്നേഹമായിരുന്നു. രോഗശയ്യയിൽ കിടക്കുമ്പോൾ അദ്ദേഹം ഇബ്റാഹീമിനെ സന്ദർശിച്ചു. ഇബ്റാഹീം മരിച്ചപ്പോൾ ഖലീഫ വല്ലാതെ ദുഃഖിതനായി. സംസ്കരിക്കുന്നതിനു മുമ്പ് മൃതദേഹം കൊട്ടാരത്തിലേക്ക് കൊണ്ടുവരാൻ അദ്ദേഹമാജ്ഞാപിച്ചു. അവിടെവെച്ചാണ് ക്രിസ്തീയ മതാചാരപ്രകാരം മരണാനന്തര ചടങ്ങുകൾ നിർവഹിക്കപ്പെട്ടത്."[2]

അദ്ദേഹം തന്നെ തുടരുന്നു: "അൽമുഅ്തദിന്റെ ഭരണകാലത്ത് അൻബറിലെ ഗവർണറായിരുന്ന ഉമറുബ്നു യൂസുഫ് ഒരു ക്രിസ്ത്യാനിയായിരുന്നു. ഒരു ക്രിസ്ത്യാനി യോഗ്യനാണെങ്കിൽ ആ പദവി അദ്ദേഹത്തിനു നല്കാം എന്നാണ് നിയമനം അംഗീകരിച്ചുകൊണ്ട് ഖലീഫ പറഞ്ഞത്. അൽമുഅ്തമിദിന്റെ കാലത്ത് ഫലത്തിൽ ഖലീഫയായിരുന്ന അൽമുവഫ്ഫിഖ് സൈന്യത്തിന്റെ മേൽനോട്ടം ഇസ്രായീൽ എന്ന ഒരു ക്രിസ്ത്യാനിക്കാണ് നല്കിയിരുന്നത്. അദ്ദേഹത്തിന്റെ പുത്രൻ അൽമുഅ്തദിദിന്ന് മാലിക്കുബ്നു വലീദ് എന്ന ക്രിസ്ത്യാനിയായ സെക്രട്ടറി ഉണ്ടായിരുന്നു. പിന്നീട് അൽമുഖ്തദിറിന്റെ കാലത്ത് യുദ്ധവകുപ്പിന്റെ മേൽനോട്ടം വഹിച്ചിരുന്നത് ഒരു ക്രിസ്ത്യാനിയായിരുന്നു.

"ദക്ഷിണ പേർഷ്യയിലും ഇറാഖിലും അധികാരം നടത്തിയിരുന്ന ബുവയ്ഹിദ് വംശത്തിലെ അദൗലയുടെ പ്രധാനമന്ത്രി ഒരു ക്രിസ്ത്യാനിയായ നാസിറുബ്നു ഹാറൂനായിരുന്നു. കുറേ കാലത്തോളം സർക്കാർ ഓഫീസുകളിൽ പ്രത്യേകിച്ചും ധനകാര്യവകുപ്പിൽ ഉദ്യോഗസ്ഥന്മാർ ക്രിസ്ത്യാ

നികളായിരുന്നു. കുറേ കഴിഞ്ഞ് ഈജിപ്തിലുമതായിരുന്നു സ്ഥിതി. അവിടെ പലപ്പോഴും ഉദ്യോഗങ്ങൾ ക്രിസ്ത്യാനികളുടെ കുത്തകയായിരുന്നു. ഭിഷഗ്വരന്മാരെന്ന നിലയിൽ വിശേഷിച്ചും."[3]

മുഹമ്മദ് ഗസ്നിയെസ്സംബന്ധിച്ച് ബി.എൻ. പാണ്ഡെ എഴുതുന്നു: "ഹിന്ദുക്കളുടെ യുദ്ധതന്ത്രജ്ഞതയിൽ ഗസ്നിക്ക് നല്ല അഭിപ്രായമാണുണ്ടായിരുന്നതെന്നു പറയാം. ഹിന്ദുക്കളാവട്ടെ അദ്ദേഹത്തെ സേവിക്കുന്നതിൽ യാതൊരു വൈമുഖ്യവും കാണിച്ചിരുന്നില്ല. മഹ്മൂദിന്റെ മകൻ മസൂദ് തന്റെ സഹോദരനുമായുള്ള സമരത്തിൽ സർവന്തറാവുവിനെയാണ് ഉപയോഗിച്ചത്. ഇന്ത്യൻ സംസ്ഥാനത്തിൽ കലാപമുണ്ടാക്കിയ ഗവർണർ അഹ്മദ് നിയാൽതീനെ കീഴടക്കിയത് ജെയ്സെന്നിന്റെ മകൻ തിലക് ആയിരുന്നു. തുർക്കികൾക്കെതിരെയുള്ള യുദ്ധത്തിന്നും ഹൈന്ദവസേന തന്നെയാണ് അദ്ദേഹം രൂപീകരിച്ചത്. അദ്ദേഹത്തിന്റെ പിൻഗാമിയാവട്ടെ, രാഷ്ട്രീയ കാരണങ്ങളാൽ ഓടിപ്പോയ ഗസ്നിയുടെ ഹിന്ദു ജനറൽ ആയിരുന്ന ബിജയ്റായ്യെ തിരിച്ചുവിളിക്കുകയുണ്ടായി."[4]

അദ്ദേഹംതന്നെ തുടരുന്നു: "മുഹമ്മദ് ബിൻ ഖാസിം ബ്രാഹ്മണരുടെ അന്തസ്സ് നിലനിർത്തുകയും അവർക്ക് പഴയ പദവി അനുവദിച്ചുകൊണ്ടുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തു. അടിച്ചമർത്തലുകൾക്കും അക്രമത്തിനുമെതിരിൽ അവർക്ക് സംരക്ഷണം നല്കി. ഓരോരുത്തർക്കും ജോലി നല്കുകയും ചെയ്തു."[5]

ഹർബൻസ് മുഖിയ എഴുതുന്നു: "ഭരണത്തിന്റെ താഴെയുള്ള ശ്രേണികളത്രയും പൂർണമായി ഹിന്ദുക്കളുടെ കൈയിൽ ഒതുങ്ങിനിന്നു. അപ്പോൾ തുർക്കികളെ സാമ്രാജ്യം സ്ഥാപിക്കാൻ സഹായിച്ചത് ഹിന്ദുക്കളാണെന്നു കാണാം. അവർ തന്നെയാണ് തുർക്കികൾക്കുവേണ്ടി ഭരണം നടത്തിക്കൊടുത്തതും. അവരുടെ സഹായമുണ്ടായിരുന്നില്ലെങ്കിൽ തുർക്കികൾക്ക് വളരെ കുറഞ്ഞ ഒരു കാലയളവിലധികം ഇവിടെ കഴിഞ്ഞുകൂടാൻ സാധിക്കുമായിരുന്നില്ല. ആ ഹിന്ദുക്കൾ ഭരണവർഗത്തിന്റെ തന്നെ ഒരു ഭാഗമായിത്തീർന്നു."[6]

അദ്ദേഹം വീണ്ടുമെഴുതുന്നു: "മുഹമ്മദ് തുഗ്ലക്കിന്റെ ഭരണകാലത്തുണ്ടായ ആലിഷാ നാഥു എന്ന ഒരാളുടെ ലഹളയുടെ കാര്യമെടുക്കുക. ഒരു ഖിൽജി ആയ നാഥുവിനെ ഒരു പ്രത്യേക ഭൂപ്രദേശത്തിന്റെ നികുതി പിരിക്കുവാൻ ചുമതലപ്പെടുത്തി. കുറച്ചുകാലം കഴിഞ്ഞപ്പോൾ നാഥു വിശ്വാസവഞ്ചന ചെയ്ത് വൻതോതിൽ പണം ധൂർത്തടിക്കുകയാണെന്ന കാര്യം ഭരൻ എന്നു പേരായ ഒരു ഹിന്ദു അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടുവന്നു. അതേ തുടർന്ന് പ്രസ്തുത പ്രദേശം ഭരന്റെ കീഴിലേക്ക് മാറ്റി. ഒരവിശ്വാസിയെ തങ്ങളുടെ മേലധികാരിയായി നിയമിച്ചതിൽ നാഥുവും സഹോദരന്മാരും പ്രതിഷേധിച്ചുവെങ്കിലും സുൽത്താനെ ആ നിയമനത്തിൽനിന്ന് പിന്തിരിപ്പിക്കാനവർക്ക് സാധിച്ചില്ല."[7]

ബംഗാൾ ഏഷ്യാറ്റിക്ക് സൊസൈറ്റി ജനറൽ പ്രസിദ്ധീകരിച്ച ഔറംഗസേബിന്റെ ഉത്തരവുകൾ പരിശോധിക്കുന്ന ഏവർക്കും മുഗിള ഭരണകാലത്ത് അമുസ്‌ലിം പൗരന്മാർ അനുഭവിച്ചിരുന്ന സുഖസൗകര്യങ്ങളുടെ ഏകദേശ ചിത്രം ലഭിക്കും. അദ്ദേഹം പുറപ്പെടുവിച്ച ഉത്തരവുകളിലൊന്ന് ഇങ്ങനെ വായിക്കാം: "മഹാനായ രാജാധിരാജ റാൻസിങ്ങ് നമ്മുടെ സന്നിധിയിൽ സമർപ്പിച്ചിട്ടുള്ള നിവേദനത്തിൽ പറയുന്നത് അദ്ദേഹത്തിന്റെ ധർമാചാര്യനായ ഭഗവത്ത് എന്ന ബ്രാഹ്മണ പുരോഹിതന് താമസിക്കുന്നതിനായി ബനാറസിൽ ഗംഗയുടെ തീരത്ത് മാധവറോ മൊഹല്ലയിൽ ഒരു ഭവനം നിർമിച്ചെന്നും ചില സാമൂഹ്യദ്രോഹികൾ ഭഗവത്തിനെ ഭയപ്പെടുത്തി ബുദ്ധിമുട്ടിച്ചുകൊണ്ടിരിക്കുന്നുവെന്നും അതിന് ഉടൻ പരിഹാരമുണ്ടാക്കണമെന്നുമാണ്. നാം കല്പിക്കുന്നതെന്തെന്നാൽ ഈ ആജ്ഞ അവിടെ കിട്ടിയ ഉടനെ ഇപ്പോഴുള്ളവരും ഭാവിയിൽ നിയമിതരാവാൻ ഇടയുള്ളവരുമായ ഉദ്യോഗസ്ഥന്മാരോട് ഈ സ്ഥലം നമുക്ക് ജന്മാവകാശമുള്ളതാണെന്നും രഞ്ചീവന്നും അദ്ദേഹത്തിന്റെ സന്താനപരമ്പരകൾക്കുമായി നാം കരമില്ലാതെ ഇനാമായി നല്കിയിരിക്കുന്നതാണെന്നും നിർദേശിക്കണം. അവിടെ ബ്രാഹ്മണപുരോഹിതന്മാർക്കും ഭക്തജനങ്ങൾക്കുമായി പണിയാൻ ഉദ്ദേശിക്കുന്ന കെട്ടിടങ്ങൾ നിർമിക്കുന്നതിന് യാതൊരുവിധ തടസ്സങ്ങളും ഉണ്ടാക്കുന്നതല്ലെന്ന് അറിയിക്കണം. അവർ സമാധാനപരമായി അവരുടെ ജോലികളിൽ വ്യാപൃതരാവുകയും ദൈവികമായി ലഭിച്ചതും അനശ്വരമായി നിലനിൽക്കേണ്ടതുമായ നമ്മുടെ രാജ്യാഭിവൃദ്ധിക്കുവേണ്ടി പ്രാർഥന നടത്തുകയും ചെയ്യുന്നതിന് ആരും യാതൊരുവിധ പ്രതിബന്ധവും സൃഷ്ടിക്കാതിരിക്കണം. തൻമൂലം നമ്മുടെ പ്രിയപ്പെട്ട മക്കളും ബഹുമാന്യരായ മന്ത്രിമാരും പ്രഭുക്കന്മാരും ഉയർന്ന ഉദ്യോഗസ്ഥന്മാരും ദറോഗമാരും ഇപ്പോഴത്തെയും ഭാവിയിലെയും കൊത്ത്‌വാൾമാരും ഈ രാജകീയ കല്പന എക്കാലവും മാറ്റം വരാതെ അനുസരിച്ച് പ്രവർത്തിക്കുകയും വേണം. അങ്ങനെ ഈ സ്ഥലങ്ങൾ പ്രസ്തുത ആളുകളുടെ കൈവശം ആവുന്നതിന്നും അദ്ദേഹവും അദ്ദേഹത്തിന്റെ പിൻഗാമികളും തലമുറ തലമുറയായി ഇവിടെ തുടരുന്നതിന്നും ഈ സ്ഥലത്തുനിന്ന് യാതൊരുവിധ കരമോ നികുതിയോ ഈടാക്കാതിരിക്കുന്നതിന്നും ബദ്ധശ്രദ്ധരായി ഇരിക്കണമെന്ന് നാം കല്പിക്കുകയും ചെയ്യുന്നു. മാത്രമല്ല, വർഷംതോറും സന്നത് പുതുക്കാൻ അവരോട് ആവശ്യപ്പെടുകയും അരുത്."[8]

ബാഗ്ദാദിൽ ബ്രാഹ്മണ പണ്ഡിതന്മാർക്കുണ്ടായിരുന്ന സ്വാധീനം വിശദീകരിച്ചുകൊണ്ട് ബി.എൻ. പാണ്ഡെ എഴുതുന്നു: "വേദന വിട്ടുമാറാത്ത തന്റെ രോഗം ചികിത്സിക്കാനായി ഖലീഫ ഹാറൂൻ ഒരു ഇന്ത്യൻ ഡോക്ടറെ വിളിച്ചതായി ത്വബ്‌രി രേഖപ്പെടുത്തിയിട്ടുണ്ട്. ഭരണത്തിന്റെ പ്രായോഗിക വശങ്ങളെക്കുറിച്ച് അറബികൾ ഇന്ത്യക്കാരിൽനിന്ന് ധാരാളം അഭ്യസിക്കുകയുണ്ടായി. ബ്രാഹ്മണ ഉദ്യോഗസ്ഥന്മാരെ വ്യാപകമായി നിയമിക്കാനുള്ള പ്രധാന കാരണം അവരുടെ പാണ്ഡിത്യവും പരിചയവും ഭരണകാര്യങ്ങൾ

സമർഥമായി നിർവഹിക്കാനുള്ള പ്രാപ്തിയുമായിരുന്നു. പിൽക്കാലത്ത് യൂറോപ്യൻ നാഗരികതയിൽ വിസ്മയാവഹമായ ചലനം സൃഷ്ടിച്ച അറേബ്യൻ സംസ്കാരത്തിന്റെ പല നല്ല വശങ്ങളും യഥാർഥത്തിൽ ഇന്ത്യയിൽനിന്ന് കടമെടുത്തവയാണ്. തത്വശാസ്ത്രം, ജ്യോതിഃശാസ്ത്രം, ഗണിതം, രസതന്ത്രം, വൈദ്യം തുടങ്ങിയ വൈജ്ഞാനികശാഖകൾ സ്വായത്തമാക്കാൻ അറബ് പണ്ഡിതന്മാർ ബുദ്ധഭിക്ഷുക്കളുടെയും ബ്രാഹ്മണ വിദ്വാന്മാരുടെയും കാൽച്ചുവട്ടിലിരിക്കുകയുണ്ടായി. ബാഗ്ദാദിലെ രാജസദസ്സ് ഇന്ത്യൻ പാണ്ഡിത്യത്തെ പരിപോഷിപ്പിക്കപോലും ചെയ്തു. ഖലീഫാ മൻസൂറിന്റെ കാലത്ത് രണ്ട് പുസ്തകങ്ങളുമായാണ് അറബ് പണ്ഡിതന്മാർ ഇന്ത്യയിൽനിന്ന് ബാഗ്ദാദിലേക്ക് മടങ്ങിയത്. ബ്രഹ്മഗുപ്തന്റെ 'ബ്രഹ്മസിദ്ധാന്ത'വും അദ്ദേഹത്തിന്റെ തന്നെ 'ഖൻദ്ഖഡ്യാക' വും."[9]

പ്രസിദ്ധ ചരിത്രകാരനായ ഡോ. താരാചന്ദ് എഴുതുന്നു: "മുസ്‌ലിം ചക്രവർത്തിമാർ അടിസ്ഥാനപരമായിത്തന്നെ സഹിഷ്ണുതയുള്ളവരാണ്. കൂടാതെ രാജ്യതാൽപര്യവും അവരെ സഹിഷ്ണുതക്ക് പ്രേരിപ്പിച്ചിരുന്നു. മുസ്‌ലിം ഭരണകൂടങ്ങളിൽ ഹിന്ദുക്കൾക്ക് ഉദ്യോഗം ലഭിച്ചു. ചിലപ്പോളവർ ഉന്നതസ്ഥാനങ്ങൾ വരെ പ്രാപിക്കുകയുണ്ടായി."[10]

ടിപ്പുസുൽത്താന്റെ ദിവാൻ പൂർണയ്യയും ഖജനാവ് സൂക്ഷിപ്പുകാരൻ കൃഷ്ണറാവുവും പോലീസ് മേധാവി ശ്യാമയ്യറുമായിരുന്നു. ശ്യാമയ്യറുടെ സഹോദരന്മാരായ രംഗയ്യങ്കാറും നരസിംഹറാവുവും ഉയർന്ന ഉദ്യോഗസ്ഥരായിരുന്നു. ടിപ്പുവിന്റെ തന്ത്രപ്രതിനിധികളുടെ കൂട്ടത്തിൽ ശ്രീവാസറാവുവിനും അപ്പാജിറാവുവിനും മുൾചന്ദിനും സുചൻറായിക്കും നായിക്കറാവുവിനും നാഗപ്പയ്യക്കും നാരായണയ്യക്കും ഉണ്ടായിരുന്ന സ്ഥാനം അനല്പമായിരുന്നു. അദ്ദേഹത്തിന്റെ പ്രധാന പേഷ്ക്കാർ സുബ്ബറാവുവായിരുന്നു. അപ്പറാവു, ഹരിസിംഗ്, ശ്രീപദ്മറാവു, രാമറാവു തുടങ്ങിയവർ അദ്ദേഹത്തിന്റെ കമാണ്ടർമാരിൽ പ്രധാനികളായിരുന്നു. സിവിൽ ഭരണതലത്തിലും ഭൂരിപക്ഷം ഉദ്യോഗസ്ഥന്മാർ ഹിന്ദുക്കളായിരുന്നു. മതപക്ഷപാതിയായി ആക്ഷേപിക്കപ്പെടുന്ന ടിപ്പു പോലും പരമതാനുയായികളോട് അത്യുദാരമായാണ് പെരുമാറിയിരുന്നതെന്ന് ഈ വസ്തുതകൾ വ്യക്തമാക്കുന്നു.

ബി.എൻ. പാണ്ഡെ എഴുതുന്നു: "സദാചാര നിഷ്ഠയിൽ കാഠിന്യം പുലർത്തിക്കൊണ്ട് ആദരവും വിനയവും ഉയർത്തിയ ഇസ്‌ലാം ഇന്ത്യയിൽ ഹിന്ദുമതവുമായി സഹകരിച്ചുകൊണ്ട് ചിത്രകലയുടെയും ശില്പവിദ്യയുടേയും സംഗീതത്തിന്റേയും കവിതയുടേയും സ്നേഹത്തിൽനിന്ന് പ്രചോദനമുൾക്കൊള്ളുന്ന മതത്തിന്റേയും കീർത്തിസ്തംഭങ്ങൾ നിർമിച്ചുകൊണ്ട് മധ്യകാല നൂറ്റാണ്ടിലെ ഇന്ത്യാചരിത്ര പൈതൃകത്തിന് തിലകം ചാർത്തുകയുണ്ടായി."[11]

അദ്ദേഹംതന്നെ തുടരുന്നു: "പൊതുതാല്പര്യങ്ങൾ നേടുവാനും അവസാനമില്ലാത്ത സംഘർഷങ്ങളിൽനിന്ന് രക്ഷിക്കാനും ജനങ്ങളെ ഒരു

പൊതുസാഹോദര്യത്തിലും രാഷ്ട്രീയൈക്യത്തിലും യോജിപ്പിക്കേണ്ടതുണ്ടായിരുന്നു. ആ കാലഘട്ടത്തിന്റെ ഏറ്റവും വലിയ ആവശ്യം മതസഹിഷ്ണുതയും രാഷ്ട്രീയ-സാംസ്കാരിക സങ്കലനവും ദേശീയ ഉദ്ഗ്രഥനവും മതേതര വീക്ഷണവുമായിരുന്നു. ഈ മഹായജ്ഞം നിർവഹിക്കാൻ വിധിയുണ്ടായത് മുഗിളർക്കായിരുന്നു."[12]

ഇസ്‌ലാമികരാഷ്ട്രം അമുസ്‌ലിം പൗരൻമാർക്ക് സമ്പൂർണ മതസ്വാതന്ത്ര്യം അനുവദിക്കുന്നതോടൊപ്പം ജീവന്നും സ്വത്തിന്നും സംരക്ഷണം ഉറപ്പുവരുത്തുന്നു. നബിതിരുമേനി അരുൾ ചെയ്യുന്നു: "ഒരു മുസ്‌ലിമിന്റെ രക്തം എത്രമാത്രം പരിശുദ്ധമാണോ അത്രതന്നെ പരിശുദ്ധമാണ് അമുസ്‌ലിം പൗരന്റെ രക്തവും."

അവിടന്ന് വീണ്ടും പറയുന്നു: "ആർ ഒരു ദിമ്മിയെ(ഇസ്‌ലാമികരാഷ്ട്രത്തിലെ അമുസ്‌ലിം പൗരൻ) അപായപ്പെടുത്തുന്നുവോ അവനൊരിക്കലും സ്വർഗത്തിന്റെ ഗന്ധം പോലുമനുഭവിക്കുകയില്ല."

ഒന്നാം ഖലീഫ ഹസ്രത്ത് അബൂബക്കർ അറിയിക്കുന്നു: "സംരക്ഷണത്തിലുള്ള അമുസ്‌ലിം പൗരന്മാരിലാരെയും വധിക്കരുത്. നിങ്ങൾ അങ്ങനെ ചെയ്താൽ ദൈവകോപത്തിന്നിരയാവുന്നതും നിങ്ങളെ നരകത്തിൽ പ്രവേശിപ്പിക്കുന്നതുമാണ്."[13]

ഉമറുൽ ഫാറൂഖ് തന്റെ സേനാനായകന്മാർക്ക് നല്കിയ സന്ദേശത്തിൽ, അമുസ്‌ലിം പൗരന്മാരെ ഉപദ്രവിക്കുന്നതിൽനിന്നും അവരുടെ സ്വത്തുക്കൾ നശിപ്പിക്കുന്നതിൽനിന്നും മുസ്‌ലിംകളെ തടയുന്നതോടൊപ്പം കരാറിലെ മറ്റു വ്യവസ്ഥകളും പാലിക്കണമെന്ന് പ്രത്യേകം രേഖപ്പെടുത്തിയിരുന്നു.[14]

ഇപ്രകാരം സംരക്ഷണം ഏറ്റെടുക്കുന്നതോടൊപ്പം ഇസ്‌ലാമികരാഷ്ട്രം അമുസ്‌ലിം പൗരന്മാർക്ക് മുസ്‌ലിംകളുടേതുപോലുള്ള എല്ലാ അധികാരാവകാശങ്ങളും നല്കുന്നു. സാമൂഹിക, സാമ്പത്തിക, സാംസ്കാരിക, രാഷ്ട്രീയരംഗങ്ങളിൽ ഉയരാനും വളരാനുമവർക്ക് അവസരമൊരുക്കിക്കൊടുക്കുകയും ചെയ്യുന്നു. ഇന്ന് പല സെക്കുലർ സമൂഹങ്ങളിലും മതന്യൂനപക്ഷങ്ങൾ അനുഭവിക്കുന്നതിനേക്കാൾ അവസരസമത്വം മതാധിഷ്ഠിത ഇസ്‌ലാമികരാഷ്ട്രത്തിൽ അമുസ്‌ലിം പൗരന്മാർക്ക് ലഭിക്കുമെന്നതിൽ സംശയമില്ല. ഗതകാല നൂറ്റാണ്ടുകളും സമകാലീന സമൂഹങ്ങളുമതിനു സാക്ഷിയാണ്.

## കുറിപ്പുകൾ:


1. അബൂദാവൂദ്, കിതാബുൽ ജിഹാദ്
2. ഇസ്‌ലാം പ്രബോധനവും പ്രചാരവും, പുറം: 76
3. Ibid, പുറം: 77, 78
4. ഇസ്‌ലാമും ഇന്ത്യൻ സംസ്കാരവും, പുറം: 10
5. Ibid, പുറം: 24

6. 'വർഗീയതയും പ്രാചീനഭാരത ചരിത്രരചനയും', പുറം: 44, 45
7. Ibid, പുറം: 45
8. ബംഗാൾ ഏഷ്യാറ്റിക് സൊസൈറ്റി ജർണൽ 1911, പുറം: 689, ഉദ്ധരണം: ചരിത്രപഠനങ്ങൾ, പുറം: 497
9. ഇസ്‌ലാമും ഇന്ത്യൻ സംസ്കാരവും, പുറം: 12
10. ഉദ്ധരണം: മതേതരത്വവും ഇന്ത്യൻ മുസ്‌ലിംകളും, പുറം: 57
11. ഇസ്‌ലാമും ഇന്ത്യൻ സംസ്കാരവും, പുറം: 47
12. Ibid, പുറം: 86
13. ഉദ്ധരണം: ഇബ്നു സഅ്ദ്- ത്വബഖാത്ത്
14. ത്വബ്‌രി

എട്ട്

# സഹിഷ്ണുത നീതിപാലനത്തിൽ

**ഇ**സ്‌ലാം ഉയർത്തിപ്പിടിക്കുന്ന ഉൽകൃഷ്ട മൂല്യങ്ങളിൽ അതിപ്രധാന മായ ഒന്നാണ് നീതി. സത്യവിശ്വാസി സദാ നന്മയുടെ നിദർശനവും നീതി യുടെ നടത്തിപ്പുകാരനുമായിരിക്കണം. അല്ലാഹു അറിയിക്കുന്നു:

> "നിശ്ചയം, അല്ലാഹു നീതിയും നന്മയും നടത്താനും കുടുംബബ ന്ധങ്ങൾ പുലർത്താനും അനുശാസിക്കുന്നു."[1]

> "നിങ്ങൾ നീതി പാലിക്കുവിൻ, നിശ്ചയം അല്ലാഹു നീതിമാൻമാ രെത്തന്നെ സ്നേഹിക്കുന്നു."[2]

പ്രവാചക നിയോഗത്തിന്റെ മുഖ്യലക്ഷ്യങ്ങളിലൊന്ന് നീതിയുടെ സം സ്ഥാപനമത്രെ.

> "വ്യക്തമായ ദൃഷ്ടാന്തങ്ങളും മാർഗദർശനങ്ങളുമായി നാം നമ്മുടെ ദൂതന്മാരെ നിയോഗിച്ചിരിക്കുന്നു. അവരോടൊപ്പം വേദവും ത്രാസും അവതരിപ്പിച്ചിട്ടുണ്ട്-ജനങ്ങൾ നീതിപൂർവം നിലകൊള്ളാൻ."[3]

നീതിപാലനം സ്വന്തത്തിനും സ്വന്തക്കാർക്കും കഷ്ടനഷ്ടങ്ങൾക്കി ടവരുത്തുമെന്നുറപ്പുണ്ടെങ്കിലും മുസ്‌ലിം അത് നടത്താൻ ബാധ്യസ്ഥനാണ്. ഖുർആൻ കല്പിക്കുന്നു:

> "സത്യവിശ്വാസികളേ, നിങ്ങൾ നീതിയുടെ നടത്തിപ്പുകാരും അല്ലാ ഹുവിന്നുവേണ്ടി സാക്ഷ്യം വഹിക്കുന്നവരും ആയിരിക്കുവിൻ. നിങ്ങ ളുടെ നീതിപാലനത്തിന്റേയും സാക്ഷ്യത്തിന്റേയും ഫലം നിങ്ങൾ ക്കോ നിങ്ങളുടെ മാതാപിതാക്കൾക്കോ ബന്ധുമിത്രാദികൾക്കോ എതിരായിരുന്നാലും. കക്ഷി ധനികനാവട്ടെ, ദരിദ്രനാവട്ടെ, അല്ലാ ഹുവാകുന്നു നിങ്ങളെക്കാൾ അവരോട് ഗുണകാംക്ഷ പുലർത്തു ന്നവൻ. അതിനാൽ, സ്വേഛകളെ പിന്തുടർന്ന് നീതിയിൽനിന്നകന്നു പോകാതിരിക്കുവിൻ."[4]

സ്വന്തം സമുദായത്തോടും സൗഹൃദത്തിലുള്ളവരോടും മാത്രമല്ല, ശത്രു

ക്കളോടുപോലും നീതിപുലർത്താൻ സത്യവിശ്വാസികൾ പ്രതിജ്ഞാബ ദ്ധരാണ്.

> “വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിന്നുവേണ്ടി നേർമാർഗത്തിൽ നിലകൊള്ളുന്നവരും നീതിക്ക് സാക്ഷ്യം വഹിക്കുന്നവരുമാവുക. ഒരു ജനതയോടുള്ള വിരോധം നീതിപാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നീതിപാലിക്കുവിൻ. അതാണ് ദൈവഭ ക്തിക്ക് ഏറ്റവും അനുയോജ്യം.”[5]

> “മതകാര്യങ്ങളിൽ നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കുകയും സ്വന്തം ഭവനങ്ങളിൽ നിന്ന് നിങ്ങളെ പുറം തള്ളാതിരിക്കുകയും ചെയ്യുന്ന വർക്ക് നന്മ ചെയ്യുന്നതും അവരോട് നീതിപൂർവം വർത്തിക്കുന്നതും അല്ലാഹു നിങ്ങളോട് വിരോധിക്കുന്നില്ല.”[6]

നബിതിരുമേനിയുടെ കാലത്ത് ബനൂസഫർ ഗോത്രത്തിൽപെട്ട ബശീറുബ്നു ഉബൈരിഖ് ഒരു അൻസാരിയുടെ പടയങ്കി മോഷ്ടിച്ചു. കാണാതായ അങ്കി ഉടമസ്ഥൻ അന്വേഷിക്കാനാരംഭിച്ചതോടെ അയാളത് ഒരു ജൂതന്റെ അടുക്കൽ പണയംവെച്ചു. കളവുസാധനം കണ്ടെത്തിയതോടെ കേസ്സ് പ്രവാചക സന്നിധിയിലെത്തി. അപ്പോൾ ജൂതൻ സംഭവത്തിന്റെ സത്യാവസ്ഥ വ്യക്തമാക്കി. എങ്കിലും ബശീറുബ്നു ഉബൈരിഖ് അത് നിഷേധിച്ചു. കുറ്റം ആ നിരപരാധിയുടെ മേൽ ആരോപിക്കുകയും ചെയ്തു. അയാളുടെ ബന്ധുക്കളും മിത്രങ്ങളും അതിൽ പങ്കു ചേരുകയും ചെയ്തു. അവർ പറഞ്ഞു: “ഇവനൊരു ജൂതനാണ്. സത്യത്തേയും സത്യപ്രബോധ കനേയും നിഷേധിക്കുന്ന ഇവന്റെ വാദമൊരിക്കലും വിശ്വസനീയമല്ല. വിശ്വാസികളായ ഞങ്ങളുടെ വാദത്തിനാണ് വില കൽപിക്കേണ്ടത്.”

സമൂഹവും സാഹചര്യത്തെളിവുകളും ജൂതനെതിരായിരുന്നതിനാൽ നബിതിരുമേനിയുടെ മനസ്സുപോലും അങ്ങോട്ട് ചായുകയായിരുന്നു. എങ്കിലും വിധി പ്രഖ്യാപിച്ചിരുന്നില്ല. അതിനുമുമ്പെ വിശുദ്ധ ഖുർആനിലൂടെ അല്ലാഹു അദ്ദേഹത്തിന്റെ നിരപരാധിത്വം അനാവരണം ചെയ്തു കൊണ്ട് യഥാർഥ കുറ്റവാളിയെ വെളിച്ചത്തുകൊണ്ടുവന്നു. മുസ്ലിംകൾക്കെതിരെ ജൂതന്നനുകൂലമായി അവതീർണമായ പ്രസ്തുത ദൈവവചനങ്ങളിങ്ങനെ വായിക്കാം:

> “നബിയേ, നാമിതാ ഈ വേദം സത്യസമേതം താങ്കൾക്ക് അവത രിപ്പിച്ചു തന്നിരിക്കുന്നു. അല്ലാഹു കാണിച്ചുതന്ന പ്രകാരം താങ്കൾ ജനങ്ങൾക്കിടയിൽ വിധി കല്പിക്കേണ്ടതിനാണത്. താങ്കൾ വഞ്ച കർക്കുവേണ്ടി വാദിക്കുന്നവനാവരുത്. അല്ലാഹുവോട് മാപ്പപേക്ഷി ക്കുക. അവൻ വളരെ മാപ്പരുളുന്നവനും ഏറെ ദയാപരനുമല്ലോ. ആത്മവഞ്ചകരായ ആളുകൾക്കുവേണ്ടി താങ്കൾ വാദിക്കരുത്. കൊടും വഞ്ചകനും മഹാപാപിയുമായ ആരെയും അല്ലാഹു ഇഷ്ട പ്പെടുകയില്ല. തങ്ങളുടെ ചെയ്തികൾ ജനങ്ങളിൽനിന്ന് മറച്ചുവെ

ക്കാനവർക്ക് കഴിയുന്നു. എന്നാൽ, അല്ലാഹുവിൽനിന്ന് ഒളിച്ചുവെക്കാനവർക്ക് സാധ്യമല്ല. അവർ നിശാവേളകളിൽ അവന്റെ പ്രീതിക്കു വിരുദ്ധമായി ഗൂഢാലോചന നടത്തുമ്പോഴും അവൻ അവരോടൊപ്പമുണ്ട്. അല്ലാഹു അവരുടെ പ്രവർത്തനങ്ങളഖിലവും വലയം ചെയ്തവനാകുന്നു. അതെ ഐഹികജീവിതത്തിൽ നിങ്ങൾ ഈ പാപികൾക്കു വേണ്ടി വാദിക്കുന്നു. എന്നാൽ, പുനരുത്ഥാനനാളിൽ അവർക്കുവേണ്ടി ആരാണ് അല്ലാഹുവിനോട് വാദിക്കുക? അല്ലെങ്കിൽ അവിടെ ആരാണവരുടെ വക്കീലാവുക?"[7]

ഉമറുൽ ഫാറൂഖിന്റെ ഭരണകാലത്ത് അദ്ദേഹത്തിന്റെ ഈജിപ്ഷ്യൻ ഗവർണർ അംറുബ്നുൽ ആസ്വിന്റെ മകൻ മുഹമ്മദും കോപ്റ്റ് വംശജനായ ഒരു ക്രിസ്ത്യാനിയും ഓട്ടപ്പന്തയം നടത്തി. മുഹമ്മദ് അതിൽ പരാജയപ്പെട്ടു. പ്രതികാരം തീർക്കാനായി അദ്ദേഹം തന്റെ ക്രിസ്ത്യൻ സഹോദരനെ ചാട്ടവാറുകൊണ്ട് അടിച്ചു. മകനെതിരെ പിതാവ് നടപടിയെടുക്കുകയില്ലെന്ന് തോന്നിയതിനാൽ അദ്ദേഹം ഗവർണറോട് പരാതി പറയാതെ വിവരം ഖലീഫയെ അറിയിച്ചു. ഒട്ടും താമസിയാതെ ഉമർ പരാതിക്കാരനേയും ഗവർണർ അംറിനേയും മകൻ മുഹമ്മദിനേയും വിളിച്ചുവരുത്തി വിചാരണ ചെയ്തു. സംഭവം ശരിയാണെന്ന് ബോധ്യമായതോടെ ചാട്ടവാർ കോപ്റ്റ് വംശജനായ ക്രിസ്ത്യൻ സഹോദരന്റെ വശം കൊടുത്ത് മുഹമ്മദിനെ അടിക്കാനാവശ്യപ്പെട്ടു. അങ്ങനെ അയാൾ തന്നെ തല്ലിയതിന് പകരമായി മുഹമ്മദിനേയും പ്രഹരിച്ചു. അപ്പോൾ ഉമറുൽ ഫാറൂഖ് പറഞ്ഞു: "ഇനി അംറിന്റെ തലക്കും അടിക്കുക. അല്ലാഹുവാണ! അയാളുടെ അധികാരത്തിന്റെ പദവികൊണ്ട് മാത്രമാണ് മുഹമ്മദ് താങ്കളെ തല്ലിയത്."

"വിശ്വാസികളുടെ നായകാ, ഞാൻ മതിയാക്കിയിരിക്കുന്നു. എന്നെ പ്രഹരിച്ചവനോട് ഞാൻ പ്രതികാരം ചെയ്തിരിക്കുന്നു"- ക്രൈസ്തവസുഹൃത്ത് സംതൃപ്തിയോടെ പറഞ്ഞു.

പിന്നീട് അവർ പിരിഞ്ഞുപോകവെ അംറിന്റെ നേരെ തിരിഞ്ഞ് ഉമറുൽ ഫാറൂഖ് ഗൗരവസ്വരത്തിൽ ചോദിച്ചു: "എപ്പോഴാണ് താങ്കൾ ജനങ്ങളെ അടിമകളാക്കാൻ തുടങ്ങിയത്? അവരുടെ മാതാക്കൾ അവരെ സ്വതന്ത്രരായാണ് പ്രസവിച്ചത്."

മറ്റൊരിക്കൽ അംറുബ്നുൽ ആസ്വ് ഒരു ക്രൈസ്തവ സ്ത്രീയുടെ വീട് നിർബന്ധപൂർവം പള്ളിയോട് ചേർക്കുകയുണ്ടായി. പ്രസ്തുത സ്ത്രീ അതേക്കുറിച്ച് ഖലീഫയോട് പരാതി പറഞ്ഞു. ആവലാതി ലഭിച്ച ഉടനെ ഉമറുൽ ഫാറൂഖ് ഗവർണറെ വിളിച്ചു വിചാരണ ചെയ്തു. സംഭവം സത്യമാണെന്ന് സമ്മതിച്ച അദ്ദേഹം തന്നെ അതിന് പ്രേരിപ്പിച്ച പശ്ചാത്തലമിങ്ങനെ വിവരിച്ചു: "മുസ്‌ലിംകളുടെ അംഗസംഖ്യ വളരെയേറെ വർധിച്ചു. പള്ളിയിൽ സ്ഥലമില്ലാതെ പ്രയാസം നേരിട്ടു. അത് വിശാലമാക്കാൻ ശ്രമിച്ചപ്പോൾ അതിന്റെ അടുത്ത് ആ സ്ത്രീയുടെ വീടുണ്ടായിരുന്നു. അതിന്

ന്യായമായ വില നല്കാമെന്ന് പറഞ്ഞ് ആവശ്യപ്പെട്ടെങ്കിലും അവർ വില്ക്കാൻ സന്നദ്ധയായില്ല. അതിനാൽ വീടുപൊളിച്ച് പള്ളിയോട് ചേർക്കുകയാണുണ്ടായത്. അതിന്റെ വില ആ സ്ത്രീക്ക് ആവശ്യമുള്ള ഏതു നിമിഷവും സ്വീകരിക്കാൻ സാധിക്കുംവിധം പൊതുഖജനാവിൽ നിക്ഷേപിച്ചിട്ടുമുണ്ട്." സാധാരണഗതിയിൽ നമ്മുടെ കാലത്ത് ലോകത്തെങ്ങും അനുവദിക്കപ്പെട്ട കാര്യമാണിത്. എന്നാൽ ഉമറുൽ ഫാറൂഖിന്റെ സമീപനം തികച്ചും വ്യത്യസ്തമായിരുന്നു. അംറിന്റെ സംഭവവിവരണം ശരിക്കും ശ്രദ്ധിച്ചുകേട്ടശേഷം പള്ളിയുടെ പ്രസ്തുത ഭാഗം പൊളിച്ചുമാറ്റി പകരം ആ ക്രൈസ്തവ സ്ത്രീയുടെ വീട് യഥാസ്ഥാനം പണിതുകൊടുക്കാൻ നിർദേശിക്കുകയാണ് അദ്ദേഹം ചെയ്തത്.

ഹിംസ് ഗവർണറായിരുന്ന ഉമൈറുബ്നു സഅദ് ഒരിക്കൽ ഒരമുസ്‌ലിം പൗരനോട് സംസാരിക്കവെ പറഞ്ഞു: "അല്ലാഹു നിന്നെ നിന്ദിച്ചിരിക്കുന്നു." പിന്നീട് അദ്ദേഹത്തിന് തന്റെ പ്രയോഗത്തിലെ പന്തികേട് ബോധ്യമായി. അതിൽ ആത്മാർഥമായി പശ്ചാത്തപിക്കുകയും പ്രായശ്ചിത്തം ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു. അങ്ങനെ അദ്ദേഹം ഖലീഫയായ ഉമറുൽ ഫാറൂഖിന്റെ അടുത്തുവന്ന് വിവരം അറിയിച്ചു. ഔദ്യോഗിക പദവി ഉള്ളതിനാലാണ് താൻ അങ്ങനെ പറഞ്ഞതെന്നും അതിനാൽ ഗവർണർ സ്ഥാനം രാജിവെയ്ക്കുകയാണെന്നുമായിരുന്നു അദ്ദേഹത്തിന്റെ തീരുമാനം. അതനുസരിച്ച്, അക്കാലത്തെ ഏറ്റവും നിസ്വാർഥനും നീതിമാനുമെന്ന് പരക്കെ പ്രശംസിക്കപ്പെട്ടിരുന്ന ഉമൈർ ഗവർണർസ്ഥാനം ഒഴിയുകയും ഖലീഫ അതംഗീകരിക്കുകയും ചെയ്തു.

ഹസ്രത്ത് അലി ഖലീഫയായിരിക്കെ അദ്ദേഹം തന്റെ രാഷ്ട്രത്തിലെ കോടതിയിൽ ഒരു കേസ് കൊടുത്തു. പ്രതി ഒരു ജൂതനായിരുന്നു. തന്റെ പടയങ്കി മോഷ്ടിച്ചുവെന്നും അത് പ്രതിയുടെ വശമുണ്ടെന്നുമാണ് പരാതിയിൽ പറഞ്ഞിരുന്നത്. വിചാരണ ആരംഭിച്ചപ്പോൾ ജഡ്ജി ശുറൈഹ് ജൂതന്റെ നേരെ തിരിഞ്ഞു ചോദിച്ചു: "അമീറുൽ മുഅ്മിനീന്റെ ആവലാതിയെക്കുറിച്ച് താങ്കളെന്തു പറയുന്നു?"

"ഈ പടയങ്കി എന്റേതാണ്. എന്റേത് മാത്രം." അയാൾ മറുപടി പറഞ്ഞു.

"താങ്കളുടെ വാദം തെളിയിക്കാൻ സാധ്യമാണോ?" ശുറൈഹ് ഖലീഫയോട് ചോദിച്ചു.

"അതെ. ഇത് എന്റേതാണ്. എനിക്കതിന് രണ്ട് സാക്ഷികളുമുണ്ട്" -ഖലീഫ പറഞ്ഞു.

"സാക്ഷികൾ ആരാണ്?" ജഡ്ജി ആരാഞ്ഞു.

"മകൻ ഹസനും ഭൃത്യൻ ഖമറും."

"അവർ താങ്കളുടെ സ്വന്തക്കാരാണ്. അതിനാലവരുടെ സാക്ഷ്യം സ്വീകാര്യമല്ല"- ശുറൈഹ് ദൃഢസ്വരത്തിൽ പറഞ്ഞു. അലിക്ക് മറ്റു തെളി

വുകളൊന്നും ഹാജരാക്കാനുണ്ടായിരുന്നില്ല. അതിനാൽ ജഡ്ജി, ജൂത നനുകൂലമായി വിധിച്ചു. പടയങ്കി അയാൾക്കുതന്നെ വിട്ടുകൊടുത്തു. അങ്ങനെ അയാൾ അതുമായി മുന്നോട്ടു നടന്നു. അലി അയാളെത്തന്നെ നോക്കിനിന്നു. പടയങ്കിയുമായി അല്പദൂരം നടന്നുനീങ്ങിയ ജൂതൻ പെട്ടെന്ന് തിരിച്ചുവന്നു. ജഡ്ജി ശുറൈഹിനെ അഭിമുഖീകരിച്ച് അയാൾ പറഞ്ഞു: "നിശ്ചയം! ഇത് പ്രവാചകന്മാരുടെ നിയമം തന്നെയെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. അമീറുൽ മുഅ്മിനീൻ തനിക്കെതിരെ തന്റെ ജഡ്ജിയുടെ അടുക്കൽ അന്യായം ബോധിപ്പിക്കുന്നു. മതിയായ തെളിവില്ലാത്തതിനാൽ കോടതി അദ്ദേഹത്തിനെതിരെ വിധി പ്രസ്താവിക്കുന്നു. ഇത് വളരെ മഹത്തരം തന്നെ. അതിനാൽ, അല്ലാഹുവല്ലാതെ മറ്റൊരു ദൈവമില്ലെന്നും മുഹമ്മദ് അവന്റെ ദൂതനാണെന്നും ഞാനിതാ സാക്ഷ്യം വഹിക്കുന്നു."

തുടർന്ന് അലിയുടെ നേരെ തിരിഞ്ഞിങ്ങനെ പറഞ്ഞു: "അല്ലാഹുവാണ, തീർച്ചയായും ഈ പടയങ്കി താങ്കളുടേതുതന്നെ. നിങ്ങൾ സ്വിഫ്ഫീനിലേക്ക് പോവുമ്പോൾ ഞാൻ സൈന്യത്തിന്റെ പിന്നിലുണ്ടായിരുന്നു. താങ്കളുടെ ചാരനിറത്തിലുള്ള ഒട്ടകത്തിന്റെ പുറത്തുനിന്ന് ഞാനത് തട്ടിയെടുത്തതാണ്."

ഇതുകേട്ട ഖലീഫ ചിരിച്ചുകൊണ്ട് പറഞ്ഞു: "ഞാനത് താങ്കൾക്കു തന്നെ ദാനമായി തന്നിരിക്കുന്നു."

ഭരണാധികാരിക്കെതിരെ ഒരമുസ്‌ലിം പൗരന് അനുകൂലമായി വിധി പ്രസ്താവിക്കാൻ നിഷ്പ്രയാസം സാധിക്കുമാറ് നീതിപൂർവവും സഹിഷ്ണുതാപൂർണവുമാണ് ഇസ്‌ലാമിന്റെ സമീപനമെന്ന് തെളിയിക്കുന്ന അനേകം സംഭവങ്ങളിലൊന്നു മാത്രമാണിത്.

ഉമറുബ്നു അബ്ദിൽ അസീസിന്റെ നിസ്തുലമായ നീതിബോധത്തെ സംബന്ധിച്ച് കേട്ടറിഞ്ഞ സമർഖന്ത് വാസികൾ ഒരുമിച്ചുകൂടി. ഗവർണർ സുലൈമാനുബ്നു അബീസിർറിയോട് പറഞ്ഞു: "ഖുതൈബ ഞങ്ങളെ വഞ്ചിക്കുകയും അന്യായമായി ഞങ്ങളുടെ നാട് പിടിച്ചടക്കുകയും ചെയ്തിരിക്കുന്നു. ദൈവം നാട്ടിലെങ്ങും നീതിയും നെറിയും സ്ഥാപിച്ചിരിക്കയാണല്ലോ. അതിനാൽ, അമീറുൽ മുഅ്മിനീനോട് ആവലാതി നല്കാൻ ഞങ്ങളിൽനിന്ന് ഒരു നിവേദകസംഘത്തിന് അനുമതി നല്കിയാലും."

സുലൈമാൻ അവരുടെ അഭ്യർഥന സ്വീകരിച്ചു. അങ്ങനെ ഒരു സംഘം സമർഖന്തുകാർ ഖലീഫയുടെ അടുത്തുവന്ന് പരാതി ബോധിപ്പിച്ചു. കാര്യങ്ങളെല്ലാം ശ്രദ്ധിച്ചുകേട്ടശേഷം ഉമറുബ്നു അബ്ദിൽ അസീസ് ഗവർണർക്കെഴുതി: "സമർഖന്ത് വാസികൾ തങ്ങളനുഭവിച്ച അനീതിയെക്കുറിച്ച് ആവലാതിപ്പെട്ടിരിക്കുന്നു. ഖുതൈബ അവരെ തങ്ങളുടെ നാട്ടിൽനിന്ന് പുറത്താക്കിയതായി പരാതിപ്പെടുകയും ചെയ്തിരിക്കുന്നു. അതിനാൽ, താങ്കൾ എന്റെ കത്തുകിട്ടിയാലുടനെ അവർക്കൊരു ന്യായാധിപനെ നിശ്ചയിച്ചു

കൊടുക്കുക. അദ്ദേഹം അവരുടെ കാര്യം പരിശോധിച്ച് അവർക്കനുകൂലമായി വിധിക്കുന്നുവെങ്കിൽ മുസ്‌ലിംകൾ തങ്ങളുടെ താവളങ്ങളിലേക്ക് തിരിച്ചുപോവുകയും നിങ്ങൾ ഖുതൈബയുടെ പ്രവേശനത്തിന് മുമ്പുള്ള സ്ഥാനത്തേക്ക് നീങ്ങുകയും ചെയ്യേണ്ടതാണ്."

കത്തുകിട്ടിയ ഉടനെ സുലൈമാൻ, ജമിഉബ്നു ഹാളിറുൽ ബാജിയെ ജഡ്ജിയായി നിയമിച്ചു. അദ്ദേഹം പരാതികൾ പരിശോധിക്കുകയും അതിൽ പരമാർഥമുണ്ടെന്ന് ബോധ്യമാവുകയും ചെയ്തപ്പോൾ മുസ്‌ലിംകൾക്കെതിരെ വിധി പ്രസ്താവിച്ചു. അവർ സമർഖന്ത് വിടുകയും നഗരാതിർത്തിയിലുള്ള മതിലിന്ന് പുറത്തുള്ള തങ്ങളുടെ താവളങ്ങളിലേക്ക് മടങ്ങുകയും വേണമെന്ന് കല്പിച്ചു.[8]

ഇത് സമർഖന്ത് വാസികളെ അക്ഷരാർഥത്തിൽ അദ്ഭുതസ്തബ്ധരാക്കി. ഒരു മുസ്‌ലിം ജഡ്ജി സ്വന്തം മതത്തിനും സമുദായത്തിനുമെതിരെ തങ്ങൾക്കനുകൂലമായി വിധിക്കുകയോ? ചരിത്രത്തിൽ സമാനതയില്ലാത്ത ഇത്തരമൊരു സമീപനത്തെ സംബന്ധിച്ച് സങ്കൽപിക്കാൻ പോലുമവർക്ക് സാധ്യമായിരുന്നില്ല. അതിനാൽ, സ്വന്തം സൈന്യത്തിനും സേനാനായകനുമെതിരെ വിധി നടത്തുന്നത് നേരിൽ കാണാനിടയായ സമർഖന്ത് വാസികൾ നീതിനിഷ്ഠരും സഹിഷ്ണുക്കളുമായ മുസ്‌ലിംകൾ അവിടം വിടുന്നത് ഇഷ്ടപ്പെട്ടില്ല. അവരുടെ സ്നേഹപൂർവമായ അഭ്യർഥന മാനിച്ച് ഇസ്‌ലാമിക സൈന്യം സമർഖന്തിൽതന്നെ നിലയുറപ്പിക്കുകയും ചെയ്തു. ഈ സംഭവത്തിന് ലോകചരിത്രത്തിലെവിടെയും തുല്യത കണ്ടെത്തുക സാധ്യമല്ല. സൈന്യം ഒരു നഗരം ജയിച്ചടക്കി അതിൽ പ്രവേശിക്കുന്നു. അപ്പോൾ പരാജിതർ വിജയിച്ചവരുടെ ഭരണകൂടത്തോട് പരാതി പറയുന്നു. അങ്ങനെ അവിടത്തെ ന്യായാധിപൻ വിജയം വരിച്ച സ്വന്തം സൈന്യത്തിനെതിരെ വിധി പ്രഖ്യാപിക്കുകയും അവർ നാടുവിടണമെന്നു നിർദേശിക്കുകയും ചെയ്യുന്നു. അതോടെ ജേതാക്കൾ അവിടം വിടുന്നതിൽ തദ്ദേശീയർ അസ്വസ്ഥരാവുകയും അതു വിലക്കുകയും ചെയ്യുന്നു. ആധുനികവും പുരാതനവുമായ സമൂഹത്തിലൊന്നും ഇതിനു സദൃശമായ മറ്റൊരു മാതൃക ചൂണ്ടിക്കാണിക്കാനാർക്കും സാധ്യമല്ല. ഇസ്‌ലാമിക സമൂഹം സത്യത്തിന്റേയും നീതിയുടേയും മൂല്യങ്ങളാൽ ഇവ്വിധം ബന്ധിതമായപോലെ സ്വന്തം അനുയായികളെ ഇത്തരം തത്വങ്ങൾ മുറുകെ പിടിക്കാൻ നിർബന്ധിക്കുന്ന മറ്റേതെങ്കിലും മതമോ ആദർശമോ ലോകത്തില്ല.

ലബനാനിലെ അമുസ്‌ലിം പൗരന്മാരിൽ ചിലർ തങ്ങളുടെ ഗവർണർ അലിയ്യുബ്നു അബ്ദില്ലാഹിബ്നു അബ്ബാസിനെതിരെ കലാപക്കൊടിയുയർത്തി. അതിനാൽ, അദ്ദേഹം അവരെ നേരിട്ട് പരാജയപ്പെടുത്തി. അപ്പോൾ, അവരെ അവിടെനിന്ന് മറ്റിടങ്ങളിലേക്ക് മാറ്റിത്താമസിപ്പിക്കുന്നതും അവരെ അന്യോന്യമകറ്റുന്നതും രാജ്യത്തിന്റെ ഭദ്രതക്ക് നല്ലതാണെന്ന് അദ്ദേഹത്തിന് തോന്നി. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു. ആധുനിക പരിഷ്കൃത നാടുകളിലെ ഭരണാധികാരി

കൾ സാധാരണ സ്വീകരിക്കാറുള്ള നടപടികളെ അപേക്ഷിച്ച് എത്രയോ നിസ്സാരമായ ശിക്ഷ. എന്നിട്ടും സിറിയയിലെ പ്രമുഖ പണ്ഡിതനും ചിന്ത കനുമായ ഔസാഈ അതംഗീകരിച്ചില്ല. വിപ്ലവത്തിൽ പങ്കെടുക്കാത്ത നിരപരാധരെ ശിക്ഷയിലുൾപ്പെടുത്തുന്നത് ശരിയല്ലെന്നും അതിനാൽ ലബനാനിലെ അമുസ്‌ലിം പൗരന്മാരെ ഒന്നടങ്കം മാറ്റിത്താമസിപ്പിക്കുന്നത് ഒട്ടും ന്യായമല്ലെന്നുമുള്ള ശക്തമായ അഭിപ്രായം അദ്ദേഹം പരസ്യമായി പ്രകടിപ്പിക്കുകയും ഗവർണറെ നിശിതമായി വിമർശിക്കുകയും ചെയ്തു. ഔസാഈ ഗവർണർക്കയച്ച സന്ദേശത്തിലിങ്ങനെ രേഖപ്പെടുത്തിയിരുന്നു: "താങ്കൾ ലബനാനിൽനിന്ന് അവിടത്തെ അമുസ്‌ലിം പൗരന്മാരെ മാറ്റിത്താ മസിപ്പിച്ചതായി അറിയാൻ സാധിച്ചു. അവരിൽ ചിലരെല്ലാം കലാപക്കൊടി ഉയർത്തിയവരാണ്. എന്നാൽ, ഏതെങ്കിലും ഒരു വിഭാഗത്തിന്റെ തെറ്റിന്റെ പേരിൽ താങ്കളെങ്ങനെയാണ് എല്ലാവരെയും ശിക്ഷിക്കുക? അവരെ സ്വന്തം വീടുകളിൽനിന്നും സ്വത്തുക്കളിൽനിന്നും അകറ്റിനിർത്തുക? ആരും മറ്റൊ രാളുടെ പാപഫലം ഏറ്റെടുക്കേണ്ടതില്ലെന്നാണല്ലോ അല്ലാഹുവിന്റെ വിധി. ഏറ്റവും ഉത്തമമായ സമീപനവും ശരിയായ നിലപാടും അതത്രെ. താങ്കൾ മുറുകെപ്പിടിക്കാൻ ഏറ്റവുമധികം കടപ്പെട്ടത് നബിതിരുമേനിയുടെ ഉപദേ ശമാണ്. അവിടന്നു അരുൾ ചെയ്യുന്നു: "ആരെങ്കിലും ഇസ്‌ലാമികരാഷ്ട്ര ത്തിലെ അമുസ്‌ലിം പൗരനെ ദ്രോഹിക്കുകയോ അസാധ്യമായതിനയാളെ നിർബന്ധിക്കുകയോ ചെയ്താൽ അന്ത്യദിനത്തിൽ ഞാനവന്റെ ശത്രുവാ യിരിക്കും."

ഇമാം ഔസാഈ ഇത്ര ശക്തവും ധീരവുമായ സമീപനം സ്വീകരിച്ച തിനാൽ താൻ നാടുകടത്തിയവരെ ആദരപൂർവം തിരിച്ചുകൊണ്ടുവരാൻ ലബനാൻ ഗവർണർ നിർബന്ധിതനായി. ഇങ്ങനെ, വല്ലപ്പോഴും ഇസ്‌ലാ മിന്റെ മഹിതമായ മൂല്യങ്ങൾക്ക് വിരുദ്ധമായി ഭരണാധികാരികൾ അമു സ്‌ലിംകളോട് അനീതി പ്രവർത്തിച്ചാൽ ഉടനെ മതപണ്ഡിതന്മാർ ഇടപെട്ട് നിഷ്കൃഷ്ടമായ നീതി നടപ്പിൽ വരുത്തുക പതിവായിരുന്നു.

സിറിയയിൽ താർത്താരികളുമായുള്ള യുദ്ധത്തിൽ ധാരാളം മുസ്‌ലിം കളും ക്രിസ്ത്യാനികളും ജൂതന്മാരും തടവുകാരായി പിടിക്കപ്പെട്ടു. പിന്നീട് താർത്താരീ നേതാവിനോട് ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ്യ ബന്ധ നസ്ഥരുടെ മോചനപ്രശ്നം ചർച്ച ചെയ്തപ്പോൾ മുസ്‌ലിം തടവുകാരെ സ്വതന്ത്രരാക്കാമെന്ന് വാക്കുകൊടുത്തു. ക്രിസ്ത്യാനികളെയും ജൂതന്മാ രെയും മോചിപ്പിക്കാനാവില്ലെന്നറിയിക്കുകയും ചെയ്തു. എന്നാൽ, ശൈ ഖുൽ ഇസ്‌ലാം ഇതംഗീകരിച്ചില്ല. അദ്ദേഹം പ്രഖ്യാപിച്ചു: "മുഴുവൻ ക്രിസ്ത്യാനികളേയും ജൂതന്മാരേയും മോചിപ്പിക്കുകതന്നെ വേണം. മുസ്‌ലിംകളെപ്പോലെത്തന്നെയാണവരും."

യുദ്ധത്തിലേർപ്പെട്ട ശത്രുക്കളോടുപോലും അനീതി പ്രവർത്തിക്കാൻ പാടില്ലെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. കുരിശുസൈന്യത്തിന്റെ പിടിത്ത ത്തിൽനിന്ന് ഇസ്‌ലാമിക നാടുകൾ മോചിപ്പിച്ച സുൽത്താൻ സലാഹുദ്ദീൻ

അയ്യൂബിയുടെ അടുത്ത് ഒരു ക്രൈസ്തവസ്ത്രീ വന്ന് തന്റെ കുട്ടിയെ പട്ടാളക്കാർ തട്ടിയെടുത്തതായി പരാതിപ്പെട്ടു. സ്ത്രീയുടെ സംഭവവിവരണം കേട്ട് അദ്ദേഹത്തിന്റെ കണ്ണുകൾ നനഞ്ഞു. ഉടനെ തന്നോടു യുദ്ധം ചെയ്ത ശത്രുവിഭാഗത്തിൽപെട്ട പ്രസ്തുത സ്ത്രീയുടെ കുട്ടിയെ കണ്ടെത്താൻ ഉത്തരവിടുകയും വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തു. അങ്ങനെ അധികം താമസിയാതെ കുഞ്ഞിനെ കണ്ടെത്തി മാതാവിന്നേല്പിച്ചുകൊടുത്തു. അതോടൊപ്പം നിർഭയയും സമാധാനചിത്തയുമായി സ്വന്തം താവളത്തിലേക്ക് മടങ്ങാൻ സാധിക്കുമാറ് ആ സ്ത്രീയോടൊന്നിച്ച് അദ്ദേഹം രക്ഷാഭടന്മാരേയും അയച്ചുകൊടുത്തു. ശത്രുക്കളോടുപോലും ഇവ്വിധം നീതിപൂർവവും ഉദാരപൂർണവുമായ സമീപനം സ്വീകരിച്ച സലാഹുദ്ദീൻ അയ്യൂബിയുടെ സ്വഭാവവിശേഷതകൾ കണ്ട് പകച്ചുനിന്ന പാശ്ചാത്യൻ എഴുത്തുകാർ പോലും അദ്ദേഹത്തെ അങ്ങേയറ്റം പ്രശംസിക്കുകയുണ്ടായി. പ്രസിദ്ധ ചരിത്രപണ്ഡിതനായ മിക്കാഡ് പറയുന്നു: "അദ്ദേഹം തടവുകാരായ കുട്ടികളെ മാതാക്കൾക്കും ഭർത്താക്കന്മാരെ ഭാര്യമാർക്കും വിട്ടുകൊടുത്തു. അനേകം ക്രിസ്ത്യാനികൾ തങ്ങളുടെ വിലപിടിച്ച വസ്തുക്കളുപേക്ഷിച്ച് ക്ഷീണിതരായ മാതാപിതാക്കളേയും രോഗികളായ സുഹൃത്തുക്കളേയും കൊണ്ടുപോയി. ഈ കാഴ്ച സലാഹുദ്ദീനെ ആകുലചിത്തനാക്കി. അദ്ദേഹം പരാജിതരായ ശത്രുക്കൾക്ക് ആവശ്യമായ സാധനങ്ങളും സഹായങ്ങളും സമ്മാനങ്ങളും നല്കി."

മുസ്‌ലിം ഭരണകാലത്ത് ഇന്ത്യയിലെ ഹിന്ദുക്കൾക്ക് മുസ്‌ലിംകൾക്കെതിരെപ്പോലും നീതി ലഭിച്ചിരുന്നുവെന്ന് ക്യാംബ്രിഡ്ജ് ഹിസ്റ്ററി ഓഫ് ഇന്ത്യ വ്യക്തമാക്കുന്നു.[9]

ആധുനിക പാക്കിസ്താനിൽ ഭരണം പൂർണമായും ഇസ്‌ലാമികമല്ലാതിരുന്നിട്ടുകൂടി മതന്യൂനപക്ഷങ്ങൾക്ക് സമ്പൂർണ നീതി ലഭിക്കുന്നുണ്ട്. സിന്ധ് പ്രവിശ്യാ 'മുഹ്തസിബി'ന്റെ അടുക്കൽ ഒരു പരാതി പരിഗണനക്ക് വന്നു. പരാതി ഹിന്ദുക്കളുടേതായിരുന്നു. എതിർകക്ഷി മുസ്‌ലിമും. തങ്ങളുടെ ഒരു ക്ഷേത്രം എതിർകക്ഷി അക്രമിച്ച് അധീനപ്പെടുത്തിയിരിക്കുന്നുവെന്നതായിരുന്നു പരാതി. ക്ഷേത്രത്തോടനുബന്ധിച്ച് സ്വത്തുക്കൾ അയാൾക്ക് കൈമാറിയപ്പോൾ ക്ഷേത്രവുംകൂടി അന്യായമായി കൈവശപ്പെടുത്തുകയാണുണ്ടായത്. അയാളെ അതിൽനിന്ന് പിന്തിരിപ്പിക്കാൻ പ്രാദേശികതലത്തിൽ നടന്ന ശ്രമങ്ങൾ പരാജയപ്പെട്ടപ്പോഴാണ് ഹിന്ദുക്കൾ മുഹ്തസിബ് ആയ ജസ്റ്റിസ് മുഹമ്മദ് ഇഖ്ബാലിന്റെ മുമ്പാകെ പരാതി സമർപ്പിച്ചത്. സത്യം ഹിന്ദുക്കളുടെ വശമാണെന്ന് ബോധ്യമായ മുഹ്തസിബ് അവർക്ക് അനുകൂലമായി കേസ് വിധിക്കുകയും ചെയ്തു. പാക്കിസ്താനിൽ ഇസ്‌ലാമിക വ്യവസ്ഥ പൂർണാർഥത്തിൽ നടപ്പാക്കപ്പെട്ടിട്ടില്ലെങ്കിലും മതന്യൂനപക്ഷങ്ങളോടുള്ള സമീപനം തികച്ചും നീതിപൂർവമാണെന്ന് തെളിയിക്കുന്ന നിരവധി സംഭവങ്ങളിലൊന്നു മാത്രമാണിത്.

ഇസ്‌ലാമിക വ്യവസ്ഥയും ഭരണവും നിലനിന്നിരുന്നപ്പോഴെല്ലാം നീതി പാലനം എല്ലാവിധ പക്ഷപാതിത്വങ്ങൾക്കും അതീതമായിരുന്നു. രാജ്യത്തെ പൗരന്മാർക്കിടയിൽ ഒരുവിധ വിവേചനവും കല്പിക്കപ്പെട്ടിരുന്നില്ല. കാരണം, ഇസ്‌ലാം ജാതി, മത, ദേശ, ഭാഷ, വർഗ, വർണ വൈജാത്യങ്ങൾക്കതീതമായി മനുഷ്യർക്കിടയിൽ നിഷ്കൃഷ്ടമായ നീതി നടത്താനാണ് അതിന്റെ അനുയായികളോട് ആജ്ഞാപിക്കുന്നത്.

## കുറിപ്പുകൾ:

1. അന്നഹ്ൽ: 90
2. അൽഹുജുറാത്ത്: 9
3. അൽഹദീദ്: 25
4. അന്നിസാഅ്: 135
5. അൽമാഇദ: 8
6. അൽമുംതഹിന: 8
7. അന്നിസാഅ്: 105-109
8. ത്വബ്‌രി, ഭാഗം: 6, പുറം: 567-568
9. വാള്യം: 3, പേജ്: 89, 90. ഉദ്ധരണം: ബി.എൻ. പാണ്ഡെ- "ഇസ്‌ലാമും ഇന്ത്യൻ സംസ്കാരവും," പുറം: 11
10. അബൂദാവൂദ്, ബൈഹഖി

ഒമ്പത്

# ജിസ്‌യ

**ലോ**കത്ത് ഏറെ തെറ്റിദ്ധരിക്കപ്പെട്ട ഇസ്‌ലാമിക സാങ്കേതിക ശബ്ദങ്ങളിലൊന്നാണ് 'ജിസ്‌യ'. അത് ഇസ്‌ലാമിക രാഷ്ട്രങ്ങളിലെ മതന്യൂനപക്ഷങ്ങളോടുള്ള വിവേചനമായും അവരെ രണ്ടാംതരം പൗരന്മാരായി കാണാനുള്ള പ്രവണതയുടെ അടയാളമായും ആക്ഷേപിക്കപ്പെടാറുണ്ട്. അമുസ്‌ലിംകളുടെ മേൽ ചുമത്തപ്പെടുന്ന ഈ പ്രത്യേക നികുതിയുടെ പശ്ചാത്തലം മനസ്സിലാക്കാത്തതാണ് തെറ്റിദ്ധാരണകൾക്കും വിമർശനങ്ങൾക്കും കാരണം. സുപ്രധാനമായ രണ്ടു കാരണങ്ങളാലാണ് അമുസ്‌ലിം പൗരന്മാരുടെ മേൽ ഇസ്‌ലാമികരാഷ്ട്രം 'ജിസ്‌യ' ചുമത്തുന്നത്.

1. മുസ്‌ലിംകൾ തങ്ങളുടെ കാർഷികവരുമാനങ്ങളുടെ പത്തു ശതമാനവും മറ്റു വരുമാനങ്ങളുടെ രണ്ടര ശതമാനവും സകാത്ത് ഇനത്തിൽ പൊതു ഖജനാവിൽ (ബൈത്തുൽമാൽ) അടക്കാൻ ബാധ്യസ്ഥരാണ്. ഇത് ഒരു സാമ്പത്തികബാധ്യത എന്നതിലുപരി മതപരമായ ആരാധനാകർമം കൂടിയാണ്. അതിനാൽ, അത് അമുസ്‌ലിംകളുടെ മേൽ നിർബന്ധമാക്കാൻ നിർവാഹമില്ല. കാരണം, അതവരുടെ മതസ്വാതന്ത്ര്യത്തിന്റെ നിഷേധമായിരിക്കും. അതിനാൽ, സമൂഹത്തിലെ സാമ്പത്തിക സന്തുലിതത്വം നിലനിർത്താൻ അമുസ്‌ലിം പൗരന്മാരുടെ മേൽ ഇസ്‌ലാമിലെ മതചടങ്ങുകളുമായി ബന്ധമില്ലാത്ത മറ്റൊരു നികുതി ചുമത്തുകയാണുണ്ടായത്. അതാണ് ജിസ്‌യ. അപ്പോൾ മുസ്‌ലിംകളിൽനിന്ന് രാഷ്ട്രം നിർബന്ധമായും പിരിച്ചെടുക്കുന്ന സകാത്തിന് പകരമുള്ള ഒരു നികുതിയാണത്.

സമ്പത്തുള്ള മുസ്‌ലിംകളെല്ലാം സകാത്ത് നൽകാൻ ബാധ്യസ്ഥരാണ്. സ്ത്രീകളും കുട്ടികളും വൃദ്ധന്മാരും രോഗികളും ഉൾപ്പെടെ ആരുംതന്നെ അതിൽനിന്ന് മുക്തരല്ല. എന്നാൽ, അതിനെ അപേക്ഷിച്ച് 'ജിസ്‌യ'യിൽ ഒട്ടേറെ ഇളവുകളും ആനുകൂല്യങ്ങളുമുണ്ട്. സ്ത്രീകൾ, കുട്ടികൾ, അന്ധന്മാർ, വൃദ്ധൻമാർ, മാറാരോഗികൾ, ഭ്രാന്തന്മാർ, മഠങ്ങളിലെ സന്യാസിമാർ, പുരോഹിതന്മാർ പോലുള്ളവരിൽനിന്നൊന്നും ജിസ്‌യ ഈടാക്കപ്പെടുന്നതല്ല. അതിനാൽ, ജിസ്‌യ അമുസ്‌ലിം പൗരന്മാരോടുള്ള വിവേചനമല്ല. മറിച്ച്, അവർക്ക് സാമ്പത്തികമായി ഇളവ് ലഭിക്കുവാനുള്ള ഉപാധിയാണ്.

ഒരിക്കൽ പ്രവാചകന്റെ രണ്ടാം ഉത്തരാധികാരി ഉമറുൽ ഫാറൂഖ് തെരുവിലൂടെ നടന്നുപോവുകയായിരുന്നു. അപ്പോൾ അന്ധനും അവശനുമായ ഒരു വൃദ്ധനെ കണ്ടുമുട്ടി. ഉമർ അദ്ദേഹത്തിന്റെ തോളിൽ കൈവെച്ചു കൊണ്ട് ചോദിച്ചു: ''നിങ്ങൾ ആരാണ്?'' ''താൻ ഒരു ജൂതനാണെ"ന്നദ്ദേഹം അറിയിച്ചപ്പോൾ വീണ്ടും ചോദിച്ചു: "നിങ്ങൾക്ക് ഈ അവസ്ഥ എത്താൻ കാരണം?"

"വൃദ്ധനും അവശനുമായ ഞാൻ ജിസ്‌യ നല്കാൻ ബാധ്യസ്ഥനാണ്." ജൂതൻ പറഞ്ഞു. ഉടനെ ഉമറുൽ ഫാറൂഖ് അദ്ദേഹത്തെ തന്റെ താമസസ്ഥലത്തേക്ക് കൂട്ടിക്കൊണ്ടുപോയി സ്വന്തം സമ്പാദ്യത്തിൽനിന്ന് ഒരു സംഖ്യ കൊടുത്തു. ഒട്ടും താമസിയാതെ 'പൊതുഖജനാവ്' മേധാവിക്ക് അയാൾവശം ഒരു സന്ദേശമയക്കുകയും ചെയ്തു. അതിപ്രകാരമായിരുന്നു: ''ഇദ്ദേഹത്തേയും ഇദ്ദേഹത്തെപ്പോലുള്ളവരേയും കണ്ടെത്തുക. അല്ലാഹുവാണ! അയാളുടെ യൗവനം നാം ഉപയോഗപ്പെടുത്തുകയും വാർധക്യത്തിലയാളെ വഴിയാധാരമാക്കുകയും ചെയ്യുകയെന്നത് ഒട്ടുംതന്നെ നീതിയല്ല. സകാത്തിലൂടെയുള്ള വരുമാനം സാധുക്കൾക്കും (ഫുഖറാഅ്) നിർധനർക്കും (മസാകീൻ) അവകാശപ്പെട്ടതാണ്. ഫുഖറാഇന്റെ വിവക്ഷ മുസ്‌ലിംകളാണ്. വേദക്കാരനായ ഇദ്ദേഹം മസാകീനിൽപെടുന്നു. തുടർന്ന് ഉമറുൽ ഫാറൂഖ് ആ വൃദ്ധനെ ജിസ്‌യയിൽനിന്നൊഴിവാക്കുകയും ചെയ്തു."[1]

'ജിസ്‌യ' സകാത്തിനു പകരമായതിനാൽ ആരെങ്കിലും മുസ്‌ലിംകളെപ്പോലെ സകാത്തു നൽകാൻ സ്വയം സന്നദ്ധമാവുകയാണെങ്കിൽ അവരെ ഇസ്‌ലാമികരാഷ്ട്രം 'ജിസ്‌യ'യിൽനിന്ന് ഒഴിവാക്കുന്നതാണ്. ചരിത്രത്തിലിതിന് ഏറെ ഉദാഹരണങ്ങൾ കാണാം. ഒന്നിവിടെ ചേർക്കുന്നു. സർ തോമസ് ആർണൾഡ് എഴുതുന്നു: "...അവരോട് (തഗ്‌ലിബ് ഗോത്രം) അമുസ്‌ലിം ഗോത്രങ്ങൾക്ക് നല്കുന്ന സംരക്ഷണത്തിന് പകരമായി ചുമത്തുന്ന കരം- ജിസ്‌യ- അടക്കാനും അദ്ദേഹം (ഉമർ) ആവശ്യപ്പെട്ടു. എന്നാൽ, ജിസ്‌യ ഒടുക്കുന്നത് അപമാനമായി കരുതിയ തഗ്‌ലിബ് ഗോത്രം തങ്ങളെ മുസ്‌ലിംകളെപ്പോലെ നികുതി(സകാത്ത്) അടക്കാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു. ഖലീഫ അതനുവദിക്കുകയും അവർ മുസ്‌ലിംകളെപ്പോലെ ജിസ്‌യയുടെ ഇരട്ടിവരുന്ന സംഖ്യ ഖജനാവിലേക്കടക്കുകയും ചെയ്തു."[2]

ജിസ്‌യ ഒരു കാരണവശാലും അധികമാവരുതെന്ന് പ്രവാചകൻ നിഷ്കർഷിച്ചിട്ടുണ്ട്. അവിടന്ന് അരുൾ ചെയ്യുന്നു: "ഉടമ്പടിക്ക് വിധേയമായവനെ (ദിമ്മി) ഉപദ്രവിക്കുകയോ അമിതമായ നികുതി ചുമത്തുകയോ ചെയ്യുന്നവനെതിരെ അന്ത്യദിനത്തിൽ ഞാൻ വാദിക്കുന്നതാണ്."[3]

2. ഇസ്‌ലാമികരാഷ്ട്രം ആവശ്യപ്പെടുമ്പോഴെല്ലാം നിർബന്ധ പട്ടാള സേവനമനുഷ്ഠിക്കാൻ മുസ്‌ലിം പൗരന്മാർ ബാധ്യസ്ഥരാണ്. ഇത് അവരുടെ മതപരമായ ചുമതലകൂടിയാണ്. ഒരാദർശത്തിന്റെ സംരക്ഷണത്തിന്

ആ ആദർശം അംഗീകരിക്കാത്തവരെ നിർബന്ധിക്കുന്നത് ശരിയല്ല. അതിനാൽ, ഇസ്‌ലാമികരാഷ്ട്രം അമുസ്‌ലിം പൗരന്മാരെ പട്ടാളസേവനത്തിന് നിർബന്ധിക്കുകയില്ല. അതേസമയം സ്വയം മുന്നോട്ടുവന്നാൽ അവരെ പട്ടാളത്തിൽ ചേർക്കുകയും ചെയ്യും.

ഇസ്‌ലാമികരാഷ്ട്രം അവിടത്തെ മുഴുവൻ പൗരന്മാരേയും സംരക്ഷിക്കാൻ ബാധ്യസ്ഥമാണ്. അതിനാൽ, മുസ്‌ലിംകളുടെ മാത്രമല്ല, അമുസ്‌ലിംകളുടേയും ജീവനും സ്വത്തും അഭിമാനവും സംരക്ഷിക്കാൻ മുസ്‌ലിംകൾ നിർബന്ധ പട്ടാളസേവനത്തിന് ചുമതലപ്പെട്ടവരായിത്തീരുന്നു. ഇവ്വിധം സംരക്ഷണം ഉറപ്പുനല്കുന്നതിന്നും പട്ടാള സേവനത്തിൽനിന്ന് ഒഴിവാക്കുന്നതിന്നും പകരമായാണ് അവരിൽനിന്ന് 'ജിസ്‌യ' പിരിച്ചെടുക്കുന്നത്. എപ്പോഴെങ്കിലും അവർക്ക് സംരക്ഷണം നല്കാൻ സാധിക്കാതെ വരികയാണെങ്കിൽ ജിസ്‌യ തിരിച്ചുനല്കുന്നതായിരിക്കും. അപ്രകാരം തന്നെ സ്വയം സന്നദ്ധരായി പട്ടാളസേവനത്തിന് വരുമ്പോഴും അവരെ ജിസ്‌യയിൽനിന്ന് ഒഴിവാക്കുന്നതാണ്. സർ തോമസ് ആർണൾഡ് എഴുതുന്നു: "ചിലർ നമ്മെ വിശ്വസിപ്പിക്കുവാൻ ശ്രമിക്കുന്നതുപോലെ മുസ്‌ലിം വിശ്വാസം സ്വീകരിക്കാൻ വിസമ്മതിച്ചതിന്റെ ശിക്ഷയായി ക്രൈസ്തവരുടെ മേൽ ചുമത്തപ്പെട്ടതല്ല ഈ നികുതി. എല്ലാ അമുസ്‌ലിം പൗരന്മാരും അടക്കേണ്ടതായിരുന്നു അത്. മതപരമായ കാരണങ്ങൾകൊണ്ട് സൈനിക സേവനത്തിൽനിന്ന് അവർ ഒഴിവാക്കപ്പെട്ടിരുന്നു. മുസ്‌ലിംകൾ നല്കിയിരുന്ന സംരക്ഷണത്തിന് പകരമായാണ് അവർ ജിസ്‌യ ഒടുക്കേണ്ടി വന്നത്. ഹീറയിലെ ജനങ്ങൾ കരാർ പ്രകാരമുള്ള സംഖ്യ അടച്ചപ്പോൾ, അത് മർദകരിൽനിന്ന് (അവർ മുസ്‌ലിംകളോ മറ്റുള്ളവരോ ആവട്ടെ) രക്ഷിക്കുന്നതിന് പകരമാണെന്ന് മുസ്‌ലിംകളോട് പ്രത്യേകം വ്യക്തമാക്കിയിരുന്നു. ഹീറയുടെ സമീപപ്രദേശത്തുള്ള ചില ഗോത്രക്കാരുമായി കരാറുണ്ടാക്കിയപ്പോൾ ഖാലിദ് വ്യക്തമാക്കി: 'ഞങ്ങൾ നിങ്ങളെ സംരക്ഷിക്കുമ്പോൾ ജിസ്‌യ ഞങ്ങൾക്കവകാശപ്പെട്ടതാണ്. ഞങ്ങൾ സംരക്ഷിക്കുന്നില്ലെങ്കിൽ അതിൽ ഞങ്ങൾക്കവകാശവുമില്ല.' ഖലീഫാ ഉമറിന്റെ കാലത്തുണ്ടായ ഒരു സംഭവം ഇത്തരം കരാറുകൾ പാലിക്കുന്നതിൽ മുസ്‌ലിംകൾ എത്ര ബദ്ധശ്രദ്ധരായിരുന്നുവെന്ന് വ്യക്തമാക്കുന്നു. ഹിറാക്ലിയസ് ചക്രവർത്തി മുന്നേറുന്ന മുസ്‌ലിം സൈന്യത്തെ തിരിച്ചോടിക്കാൻ ഒരു വലിയ പട്ടാളസംഘത്തെ സജ്ജീകരിച്ചു. അതിനാൽ, മുസ്‌ലിംകൾക്ക് മുഴുവൻ ഊർജവും അദ്ദേഹത്തെ നേരിടാൻ ഉപയോഗിക്കേണ്ടിവന്നു. അതുകൊണ്ട് അറബ് സൈനികമേധാവിയായ അബൂഉബൈദ സിറിയൻ നഗരങ്ങളിലെ മുസ്‌ലിം ഗവർണർമാർക്ക് അതിനകം ശേഖരിച്ചുകഴിഞ്ഞ ജിസ്‌യ മുഴുവൻ തിരിച്ചുകൊടുക്കാൻ കല്പിച്ചുകൊണ്ടെഴുതി. അമുസ്‌ലിം പ്രജകളോട് ഇങ്ങനെ പറയാനും നിർദേശമുണ്ടായിരുന്നു: "നിങ്ങളിൽനിന്നെടുത്ത ധനം നിങ്ങൾക്ക് തിരിച്ചുനൽകുന്നു. ഞങ്ങൾക്കെതിരെ ഒരു മഹാസൈന്യം മുന്നേറുന്നതായി വാർത്തയുണ്ട്. നിങ്ങൾക്ക് സംരക്ഷണം നല്കാമെന്നാണ് ഞങ്ങൾ കരാർ ചെയ്തത്. ഇപ്പോൾ ഞങ്ങൾക്കതിനു കഴിവില്ല. അതിനാൽ, നിങ്ങളിൽനി

ന്നെടുത്തതെല്ലാം ഞങ്ങൾ തിരിച്ചുനൽകുകയാണ്. വിജയികളാവുന്നുവെങ്കിൽ വീണ്ടും ഞങ്ങൾ കരാറനുസരിച്ച് പ്രവർത്തിക്കാൻ ബാധ്യസ്ഥരായിരിക്കും.'' ഈ കല്പന പ്രകാരം പൊതുഖജനാവിൽനിന്ന് ധാരാളം ധനം വിതരണം ചെയ്യപ്പെടുകയുണ്ടായി. ക്രിസ്ത്യാനികളാവട്ടെ മുസ്‌ലിംകളുടെ വിജയത്തിനായി പ്രാർഥിച്ചുകൊണ്ടിരുന്നു. 'ദൈവം നിങ്ങൾക്ക് വീണ്ടും ഞങ്ങളെ ഭരിക്കുന്നതിനുള്ള കഴിവു നല്കട്ടെ. നിങ്ങൾ റോമക്കാരുടെ മേൽ വിജയം വരിക്കട്ടെ. അവരായിരുന്നുവെങ്കിൽ ഞങ്ങൾക്കൊന്നും തിരിച്ചുനല്കുമായിരുന്നില്ലെന്നു മാത്രമല്ല, ഞങ്ങളുടെ പക്കൽ ശേഷിച്ചിരുന്നതും പിടിച്ചെടുക്കുമായിരുന്നു.''

ശാരീരിക ശേഷിയുള്ള പുരുഷന്മാരുടെ മേലാണ് ജിസ്‌യ ചുമത്തിയിരുന്നത് എന്ന് നാം കണ്ടു. സൈന്യത്തിൽ സേവനമനുഷ്ഠിക്കുന്നതിന് പകരമായിരുന്നു അത്. ഏതെങ്കിലും ക്രൈസ്തവർ സൈന്യത്തിൽ ചേർന്നിരുന്നുവെങ്കിൽ അവരെ ജിസ്‌യയിൽനിന്ന് ഒഴിവാക്കിയിരുന്നു. അന്തോക്യയുടെ പരിസരങ്ങളിലുള്ള ജുർജിമാ ഗോത്രത്തിന്റെ കാര്യമിതായിരുന്നു. മുസ്‌ലിംകളുടെ പക്ഷം ചേർന്ന് സമരം ചെയ്യാമെന്ന നിബന്ധനയിൽ അവർ മുസ്‌ലിംകളുമായി സഖ്യമുണ്ടാക്കി. ജിസ്‌യ ആവശ്യപ്പെടരുതെന്നും സമരാർജിത സ്വത്തുക്കളിൽനിന്ന് ഒരു പങ്ക് അവർക്കും ലഭിക്കണമെന്നുമായിരുന്നു മറ്റു നിബന്ധനകൾ. അറബ് മുന്നേറ്റം ഹിജ്റ 22-ൽ പേർഷ്യയുടെ വടക്കുഭാഗത്തെത്തിയപ്പോൾ അവിടെ അതിർത്തിയിലുള്ള ഒരു ഗോത്രവുമായി മുസ്‌ലിംകൾ ഇത്തരമൊരു കരാറിലേർപ്പെടുകയുണ്ടായി.

"തുർക്കി ഭരണകാലത്ത് സൈന്യത്തിൽ സേവനമനുഷ്ഠിച്ചിരുന്ന ക്രിസ്ത്യാനികളും ജിസ്‌യയിൽനിന്ന് ഒഴിവാക്കപ്പെട്ടിരുന്നതായി കാണാം. കൊറിൻത് കരയിടുക്കിലേക്ക് നയിക്കുന്ന സിത്തിറോൺ, ഗറാനിയ ചുരങ്ങൾ കാക്കാൻ ഒരു സംഘം സായുധരെ നല്കാമെന്ന വ്യവസ്ഥയിൽ അൽബേനിയൻ ക്രൈസ്തവ വർഗമായ മെഗാരികളെ തുർക്കികൾ ജിസ്‌യയിൽനിന്ന് ഒഴിവാക്കിയിരുന്നു. തുർക്കി സൈന്യത്തിന്റെ മുമ്പേപോയി നിരത്തുകളും പാലങ്ങളും നന്നാക്കിയിരുന്ന ക്രിസ്തീയ സംഘത്തിന് ജിസ്‌യ ഒഴിവാക്കിക്കൊടുത്തിരുന്നുവെന്നു മാത്രമല്ല, കരം വാങ്ങാതെ ഭൂമി പതിച്ചുകൊടുക്കുകയും ചെയ്തിരുന്നു. ഹൈഡ്രയിലെ ക്രിസ്ത്യാനികൾ സുൽത്താന്ന് ജിസ്‌യ നല്കിയിരുന്നില്ല. പകരമായി അവർ 250 ദൃഢഗാത്രരായ നാവികരെ തുർക്കിപ്പടക്കു നല്കി.

"ആർമത്തോളി എന്നു വിളിക്കപ്പെടുന്ന തെക്കൻ റുമാനിയക്കാരാണ് പതിനാറും പതിനേഴും നൂറ്റാണ്ടുകളിൽ തുർക്കി സൈന്യത്തിൽ മുഖ്യഘടകമായിരുന്നത്. സ്കൂട്ടാരിക്ക് വടക്കുള്ള പർവതനിരകളിൽ വസിച്ചിരുന്ന മിർദികൾ എന്ന അൽബേനിയൻ കത്തോലിക്കർ കരത്തിൽനിന്നൊഴിവാക്കപ്പെട്ടിരുന്നു. യുദ്ധവേളയിൽ ഒരു സായുധ സംഘത്തെ നൽകാമെന്നായിരുന്നു അവരുടെ പ്രതിജ്ഞ. അതേപോലെ ഗ്രീക്ക് ക്രിസ്ത്യാനികളേയും ജിസ്‌യയിൽനിന്നൊഴിവാക്കി. കോൺസ്റ്റാന്റിനോപ്പിളിലേക്ക് ശുദ്ധ

ജലം കൊണ്ടുവന്നിരുന്ന ശിലാനാളികൾ അവരായിരുന്നു സംരക്ഷിച്ചിരുന്നത്. നഗരത്തിലെ വെടിമരുന്നുശാലക്ക് കാവലിരുന്നവരേയും കരത്തിൽനിന്നൊഴിവാക്കിയിരുന്നു. എന്നാൽ, ഈജിപ്തിലെ ഗ്രാമീണ കർഷകർ സൈനിക സേവനത്തിൽനിന്നു ഒഴിവാക്കപ്പെട്ടപ്പോൾ അവരുടെ മേൽ ക്രിസ്ത്യാനികളെപ്പോലെ കരം ചുമത്തുകയും ചെയ്തു."[4]

നബി തിരുമേനിയുടെ കാലത്ത് മദീനയിലെ അമുസ്‌ലിം വിഭാഗങ്ങൾ രാഷ്ട്രത്തിന്റെ പ്രതിരോധ പ്രവർത്തനങ്ങളിൽ പങ്കാളികളായിരുന്നതിനാൽ അവരിൽനിന്നു ജിസ്‌യ ഈടാക്കിയിരുന്നില്ല. അപ്രകാരംതന്നെ കൈറോവിൽനിന്നു ചെങ്കടലിലേക്ക് ഒരു കനാൽ കുഴിക്കാനുള്ള സ്ഥലം തെരഞ്ഞെടുക്കാൻ സഹായിച്ച അമുസ്‌ലിമിനെ ഖലീഫാ ഉമർ ഫാറൂഖ് ജിസ്‌യയിൽനിന്നു ഒഴിവാക്കിയിരുന്നു."[5]

സുൽത്താൻ സലാഹുദ്ദീൻ സിറിയയിൽനിന്നു പിൻവാങ്ങാൻ നിർബന്ധിതനായപ്പോൾ തദ്ദേശീയരിൽനിന്നു പിരിച്ചെടുത്തിരുന്ന ജിസ്‌യ മടക്കിക്കൊടുക്കുകയുണ്ടായി. ഇത്തരം ചരിത്രസംഭവങ്ങൾ മുന്നിൽ കണ്ടുകൊണ്ട് ഡോ: താരാചന്ദ് എഴുതുന്നു: "സംരക്ഷണം ഉറപ്പുകൊടുക്കാനാവാത്ത സന്ദർഭങ്ങളിൽ ഖലീഫമാർ ഈ നികുതി തിരിച്ചുകൊടുത്തിരുന്നു."[6]

ചുരുക്കത്തിൽ ജിസ്‌യ ഒരു മതനികുതിയല്ല. ആയിരുന്നിട്ടുമില്ല. അഥവാ അത് മതനികുതിയായിരുന്നുവെങ്കിൽ സ്ത്രീകളെയും കുട്ടികളെയും വൃദ്ധന്മാരെയും പുരോഹിതന്മാരെയും അതിൽനിന്നൊഴിവാക്കുമായിരുന്നില്ല. യഥാർഥത്തിൽ ജിസ്‌യ യുദ്ധ നികുതിയാണ്. കഴിവും കായികബലവും ഉണ്ടായിരുന്നിട്ടും സൈനികസേവനമനുഷ്ഠിക്കാൻ സന്നദ്ധരാവാത്തവരാണ് അത് നല്കേണ്ടത്. നിർബന്ധ പട്ടാളസേവനം നിലനിൽക്കുന്ന പശ്ചാത്തലത്തിൽ അതിൽനിന്നൊഴിവാകുന്നതോടൊപ്പം ശാരീരികവും സാമ്പത്തികവുമായ സുരക്ഷിതത്വം അനുഭവിക്കുന്നതിനുള്ള പ്രതിഫലമാണത്. എന്നാൽ, ഇസ്‌ലാമികരാഷ്ട്രത്തിലെ മുസ്‌ലിം പൗരന്മാർ നിർബന്ധ സൈനികസേവനമനുഷ്ഠിച്ചാലും ഭരണകൂടത്തിനു സകാത്ത് നൽകാൻ ബാധ്യസ്ഥരാണ്. എക്കാലത്തും സകാത്ത് സംഖ്യ ജിസ്‌യയേക്കാൾ വളരെ കൂടുതലായിരുന്നു എന്ന വസ്തുത പ്രത്യേകം പ്രസ്താവ്യമാണ്. അതിനാൽ, ഇസ്‌ലാമികരാഷ്ട്രത്തിൽ ജിസ്‌യ നല്കുന്ന അമുസ്‌ലിം പൗരന്മാർ മുസ്‌ലിംകളേക്കാൾ എന്തുകൊണ്ടും സൗകര്യവും ആനുകൂല്യവും അനുഭവിക്കുന്നവരാണ്.

## കുറിപ്പുകൾ:

1. അബൂയൂസുഫ്- കിതാബുൽ ഖറാജ്, പുറം: 126 കാണുക.
2. തോമസ് ആർണൾഡ്- ഇസ്‌ലാം പ്രബോധനവും പ്രചാരവും, പുറം: 62
3. അബൂയൂസുഫ്- കിതാബുൽ ഖറാജ്, പുറം: 71
4. തോമസ് ആർണൾഡ്- ഇസ്‌ലാം പ്രബോധനവും പ്രചാരവും, പുറം: 73- 76
5. ഇമാം സുയൂത്തി- ഹുസ്നുൽ മുഹാളറ ഫീ അഖ്ബാരി മിസ്ർ വൽ ഖാഹിറഃ
6. ഉദ്ധരണം: Do: Roy Choudhary.

പത്ത്

# കാഫിർ

മൂടിവെച്ചു, മറച്ചുവെച്ചു എന്നൊക്കെ അർഥമുള്ള 'കഫറ' എന്ന പദത്തിൽ നിന്നാണ് 'കാഫിർ' ഉണ്ടായത്. അതിനാൽ 'മറച്ചുവെക്കുന്നവൻ' എന്നാണ് കാഫിർ എന്ന പദത്തിന്റെ അർഥം. വിത്ത് മറച്ചുവെക്കുന്നവൻ എന്ന നിലയിൽ കർഷകനെ കാഫിർ എന്ന് വിശേഷിപ്പിക്കാം. വിശുദ്ധ ഖുർആൻ തന്നെ കർഷകരെക്കുറിച്ച് കാഫിറുകൾ (കുഫ്ഫാർ) എന്ന് പ്രയോഗിച്ചിട്ടുണ്ട്:

"അറിയുക: ഐഹികജീവിതം കളിയും വിനോദവും അലങ്കാരവും നിങ്ങൾ പരസ്പരം പെരുമനടിക്കലും സ്വത്തുക്കളിലും സന്താനങ്ങളിലും ദുരഭിമാനം കാണിക്കലും മാത്രമത്രെ. ഒരു മഴ പോലെ. അതു മൂലമുണ്ടാകുന്ന ചെടികൾ 'കാഫിറു'കളെ വിസ്മയിപ്പിക്കുന്നു. പിന്നീട് അതിന് ഉണക്കം ബാധിക്കുന്നു. അപ്പോഴത് മഞ്ഞളിച്ചതായി നിനക്കു കാണാം. പിന്നീട് അത് തുരുമ്പായിത്തീരുന്നു" (57: 20).

ഇവിടെ 'കാഫിറു'കളെന്നതിന്റെ വിവക്ഷ കർഷകരാണെന്നത് സുസമ്മതവും സുവിദിതവുമത്രെ. സത്യവും അസത്യവും വന്നെത്തിയ ശേഷം സത്യത്തെ ബോധപൂർവം മറച്ചുവെക്കുന്നവനും അതിനെ അവിശ്വസിക്കുന്നവനും നിഷേധിക്കുന്നവനുമാണ് കാഫിർ. 'നന്ദികെട്ടവൻ' എന്ന അർഥത്തിലും ഖുർആൻ ഈ പദം പ്രയോഗിച്ചിട്ടുണ്ട്. "അതിനാൽ നിങ്ങൾ എന്നെ സ്മരിക്കുക. എന്നോട് നന്ദിയുള്ളവരായിരിക്കുക. നന്ദികെട്ടവർ( കാഫിറുകൾ) ആവാതിരിക്കുക"(2: 152).

തനിക്കു ലഭിച്ച ഉപകാരങ്ങളും ഔദാര്യങ്ങളും മറച്ചുവെക്കലാണല്ലോ നന്ദികേട്. അതിനാൽ 'മറച്ചുവെക്കുക' എന്നതിൽനിന്നുതന്നെയാണ് നന്ദികേട് എന്ന അർഥവും സിദ്ധിച്ചത്. എന്നാൽ, 'സത്യത്തെ നിഷേധിച്ചവരും അവിശ്വസിച്ചവരും' എന്ന അർഥത്തിലാണ് കാഫിറുകൾ എന്ന പദം കൂടുതലും പ്രയോഗിച്ചിട്ടുള്ളത്. ഖുർആനിൽ 'കഫറ'യും 'കാഫിറു'മായി ബന്ധപ്പെട്ട പദങ്ങൾ അഞ്ഞൂറോളം സ്ഥലങ്ങളിൽ വന്നിട്ടുണ്ട്. അവയി

ലൊരിടത്തുപോലും അമുസ്‌ലിം എന്ന അർഥത്തിൽ അത് പ്രയോഗിച്ചി ട്ടില്ല.

മനുഷ്യനെയും അവൻ ജീവിക്കുന്ന പ്രപഞ്ചത്തെയും സൃഷ്ടിച്ച് സംര ക്ഷിക്കുന്ന ദൈവത്തെയും അവൻ നൽകിയ സന്ദേശത്തെയും നിഷേധി ക്കുന്നവനാണ് കാഫിർ. അവൻ പരമമായ സത്യത്തെ നിഷേധിക്കുന്നവ നത്രെ. മനുഷ്യന് ജീവനും ജീവിതവും ജീവിത വിഭവങ്ങളും നൽകിയ സ്രഷ്ടാവിൽ വിശ്വസിച്ച് അവന്റെ ഔദാര്യങ്ങൾക്ക് നന്ദി കാണിക്കാത്ത വനെന്ന നിലയിലും അവൻ കാഫിർ തന്നെ. സത്യം വന്നെത്തിയിട്ടും അതം ഗീകരിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യാതെ മറച്ചുവെക്കുന്നവനെന്ന നിലയിലും അത്തരക്കാർ കാഫിറുകളാണ്. സത്യം വന്നെത്തുകയും മന സ്സിലാക്കുകയും ചെയ്യാത്തവർ അതിനെ മറച്ചുവെക്കുന്ന പ്രശ്നം ഉദ്ഭവി ക്കുന്നില്ലല്ലോ.

കാഫിർ എന്ന പദം സംബോധനക്കുള്ള പേരെന്ന നിലയിലല്ല ഖുർ ആൻ പ്രയോഗിച്ചത്. പരിഹസിക്കാനോ ശകാരിക്കാനോ അധിക്ഷേപി ക്കാനോ വേണ്ടിയുമല്ല. മറിച്ച്, ഒരവസ്ഥയെ വിശദീകരിക്കാനും അതിന്റെ പരിണതി അറിയിക്കാനുമാണ്. അതിനാൽ, ഖുർആൻ ആരാണ് കാഫിർ എന്ന് വിശദീകരിക്കുന്നു:

"അല്ലാഹുവിലും അവന്റെ ദൂതന്മാരിലും അവിശ്വസിക്കുകയും വിശ്വാ സകാര്യത്തിൽ അല്ലാഹുവിനും അവന്റെ ദൂതന്മാർക്കുമിടയിൽ വിവേചനം കൽപിക്കാനാഗ്രഹിക്കുകയും 'ഞങ്ങൾ ചിലരെ വിശ്വസിക്കുകയും ചിലരെ അവിശ്വസിക്കുകയും ചെയ്യുന്നു'വെന്ന് പറയുകയും അങ്ങനെ സത്യവി ശ്വാസത്തിനും നിഷേധത്തിനുമിടയിൽ മറ്റൊരു മാർഗമവലംബിക്കാനുദ്ദേ ശിക്കുകയും ചെയ്യുന്നവരാരോ, അവർ തന്നെയാണ് യഥാർഥ കാഫിറു കൾ. സത്യ നിഷേധികൾക്ക് നിന്ദ്യമായ ശിക്ഷ നാം ഒരുക്കിവെച്ചിട്ടുണ്ട്" (4: 150,151).

ഖുർആനിൽ ഒരിടത്തുമാത്രമേ ഭൂമിയിലെ കാഫിറുകളെ സംബോധന ചെയ്യുന്നുള്ളൂ; സൂറ അൽകാഫിറൂനിൽ. തീർത്തും പ്രത്യേകമായ പശ്ചാ ത്തലത്തിൽ പ്രവാചകനോടുള്ള നിർദേശത്തിന്റെ ഭാഗമാണത്. ഇസ്‌ലാ മിക പ്രബോധനത്തിനെതിരെ മക്കയിലെ ഖുറൈശിക്കൂട്ടം എതിർപ്പിന്റെ കൊടുങ്കാറ്റഴിച്ചുവിട്ടു. മർദനത്തിന്റെ സമ്മർദത്തിൽ പ്രവാചകനും അനു ചരന്മാരും തങ്ങളുടെ നിർദേശങ്ങൾക്കു വഴങ്ങുമെന്നായിരുന്നു അവരുടെ പ്രതീക്ഷ. അങ്ങനെ അവർ പലവിധ നിർദേശങ്ങളും പ്രവാചകന്റെ മുമ്പിൽ സമർപ്പിച്ചു. അവയിലൊന്ന് ഇതായിരുന്നു: "മക്കയിലെ ഏറ്റവും വലിയ സമ്പന്നനാകാൻ മാത്രമുള്ള സ്വത്ത് ഞങ്ങൾ താങ്കൾക്കു തരാം. ഇഷ്ട മുള്ള ഏതു യുവതിയെയും കല്യാണം കഴിച്ചുതരാം. ഞങ്ങൾ താങ്കളെ പിന്തുടരാനും സന്നദ്ധമാണ്; താങ്കൾ ഞങ്ങളുടെ ഒരു ഉപാധി മാത്രം സ്വീക രിച്ചാൽ മതി: ഞങ്ങളുടെ ദൈവങ്ങളെ വിമർശിക്കരുത്. താങ്കൾക്ക് ഇതു

സ്വീകാര്യമല്ലെങ്കിൽ ഞങ്ങൾക്കും താങ്കൾക്കും ഗുണകരമായ മറ്റൊരു നിർദേശം ഉന്നയിക്കാം.” പ്രവാചകൻ ചോദിച്ചു: “അതെന്താണ്?” അവർ പറഞ്ഞു: “ഒരു കൊല്ലം താങ്കൾ ഞങ്ങളുടെ ദൈവങ്ങളായ ലാത്തയെയും ഉസ്സയെയും ആരാധിക്കുക. ഒരു കൊല്ലം ഞങ്ങൾ താങ്കളുടെ ദൈവത്തെ ആരാധിക്കാം” (ഇബ്നുജരീർ, ഇബ്നു അബീഹാതിം, ത്വബ്റാനി).

ഇതിനുള്ള ദൈവിക പ്രതികരണമായാണ് പ്രസ്തുത അധ്യായം അവതീർണമായത്. അതിനാലിത് പൊതുവായ സംബോധനയോ പ്രബോധിതരോടുള്ള സംബോധനയോ അല്ല, തീർത്തും നിരർഥകമായ സന്ധിനിർദേശങ്ങളോടുള്ള നിരാസപരമായ വിടപറയലിന്റെ വേളയിലെ സംബോധനയാണ്.

സത്യപ്രബോധനം നടത്തേണ്ട ആവശ്യമില്ലാത്ത വിധം സത്യനിഷേധത്തിൽ മൂടുറച്ചുപോയവർ മാത്രമേ ‘കാഫിറുകളേ’ എന്ന സംബോധനക്ക് അർഹരാകുന്നുള്ളൂ എന്ന് വിശുദ്ധ ഖുർആൻ പരിശോധിക്കുമ്പോൾ ആർക്കും ബോധ്യപ്പെടും. അതുകൊണ്ടുതന്നെ ഖുർആൻ ഒരിടത്തുപോലും അമുസ്‌ലിംകളെ ‘കാഫിറുകൾ’ എന്ന് സംബോധന ചെയ്തിട്ടില്ല. പൊതുസമൂഹത്തെ സംബോധന ചെയ്യാനും പരിചയപ്പെടുത്താനും ഖുർആൻ സ്വീകരിച്ച പദം ‘ജനങ്ങൾ’, ‘മനുഷ്യർ’ എന്നൊക്കെ അർഥമുള്ള ‘അന്നാസ്’ എന്നതാണ്. വിശുദ്ധ ഖുർആനിലെ കാഫിറുകളെ സംബന്ധിച്ച പരാമർശങ്ങളെല്ലാം അവർ ആരെന്ന് വിശദീകരിക്കാനും അവരുടെ സമീപനം വ്യക്തമാക്കാനും അവരോട് സ്വീകരിക്കേണ്ട നയം പഠിപ്പിക്കാനും ഈ ലോകത്തും പരലോകത്തുമുള്ള അവരുടെ അവസ്ഥ വരച്ചുകാണിക്കാനുമാണ്.

കാഫിറുകൾ പരലോകത്ത് ശിക്ഷാർഹരാണെന്ന് ഖുർആൻ അസന്ദിഗ്ദമായി പ്രഖ്യാപിക്കുന്നു. അതോടൊപ്പം സത്യസന്ദേശം ലഭിക്കാത്തവർ ശിക്ഷിക്കപ്പെടുകയില്ലെന്ന് ഊന്നിപ്പറയുകയും ചെയ്യുന്നു. ദൈവിക സന്മാർഗത്തെ സംബന്ധിച്ച് അറിയാത്തവർ കാഫിറുകളല്ലെന്ന് ഇക്കാര്യവും സംശയാതീതമായി വ്യക്തമാക്കുന്നു.

അതുകൊണ്ടുതന്നെ ഇന്ത്യയിലെ ഹിന്ദുക്കളെ മുസ്‌ലിംകൾ കാഫിറുകളെന്ന് വിളിക്കാറില്ല. പത്ത് നൂറ്റാണ്ടുമുമ്പ് ഇന്ത്യ സന്ദർശിച്ച് പന്ത്രണ്ടു വർഷം ഇവിടെ താമസിച്ച് ഇന്ത്യയെയും ഇന്ത്യക്കാരെയും ഹിന്ദുക്കളെയും ഹിന്ദു ദർശനത്തെയും സംബന്ധിച്ച് ‘കിതാബുൽ ഹിന്ദ്’ എന്ന ശ്രദ്ധേയമായ ഗ്രന്ഥം രചിച്ച അബൂറയ്ഹാൻ അൽബിറൂനി അക്കാലത്തുപോലും ഇവിടത്തെ അമുസ്‌ലിംകളെ ‘കാഫിറുകൾ’ എന്ന് വിളിച്ചിട്ടില്ല. ‘ഹിന്ദുക്കൾ’ (അൽഹുനൂദ്) എന്നാണ് വിശേഷിപ്പിക്കുകയും വിളിക്കുകയും ചെയ്തത്.

അനുബന്ധം i

# ഇസ്‌ലാമിക രാഷ്ട്രത്തിന്റെ പ്രഥമ ഭരണഘടന

**പ്ര**വാചകൻ മുഹമ്മദ്നബി(സ) ജന്മദേശമായ മക്കയിൽനിന്ന് യഥ്‌രിബി ലേക്ക് പലായനം ചെയ്തു. ഇസ്‌ലാമിക പ്രബോധന ചരിത്രത്തിലെ സുപ്രധാനമായ സംഭവമായിരുന്നു അത്. നന്മയുടെ നാമ്പുകൾ വളരെ വേഗം തഴച്ചുവളരാൻ പറ്റിയ മണ്ണായിരുന്നില്ല മക്ക. എന്നാൽ, യഥ്‌രി ബിലെ സാഹചര്യം സത്യപ്രബോധനത്തിന് ഏറെ സഹായകമായി രുന്നു. നബിതിരുമേനി അവിടെ എത്തിയതോടെ ആ പട്ടണത്തിന്റെ പേരു പോലും മാറി. അത് നബിയുടെ നഗരം- മദീനത്തുന്നബി-മായി.

മദീനയിൽ വിവിധ മതവിശ്വാസികളുണ്ടായിരുന്നു. പ്രവാചകന്റെ ആഗമനത്തോടെ അവിടെ ഒരിസ്‌ലാമികരാഷ്ട്രം സ്ഥാപിതമായി. അതിന്റെ നായകൻ നബിതിരുമേനി തന്നെയായിരുന്നു. യഹൂദരും ബഹു ദൈവവാദികളും മുസ്‌ലിംകളുമെല്ലാം ഉൾക്കൊള്ളുന്ന ഒരവർഗീയ രാഷ്ട്ര മായിരുന്നു അത്.

മദീനക്കുവേണ്ടി പ്രവാചകൻ ഒരു പ്രമാണം തയ്യാറാക്കി. ആധുനിക സാങ്കേതിക ഭാഷയിലതിനെ ഭരണഘടനയെന്നു വിളിക്കാം. വിശ്വാസം, ആരാധനാനുഷ്ഠാനങ്ങൾ, ആചാരസമ്പ്രദായങ്ങൾ തുടങ്ങിയവയിലെല്ലാം വമ്പിച്ച വ്യത്യാസങ്ങളുണ്ടായിരുന്ന നാട്ടിലെ മുഴുവൻ പൗരന്മാരെയും ഒരൊറ്റ ജനതയായാണ് പ്രസ്തുത പ്രമാണം പരിഗണിച്ചത്. മുഴുവൻ മതസമൂഹങ്ങൾക്കും തുല്യപൗരത്വവും പദവിയും അവകാശബാധ്യത കളും അത് പ്രഖ്യാപനം ചെയ്യുന്നു. അതിലെ ഉള്ളടക്കമാണ് ഖണ്ഡിക കളായി തിരിച്ച് ഇവിടെ ചേർത്തിട്ടുള്ളത്.

## ഇസ്‌ലാമിക രാഷ്ട്രത്തിന്റെ പ്രഥമ ഭരണഘടന

i) ഖുറൈശികളിലും യഥ്‌രിബുകാരിലും പെട്ട വിശ്വാസികളോടും മുസ്‌ലിംകളോടും അവരെ അനുഗമിക്കുകയും അവരോട് ചേരുകയും

അവരോടൊപ്പം പ്രതിരോധ പ്രവർത്തനങ്ങളിലേർപ്പെടുകയും ചെയ്യുന്ന എല്ലാവരോടും ദൈവത്തിന്റെ ദൂതനും ദാസനുമായ മുഹമ്മദ് പ്രഖ്യാപനം ചെയ്യുന്ന പ്രമാണമാണിത്.

ii) ഇവരെല്ലാം ഒരൊറ്റ ജനത(ഉമ്മത്ത്)യാണ്. മറ്റുള്ളവരതിൽ പെടുകയില്ല.

iii) ഖുറൈശികളിൽപെട്ട മുഹാജിറുകൾക്ക് ചില ബാധ്യതകളുണ്ട്. അവരിൽപെട്ട ബന്ധനസ്ഥരെ സത്യവിശ്വാസികൾക്കിടയിലുള്ള നീതിയും മര്യാദയുമനുസരിച്ച് മോചനദ്രവ്യം നല്കി അവർ വീണ്ടെടുക്കേണ്ടതാണ്.[1]

iv) ഔഫ് ഗോത്രത്തിന് അവരുടെ സമ്പ്രദായമനുസരിച്ച് മുൻകാലങ്ങളിലെപ്പോലെ ബാധ്യതകളുണ്ട്. അവരിൽ ഓരോ വിഭാഗവും തങ്ങളിലെ തടവുകാരെ വിശ്വാസികൾക്കിടയിൽ നടപ്പുള്ള നീതിയും ന്യായവുമനുസരിച്ച് മോചനദ്രവ്യം നല്കി മോചിപ്പിക്കേണ്ടതാണ്.(സാഇദ, അൽഹാരിസ്, ജുശം, അന്നജ്ജാർ, അംറുബിൻ ഔഫ്, അന്നബീത് തുടങ്ങി അൻസാറുകളിൽപെട്ട മുഴുവൻ ഗോത്രങ്ങളുടെയും പേരെടുത്തു പറഞ്ഞ് ഈ വ്യവസ്ഥകൾ എല്ലാവർക്കും ബാധകമാക്കി.)

v) സത്യവിശ്വാസികളിൽ ആരേയും മര്യാദപൂർവം പ്രായശ്ചിത്തമോ മോചനദ്രവ്യമോ നല്കാതെ നിസ്വനായി വിടുന്നതല്ല.

vi) ഒരു വിശ്വാസി സ്വതന്ത്രനാക്കിയ അടിമയുമായി മറ്റൊരു വിശ്വാസി, അദ്ദേഹത്തിന്റെ അനുമതിയില്ലാതെ, സഖ്യം ചെയ്യുന്നതല്ല.

vii) സത്യവിശ്വാസികളിൽപെട്ട ആരെങ്കിലും അക്രമമോ അനീതിയോ പാപമോ പ്രവർത്തിക്കാനോ പക പോക്കാനോ വിശ്വാസികൾക്കിടയിൽ ആഭ്യന്തരക്കുഴപ്പം സൃഷ്ടിക്കാനോ ശ്രമിച്ചാൽ മുഴുവൻ മുസ്‌ലിംകളും ദൈവഭക്തരും ഒറ്റക്കെട്ടായി അയാളെ നേരിടുന്നതാണ്; നാശകാരി തങ്ങളിലൊരുവന്റെ മകൻ തന്നെയാണെങ്കിലും ശരി.

viii) ഒരു അവിശ്വാസിക്ക് പകരമായി ഒരു വിശ്വാസി മറ്റൊരു വിശ്വാസിയെ വധിക്കുന്നതല്ല. ഒരു സത്യവിശ്വാസി ഒരു സത്യനിഷേധിയെ മറ്റൊരു സത്യവിശ്വാസിക്കെതിരെ സഹായിക്കുന്നതുമല്ല.

ix) ദൈവത്തിന്റെ ഈ പ്രമാണം അവിഭാജ്യമാണ്. എല്ലാ വിശ്വാസികളും അവരിൽപെട്ട ഏറ്റവും നിസ്സാരനായ വ്യക്തിക്കുപോലും അഭയം നല്കാൻ ബാധ്യസ്ഥരാണ്. സത്യവിശ്വാസികൾ പരസ്പരം സംരക്ഷണ

1. വധിക്കപ്പെട്ട വ്യക്തിയുടെ കുടുംബാംഗങ്ങൾ ഘാതകരിൽനിന്ന് മോചനദ്രവ്യം സ്വീകരിച്ച് കൊലയാളിയെ പ്രതികാരനടപടിയിൽനിന്നൊഴിവാക്കുന്ന പതിവ് പുരാതനകാലത്തുതന്നെ അറബികൾക്കിടയിൽ നിലവിലുണ്ടായിരുന്നു. ഘാതകന്റെ കുടുംബാംഗങ്ങളാണ് പ്രായശ്ചിത്തസംഖ്യ സ്വരൂപിച്ചിരുന്നത്. എന്നാൽ, ഈ പ്രമാണം മുഹാജിറുകളെ മുഴുവൻ ഒരൊറ്റ കുടുംബമായി പരിഗണിച്ച് അവരിലെ ഒരാളുടെ മോചനദ്രവ്യം എല്ലാവരും പരസ്പരം സഹകരിച്ച് കൂട്ടായി നല്കേണ്ടതാണെന്നു പ്രഖ്യാപിക്കുന്നു.

ബാധ്യതയുള്ളവരാണ്. ഇതര ജനവിഭാഗങ്ങളതിൽ പെടുകയില്ല.

x) നാമുമായി ചേർന്നുനില്ക്കുന്ന യഹൂദന്മാർ നീതിക്കും സമത്വ ത്തിനും നമ്മുടെ സൗഹൃദത്തിനും സഹാനുഭൂതിക്കും അർഹരായിരിക്കും. അവരോട് അനീതിയോ പക്ഷപാതമോ കാണിക്കുന്നതല്ല. അവർ അക്ര മത്തിനു വിധേയരാവുകയുമില്ല. അവർക്കെതിരായി ആരും സഹായിക്ക പ്പെടുന്നതുമല്ല.

xi) സത്യവിശ്വാസികൾ ചെയ്യുന്ന സമാധാനസന്ധി ഏകമായിരിക്കും. അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധമുണ്ടാകുമ്പോൾ ഒരു വിശ്വാസി മറ്റൊരു വിശ്വാസിയെ അവഗണിച്ച് സന്ധി ചെയ്യുന്നതല്ല. അത് പൂർണമായും സമ ത്വത്തിന്റേയും നീതിനിഷ്ഠയുടെയും അടിസ്ഥാനത്തിലായിരിക്കും.

xii) എല്ലാ യുദ്ധങ്ങളിലും പൊരുതുന്ന പടയണിക്ക് പിന്നിൽ സമരസ ജ്ജരായ രണ്ടാം അണിയുണ്ടായിരിക്കും. ദൈവമാർഗത്തിൽ മരിച്ചുവീഴുന്ന ഓരോ വിശ്വാസിക്കും വേണ്ടി പടവെട്ടാൻ വിശ്വാസികളൊന്നടങ്കം ബാധ്യസ്ഥരാണ്.

xiii) ഭക്തരായ സത്യവിശ്വാസികൾ ഏറ്റവും ഉൽകൃഷ്ടവും ഋജുവുമായ സൻമാർഗത്തിലാണ്. ഒരു ഖുറൈശി(മദീനയിലെ ഇസ്‌ലാമിക രാഷ്ട്ര ത്തോട് ശത്രുതപുലർത്തുന്ന മക്കക്കാരൻ)ക്കോ അയാളുടെ സമ്പ ത്തിനോ മദീനയിലെ ബഹുദൈവവിശ്വാസി സംരക്ഷണം നല്കുന്നതോ സത്യവിശ്വാസികളിൽനിന്ന് അക്കാര്യം മറച്ചുവെക്കുന്നതോ അല്ല. അപ്ര കാരംതന്നെ ഖുറൈശികളെ വിശ്വാസിക്കെതിരെ സഹായിക്കുന്നതുമല്ല.

xiv) ന്യായമായ കാരണങ്ങളില്ലാതെ ഒരു സത്യവിശ്വാസിയെ വല്ലവരും വധിച്ചാൽ ഘാതകൻ പ്രതികാരനടപടിക്കർഹനായിരിക്കും. എന്നാൽ, വധിക്കപ്പെട്ടവന്റെ അവകാശികൾക്ക് പിഴ സ്വീകരിച്ച് പ്രതികാരനടപടി കളിൽനിന്ന് ഘാതകനെ ഒഴിവാക്കാവുന്നതാണ്. അല്ലാത്തപക്ഷം കൊല യാളിക്കെതിരെ നടപടി സ്വീകരിക്കാൻ മുഴുവൻ സത്യവിശ്വാസികളും ബാധ്യസ്ഥരാണ്. അതിൽനിന്നൊഴിഞ്ഞുനിൽക്കാനവർക്ക് അനുവാദ മില്ല.

xv) സത്യവിശ്വാസികളെല്ലാം ഈ വ്യവസ്ഥ പാലിക്കുന്നതാണ്.

xvi) ഈ പ്രമാണമംഗീകരിക്കുകയും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും ചെയ്ത ഒരൊറ്റ സത്യവിശ്വാസിക്കും കുറ്റവാളിയെ സഹായിക്കാനോ അയാൾക്ക് അഭയം നല്കാനോ പാടില്ല. ആരെങ്കിലും അങ്ങനെ ചെയ്താൽ അവർക്ക് അന്ത്യദിനത്തിൽ അല്ലാഹുവിന്റെ ശാപ കോപങ്ങളുണ്ടായിരിക്കുന്നതാണ്. പശ്ചാത്താപമോ പ്രായശ്ചിത്തമോ അവരിൽനിന്നു സ്വീകരിക്കപ്പെടുന്നതല്ല.

xvii) നിങ്ങൾക്കിടയിൽ ഏതെങ്കിലും പ്രശ്നത്തിൽ അഭിപ്രായഭിന്നതകളു ണ്ടായാൽ അത് തീർപ്പുകല്പിക്കപ്പെടാനായി അല്ലാഹുവിലേക്കും

അവന്റെ ദൂതനിലേക്കും സമർപ്പിക്കേണ്ടതാണ്.

xviii) യഹൂദന്മാർ വിശ്വാസികളോടൊത്ത് യുദ്ധം ചെയ്യുകയാണെങ്കിൽ അതിനാവശ്യമായ ചെലവ് വിശ്വാസികളെപ്പോലെ അവരും സ്വയം വഹിക്കേണ്ടതാണ്.

xix) വിശ്വാസികളോടൊപ്പം ജീവിക്കുന്ന ഒരു വിഭാഗമാണ് ഔഫ് ഗോത്രത്തിലെ ജൂതന്മാർ. ജൂതന്മാർക്ക് അവരുടെ മതമുണ്ട്; മുസ്‌ലിംകൾക്ക് അവരുടേതും. എങ്കിലും ഇരുവിഭാഗവും ചേർന്ന് ഒരു ജനത (ഉമ്മത്ത്) ആയിരിക്കും.

xx) എന്നാൽ അക്രമവും കുറ്റകൃത്യവും കാണിക്കുന്നവർ ഇതിൽനിന്നൊഴിവായിരിക്കും. യഥാർഥത്തിൽ സ്വശരീരത്തേയും സ്വന്തം കുടുംബത്തേയുമാണയാൾ നശിപ്പിക്കുന്നത്.

xxi) നജ്ജാർ, ഹാരിസ്, സാഇദ, ജുശം, ഔസ്, സഅ്‌ലബ, ജഫ്ന, ശയ്ത്വബ തുടങ്ങിയ ഗോത്രങ്ങളിലെ യഹൂദന്മാർക്കെല്ലാം ഔഫ് ഗോത്രത്തിലെ യഹൂദന്മാരുടെ എല്ലാ അവകാശങ്ങളും ബാധ്യതകളുമുണ്ട്.

xxii) സഅ്‌ലബ ഗോത്രത്തിന്റെ സഖ്യകക്ഷികൾക്കും ഇത് ബാധകമാണ്. യഹൂദരുടെ കൂട്ടുകാരുടെ സ്ഥിതിയും അതുതന്നെ.

xxiii) ഇവരിലാരുംതന്നെ മുഹമ്മദിന്റെ അനുവാദമില്ലാതെ യുദ്ധത്തിന് ഇറങ്ങിപ്പുറപ്പെടുന്നതല്ല. എന്നാൽ, മുറിവേറ്റതിൽ പ്രതികാരം ചോദിക്കുന്നതിൽനിന്ന് ഇതവരെ തടയുന്നില്ല.

xxiv) ആരെങ്കിലും ഒരാളെ വധിക്കുന്നപക്ഷം അതിന്റെ ഉത്തരവാദിത്വം ഘാതകന്നും അയാളുടെ കുടുംബത്തിനുമാണ്. വധിക്കപ്പെടുന്നത് മർദകനാണെങ്കിൽ ഇത് ബാധകമല്ല. അപ്പോൾ അല്ലാഹു ആ പ്രവൃത്തി സ്വീകരിച്ചേക്കാം.

xxv) ജൂതന്മാർ അവരുടെ ചെലവിലും മുസ്‌ലിംകൾ അവരുടെ ചെലവിലും ജീവിക്കും. എന്നാൽ, ഈ കരാർ ലംഘിക്കുന്നവർക്കെതിരെ ഇരു വിഭാഗവും പരസ്പരം സഹകരിക്കും.

xxvi) ഈ പ്രമാണമംഗീകരിച്ചവരോട് ആരെങ്കിലും യുദ്ധം ചെയ്താൽ ഈ പ്രമാണത്തിന്റെ ആൾക്കാർ അന്യോന്യം സഹകരിച്ച് പ്രത്യാക്രമണം നടത്തുന്നതായിരിക്കും.

xxvii) ഈ പ്രമാണമംഗീകരിക്കുന്നവരുടെ പരസ്പര ബന്ധത്തിനാധാരം ഗുണകാംക്ഷയാണ്. അക്രമവും ദ്രോഹവുമല്ല.

xxviii) എന്നാൽ സഖ്യകക്ഷികളിലൊരാൾ ചെയ്യുന്ന അപരാധത്തിന്ന് മറുഭാഗം കുറ്റക്കാരനാവുന്നതല്ല. സഹായമർഥിക്കുന്നത് മർദിതനാണ്.

xxix) ഈ പ്രമാണമംഗീകരിക്കുന്നവർക്ക് യഥ്‌രിബ് ഒരു യുദ്ധനിരോധ മേഖലയായിരിക്കും- ആദരണീയ പ്രദേശം.

xxx) ദ്രോഹമോ കുറ്റകൃത്യമോ ചെയ്യാത്ത കാലത്തോളം അയൽക്കാരെ സ്വന്തമെന്നപോലെ കരുതുന്നതാണ്.

xxxi) ഒരു സ്ത്രീയുടെ കുടുംബത്തിന്റെ അനുമതിയില്ലാതെ ആരുംതന്നെ അവളുടെ സംരക്ഷണബാധ്യത ഏറ്റെടുക്കുന്നതല്ല.

xxxii) ഈ പ്രമാണമംഗീകരിക്കുന്നവർക്കിടയിൽ അതിന്റെ ലംഘനം ഭയപ്പെടാവുന്ന വല്ല തർക്കമോ ഭിന്നതയോ ഉണ്ടാവുന്ന പക്ഷം അല്ലാഹുവിലേക്കും അവന്റെ ദൂതനിലേക്കുമാണ് മടക്കപ്പെടേണ്ടത്. അന്തിമ തീരുമാനത്തിനുള്ള അധികാരം അല്ലാഹുവിലും പ്രവാചകനായ മുഹമ്മദിലും നിക്ഷിപ്തമായിരിക്കും. ഈ കരാർ ഉൾക്കൊള്ളുന്ന നന്മയുടെയും സൂക്ഷ്മതയുടെയും സംരക്ഷകൻ അല്ലാഹുവാണ്.

xxxiii) ഖുറൈശികൾ(മക്കയിലെ ശത്രുക്കൾ)ക്കോ അവരുടെ സഹായികൾക്കോ അഭയം നല്കപ്പെടുന്നതല്ല.

xxxiv) യഥ്‌രിബ് അക്രമിക്കപ്പെട്ടാൽ ഈ പ്രമാണമംഗീകരിക്കുന്നവർ പരസ്പരം സഹകരിച്ച് ശത്രുവെ നേരിടും.

xxxv) യഹൂദന്മാർ തങ്ങളുടെ സഖ്യകക്ഷികളുമായി ഒരു സന്ധിക്ക് ക്ഷണിക്കപ്പെട്ടാൽ അവർക്ക് കരാറിലേർപ്പെടാൻ അവകാശമുണ്ട്.

xxxvi) അപ്രകാരം സന്ധിക്ക് മുസ്‌ലിംകൾ ക്ഷണിക്കപ്പെട്ടാൽ അവർക്കും അതിനവകാശമുണ്ട്.

xxxvii) ഈ പ്രമാണമംഗീകരിച്ച എല്ലാ വിഭാഗത്തിനും തങ്ങൾക്കർഹതപ്പെട്ട അവകാശം ഒരു കാരണവശാലും നിഷേധിക്കപ്പെടുന്നതല്ല.

xxxviii) ഔസ് ഗോത്രത്തിലെ യഹൂദന്മാർക്കും അവരുടെ സഖ്യകക്ഷികൾക്കും ഈ കരാർ അംഗീകരിച്ച ഇതര വിഭാഗങ്ങളിൽനിന്ന് ലഭിക്കാവുന്ന എല്ലാ നന്മക്കും അർഹതയുണ്ട്.

xxxix) എന്നാൽ പുണ്യ-പാപങ്ങൾ വ്യതിരിക്തമാണ്. പാപത്തിന്റെ ഉത്തരവാദിത്വം അത് ചെയ്യുന്നവർക്ക് മാത്രമാണ്.

XL) അക്രമിക്കോ കുറ്റവാളിക്കോ ഈ പ്രമാണം ഒരു സംരക്ഷണവും നല്കുന്നതല്ല. അവരെ ശിക്ഷിക്കുന്നതിന് ഇത് തടസ്സമാവുകയുമില്ല.

XLi) ഈ നഗരത്തിൽനിന്ന് പുറത്തുപോകുന്നവനും പോകാത്തവനും നിർഭയനാണ്.

XLii) എന്നാൽ അക്രമിക്കും കുറ്റവാളിക്കും ഇത് ബാധകമല്ല.

XLiii) സൂക്ഷ്മത പാലിക്കുകയും സൽക്കർമം പ്രവർത്തിക്കുകയും ചെയ്യുന്നവർക്ക് അല്ലാഹുവിന്റെ അഭയവും സംരക്ഷണവുമുണ്ട്.

അനുബന്ധം ii

# ചരിത്രരചനയിലെ കൃത്രിമങ്ങൾ

(പ്രമുഖ പണ്ഡിതനും ചിന്തകനും ചരിത്രഗവേഷകനുമായ ശ്രീ. ബി.എൻ. പാണ്ഡെ 1985 ഡിസംബർ 19, 20, 21 തിയ്യതികളിൽ പാറ്റ്നയിൽ നടത്തിയ ഖുദാബക്ഷ് സ്മാരക വാർഷിക പ്രഭാഷണങ്ങൾ സമാഹരിച്ച് പ്രസിദ്ധീകരിച്ച "ഇസ്‌ലാം ആന്റ് ഇന്ത്യൻ കൾച്ചർ" എന്ന പുസ്തകത്തിൽനിന്നെടുത്ത ഏതാനും ഭാഗങ്ങളാണ് ഇവിടെ അനുബന്ധമായി ചേർത്തിട്ടുള്ളത്. മി. പി.പി. ഉമർ ഫാറൂഖ് വിവർത്തനം ചെയ്ത് കോഴിക്കോട്ടെ അൽഹുദാ ബുക്സ്റ്റാൾ വിതരണം നടത്തിവരുന്ന 'ഇസ്‌ലാമും ഇന്ത്യൻ സംസ്കാരവും' എന്ന മലയാളപതിപ്പാണ് ഇതിന് അവലംബം.)

ഇന്ത്യാചരിത്രത്തെക്കുറിച്ചുള്ള വ്യാപകവും, ആഴമേറിയതുമായ ഒരു നിഷ്പക്ഷ പഠനം അടിയന്തരമായും നടക്കേണ്ടതുണ്ട്. ഈ പഠനം മുമ്പെന്നത്തേക്കാളും ഇന്ന് വളരെ അത്യാവശ്യമാണ്. പ്രസക്തമായ ഒരു ചോദ്യമിതാണ്- ചരിത്രത്തെ വിഭജിച്ചുകൊണ്ട് ഇത് പൗരാണികചരിത്രം, ഇത് ആധുനിക ചരിത്രം, ഇത് മധ്യകാലചരിത്രം എന്നിങ്ങനെ പറയാനാകുമോ? മഹാനായ ഓക്സ്ഫോർഡ് പ്രൊഫസർ ഫ്രീമാൻ പഠിപ്പിക്കുന്നത്, ആധുനിക ശാസ്ത്രീയ വീക്ഷണത്തിലൂടെ ചരിത്രം പഠിപ്പിക്കുന്നതിന്റെ അടിസ്ഥാന സിദ്ധാന്തം ചരിത്രം തുടർച്ചയും ഐക്യവും നിലനിർത്തുക എന്നതാണ്. ഇതിനെ അനുകൂലിച്ചുകൊണ്ട് ഡോ. ബി.ആർ. ബണ്ഡാർകർ പറഞ്ഞതിങ്ങനെയാണ്:

"ഇന്ത്യാചരിത്രത്തെ മൂന്നായി വിഭജിച്ചുകൊണ്ട് ഹിന്ദുകാലഘട്ടം, മുഹമ്മദൻ കാലഘട്ടം, ബ്രിട്ടീഷ് കാലഘട്ടം എന്നിങ്ങനെ പറയാൻ നമുക്ക് സാധ്യമല്ല. ഇങ്ങനെ പറയുന്നതോളം ബുദ്ധിശൂന്യമായി മറ്റൊന്നുമില്ല. ഒന്നാമതായി ചരിത്രം ഹിന്ദുവോ മുസ്‌ലിമോ ക്രിസ്ത്യാനിയോ ആയിരിക്കുമെന്നതുപോലെ പൗരാണികവും, മധ്യകാലവും, ആധുനികവുമായിരിക്കും. സാമുദായികാടിസ്ഥാനത്തിലുള്ള ഇന്ത്യാചരിത്ര വിഭജനം എല്ലാ ചരിത്രപുസ്തകങ്ങളിൽനിന്നും നീക്കം ചെയ്യേണ്ടതുണ്ട്. രണ്ടാമത്

പറഞ്ഞ വിഭജനം പഠനത്തിന്, പ്രത്യേകിച്ച് സാംസ്കാരിക വിശകലനത്തിനു സഹായകമായിരിക്കും. എന്നാൽ, ചരിത്രം ഒരു തുടർച്ചയാണെന്ന കാര്യം എപ്പോഴും മനസ്സിൽ വെക്കേണ്ടതുണ്ട്. പ്രത്യേക പരിഗണനവെച്ച് പഠിക്കുന്നതിനുവേണ്ടി ചരിത്രകാലങ്ങളെ താൽക്കാലികമായി വിഭജിക്കാമെന്നേയുള്ളൂ. ചരിത്രത്തിന്റെ അടിസ്ഥാനമൂല്യം ഇതാണെന്ന് ഏതൊരു ചരിത്രവിദ്യാർഥിയും നമ്മോട് സമ്മതിക്കുന്നതാണ്.

ഇന്ത്യയിലെ വിവിധ മതസമുദായങ്ങൾ തമ്മിൽ തുടർച്ചയായി അനൈക്യവും അസഹിഷ്ണുതയും ഉൽഗ്രഥനമില്ലായ്മയും നിലനിൽക്കുവാനുള്ള കാരണങ്ങൾ നാം പരിശോധിക്കേണ്ടതുണ്ട്. ഈ തെറ്റിദ്ധാരണ പല രൂപത്തിലും ഉടലെടുക്കുകയും, പല ഭാവത്തിലും പ്രകടിപ്പിക്കപ്പെടുകയും ചെയ്യുന്നു. രണ്ട് വിഭാഗത്തിലും പെട്ട യാഥാസ്ഥിതികർ ഇന്ത്യാ ചരിത്ര യാഥാർഥ്യങ്ങൾ ദുർവ്യാഖ്യാനം ചെയ്തു ചരിത്രസംഭവങ്ങളെ തങ്ങളുടെ വാദഗതിക്കനുയോജ്യമായ നിലയിൽ അവതരിപ്പിക്കാൻ ശ്രമിച്ചതായി കാണുന്നുണ്ട്. ആളുകളേയും അവരുടെ ലക്ഷ്യങ്ങളേയും കുറിച്ചുള്ള നമ്മുടെ വിധിയെഴുത്ത് അതിശയോക്തി കലർത്തി അവതരിപ്പിക്കുന്നതാണ് കുഴപ്പങ്ങൾക്ക് കാരണം. നിസ്സാരമായ ഒരു സംഭവം പൊക്കിപ്പിടിച്ച്- അടിച്ചമർത്തലോ, നിസ്സാര കലഹമോ, ക്രമസമാധാനത്തെ നേരിട്ട രീതിയോ- അവ ബോധപൂർവമോ, ഏകപക്ഷീയമോ ആസൂത്രിതമോ ആണെന്ന് വരുത്തിത്തീർക്കാൻ ശ്രമിക്കുന്നു. ഈ സംശയം ജീവിതത്തിന്റെ കാഴ്ചപ്പാടുകളെ അപ്പാടെ മാറ്റിമറിക്കുന്ന ആചാരത്തിലോ, പെരുമാറ്റത്തിലോ, വസ്ത്രധാരണത്തിലോ, സംസാരരീതിയിലോ ഉള്ള സ്വാഭാവിക വ്യത്യാസങ്ങളെ പെരുപ്പിച്ചുകാണിച്ചുകൊണ്ട് കലാരംഗങ്ങളിലും, സാമ്പത്തിക-സാമൂഹിക- രാഷ്ട്രീയ- ആത്മീയരംഗങ്ങളിലും അഗാധമായ ഭിന്നതയുള്ളതായി ചിത്രീകരിക്കപ്പെടുന്നു. ഈ സാഹചര്യത്തിൽ ഏതെങ്കിലും വ്യക്തിയോ, ഏതാനും ആളുകളോ തനതായ പ്രശ്നത്തിലുണ്ടാക്കുന്ന കലഹങ്ങൾ സാമൂഹികവും സാംസ്കാരികവും സാമുദായികവുമായ അസഹിഷ്ണുതക്ക് കാരണമാകുന്നതിൽ അദ്ഭുതമില്ലല്ലോ.

പ്രശ്നം വളരെ ഗൗരവമുള്ളതാണ്. കാരണം, നമ്മുടെ സ്കൂളുകളിലും കോളേജുകളിലും തലമുറകളായി പഠിപ്പിച്ചുകൊണ്ടിരിക്കുന്ന ഇന്ത്യാചരിത്രങ്ങൾ യൂറോപ്യൻ എഴുത്തുകാർ സംഗ്രഹിച്ചുണ്ടാക്കിയതാണ്. തങ്ങളുടെ യൂറോപ്യൻ ഗുരുനാഥന്മാർ കുത്തിവെച്ച പക്ഷപാത രചനകൾ ഇളക്കിമാറ്റുന്നതിൽ ഇന്ത്യക്കാർ ഇതുവരെ വിജയിച്ചിട്ടില്ല. ഈ സ്വയം വിളിക്കപ്പെടുന്ന ചരിത്രകാരന്മാരാകട്ടെ ദേശീയ ജീവിതത്തെ മലിനമാക്കുന്ന രീതിയിലുള്ള, മായ്ക്കാനാവാത്ത പാടുകൾ തങ്ങളുടെ വായനക്കാരുടെ മനസ്സുകളിൽ സൃഷ്ടിക്കുന്നു. ഇവർ പ്രാധാന്യത്തോടെ വരച്ചുകാട്ടുന്നത് ഹിന്ദുക്കളും മുസ്ലിംകളും തമ്മിലുണ്ടായ അക്രമങ്ങളും യുദ്ധങ്ങളും ലഹളകളും ബലാല്ക്കാരങ്ങളും മതഭ്രാന്തുകളും ഒക്കെ

---

* മൂലഗ്രന്ഥത്തിൽ താഴെ വാചകങ്ങൾ ദേവനാഗിരി ലിപിയിലാണ് പ്രസിദ്ധീകരിച്ചത്.

യാണ്. ഇവർ മുസ്‌ലിംകളെ അവതരിപ്പിച്ചിട്ടുള്ളത് ഹിന്ദുസംസ്കാരവും പാരമ്പര്യവും നശിപ്പിച്ചവരും, ഹിന്ദുക്ഷേത്രങ്ങളും കൊട്ടാരങ്ങളും മലിനപ്പെടുത്തിയവരും, ദുഷ്ടരായ വിഗ്രഹഭർത്സകരും, ഹിന്ദുക്കളെ മതപരിവർത്തനത്തിന് നിർബന്ധിച്ചവരും, വിസമ്മതിച്ചവരെ വാളിന്നിരയാക്കിയവരും ഒക്കെയായിട്ടാണ്.

ഇന്ത്യയിലെ വിദ്യാസമ്പന്നരായ ആളുകൾ ഈ വിഷലിപ്തമായ പ്രചാരണത്തിൽ വിശ്വസിച്ച് ജീവിതത്തിന്റെ നല്ല കാലങ്ങളിലെല്ലാം പരസ്പരം ശത്രുതയിൽ വീക്ഷിക്കുന്നുവെന്നത് അദ്ഭുതം തന്നെയാണ്. എണ്ണൂറ് കൊല്ലത്തിലധികം നീണ്ടുനിന്ന ഇന്ത്യാചരിത്രത്തിലെ മുസ്‌ലിം കാലഘട്ടം ഒരു കാളരാത്രിയാണെന്ന് ഹിന്ദുക്കളെ വിശ്വസിപ്പിച്ചിരിക്കയാണ്. ഈ കാലഘട്ടത്തിൽ അഭിമാനിക്കത്തക്കതായി ഒന്നും അവർ കാണുന്നില്ല. പടിഞ്ഞാറു നിന്നുള്ള ഒരു ക്രൈസ്തവരാഷ്ട്രത്തിന്റെ കൈകളാൽ അധികാരം നഷ്ടപ്പെട്ട മുസ്‌ലിംകളാകട്ടെ, തങ്ങൾ വെറും കൈയേറ്റക്കാരായി ഹിന്ദുക്കളാൽ ചിത്രീകരിക്കുന്നത് സഹിക്കേണ്ടിവരുന്നു. തങ്ങളുടെ പഴയ പ്രതാപവും യുദ്ധ വിജയങ്ങളും സാംസ്കാരിക പുരോഗതിയും അവഗണിക്കുന്നത് സഹിക്കാതെ അവയിൽ അഭിമാനിക്കാനുള്ള വക കാണുന്നു. ഈ വികാരങ്ങളെ ബ്രിട്ടീഷ് ചരിത്രകാരൻമാർ എങ്ങനെയാണ് ചൂഷണം ചെയ്തതെന്ന് സർ, എച്ച്.എം. എലിയറ്റിന്റെ "സ്വന്തം ചരിത്രകാരന്മാർ പറഞ്ഞ ഇന്ത്യാചരിത്രം"(History of India as told by its own Historians) എന്ന ഗ്രന്ഥം വ്യക്തമാക്കുന്നു. അതിന്റെ മുഖവുരയിൽ പറയുന്നു:

"നാം രാജാക്കന്മാരെ ശ്രദ്ധിച്ചു.... നാശത്തിൽ മുങ്ങി മലീമസമായി കിടക്കുന്നു. അത്തരം ഭരണാധികാരികളുടെ കീഴിൽ നീതിയുടെ അടിത്തറതന്നെ തകർന്നു കണ്ടതിൽ യാതൊരദ്ഭുതവുമില്ല. സർവത്ര അഴിമതിയായിരുന്നു. ബലപ്രയോഗമില്ലാതെ നികുതി പിരിക്കാൻ സാധിച്ചിരുന്നില്ല. അക്രമങ്ങൾ നടമാടി; ഗ്രാമങ്ങൾ ചുട്ടകരിച്ചു; ജനങ്ങളെ പരുക്കേല്പിക്കുകയോ, അടിമകളാക്കി വില്ക്കുകയോ ചെയ്തു. അവർക്ക് സംരക്ഷണം നല്കാൻ ബാധ്യസ്ഥരായ ഉദ്യോഗസ്ഥന്മാർതന്നെ കൊള്ളക്കാരായി മാറി. അക്രമികൾ ശിക്ഷിക്കപ്പെടുന്നതിനു പകരം സാധാരണക്കാരന് അവന്റെ ധിക്കാരംകൂടി സഹിക്കേണ്ടിവന്നു."

ഈ പുസ്തകത്തിലെ ഏതാനും വരികൾകൂടി ശ്രദ്ധിക്കുക: "മുസ്‌ലിംകളുമായി ഏറ്റുമുട്ടി ഹിന്ദുക്കൾ മരിച്ചുവീണു. വിഗ്രഹങ്ങൾ ഹനിക്കപ്പെട്ടു. ക്ഷേത്രങ്ങൾ മലിനമാക്കി, നിർബന്ധ മതപരിവർത്തനവും വിവാഹങ്ങളും നടത്തപ്പെട്ടു; കൈയേറ്റങ്ങളും പിടിച്ചടക്കലുകളും നടമാടി, കൂട്ടക്കൊലകളും നടന്നു; ഇതൊന്നും അതിശയോക്തിയല്ല."

ബ്രിട്ടീഷുകാരുടെ ഔദ്യോഗിക രേഖകളിൽനിന്നുതന്നെ അവരുടെ ഭിന്നിപ്പിച്ചു ഭരിക്കുക എന്ന തന്ത്രം രൂപപ്പെടുത്തിയത് എങ്ങനെയെന്ന് മനസ്സിലാക്കാം. എൽഗിൻ പ്രഭുവിന്ന് സ്റ്റേറ്റ് സിക്രട്ടറി മുമ്പ് എഴുതിയതിങ്ങ

നെയാണ്:

“ഒരു വിഭാഗത്തെ മറ്റൊരു വിഭാഗത്തിന്നെതിരിൽ ഇളക്കിവിട്ടുകൊണ്ടാണ് ഇന്ത്യയിലെ നമ്മുടെ അധികാരം നിലനിർത്തുന്നത്. ഈ നയം തുടർന്നുകൊണ്ടിരിക്കണം. അതിന്ന് സാധ്യമായതൊക്കെ ചെയ്യണം. അതിനെ ഒരു പൊതുവികാരം ഉയരാതെ തടയാൻ സാധിക്കും.”[1]

ഇന്ത്യാ സിക്രട്ടറി ജോർജ് ഫ്രാൻസിസ് ഹെമിൽട്ടൻ കേഴ്സൻ പ്രഭുവിനെഴുതി: “എന്റെ അഭിപ്രായത്തിൽ ഇന്ത്യയിലെ നമ്മുടെ ഭരണത്തിന് ശരിയായ ഭീഷണി ഇപ്പോഴല്ല; 50 കൊല്ലങ്ങൾക്കു ശേഷമാണുണ്ടാവുക-അപ്പോഴേക്കും പാശ്ചാത്യ ആദർശങ്ങളും സമരങ്ങളും ഇവിടെ വളർച്ച പ്രാപിക്കും. അതുകൊണ്ട് തികച്ചും വ്യത്യസ്തമായ ചിന്താഗതിയിൽ ഇന്ത്യയിലെ ബുദ്ധിജീവികളെ നമുക്ക് രണ്ട് വിഭാഗമായി ഭിന്നിപ്പിക്കണം. അങ്ങനെ ചെയ്താൽ മാത്രമേ നമ്മുടെ സ്ഥാനം ശക്തിപ്പെടുത്താൻ കഴിയുകയുള്ളൂ. വിദ്യാഭ്യാസ പ്രചാരണമാധ്യമത്തിലൂടെ ഇങ്ങനെ ചെയ്യേണ്ടത് നമ്മുടെ ഭരണരീതിയായിരിക്കണം. വിദ്യാഭ്യാസരംഗത്ത് പാഠപുസ്തകങ്ങളിലൂടെ സമുദായങ്ങളെ തമ്മിൽ തെറ്റിപ്പിക്കുന്ന പദ്ധതി കൂടുതൽ ശക്തിയായി നടപ്പിലാക്കേണ്ടതുണ്ട്.”[2]

ക്രോസ് ഗവർണർ ജനറൽ ധഫ്റിനെ അറിയിച്ചത് ഇപ്രകാരമാണ്: “മതവികാരങ്ങളെ വ്രണപ്പെടുത്തുന്ന നയം നമുക്ക് വളരെ പ്രയോജനം ചെയ്തിട്ടുണ്ട്. ഇന്ത്യൻ വിദ്യാഭ്യാസത്തേയും പഠനോപകരണങ്ങളേയും സംബന്ധിച്ച നിങ്ങളുടെ അന്വേഷണകമ്മിറ്റിയിൽനിന്നും ഞാൻ ചിലത് പ്രതീക്ഷിക്കുന്നു.”[3]

അങ്ങനെ ഈ പ്രകാരത്തിൽ ഒരാസൂത്രിത നയത്തിലൂടെ ഇന്ത്യാചരിത്ര പാഠപുസ്തകങ്ങൾ വികൃതമായി വളച്ചൊടിച്ചെടുക്കപ്പെടുകയാണുണ്ടായത്. മധ്യകാല നൂറ്റാണ്ടിലെ ഇന്ത്യാ ചരിത്രത്തിൽ മുഴുവൻ തെറ്റായി കുത്തിനിറച്ചത്, മുസ്‌ലിം ഭരണാധികാരികളുടെ കൈകളാൽ അവരുടെ ഹിന്ദുപ്രജകൾ വളരെ ദ്രോഹിക്കപ്പെട്ടുവെന്നും മുസ്‌ലിം ഭരണം ഹിന്ദുക്കൾക്ക് താങ്ങാനാവാത്ത യാതനകൾ വരുത്തിവെച്ചുവെന്നുമൊക്കെയുള്ള തെറ്റായ കാര്യങ്ങളാണ്. സാമൂഹിക-രാഷ്ട്രീയ-സാമ്പത്തിക ജീവിതത്തിൽ യാതൊരു ധാരണയുമുണ്ടായിരുന്നില്ലെന്ന് പ്രചരിപ്പിക്കപ്പെട്ടിരുന്നു.

ഈ ആരോപണങ്ങളുടെ സത്യാവസ്ഥ നമുക്ക് ലളിതമായൊന്ന് പരിശോധിക്കേണ്ടതുണ്ട്. സമകാലീന മുസ്‌ലിം ചരിത്രകാരന്മാർ എന്താണ് പറയുന്നതെന്ന് നമുക്ക് പരിശോധിക്കാം.

ഖാസി മൊയീസുദ്ദീൻ വിലപിക്കുന്നു: “മധ്യകാല നൂറ്റാണ്ടിൽ ഇന്ത്യയുടെ രാഷ്ട്രത്തലവൻ മുസ്‌ലിമായിരുന്നുവെങ്കിലും രാഷ്ട്രം ഇസ്‌ലാമികമായിരുന്നില്ല. പരിശുദ്ധഗ്രന്ഥങ്ങളായ ഖുർആനിലെയും ഹദീസിലെയും ആജ്ഞാപനങ്ങളോ, സുന്നി നീതിന്യായത്തിലെ നാലുതരം പഠനങ്ങളിലെ

നിയമങ്ങളോ രാഷ്ട്രം പിന്തുടർന്നില്ല. മധ്യകാല നൂറ്റാണ്ടിലെ ഇന്ത്യാ രാഷ്ട്രം മതാധിഷ്ഠിതമായിരുന്നുവെന്ന് പറയുന്നത് തെറ്റാണ്. എന്തുകൊണ്ടെന്നാൽ, മുസ്‌ലിം മതപണ്ഡിതന്മാരുടെ മാർഗനിർദേശത്തിൽ അത് പ്രവർത്തിച്ചിരുന്നില്ല.''

13-ാം നൂറ്റാണ്ട് മുതല്ക്കുള്ള ഇന്ത്യയിലെ ഓരോ മുസ്‌ലിം രാജാവും ശരീഅത്ത് അനുസരിച്ചുള്ള ഭരണരീതിയുടെ വിഷമങ്ങളേയും അസാധ്യതകളേയും കുറിച്ചാണ് പറഞ്ഞിരുന്നത്. ഇൽത്ത്മിഷ്, ബാൽബൻ, അലാവുദ്ദീൻ ഖിൽജി, മുഹമ്മദ് തുഗ്ലക്ക് തുടങ്ങിയ മുഗൾകാലഘട്ടത്തിനു മുമ്പുള്ള രാജാക്കന്മാർ മുസ്‌ലിം നിയമങ്ങൾ ഇന്ത്യയിൽ നടപ്പാക്കാനുള്ള സാധ്യതകൾ ചോദ്യം ചെയ്തവരാണ്. ചരിത്രകാരനായ സിയാവുദ്ദീൻ ബർണി അദ്ദേഹത്തിന്റെ 'ഫതാവാ ഫഹൻദരി'യിൽ പറയുന്നു:

''യഥാർഥ മതം പ്രവാചകന്റെ കാല്പാടുകളെ പിന്തുടരലാണ്. എന്നാൽ, രാജകീയ ഭരണകൂടങ്ങൾക്ക് കുസുറു പർവാസിന്റേയും മഹാന്മാരായ ഇറാൻ രാജാക്കന്മാരുടേയും നയങ്ങൾ നടപ്പാക്കാനേ സാധിക്കുമായിരുന്നുള്ളൂ.'' അദ്ദേഹം സമ്മതിക്കുന്നതിതാണ്: ''മുഹമ്മദ് നബിയുടെ പാരമ്പര്യങ്ങളും(സുന്നത്ത്) ജീവിതരീതിയും തമ്മിലും, ഇറാൻ രാജാക്കന്മാരുടെ ആചാരങ്ങളും ജീവിതരീതിയും തമ്മിലും പൊരുത്തപ്പെടാൻ കഴിയാത്ത അന്തരമുണ്ട്.''

അദ്ദേഹം ഇപ്രകാരം ചൂണ്ടിക്കാണിക്കുന്നു: ദൈവികാജ്ഞയായ ശരീഅത്ത് ചില പ്രത്യേക സാഹചര്യങ്ങളിൽ മാത്രമേ രാഷ്ട്രകാര്യങ്ങളിൽ പിന്തുടരേണ്ടതായിട്ടുള്ളൂ. ശരീഅത്ത് നടപ്പാക്കുന്നതിൽ മുഹമ്മദ്നബി വിജയിച്ചത് അദ്ദേഹം ദൈവത്തിൽനിന്ന് നേരിട്ട് പ്രചോദനമേകിയിരുന്നതുകൊണ്ടാണ്. നാല് ഖലീഫമാർക്കും അത് സാധിച്ചത് നബിയുമായുള്ള അവരുടെ അടുപ്പം കൊണ്ടായിരുന്നു. പ്രവാചകത്വം മതത്തിന്റെ സമ്പൂർണതയായിരുന്നുവെങ്കിലും രാജാധികാരം ഭൗതികനേട്ടം മാത്രമായിരുന്നു. ഈ രണ്ട് ഗുണവിശേഷങ്ങളും പരസ്പരവിരുദ്ധങ്ങളായിരുന്നു. അവയുടെ സംയോജനം സാധ്യതയുള്ള കാര്യങ്ങളായിരുന്നില്ല.''

നാസിമുദ്ദീൻ ഇപ്രകാരം വീക്ഷിക്കുന്നു: ''രാജ്യകാര്യങ്ങളിൽ ബാൽബൻ മതത്തേക്കാളും കീഴ്‌വഴക്കങ്ങൾക്കാണ് മുൻഗണന നല്കിയത്.''[4]

ബർണി പറയുന്നു: ''ശിക്ഷയുടേയും രാജാധികാരത്തിന്റേയും കാര്യത്തിൽ അദ്ദേഹം ദൈവത്തെ ഭയപ്പെടാതെയാണ് പ്രവർത്തിച്ചത്. ഭരണകൂടത്തിന്റെ താല്പര്യത്തിന് ഗുണകരമാണെന്ന് തോന്നിയതൊക്കെ അദ്ദേഹം ചെയ്തു. അവ ശരീഅത്തിന് അനുയോജ്യമാണോ എന്നൊന്നും അദ്ദേഹം പരിഗണിച്ചിരുന്നില്ല.'' ഖാസി മൊയീസുദ്ദീനുമായുള്ള അലാവുദ്ദീൻ ഖിൽജിയുടെ വാദപ്രതിവാദം പ്രസിദ്ധമാണല്ലോ. അവസാനം അദ്ദേഹം പറഞ്ഞു പിരിഞ്ഞത് ഇപ്രകാരമായിരുന്നു: ''സമയോചിതമെന്ന് തോന്നിയതും, ഭരണകൂടത്തിന്റെ താല്പര്യത്തിന് അനുസൃതമെന്ന് കാണുന്നതുമായ കാര്യ

ങ്ങൾ എന്തായാലും അത് ഞാൻ കല്പിക്കും. വിധിദിനത്തിൽ ഉന്നത നായ ദൈവം എന്നെ എങ്ങനെ പരിഗണിക്കുമെന്ന് എനിക്കറിയില്ല."[5]

പ്രൊഫ. എം. ഹബീബ് പറയുന്നു: "വിദേശങ്ങളിൽനിന്നു വന്ന മുസ്ലിം രാജാക്കന്മാർ ആറോ ഏഴോ നൂറ്റാണ്ടുകൾ ഇന്ത്യൻ സിംഹാ സനത്തിൽ ഇരുന്നിരുന്നുവെന്നത് സത്യമാണ്. എന്നാൽ, അവരുടെ ആരോഹണം മുസ്ലിം ഭരണത്തിന്റെ സിംഹാസനത്തിലായിരുന്നില്ല. അങ്ങനെയായിരുന്നുവെങ്കിൽ ഒരു തലമുറയിൽപോലും അവർക്ക് നില നില്പുണ്ടാവുമായിരുന്നില്ല."[6]

ഇനി, ചരിത്രവസ്തുതകൾ എങ്ങനെയാണ് വളച്ചൊടിക്കപ്പെട്ടത് എന്ന തിലേക്ക് വെളിച്ചം വീശുന്ന ചില ഉദാഹരണങ്ങൾ ഞാൻ അണിനിരത്താം:

1928-ൽ അലഹബാദിൽ ഞാൻ ടിപ്പുസുൽത്താനെക്കുറിച്ച് ഗവേഷണം നടത്തിക്കൊണ്ടിരിക്കുമ്പോൾ ആംഗ്ലോ-ബംഗാളി കോളേജ് വിദ്യാർഥി യൂനിയന്റെ ചില ഭാരവാഹികൾ എന്നെ വന്നു കാണുകയും അവരുടെ ഹിസ്റ്ററി അസോസിയേഷൻ ഉദ്ഘാടനം ചെയ്യാൻ അഭ്യർഥിക്കുകയും ചെയ്തു. പാഠപുസ്തകങ്ങൾ കൈയിലേന്തിക്കൊണ്ട് കോളേജിൽനിന്നും അവർ നേരിട്ടാണ് വന്നത്. സംഗതിവശാൽ ഞാൻ അവരുടെ ചരിത്ര പാഠ പുസ്തകങ്ങൾ ഒന്നു കണ്ണോടിച്ചുനോക്കി. എന്നെ ഞെട്ടിച്ചുകളഞ്ഞ അതിലെ ഒരു വാചകം ഇതായിരുന്നു: "മുവ്വായിരം ബ്രാഹ്മണന്മാർ, ടിപ്പു അവരെ ബലംപ്രയോഗിച്ച് ഇസ്ലാം മതത്തിലേക്ക് പരിവർത്തനത്തിന് നിർബന്ധിച്ചപ്പോൾ ആത്മഹത്യ ചെയ്തു." പുസ്തകത്തിന്റെ കർത്താവ് കൽക്കത്ത സർവകലാശാലയിലെ സംസ്കൃത വകുപ്പ് മേധാവി മഹാമ ഹോപധ്യായ ഡോ. ഹരിപ്രസാദ് ശാസ്ത്രിയായിരുന്നു. ഞാൻ ഉടനെ എവി ടെനിന്നാണ് ഈ വിവരം കിട്ടിയതെന്നന്വേഷിച്ചുകൊണ്ട് ഡോ. ശാസ്ത്രിക്ക് എഴുതി. പല തവണ എഴുതി ഓർമപ്പെടുത്തിയപ്പോൾ മറുപടി കിട്ടി. മൈസൂർ ഗസറ്റിൽനിന്നാണ് ഈ വിവരം കിട്ടിയതെന്നായിരുന്നു മറുപടി. മൈസൂർ ഗസറ്റർ അലഹബാദിലോ, കൽക്കത്തയിലെ ഇമ്പീരിയൽ ലൈബ്രറിയിലോ കിട്ടാനുണ്ടായിരുന്നില്ല. അതിനാൽ, ഞാൻ ശാസ്ത്രിയുടെ പ്രസ്താവനയുടെ സത്യാവസ്ഥ അന്വേഷിച്ചുകൊണ്ട് മൈസൂർ സർവക ലാശാലയുടെ അന്നത്തെ വൈസ് ചാൻസലർ സർ, ബ്രജീന്ദ്രനാഥ് സീലിന്ന് ഒരു കത്തെഴുതി. അന്ന് മൈസൂർ ഗസറ്റിന്റെ പുതിയ പതിപ്പ് തയ്യാറാക്കു ന്നതിൽ വ്യാപൃതനായിരുന്ന പ്രൊഫ. ശ്രീകണ്ഠ്യക്ക് എന്റെ കത്ത് സർ, ബ്രജീന്ദ്രനാഥ്സീൽ അയച്ചുകൊടുത്തു.

3000 ബ്രാഹ്മണന്മാർ ആത്മഹത്യ ചെയ്തതായുള്ള കഥ മൈസൂർ ഗസ റ്റിൽ എവിടെയുമില്ലെന്ന് പ്രൊഫ. ശ്രീകണ്ഠ്യ എന്നെ അറിയിക്കുകയു ണ്ടായി. മൈസൂർ ചരിത്രവിദ്യാർഥി എന്ന നിലയിൽ, അങ്ങനെ ഒരു സംഭവം നടന്നിട്ടില്ലെന്ന് ഉറപ്പായും പറയാൻ സാധിക്കുമെന്നുകൂടി അദ്ദേഹം തറ പ്പിച്ചു പറഞ്ഞു. അദ്ദേഹം തുടർന്നറിയിച്ചത് ടിപ്പുസുൽത്താന്റെ പ്രധാന മന്ത്രി പൂർണയ്യയും സർവസൈന്യാധിപൻ കൃഷ്ണറാവുവും ബ്രാഹ്മണ

രായിരുന്നുവെന്നാണ്. ടിപ്പുസുൽത്താൻ വാർഷിക ധനസഹായം നല്കാറുണ്ടായിരുന്ന 156 ക്ഷേത്രങ്ങളുടെ ഒരു ലിസ്റ്റ് അദ്ദേഹം എനിക്കയച്ചുതരികയുണ്ടായി. ടിപ്പുസുൽത്താനുമായി വളരെ സൗഹാർദത്തിലായിരുന്ന ശൃംഗേരിയിലെ ജഗദ്ഗുരു ശങ്കരാചാര്യർക്ക് ടിപ്പുസുൽത്താൻ അയച്ച 30 കത്തുകളുടെ ഫോട്ടോസ്റ്റാറ്റ് കോപ്പിയും അദ്ദേഹം അയച്ചുതരികയുണ്ടായി. മൈസൂർ രാജാക്കന്മാരുടെ പാരമ്പര്യമനുസരിച്ച് ടിപ്പുസുൽത്താൻ ദിവസവും പ്രാതൽ കഴിക്കുന്നതിനു മുമ്പായി ശ്രീരംഗപട്ടണം കോട്ടക്കകത്തുള്ള ശ്രീരംഗനാഥ ക്ഷേത്രം സന്ദർശിച്ചിരുന്നു. പ്രൊഫ. ശ്രീകണ്ഠ്യ അഭിപ്രായപ്പെട്ടത് ഡോ. ശാസ്ത്രി കേണൽ മൈൽസിന്റെ സ്വയം വിളിക്കുന്ന "മൈസൂർ ചരിത്രം" എന്ന പുസ്തകത്തെ ആധാരമാക്കിയിരിക്കാമെന്നാണ്. വിക്ടോറിയാ രാജ്ഞിയുടെ സ്വകാര്യ ലൈബ്രറിയിൽനിന്ന് കിട്ടിയ "ടിപ്പുസുൽത്താൻ" എന്ന പേർഷ്യൻ കൈയെഴുത്തു പ്രതിയുടെ പരിഭാഷയാണിതെന്ന് അവകാശപ്പെട്ടിരുന്നു. വിശദമായ അന്വേഷണത്തിൽ വിക്ടോറിയാ റാണിയുടെ ലൈബ്രറിയിൽ അങ്ങനെ ഒരു കൈയെഴുത്തു പ്രതിയേ ഇല്ലെന്നും കേണൽ മൈൽസിന്റെ ചരിത്രപുസ്തകത്തിൽ മിക്കതും കെട്ടിച്ചമച്ചവയും പച്ചക്കള്ളവുമാണെന്നും മനസ്സിലാക്കാൻ സാധിച്ചു.

ഡോ. ശാസ്ത്രിയുടെ പുസ്തകം ബംഗാൾ, ആസ്സാം, ബീഹാർ, ഒറീസ്സ, ഉത്തർപ്രദേശ്, മധ്യപ്രദേശ്, രാജസ്ഥാൻ എന്നിവിടങ്ങളിലെ ഹൈസ്കൂൾ ചരിത്രപാഠഗ്രന്ഥമായി അംഗീകരിച്ചിട്ടുള്ളതായിരുന്നു. ഞാൻ അന്നത്തെ കൽക്കത്താ സർവകലാശാലാ വൈസ്ചാൻസലർ സർ, അഷ്ടോസ് ചൗധരിയെ സമീപിക്കുകയും ഡോ. ശാസ്ത്രി, മൈസൂർ സർവകലാശാലാ വൈസ്ചാൻസലർ സർ, ബ്രജേന്ദ്രനാഥ്സീൽ, പ്രൊഫ. ശ്രീകണ്ഠ്യ എന്നിവരുമായി നടത്തിയ കത്തിടപാടുകൾ അയച്ചുകൊടുക്കുകയും പാഠപുസ്തകത്തിലെ ആക്ഷേപാർഹമായ പരാമർശത്തിന്നെതിരിൽ ആവശ്യമായ നടപടി എടുക്കണമെന്നാവശ്യപ്പെടുകയും ചെയ്തു. ഡോ: എച്ച്. പി. ശാസ്ത്രിയുടെ ചരിത്രപുസ്തകം പാഠ്യപദ്ധതിയിൽനിന്ന് പിൻവലിച്ചതായി ഉടനെത്തന്നെ സർ, അഷ്ടോസ് ചൗധരി മറുപടി അയക്കുകയുണ്ടായി.

എന്നാൽ, എന്നെ നടുക്കിയ കാര്യം 1972-ലെ ഉത്തർപ്രദേശ് ഹൈസ്കൂളിലെ 6,7,8 ക്ലാസുകളിലേക്ക് തയ്യാറാക്കിയ ചരിത്രപാഠപുസ്തകങ്ങളിലും ഈ ആത്മഹത്യയുടെ കഥ പ്രത്യക്ഷപ്പെട്ടു എന്നതാണ്.

മഹാത്മാഗാന്ധിയുടെ "യങ് ഇന്ത്യ" 1930 ജനുവരി 23-ാംനു 31-ാം പേജിൽ ഇപ്രകാരം പ്രസിദ്ധീകരിക്കുകയുണ്ടായി: "വിദേശ ചരിത്രകാരന്മാർ മൈസൂരിലെ ടിപ്പുസുൽത്താനെ മതഭ്രാന്തനായും, ഹിന്ദുപ്രജകളെ അടിച്ചമർത്തി ഇസ്‌ലാംമതം സ്വീകരിക്കുവാൻ നിർബന്ധിച്ചവനായും ചിത്രീകരിച്ചിട്ടുണ്ട്. എന്നാൽ, അദ്ദേഹം അത്തരക്കാരനായിരുന്നില്ല. മറിച്ച് ഹിന്ദുപ്രജകളുമായുള്ള അദ്ദേഹത്തിന്റെ ബന്ധം തികച്ചും സൗഹാർദപരമായിരുന്നു...മൈസൂർ നാട്ടുരാജ്യത്തിന്റെ പുരാവസ്തു വിഭാഗത്തിൽ ടിപ്പുസുൽത്താൻ ശൃംഗേരി മഠത്തിലെ ശങ്കരാചാര്യർക്കെഴുതിയ മുപ്പതിലേറെ

കത്തുകളുണ്ട്. കന്നടയിലാണ് ഇവ എഴുതിയത്...ഈ കത്തുകളിൽ ഒന്ന് 1793-ൽ എഴുതിയതാണ്. ടിപ്പുവിന് ശങ്കരാചാര്യർ അയച്ച കത്ത് കൈപ്പറ്റിയതായി അതിൽ പറയുന്നു. തപസ്സനുഷ്ഠിക്കാനും, ലോകക്ഷേമത്തിനെന്നപോലെ നാട്ടിന്റെ ക്ഷേമത്തിനും, പുരോഗതിക്കു വേണ്ടി പ്രാർഥിക്കാനും അതിൽ അഭ്യർഥിക്കുന്നുണ്ട്. ശങ്കരാചാര്യരോട് മൈസൂരിലേക്ക് മടങ്ങിവരാൻ അഭ്യർഥിച്ചുകൊണ്ടും, നാട്ടിൽ നല്ല ആളുകളുടെ സാന്നിധ്യം മഴ വർഷിക്കുവാനും അതുവഴി നല്ല വിളവെടുക്കുവാനും സഹായകമാകുമെന്നും പറഞ്ഞുകൊണ്ടാണ് കത്തവസാനിപ്പിക്കുന്നത്. ഇന്ത്യാചരിത്രത്തിൽ സ്വർണലിപികളാൽ അച്ചടിപ്പിക്കേണ്ട ഒരു കത്താണിത്. ധാരാളം സംസ്കൃതവാക്കുകൾ നിറഞ്ഞ കന്നടയിലുള്ള ആ കത്തിലെ ചില വാചകങ്ങൾ അതേപടി പകർത്തട്ടെ.*

> ശ്രീ മത്പരമഹംസദിയോർത. പരതാംഗിതാതന്ത
> ശൃംഗേരി ശ്രീ സച്ചിദാനന്ദ ഭാരതിസ്വാമിഗലംബ
> മിയേ, ടിപ്പുസുൽത്താൻ ബാദുഷാര വരുലസതാളബര
> ഡികലഹുസിത പത്രിക ഇൻത സകല അഭിലാഷായ
> ഉതിളിയലായിതു, താള ജഗദ്ഗുരുവാലു സർവ
> ലോകശക്രുക്ഷേമ ആകബേകൂ. ജനറുസ്വാസ്ഥദല്ലി
> ഇരബേകം ബിദാമി തപരസുമാട്ടുരതലേ
> ഇഡേരി, സാർകാരത് ക്ഷേമവൃ ഉത്തരോത്തര
> അഭിവർധൻമാൻ ആങ്കവന്തേ ത്രികാല തപസ്സു
> മാടുവല്ലിയു ഈശ്വര പ്രാർഥനേ മാടുത്ത ബരുവതു
> തമ്മൻ ന്താ തൊടവരു യാവദേശദല്ലി ഇദ്ധാരയേം
> ആ ദേശക്കമളെബളെ സകലവൃആകി
> സുഭിക്ഷവാഗി ഇരതക്കതാ തരിത്ര പരസ്ഥലഭല്ലി
> ബഹള ദിവസ താളയാതക്കേ ഇരബേകൂഹോദ
> കോലസവനു ക്ഷിപ്രഭല്ലി അനുകൂല പടിസിക്കൊണ്ടു
> സ്വലക്കെ സാഗി ബരുബന്തേ മാഡിസുവതു, താരിപു
> 21 മാരഹരാജിസാൽ സഹർസന 1220 മുഹ
> മ്മദ്. പരിന്താവി സംവത്സരത മാഗബഹുള 14
> ലുഖത്ത് സുബാഇ മുൻഷി ഹസൂർ.

ഹിന്ദുക്ഷേത്രങ്ങൾക്ക് ടിപ്പു വൻതോതിൽ ഭൂസ്വത്തുക്കൾ ദാനം ചെയ്തു. ശ്രീവെങ്കിട്ട രാമണ്ണ ശ്രീനിവാസ്, ശ്രീരങ്കനാഥ് തുടങ്ങിയ ടിപ്പുവിന്റെ കൊട്ടാരങ്ങൾക്ക് അഭിമുഖമായി നില്ക്കുന്ന ക്ഷേത്രങ്ങൾ ആ മഹാനുഭാവന്റെ സഹിഷ്ണുതയുടേയും വിശാലതയുടേയും അനശ്വരസ്മാരകങ്ങളാണ്. അല്ലാഹുവിന്റെ ഭക്തനായിരുന്ന മഹാനായ ഈ രക്തസാക്ഷി-അദ്ദേഹം സ്വാതന്ത്ര്യത്തിന്റെ രക്തസാക്ഷിയായിരുന്നു- ഹിന്ദുക്ഷേത്രങ്ങളിൽനിന്നുള്ള മണിനാദങ്ങൾ തന്റെ പ്രാർഥനകൾക്ക് ശല്യമായി

കരുതിയിരുന്നില്ല. സ്വാതന്ത്ര്യത്തിനുവേണ്ടി യുദ്ധം ചെയ്തുകൊണ്ടാണ് ടിപ്പു മരിച്ചുവീണത്. ശത്രുക്കളുടെ മുന്നിൽ കീഴടങ്ങാനുള്ള നിർദേശം അദ്ദേഹം പുച്ഛത്തോടെ തള്ളിക്കളയുകയാണുണ്ടായത്. നിരവധി അജ്ഞാത ഭടന്മാരോടൊപ്പമാണ് ടിപ്പുവിന്റെ മൃതദേഹം കണ്ടെത്തിയത്. അവരുടെ ദുർവിധിയിൽ അദ്ദേഹം അഭിമാനപൂർവം പങ്കാളിയാവുകയായിരുന്നു. മരണത്തിലും തന്റെ കൈ വാളിന്റെ പിടിയിൽനിന്നും അദ്ദേഹം വിട്ടിരുന്നില്ല- സ്വാതന്ത്ര്യപ്രഖ്യാപനത്തോടെ ഉയർത്തിപ്പിടിച്ച ഉപകരണമായിരുന്നു അത്. ടിപ്പുവിന്റെ വാക്കുകൾ ഓർക്കുക:

"ഇരുനൂറു കൊല്ലം നായയെപ്പോലെ ജീവിക്കുന്നതിനേക്കാളും രണ്ടു ദിവസം സിംഹമായി ജീവിക്കുന്നതാണ് ഉത്തമം."

അദ്ദേഹത്തിന്റെ ബഹുമാനാർഥം രചിച്ച വിലാപഗാനത്തിലെ പദ്യശകലങ്ങൾ ഓർമിക്കാം: "അല്ലാഹുവേ! നിന്ദിതനും അപമാനിതനുമായി ജീവിക്കുന്നതിനേക്കാളും നമ്മുടെ തലയിൽ രക്തം ചൊരിഞ്ഞുകൊണ്ട് യുദ്ധഭൂമിയിൽ മരിച്ചുവീഴുന്നതാണ് ഉത്തമം."

ഇതേ പ്രകാരത്തിൽ ഞാൻ അലഹബാദ് മുൻസിപ്പൽ ചെയർമാനായിരുന്ന കാലത്ത് (1948-58) എന്റെ പരിഗണനക്ക് ഒരു കേസ് വരികയുണ്ടായി. സോമേശ്വർനാഥ് മഹാദേവ ക്ഷേത്രത്തിന് ദാനം ചെയ്ത ഒരു സ്വത്തിനെക്കുറിച്ചായിരുന്നു തർക്കം. മഹന്തിന്റെ മരണശേഷം സ്വത്തിന് രണ്ടവകാശികൾ രംഗത്തുവന്നു. അവകാശികളിൽ ഒരാൾ കുടുംബവക കൈവശമുണ്ടായിരുന്ന ചില ആധാരങ്ങൾ സമർപ്പിക്കുകയുണ്ടായി. ഈ ആധാരമാകട്ടെ ഔറംഗസീബ് ചക്രവർത്തി നല്കിയ ഉത്തരവായിരുന്നു. ഔറംഗസീബ് ഭൂസ്വത്തും പണവും ക്ഷേത്രത്തിന് നല്കിയതായിട്ടാണ് രേഖ. ഞാൻ അദ്ഭുതപ്പെട്ടു പോയി. ഈ ആധാരങ്ങൾ കൃത്രിമമായേക്കുമോ എന്ന് ഞാൻ സംശയിച്ചുപോയി. ക്ഷേത്ര ധ്വംസകനായി ചിത്രീകരിക്കപ്പെടുന്ന ഔറംഗസീബ്, "ഈ ജാഗീർ പൂജക്കും ഹോമത്തിനുമുള്ളതാണ്" എന്ന് പറഞ്ഞുകൊണ്ട് എങ്ങനെ ഭൂമി നല്കും? ഔറംഗസീബ് വിഗ്രഹപ്രേമിയാവുന്നതെങ്ങനെ?

ഈ ആധാരങ്ങൾ സത്യമല്ലെന്ന് എനിക്കുറപ്പായിരുന്നു. എന്നാൽ, ഒരു തീരുമാനമെടുക്കുന്നതിന് മുമ്പായി പേർഷ്യനിലും, അറബിയിലും ഒരു വലിയ പണ്ഡിതനായ ഡോ. സർ തേജ് ബഹദൂർ സപ്രുവിന്റെ അഭിപ്രായമാരായാമെന്നു തീരുമാനിച്ചു. രേഖകൾ പരിശോധിച്ച ശേഷം ഡോ. സപ്രു പറഞ്ഞത് ഔറംഗസീബിന്റെ ഉത്തരവുള്ള ഈ രേഖ സത്യമാണെന്നാണ്. തുടർന്നദ്ദേഹം തന്റെ ഗുമസ്തനോട് വാരാണസിയിലെ ജംഗുംബാഡി ശിവക്ഷേത്രത്തിന്റെ കേസ്സ് സംബന്ധിച്ച ഫയലുകൾ കൊണ്ടുവരാൻ ആവശ്യപ്പെട്ടു. അലഹബാദ് ഹൈക്കോടതിയിൽ ഇതു സംബന്ധിച്ച ധാരാളം അപ്പീലുകൾ പരിഗണിക്കാതെ കിടക്കുന്നുണ്ട്. ജംഗുംബാഡി ശിവക്ഷേത്രം മഹന്തിന്റെ കൈയിലും ക്ഷേത്രത്തിന് ഔറംഗസീബ് ഭൂസ്വത്തു നല്കിക്കൊണ്ട് ഉത്തരവുകൾ പുറപ്പെടുവിച്ചതിന്റെ പല ആധാരങ്ങളുമുണ്ട്.

ഇതെനിക്ക് ഔറംഗസീബിനെ സംബന്ധിച്ച ഒരു പുതിയ അറിവായിരുന്നു. ഞാൻ വളരെയേറെ അദ്ഭുതപ്പെട്ടുപോയി. ഡോ. സപ്രു ഉപദേശിച്ചതനുസരിച്ച് ഇന്ത്യയിലെ പ്രധാനപ്പെട്ട പല ക്ഷേത്രങ്ങൾക്കും ഞാൻ കത്തയക്കുകയുണ്ടായി. അവരുടെ കൈയിൽ ക്ഷേത്രത്തിന് ഔറംഗസീബ് ഭൂമി ദാനം ചെയ്ത വല്ല ഉത്തരവുകളും ഉണ്ടെങ്കിൽ അവയുടെ ഫോട്ടോസ്റ്റാറ്റ് അയച്ചുതരാൻ അഭ്യർഥിച്ചു. ഇവയുടെ ശേഖരം തന്നെ മറ്റൊരദ്ഭുതമായിരുന്നു. മഹാകാലേശ്വര, ഉജ്ജെയിൻ ബാലാജിക്ഷേത്രം, ചിത്രാക്കുട്ട്, ഉമാനന്ദ് ക്ഷേത്രം, ഗോഹട്ടി തുടങ്ങിയ പ്രധാന ക്ഷേത്രങ്ങളിൽനിന്നും ശത്രുഞ്ജയിൻ ജൈനക്ഷേത്രത്തിൽനിന്നും എനിക്ക് ഔറംഗസീബ് പുറപ്പെടുവിച്ച കല്പനകളുടെ പകർപ്പുകൾ ലഭിച്ചു. കൂടാതെ ഉത്തരേന്ത്യയിലെ വേറെയും ക്ഷേത്രങ്ങളിൽനിന്നും, ഗുരുദ്വാരകളിൽനിന്നും ഇത്തരം പകർപ്പുകൾ കിട്ടുകയുണ്ടായി. ഈ ഉത്തരവുകളെല്ലാം ഹിജ്റ 1065-ന്നും(1659) 1091-ന്നും (1685) ഇടയിലുള്ളവയാണ്.

ഹിന്ദുക്കളുടേയും അവരുടെ ക്ഷേത്രങ്ങളുടേയും നേരെയുള്ള ഔറംഗസീബിന്റെ വിശാല മനോഭാവത്തിന്റെ ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് ഇവയെല്ലാം. ചരിത്രകാരൻമാർ അദ്ദേഹത്തെ കുറിച്ചെഴുതിയ കാര്യങ്ങളെല്ലാം കളവാണെന്നും ചിത്രത്തിന്റെ ഒരു വശം മാത്രമാണെന്നും വ്യക്തമാക്കുവാൻ ഇനിയും ധാരാളം തെളിവുകളുണ്ട്. ആയിരക്കണക്കിന് ക്ഷേത്രങ്ങൾ പരന്നുകിടക്കുന്ന ഒരു വലിയ രാജ്യമാണ് ഇന്ത്യ. ശരിയായ ഗവേഷണം നടത്തുകയാണെങ്കിൽ ഔറംഗസീബ് അമുസ്ലിംകൾക്ക് ചെയ്ത നന്മകൾ പുറത്തുകൊണ്ടുവരുന്ന ധാരാളം കാര്യങ്ങൾ പുറത്തുവരുമെന്ന് എനിക്കുറപ്പുണ്ട്.

ഔറംഗസീബിന്റെ ഉത്തരവുകൾ സംബന്ധിച്ച എന്റെ അന്വേഷണത്തിനിടയിൽ പാറ്റ്ന മ്യൂസിയത്തിലെ മുൻ ഉദ്യോഗസ്ഥരായിരുന്ന ശ്രീ. ഗയൻചന്ദ്ര, ഡോ. പി. എൽ. ഹുസ്ത എന്നിവരുമായി ബന്ധപ്പെടുകയുണ്ടായി. ഇവർ രണ്ടുപേരും ഔറംഗസീബിന്റെ ചരിത്രപ്രാധാന്യത്തെക്കുറിച്ച് ഗവേഷണം നടത്തുന്നവരാണ്. വേറെയും ചില ഗവേഷണപണ്ഡിതന്മാരും ഔറംഗസീബിന്റെ മലിനപ്പെട്ട ചിത്രം വൃത്തിയാക്കുന്നതിൽ അവരുടേതായ സംഭാവനകൾ നല്കുന്നുണ്ടെന്ന് കണ്ടത് എന്നെ സംതൃപ്തനാക്കിയിട്ടുണ്ട്. കപട ചരിത്രകാരന്മാർ ഔറംഗസീബിന്റെ തെറ്റായ ചരിത്രത്തെയാണ് ഇന്ത്യയിലെ മുസ്ലിം ഭരണത്തിന്റെ പ്രതീകമായി വരച്ചുകാട്ടുന്നത്. ദുഃഖിതനായ ഒരു കവി സങ്കടത്തോടെ പാടി:

ഹസാറോം സാൽ മെൻ ബഡ്യാദോകോ ദഡുതാന്തിനി

കെ. ആലങ്കീർ ഹിന്ദുകഷ്താ

സാലിംതാ, സിതംഗർതാ

(ഇന്ത്യയിലെ ആയിരം കൊല്ലത്തെ മുസ്ലിം ഭരണത്തെക്കുറിച്ച് അവർക്ക് ഒന്നു മാത്രമേ പറയാനുള്ളൂ-ആലങ്കീർ ഹിന്ദുക്കളുടെ സംഹാരകനായി

രുന്നു. ക്രൂരനും ഏകാധിപതിയുമായ ചക്രവർത്തിയായിരുന്നു.)

ഔറംഗസീബിനെ ഒരു ഹിന്ദുവിരോധിയായ ചക്രവർത്തിയായി ചിത്രീകരിക്കുമ്പോഴും "ബനാറസ് ആധാരം" എന്ന പേരിൽ പ്രസിദ്ധമായ ഒരു രേഖയെക്കുറിച്ച് പറയാനുണ്ട്. ഈ ആധാരം മൊഹല്ല ഗൗരിയിലെ താമസക്കാരായ വാരാണസിയിലെ (ബനാറസ്) ഒരു ബ്രാഹ്മണ കുടുംബത്തിന്റേതാണ്. 1905-ൽ ഗോപി ഉപാധ്യായയുടെ മകളുടെ പുത്രനായ മംഗൾവാഡെ ഈ രേഖ ജില്ലാ മജിസ്ട്രേറ്റ് മുമ്പാകെ ഹാജരാക്കി. ഇത് പല പണ്ഡിതന്മാരുടേയും ശ്രദ്ധ ആകർഷിക്കുകയും 1911-ലെ ഏഷ്യാറ്റിക്ക് സൊസൈറ്റി ഓഫ് ബംഗാൾക്കാരുടെ ജേർണലിൽ ഇതാദ്യമായി പ്രസിദ്ധീകരിക്കുകയും ചെയ്തു. അതിനുശേഷം പല ചരിത്രകാരന്മാരും ഈ രേഖ ഉദ്ധരിക്കാറുണ്ട്. ഈ ഉത്തരവിന്റെ യഥാർഥ വശം മനസ്സിലാക്കാതെ, ഔറംഗസീബ് ക്ഷേത്രനിർമാണത്തെ തടസ്സപ്പെടുത്തിയവനായി അവർ ആരോപിക്കുന്നു.'[7]

ഔറംഗസീബ് ഈ ഉത്തരവ് ഹിജ്റ 1065 ജമാദുൽ അവ്വൽ 15-ന് (മാർച്ച് 10, 1659) ക്ഷേത്രസംരക്ഷകരും, ചിലരുടെ പീഡനങ്ങൾക്ക് വിധേയരുമായ ചില ബ്രാഹ്മണരുടെ പരാതിയെത്തുടർന്ന് ബനാറസിലെ പ്രാദേശിക ഭരണാധികാരിക്ക് നല്കിയതായിരുന്നു. അത് ഇങ്ങനെ പോകുന്നു:

> "നമ്മുടെ രാജകീയ ഔദാര്യവും വിശ്വാസവും അബുൽഹസൻ അർഹിക്കുന്നവനാണ്. എന്നാൽ, പ്രകൃതിദത്തമായ ഔദാര്യങ്ങളും നമ്മുടെ വിഭവശേഷിയുമെല്ലാം വർഗപരമായ യാതൊരു വിവേചനവുമില്ലാതെ എല്ലാ വിഭാഗക്കാരായ ജനങ്ങളുടേയും ക്ഷേമത്തിന്നുള്ളതാണെന്ന് അദ്ദേഹം അറിഞ്ഞിരിക്കട്ടെ. നമ്മുടെ പരിശുദ്ധ നിയമമനുസരിച്ച പൗരാണിക ക്ഷേത്രങ്ങൾ ഒന്നുപോലും നശിപ്പിക്കരുതെന്ന് നാം തീരുമാനിച്ചിട്ടുണ്ട്. പുതിയത് നിർമിക്കുകയും വേണ്ട.
>
> നീതി നിലനിൽക്കുന്ന ഈ നാളുകളിൽപോലും ബനാറസിലേയും പരിസര പ്രദേശങ്ങളിലേയും ഹിന്ദുക്കളെ ചിലർ ഉപദ്രവം ചെയ്യുന്നതായി നമ്മുടെ രാജസദസ്സിൽ വിവരം കിട്ടിയിട്ടുണ്ട്. ഈ പൗരാണിക ക്ഷേത്രങ്ങളുടെ സൂക്ഷിപ്പുകാരും ചുമതലക്കാരുമായ ബ്രാഹ്മണരെ പൗരാണികമായ ഈ പദവിയിൽനിന്ന് നീക്കാൻ ചില ശ്രമങ്ങൾ നടന്നിട്ടുണ്ട്. ബ്രാഹ്മണരുടെ കാര്യത്തിലുള്ള ഈ ഇടപെടലുകൾ ആ സമുദായത്തെ അസ്വസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്.
>
> അതുകൊണ്ട് നമ്മുടെ രാജകീയ ഉത്തരവ് എന്തെന്നാൽ, ഈ പ്രഭയേറിയ കല്പന കിട്ടിയാൽ ഭാവിയിൽ യാതൊരാളും ഈ പ്രദേശങ്ങളിലെ ബ്രാഹ്മണരെയോ മറ്റു ഹിന്ദുക്കളെയോ ബുദ്ധിമുട്ടിക്കുകയോ അവരുടെ കാര്യത്തിൽ ഇടപെടുകയോ ചെയ്യരുത് എന്ന് നിങ്ങൾ നിർദേശിക്കണം. അങ്ങനെ അവർക്ക് പഴയ ജോലികളിൽ മനഃസമാധാനത്തോടെ തുടരുവാനും ദൈവദത്തമായ ഈ സാമ്രാജ്യം എന്നെന്നും നിലനിൽക്കാനുള്ള പ്രാർഥനകൾ നടത്താനും

സാധിക്കും. ഈ ഉത്തരവ് അടിയന്തര സ്വഭാവമുള്ളതായി പരിഗണി ക്കേണ്ടതാണ്."

ഈ ഉത്തരവ് സംശയരഹിതമായി തെളിയിക്കുന്ന കാര്യം, ഏതെങ്കിലും പുതിയ ക്ഷേത്രം നിർമിക്കുന്നതിനെതിരായി ഔറംഗസീബ് പുതിയ ഉത്ത രവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ലെന്നതാണ്. നിലവിലുള്ള ഒരു നിയമം പരാമർശിക്കുകയും, അത് കർശനമായി തുടരണമെന്ന് നിർദേശിക്കുകയും മാത്രമാണ് അദ്ദേഹം ചെയ്തത്. നിലവിലുള്ള ക്ഷേത്രങ്ങളെ സംബന്ധി ച്ചേടത്തോളം അവയുടെ നശീകരണത്തിന്ന് അദ്ദേഹം തീർത്തും എതിരാ യിരുന്നു. തന്റെ ഹിന്ദുപ്രജകൾ സമാധാനത്തോടെ ജീവിക്കണമെന്നതി ലുള്ള തന്റെ താല്പര്യവും ഈ ഉത്തരവിൽനിന്ന് വ്യക്തമാകുന്നുണ്ട്.

ഇത്തരത്തിലുള്ള ഉത്തരവ് ഇത് മാത്രമല്ല ഉള്ളത്. തന്റെ ഹിന്ദു പ്രജ കൾ സമാധാനത്തിൽ ജീവിക്കണമെന്ന് ഔറംഗസീബിന്നുള്ള താല്പര്യം പ്രകടമാക്കുന്ന മറ്റൊരു ബനാറസ് ഉത്തരവ് ഇപ്രകാരമാണ്: "ഈ ശുഭമു ഹൂർത്തത്തിൽ പുറപ്പെടുവിക്കുന്ന മഹനീയ ഉത്തരവ് എന്തെന്നാൽ- മഹാ രാജാധിരാജ റാംസിങ്ങ് ഈ പവിത്ര രാജസദസ്സിൽ നിവേദനം നടത്തിയ തനുസരിച്ച് അദ്ദേഹത്തിന്റെ പിതാവ് തന്റെ മതാചാര്യനായ ഭഗവത്ഗൊ സൈന്ന് താമസിക്കുവാനായി ബനാറസിലെ മൊഹല്ല മധോരാമിൽ യമു നയുടെ തീരത്ത് പണിത മന്ദിരത്തിൽവെച്ച് ഗൊസൈനെ ചില ആളുകൾ ശല്യപ്പെടുത്തിയതായി അറിയാൻ സാധിച്ചു. അതുകൊണ്ട് നമ്മുടെ രാജ കീയ ഉത്തരവ് എന്തെന്നാൽ പ്രഭയേറിയ ഈ കല്പന കിട്ടുന്നതോടെ ഇപ്പോഴുള്ളവരും, ഭാവിയിൽ വരുന്നവരുമായ ഉദ്യോഗസ്ഥന്മാരോട് നിർദേ ശിക്കപ്പെടുന്നതെന്തെന്നാൽ യാതൊരാളും യാതൊരു കാരണവശാലും ഗൊസൈനെ ശല്യപ്പെടുത്തുകയോ, അദ്ദേഹത്തിന്റെ കാര്യത്തിൽ ഇടപെ ടുകയോ ചെയ്യരുത്. അങ്ങനെ അദ്ദേഹം മനഃസമാധാനത്തോടെ ദൈവദ ത്തമായ ഈ സാമ്രാജ്യം നിലനില്ക്കാനുള്ള പ്രാർഥനകൾ നടത്തട്ടെ. ഇതൊരു അടിയന്തര സ്വഭാവമുള്ള കാര്യമായി കരുതട്ടെ. തിയ്യതി 17, റബീ ഉൽ ആവർ, 1091 ഹിജ്റ."[8]

ജംഗംബാരി മഠത്തിലെ മഹന്തിന്റെ കൈവശമുള്ള ഉത്തരവുകളനുസ രിച്ച് ഔറംഗസീബ് തന്റെ പ്രജകളുടെ-അത് ഹിന്ദുവായാലും, മുസ്‌ലിമാ യാലും-നേരെയുള്ള അക്രമങ്ങൾ സഹിച്ചിരുന്നില്ലെന്ന് വ്യക്തമാക്കുന്നു. കുറ്റവാളികളെ അദ്ദേഹം കർശനമായി ശിക്ഷിച്ചു. ഈ ഉത്തരവുകളിൽ ഒന്ന് ഔറംഗസീബിന്റെ രാജസദസ്സിൽ ജംഗം സമുദായക്കാർ ബനാറസ്സിലെ ഒരു മുസ്‌ലിം ദേശവാസിയായ നാസിർ ബേഗിന്നെതിരിൽ നല്കിയ പരാ തിയെക്കുറിച്ച് പറയുന്നുണ്ട്. അതുസംബന്ധിച്ച രാജശാസനം ഇപ്രകാര മായിരുന്നു:

"സുബഹ് അലഹബാദിലെ ബനാറസ് എന്നറിയപ്പെടുന്ന ഹവേലി മുഹമ്മദാബിലെ ഉദ്യോഗസ്ഥൻ അറിയേണ്ടതിലേക്ക്- പർഗാന ബനാറസ് വാസികളായ അർജുൻമാൽ, ജംഗംസ് എന്നിവർ ചക്രവർത്തി മുമ്പാകെ

പരാതിപ്പെട്ടിട്ടുള്ളതനുസരിച്ച് കസ്ബാ ബനാറസിൽ അവരുടെ കൈവശമുള്ള അഞ്ചു സ്ഥലങ്ങൾ ബനാറസ് വാസിയായ നാസിർ ബേഗ് ബലം പ്രയോഗിച്ച് കൈയേറിയിരിക്കയാണ്. ഈ പരാതി ശരിയാണെങ്കിൽ നാസിർ ബേഗിനെ ഈ സ്ഥലങ്ങളിൽ പ്രവേശിക്കുവാൻ അനുവദിക്കരുത്. അങ്ങനെ ഭാവിയിൽ ജംഗംസുകാർ അവരുടെ പ്രശ്നങ്ങളുമായി നമ്മുടെ മുന്നിൽ പരാതിപ്പെടാൻ അവസരമുണ്ടാക്കാതെ സൂക്ഷിക്കണം.'' "ഉത്തരവ് തിയ്യതി 11, ഷഅബാൻ സാൻ 13 ജുലൂസ്(1672 എ.ഡി.)"[9]

ഇതേ മഠക്കാരുടെ കൈയിലുള്ള മറ്റൊരു കല്പന(തിയ്യതി, 1. റബീ ഉൽഅവ്വൽ 1078) ജംഗംസുകാർക്ക് അനുവദിച്ച ഭൂമി പതിച്ചു നല്കാൻ ഉത്തരവ് നല്കിക്കൊണ്ടുള്ളതാണ്. അത് ഇപ്രകാരമാണ്: "സുബഹ് അലഹബാദിൽപെട്ട ഹവേലി ബനാറസ് പർഗാനയിലെ ഇപ്പോഴത്തേയും ഭാവിയിലേയും ജാഗീർദാർമാരും കറോറിമാരും അറിയേണ്ടത്. 9 അമർദാദ് ഇലാഹി തിയ്യതിയിലെ രാജകീയ വിളംബരമനുസരിച്ച് 178 ബീഗാസ് നിലങ്ങൾ ജംഗംസ് സമുദായക്കാർക്ക് അവരുടെ വരുമാനമാർഗമായി അനുവദിച്ചതാണ്. പഴയ ഉദ്യോഗസ്ഥർ ഇക്കാര്യം മുമ്പ് പരിശോധിച്ചതുമാണ്. ഇപ്പോൾ പർഗാനയിലെ മാലിക്കിന്റെ സീലോടുകൂടി സമർപ്പിച്ച തെളിവു രേഖയിൽനിന്നും പണ്ടുമുതൽക്കേ ഈ ഭൂമി അവർ കൈവശം വെച്ചതാണെന്ന അവരുടെ അവകാശവാദം വ്യക്തമായി തെളിയുന്നുണ്ട്. അതുകൊണ്ട് ചക്രവർത്തിയുടെ ഉത്തരവനുസരിച്ച് അതവർക്ക് ചക്രവർത്തിയുടെ ശിരസ്സ് യാഗമായി (നിസാർ) അർഹതപ്പെട്ടതാണ്. ഈ ഭൂമിസൻ 10 ന്റെ ഖാരിഫ് വിളവെടുപ്പിന്ന് മുമ്പായി അവർക്ക്, മുമ്പ് അവരുടേതായിരുന്നപോലെ തിരിച്ചു നല്കണം. ആരും ഇക്കാര്യത്തിൽ ഇടപെടുകയും ചെയ്യരുത്. അങ്ങനെ ജംഗംസ് സമൂഹം ഓരോ ധാന്യത്തിന്റെ വരുമാനവും ചക്രവർത്തിയുടെ ഈ രാജ്യത്ത് അവരുടെ പരിപാലനത്തിനുവേണ്ടി ഉപയോഗിക്കട്ടെ. ഇതിൽ വീഴ്ച വരുത്തുകയോ മറ്റോ ചെയ്യരുത്."[10]

ഈ ഉത്തരവ് അദ്ദേഹത്തിന്റെ നീതിബോധത്തെ മാത്രമല്ല, ഹിന്ദുഭിക്ഷുക്കൾക്ക് യാഗദാനം(നിസാർ) നല്കുന്നതിൽ വിവേചനം കാണിച്ചിരുന്നില്ലെന്നുകൂടി വ്യക്തമാക്കുന്നു. മുകളിൽ പറഞ്ഞ 178 ബീഗാസ് ഭൂമി മിക്കവാറും ഔറംഗസീബ് തന്നെ ജംഗം സമുദായത്തിന് സംഭാവന നല്കിയതാണെന്ന് കരുതേണ്ടതുണ്ട്. ഹിജ്റ 1071 റമളാൻ 5-ന്ന് പുറപ്പെടുവിച്ച ഒരു ഉത്തരവിൽ ഈ ഭൂമിയെപ്പറ്റി ഇപ്രകാരം പരാമർശമുണ്ട്:

"സുബ അലഹബാദിന്റെ ഉപമേഖലയായ ബനാറസിലെ പർഗാന ഹവേലിയിലെ ഇപ്പോഴത്തേയും ഭാവിയിലേയും ഉദ്യോഗസ്ഥന്മാർ അറിയേണ്ടതിലേക്ക്- ചക്രവർത്തിയുടെ ഉത്തരവനുസരിച്ച് പർഗാന ബനാറസിലെ 178 ബീഗാസ് ഭൂമി ജംഗം സമുദായത്തിന്ന് അവരുടെ പരിപാലന ചെലവിന്നായി നല്കിയിരിക്കുന്നു. ഈ സമയത്ത് ചക്രവർത്തിയുടെ ദർബാറിൽ ജംഗംസുകാർ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. അവരുടെ അവകാശങ്ങൾ അംഗീകരിക്കപ്പെട്ടിരിക്കുന്നു. അതേ ആളുകൾ ജീവിച്ചിരിപ്പുണ്ട്. അവർ ഭൂമിയുടെ കൈവശക്കാരുമാണ്. അതുകൊണ്ട് അതേ ഭൂമിതന്നെ അവർക്ക് ചക്ര

വർത്തിയുടെ ശിരസ്സ് യാഗമായി മുമ്പ് നല്കിയപോലെ വീണ്ടും നല്കുന്നു. ഈ ഭൂമി മഫ്ടി ഭൂമിയായി പരിഗണിക്കണം. അപ്പോൾ അവർക്കത് ഉപ യോഗിക്കുകയും, അവിടത്തന്നെ ചക്രവർത്തിയുടെ സാമ്രാജ്യത്തിന്റെ നില നില്പിന്നുവേണ്ടി പ്രാർഥിക്കുകയും ചെയ്യാം."[11]

ഒരു ഹിന്ദുമത പ്രബോധകന്ന് ബനാറസ് നഗരത്തിൽ ഹിജ്റ 1098-ൽ ഔറംഗസീബ് ഭൂമി നല്കിയ വിശദാംശങ്ങൾ ഇപ്രകാരമാണ്: "ഈ ശുഭ മുഹൂർത്തത്തിൽ പുറപ്പെടുവിക്കുന്ന ഉത്തരവ് ഇപ്രകാരമാണ്- ബനാറ സിൽ യമുനാ തീരത്ത് ബനിമാണ്ടോഘട്ടിൽ 588 ഭീരവ്യാപ്തിയുള്ള രണ്ടു തുണ്ട് ഭൂമികൾ (ഒരു തുണ്ട് രാംജീവൻ ഗൊസയിന്റെ വീട്ടിന്ന് മുമ്പിൽ പള്ളിയുടെ പിൻഭാഗത്തായിട്ടും മറ്റൊന്ന് അല്പം കൂടി മുകളിലായിട്ടും) കെട്ടിടമോ ഒന്നുമില്ലാതെ ഒഴിഞ്ഞുകിടപ്പുണ്ട്. ഇത് ബൈത്തുൽമാലിൽ (പൊതുഖജനാവ്) പെട്ടതാണ്. ഇവ രാംജീവൻ ഗൊസൈന്നും പുത്രന്നു മായി നാം ദാനം നല്കുന്നു. അങ്ങനെ അവിടെ ഭക്തരായ ബ്രാഹ്മണർക്കും ഫഖീറന്മാർക്കും വേണ്ടി മന്ദിരങ്ങൾ പണിത് പ്രാർഥനയിൽ മുഴുകി ദൈവ ദത്തമായ ഈ സാമ്രാജ്യത്തിന്റെ നിലനില്പിന്ന് വഴിയൊരുക്കട്ടെ. ഈ ഉത്തരവ് നിലനിർത്തേണ്ടത് നമ്മുടെ മക്കളുടെയും മന്ത്രിമാരുടെയും പ്രഭു ക്കളുടെയും ഉന്നത ഉദ്യോഗസ്ഥന്മാരുടെയും, ഇപ്പോഴത്തേയും ഭാവിയി ലേയും കൊത്തുവാൾമാരുടേയും കർത്തവ്യമാണ്. മേൽപറഞ്ഞ ഭൂമികൾ, അതനുവദിച്ചവരുടെ സംരക്ഷണയിൽ നിർത്തുകയും, എല്ലാ പിരിവുക ളിൽനിന്നും നികുതികളിൽനിന്നും ഒഴിവാക്കപ്പെടുകയും ചെയ്യേണ്ടതാണ്. ഓരോ കൊല്ലവും പുതിയ സനദ് അവരിൽനിന്ന് ആവശ്യപ്പെടുകയുമരുത്.[12]

തന്റെ പ്രജകളുടെ മതവികാരങ്ങൾ മാനിക്കുന്നതിൽ ഔറംഗസീബ് വളരെ ശ്രദ്ധാലുവായിരുന്നുവെന്ന് കരുതേണ്ടതുണ്ട്.[13] തന്റെ ഭരണത്തിലെ 9-ാം വർഷത്തിലെ സഫർ മാസം 2-ന് ചക്രവർത്തി പുറപ്പെടുവിച്ച രണ്ടു ഉത്തരവുകൾ ഞങ്ങളുടെ പക്കലുണ്ട്. ആസ്സാമിൽ ഗൗഹട്ടിയിലെ ഉമാനന്ദ് ക്ഷേത്രത്തിലെ പൂജാരി സുദാമൻ ബ്രാഹ്മണനനുകൂലമായി പുറപ്പെടുവി ച്ചതാണത്. ആസ്സാമിലെ ഹിന്ദുഭരണാധികാരികൾ ഈ ക്ഷേത്രത്തിന്നും അതിന്റെ പൂജാരിക്കുമായി കുറച്ചു ഭൂമിയും, വനത്തിൽനിന്നുള്ള ചില വരു മാനങ്ങളും പരിപാലന ചെലവുകളിലേക്കായി അനുവദിച്ചിരുന്നു. ഈ സംസ്ഥാനം ഔറംഗസീബിന്ന് കീഴടങ്ങിയ ഉടനെത്തന്നെ അദ്ദേഹം തന്റെ മുൻഗാമിയായിരുന്ന ഹിന്ദു അനുവദിച്ച ഭൂമിയും വരുമാനവും ക്ഷേത്ര ത്തിന്നും പൂജാരിക്കും അനുവദിച്ചതിനെ അംഗീകരിക്കുന്ന ഉത്തരവ് പുറ പ്പെടുവിക്കുകയുണ്ടായി.

ഗൗഹട്ടി ഉത്തരവിന്റെ പൂർണരൂപം ഇപ്രകാരമാണ്: "ഇപ്പോഴത്തേയും ഭാവിയിലേയും സുപ്രധാന കാര്യങ്ങളുടെ ചുമതലക്കാരും, ചൗധരിമാർ, കാനൂൻകാർ, മുഖദ്ദംകാർ, പേട്ട ബൻഗേസറിലെ കൃഷിക്കാർ എന്നിവരും അറിയേണ്ടതിലേക്ക്- ഡഖിൻകുൽ സർക്കാറിന്റെ പാണ്ടു പർഗാനയിലെ സകാര ഗ്രാമത്തിന്ന് പുറത്തുള്ള 21/2 ബിശ്വഭൂമി, റവന്യൂ ഇനത്തിൽ 30

രൂപ മതിക്കുന്ന പ്രസ്തുത സ്ഥലം മുൻ ഭരണാധികാരികൾ ഉമാനന്ദിലെ പൂജാരി സുഡാമന്നും പുത്രന്നുമായി നല്കിയതാണ്....ഇന്റഖാലി ഗ്രാമത്തിലെ റവന്യൂ ഒഴികെയുള്ള വനഭൂമിയും പരിപാലന ചെലവിലേക്കനുവദിച്ചതാണ്. അതവരുടെ അധീനത്തിൽ സ്ഥിരമായി പരിപാലിക്കാൻ അനുവദിക്കേണ്ടതാണ്. അവിടെ അവർ ഈ സാമ്രാജ്യത്തിന്റെ അനശ്വരതയ്ക്കു വേണ്ടിയുള്ള പ്രാർഥനകളിൽ മുഴുകട്ടെ. റവന്യൂ നികുതികളുടെയോ, മറ്റെന്തെങ്കിലും പ്രശ്നങ്ങളുടെയോ പേരിൽ അവരെ ആരും ശല്യപ്പെടുത്തരുത്. ഒരു പുതിയ സനദ് വേണമെന്ന ആവശ്യവും ഉന്നയിക്കരുത്... അവർ ഇതിൽനിന്ന് വ്യതിചലിക്കേണ്ടതില്ല. ചക്രവർത്തിയുടെ 9-ാം സ്ഥാനാരോഹണ വർഷം സഫർ രണ്ടിന്ന് എഴുതിയത്.”[14]

ഔറംഗസീബിന്ന് ഹിന്ദുക്കളോടും അവരുടെ മതത്തോടും സഹിഷ്ണുതാമനോഭാവമാണ് ഉണ്ടായിരുന്നതെന്ന അഭിപ്രായത്തെ ഉജ്ജെനിയിലെ മഹാകാലേശ്വർ ക്ഷേത്രപുരോഹിതന്മാരും പിന്താങ്ങുണ്ട്. പ്രധാനപ്പെട്ട ശിവക്ഷേത്രങ്ങളിൽ ഒന്നാണിത്. ഇവിടെ രാവും പകലും ഒരുപോലെ ദീപം തെളിച്ചുവെക്കാറുണ്ട്.

ഇതിനെ “നന്ദദീപം” എന്നാണ് വിളിക്കുന്നത്. നാല് സേർ നെയ്യ് ദിവസവും ഈ “നന്ദദീപ” ത്തിന്ന് ഉപയോഗിച്ചിരുന്നു. പണ്ടുകാലം മുതൽക്കേ ഭരണകൂടങ്ങളാണ് ഇതു നല്കിയിരുന്നത്. ക്ഷേത്രപുരോഹിതന്മാർ പറയുന്നത് മുഗൾകാലഘട്ടം ഇതു തുടർന്നു എന്നാണ്. ഔറംഗസീബ് പോലും ഈ പൗരാണിക പാരമ്പര്യം മാനിക്കുകയുണ്ടായി. നിർഭാഗ്യത്തിന്ന് ഇതിന്നുപോൽബലകമായ രാജകീയ വിജ്ഞാപനങ്ങളൊന്നും അവരുടെ പക്കലില്ല. എന്നാൽ, ഹിജ്റ 1061 ശവ്വാൽ 5-ന്ന് മുറാദ്ബക്ഷ് തന്റെ പിതാവിന്റെ ഭരണകാലത്ത് പുറപ്പെടുവിച്ച ഒരു ഉത്തരവിന്റെ പകർപ്പ് അവരുടെ പക്കലുണ്ട്. ചക്രവർത്തിക്കുവേണ്ടി അദ്ദേഹം ഈ വിജ്ഞാപനം പുറപ്പെടുവിച്ചത് മഹാകാലേശ്വര ക്ഷേത്രത്തിലെ അന്നത്തെ പൂജാരിയായിരുന്ന ദേവറാമിന്റെ പരാതിയെത്തുടർന്നാണ്. പരാതിക്കാരന്റെ അവകാശവാദം വിലയിരുത്താനായി ഹക്കീം മുഹമ്മദ് മെഹദി പഴയ രേഖകൾ പരിശോധിക്കുകയുണ്ടായി. അതിനെത്തുടർന്ന് ക്ഷേത്രത്തിലെ ഈ ‘ദീപ’ത്തിന്നാവശ്യമായ നാല് സേർ (അക്ബരി) നെയ്യ് നല്കിക്കൊണ്ടിരിക്കാൻ ചണ്ടുത്ര കോട്ടുവാ തഹസിൽദാരോട് നിർദേശിക്കുകയുണ്ടായി.

ഈ ഉത്തരവിന്റെ പകർപ്പ് പുറപ്പെടുവിച്ചത് 1153 ഹിജ്റ വർഷത്തിൽ മുഹമ്മദ് സാദുല്ലയാണ്. അതായത്, അസ്സൽ ഉത്തരവിന്റെ 93 വർഷത്തിനുശേഷം ഇപ്പോഴത്തെ പുരോഹിതന്മാരുടെ അഭിപ്രായത്തിൽ വളരെ വർഷത്തിന്നുശേഷം. ഇങ്ങനെ ഒരു പകർപ്പ് പ്രസിദ്ധീകരിച്ചതിൽനിന്ന് ലഭിക്കുന്ന സൂചന അക്കാലമത്രയും പഴയ നടപടിക്രമം തുടർന്നുവെന്നതാണ്. ഔറംഗസീബിന്റെ ഭരണവും ഈ കാലത്തിന്നിടയിലായിരുന്നു. ഇന്നത്തെ കാലത്ത് ഈ വിജ്ഞാപനത്തിന്ന് വിലയില്ലാത്തതുകൊണ്ട് ആ കാലഹരണപ്പെട്ട പഴയ ഉത്തരവിന്റെ പകർപ്പ് സൂക്ഷിക്കുന്നതിൽ ആരും ശ്രദ്ധ കാണി

ച്ചിട്ടില്ലെന്നേയുള്ളൂ. ഈ ക്ഷേത്രത്തെ സംബന്ധിച്ചു എന്റെ ശ്രദ്ധയിൽപെടുവാനിടയായ പുരാവസ്തുകാരുടെ കൈവശമുള്ള ചില രാജകീയ രേഖകളിൽ അന്നത്തെ മഹന്ത് ലക്ഷ്മീ നാരായൺ ഔറംഗസീബിന്റെ കാലത്തെ ചില രേഖകൾ കൈവശം വെച്ചതായി കാണുന്നുണ്ട്.

അഹമ്മദാബാദിലെ നാഗർസേഥ് നിർമിച്ച ചിന്താമൻ ക്ഷേത്രം തകർത്തതായി പൊതുവെ ചില ചരിത്രകാരന്മാർ പറയുന്നുണ്ടെങ്കിലും അതു കളവാകാനാണ് സാധ്യത. കാരണം, ഇതേ ഔറംഗസീബ് തന്നെയാണ് ഇതേ നാഗർസേഥിന്ന് ശത്രുൻജയൻ ക്ഷേത്രത്തിന്നും അബു ക്ഷേത്രത്തിന്നുംവേണ്ടി ഭൂമി നല്കിയത്.

ശത്രുൻജയൻ ക്ഷേത്രത്തിന്നുവേണ്ടി ഭൂമി നല്കിക്കൊണ്ടുള്ള ഉത്തരവ് ഇപ്രകാരമാണ്: "...അവസാനം സന്തോഷകരമായ ഒരു കാര്യം ആഭരണ വ്യാപാരിയായ സതിദാസ് തന്റെ മഹനീയ സാന്നിധ്യംകൊണ്ട് രാജസദസ്സിന്ന് നിവേദനം നടത്തിയിരിക്കയാണ്...ചക്രവർത്തിയെ അദ്ദേഹം സോളമനെന്നും, ദൈവദാസനായ(മുഹമ്മദിന്റെ)പിൻഗാമിയെന്നും പുകഴ്ത്തിക്കൊണ്ട് സമർപ്പിച്ച നിവേദനത്തിൽ മുപ്പത്തി ഒന്നാം വർഷം പരിശുദ്ധ മാസം റമളാൻ പത്തൊൻപതാം തിയ്യതി സുബാഅഹമ്മദാബാദിന്റെ ഭാഗമായ സോറത്ത് സർക്കാറിൽപെട്ട (രണ്ടുലക്ഷം 'ദാം' റവന്യൂ ഉള്ള) സത്രൻജ എന്ന് വിളിക്കപ്പെടുന്ന പാലിത്താന ജില്ല ഇനാമായി നിവേദകന്ന് രാജസദസ്സ് അനുവദിക്കുമെന്ന് പ്രത്യാശിക്കുന്നു. അതുകൊണ്ട് മുമ്പ് നാം ചെയ്തുപോന്ന അതേ മാതൃകയിൽ മുകളിൽ പറഞ്ഞ ജില്ല നിവേദകന്ന് ഇനാമായി നല്കുന്നു. അതുകൊണ്ട് സുബയിലെ ഇപ്പോഴത്തേയും ഭാവിയിലെയും മാനേജർമാരും മേൽപറഞ്ഞ സർക്കാറും അറിഞ്ഞിരിക്കേണ്ടത് ഈ പവിത്രമായ ഉത്തരവുപ്രകാരം മേൽപറഞ്ഞ ജില്ല മേൽപറഞ്ഞ വ്യക്തിയുടെ അധീനത്തിലായിരിക്കും. അദ്ദേഹത്തിന്റെ പിൻഗാമികൾക്ക് പിന്തുടർച്ചാ ക്രമത്തിൽ തലമുറതലമുറയായി അതു കൈമാറപ്പെടും. എല്ലാവിധ നികുതികളിൽനിന്നും മറ്റു നിബന്ധനകളിൽനിന്നും അദ്ദേഹത്തെ ഒഴിവാക്കിയിരിക്കുന്നു. എല്ലാ വർഷവും പുതിയ സനദ് വേണമെന്ന ആവശ്യമൊന്നും ഉന്നയിക്കരുത്. ഈ ഉത്തരവിൽ യാതൊരു വ്യതിയാനവും പാടില്ല. തെൽക്കന്റ് മാസം 9-ാം തിയ്യതി ഹിജ്റ വർഷം 1068-ൽ (1658-ൽ) എഴുതിയത്."[15]

നാഗർസേഥ് ഔറംഗസീബിനെ ചില യുദ്ധങ്ങളിലെല്ലാം സഹായിച്ചിരുന്നു. അദ്ദേഹത്തിന്റെ സേവനത്തിൽ സംതൃപ്തി തോന്നിയ ചക്രവർത്തി സമ്മാനമായി ഭൂസ്വത്തുക്കൾ നല്കിയിരുന്നു. ഗിർനാറിലും അബുവിലും ക്ഷേത്രങ്ങൾ സ്ഥാപിച്ച സ്ഥലങ്ങളാണിവ. അതുസംബന്ധിച്ച ഉത്തരവുകൾ ഇപ്രകാരമാണ്:

"പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ:

(തുഗ്റ) അല്ലയോ വിശ്വാസികളേ, ദൈവത്തെ അനുസരിക്കുക; പ്രവാ

ചകനെ അനുസരിക്കുക, നിങ്ങളിൽനിന്നുള്ള ഭരണാധികാരികളെയും.

(സീൻ) അബുൽ മുസഫർ മുഹയുദ്ദീൻ മുഹമ്മദ് ഔറംഗസീബ് ആലംഗീർ ബാദുഷാ ഖാസി:

ഈ അവസരത്തിൽ ഈ മഹനീയ ഉത്തരവ് പുറപ്പെടുവിക്കുന്നതെന്തെന്നാൽ ഷർവാക് സമുദായത്തിലെ സഹസ്ബായിയുടെ പുത്രൻ ശാന്തിദാസ് ജവഹരി സൈന്യത്തിന്റെ നീക്കത്തിൽ വളരെയധികം സഹായം ചെയ്ത വ്യക്തി എന്ന നിലയിൽ പ്രത്യേകമായ ചില ആനുകൂല്യങ്ങൾ പ്രതീക്ഷിക്കുന്നുണ്ട്. അതുകൊണ്ട് നമ്മുടെ ആദരസൂചകമായി അഹമ്മദാബാദിൽപെട്ട പാലിട്ടാന ജില്ലയും, ക്ഷേത്രം സ്ഥിതി ചെയ്യുന്ന പ്രസിദ്ധമായ സതുരൻജ കുന്നിൻപ്രദേശങ്ങളും മുഴുവൻ നാം ഷർവാക്ക് സമുദായത്തിലെ ശാന്തിദാസ് ജവഹരിക്കു നല്കുന്നു. സത്രൻജ കുന്നുകളിൽ കണ്ടേക്കാവുന്ന മരങ്ങളും വിറകുകളും ഷർവാക് സമുദായത്തിനുള്ളതാണ്. അതവർക്ക് ഏതാവശ്യത്തിന്നും ഉപയോഗിക്കാവുന്നതാണ്. സത്രൻജ കുന്നുകളുടേയും ക്ഷേത്രത്തിന്റേയും പാലകർ ആരായാലും അവർ പാലിട്ടാനയിലെ വരുമാനത്തിനർഹരാണ്. ഈ അനശ്വര ഭരണകൂടത്തിന്റെ പരിപാലനത്തിന്നുള്ള പ്രാർഥന അവർ തുടരട്ടെ. ഇപ്പോഴത്തേയും ഭാവിയിലേയും ഭരണസമിതി ഉദ്യോഗസ്ഥന്മാർ, ജാഗീർദാർമാർ, കറോറികൾ എന്നിവർ ഈ ഉത്തരവ് കണിശമായും പാലിക്കേണ്ടതും, അതിൽ യാതൊരു വീഴ്ചയും പാടില്ലാത്തതുമാണ്.

"ഇതിന്ന് പുറമെ സിറോഹിയിൽപെട്ട ജൂനാഗറിൽ ഗിർനൽ എന്ന് പ്രസിദ്ധമായ ഒരു മലയും, അബുജിയിൽ ഒരു കുന്നുമുണ്ട്. ഒരു പ്രത്യേക ആനുകൂല്യമെന്ന നിലയിൽ നാം ഇവരണ്ടും ഷർവാക്ക് സമുദായത്തിലെ ശാന്തിദാസ് ജവഹരിക്ക് നല്കുന്നു. അങ്ങനെ അദ്ദേഹം പരിപൂർണമായും സംതൃപ്തനാവട്ടെ. ഇവരുടെ കാര്യത്തിൽ ആരും ഇടപെടാൻ പാടില്ലെന്ന കാര്യം ഉദ്യോഗസ്ഥന്മാർ അറിഞ്ഞിരിക്കട്ടെ. രാജാക്കന്മാരിൽപെട്ട ആരും അദ്ദേഹത്തെ തടയരുതെന്ന് മാത്രമല്ല, നമ്മുടെ രാജകീയ പ്രീതിക്ക് പാത്രീഭൂതരാകുവാൻ അദ്ദേഹത്തെ സഹായിക്കുക കൂടി ചെയ്യണം. ഓരോ വർഷവും പുതിയ സനദ് വേണമെന്ന് ആവശ്യപ്പെടാനും പാടില്ല. ഈ ഗ്രാമത്തെയോ, മൂന്ന് കുന്നുകളെയോ കുറിച്ച് ആരെങ്കിലും അവകാശവാദമുന്നയിക്കയാണെങ്കിൽ അവർ ജനങ്ങളുടെ എന്നപോലെ ദൈവത്തിന്റെയും കോപത്തിനും ശാപത്തിന്നും ഇരയാകുന്നതാണ്. അദ്ദേഹത്തിന് ഒരു പ്രത്യേക സനദ് തന്നെ നൽകിയിട്ടുണ്ട്.

ഹിജ്റവർഷം 1070-ൽ റജബ് മാസം 10-ാംനു എഴുതിയത്. (മാർച്ച് 12, 1660)"[16]

എന്നാൽ, വാരാണസിയിലെ വിശ്വനാഥക്ഷേത്രവും, ഗോൽഖുൻഡയിലെ ജുമാമസ്ജിദും പൊളിക്കുവാൻ ഔറംഗസീബ് ഉത്തരവിട്ടതിന് വ്യക്തമായ തെളിവുകളുണ്ട്. ഈ ക്ഷേത്രവും, പള്ളിയും പൊളിക്കുന്നതിൽ ചില സാഹചര്യ കാരണങ്ങളും ഗുണങ്ങളും ഔറംഗസീബ് കണ്ടിരി

ക്കാമെന്ന് തോന്നുന്നു. വിശ്വനാഥക്ഷേത്രം പൊളിക്കുവാൻ കാരണമായ സംഭവം ഇപ്രകാരമാണ്: ഔറംഗസീബ് ബംഗാളിലേക്കുള്ള യാത്രാമധ്യേ വാരാണസിക്കടുത്തുകൂടി കടന്നുപോകുമ്പോൾ അദ്ദേഹത്തിന്റെ പരിവാരത്തിൽപെട്ട ഹിന്ദുരാജാക്കന്മാർ യാത്ര ഒരു ദിവസത്തേക്ക് നിർത്തിവെക്കുവാൻ അപേക്ഷിച്ചു. അങ്ങനെയായാൽ തങ്ങളുടെ റാണിമാർക്ക് വാരാണസിയിൽ ചെന്ന്, ഗംഗയിൽ കുളിച്ച്, വിശ്വനാഥ ഭഗവാനെ തൊഴാൻ സൗകര്യപ്പെടുമെന്ന് അവർ നിർദേശിച്ചു. ഔറംഗസീബ് ഈ അഭ്യർഥന സസന്തോഷം അംഗീകരിച്ചു. വാരാണസിയിലേക്ക് അഞ്ചുനാഴിക ദൂരമുള്ള വഴിയിൽ സൈനിക കാവൽ ഏർപ്പെടുത്തി. പല്ലക്കുകളിൽ റാണിമാർ യാത്രചെയ്തു. ഗംഗയിൽ കുളിച്ച് അവർ വിശ്വനാഥക്ഷേത്രദർശനം നടത്തി. പൂജാകർമത്തിനു ശേഷം ഒന്നൊഴികെ- കച്ചിലെ മഹാറാണി ഒഴികെ-എല്ലാ റാണിമാരും തിരിച്ചെത്തി. ക്ഷേത്ര പരിസരങ്ങളിലെല്ലാം അന്വേഷിച്ചുവെങ്കിലും റാണിയെ ഒരിടത്തും കണ്ടെത്താനായില്ല. ഇതിനെക്കുറിച്ച് അറിയാനിടവന്നപ്പോൾ ഔറംഗസീബ് വളരെ അസ്വസ്ഥനായി. റാണിയെ കണ്ടുപിടിക്കാൻ അദ്ദേഹം തന്റെ ഉന്നത ഉദ്യോഗസ്ഥന്മാർക്ക് നിർദേശം നല്കി. അവസാനം ഗണേശ് വിഗ്രഹം സ്ഥാപിച്ചിട്ടുള്ള മതിൽ ഇളക്കിമാറ്റാവുന്നതാണെന്നവർ കണ്ടെത്തി. വിഗ്രഹം മാറ്റിയപ്പോൾ താഴെ നിലയിലേക്കുള്ള ഏണിപ്പടികൾ അവരുടെ ശ്രദ്ധയിൽപെട്ടു. അവരെ ഞെട്ടിപ്പിക്കുമാറു കാണാതെ പോയ റാണി അപമാനിക്കപ്പെട്ട നിലയിൽ അവിടെനിന്ന് കരയുന്നത് കണ്ടു. വിശ്വനാഥ ഭഗവാന്റെ ഇരിപ്പിടത്തിന്ന് താഴെയായിട്ടാണ് ഈ താഴെനില സ്ഥിതി ചെയ്യുന്നത്. രാജാക്കന്മാർ രോഷ-പ്രതിഷേധം കൊണ്ടലറി. സ്ത്രീകൾക്കെതിരായ ഈ ക്രൂരതയിൽ മാതൃകാപരമായ ശിക്ഷ വേണമെന്ന് അവർ ആവശ്യപ്പെട്ടു. പരിശുദ്ധ വേദി മലീമസമാക്കിയതുകൊണ്ട് വിശ്വനാഥ ഭഗവാനെ മറ്റൊരു സ്ഥാനത്തേക്ക് മാറ്റി പ്രതിഷ്ഠിക്കുവാൻ ഔറംഗസീബ് ഉത്തരവിട്ടു. മഹന്തിനെ അറസ്റ്റ് ചെയ്ത് ശിക്ഷിക്കുകയും, ക്ഷേത്രം ഇടിച്ചുനിരത്തുകയും ചെയ്തു.

“തൂവലുകളും കല്ലുകളും”( Feathers and the Stones) എന്ന തന്റെ പ്രസിദ്ധ ഗ്രന്ഥത്തിൽ ഡോക്ടർ പട്ടാബിസീതാരാമയ്യ രേഖാമൂലമായ തെളിവുകളോടെ ഈ സംഭവം വിവരിക്കുന്നുണ്ട്. പാറ്റ്നാ മ്യൂസിയത്തിലെ മുൻമേധാവി ഡോ. പി. എൽ. ഗുപ്തയും ഈ സംഭവം ദൃഢമായി സമർഥിക്കുന്നുണ്ട്.

ഇനി ജുമാമസ്ജിദ് പൊളിച്ചുനീക്കിയ കഥ- ഗോൽകുൺഡിലെ പ്രസിദ്ധനായ ഭരണാധികാരി താനാഷാ സംസ്ഥാനത്തെ നികുതികൾ പിരിച്ചിരുന്നുവെങ്കിലും ഡൽഹിയിലേക്കുള്ള വിഹിതം അടച്ചിരുന്നില്ല. ഏതാനും വർഷങ്ങൾകൊണ്ട് അതു കോടികളായി വർധിച്ചു. താനാഷായെ ഖബറടക്കം ചെയ്തതിന് മുകളിൽ ഖസാനയിൽ ഒരു ജുമാമസ്ജിദ് നിർമിച്ചിരുന്നു. ഔറംഗസീബ് ഇതറിയാനിടവന്നപ്പോൾ പള്ളി പൊളിച്ചുമാറ്റാൻ ഉത്തരവിട്ടു. ഖബറടക്കിയ ഖസാന പിടിച്ചടക്കുകയും

ജനക്ഷേമത്തിന്നുവേണ്ടി ഉപയോഗപ്പെടുത്തുകയും ചെയ്തു. ഈ രണ്ടു സംഭവങ്ങളിൽനിന്നും മനസ്സിലാകുന്നത് നീതി നിർവഹണത്തിൽ ഔറംഗസീബ് പള്ളിയെന്നോ, ക്ഷേത്രമെന്നോ ഉള്ള വ്യത്യാസം കാണിച്ചിരുന്നില്ലെന്നാണ്.

ദൗർഭാഗ്യവശാൽ മധ്യകാല-ആധുനിക ഇന്ത്യാചരിത്രത്തിലെ സംഭവങ്ങളേയും കഥാപാത്രങ്ങളേയും അലങ്കോലപ്പെടുത്തുകയും, തെറ്റായി ചിത്രീകരിക്കുകയും ചെയ്തവയെ അതേ നിലയിൽ ദൈവികസത്യംപോലെ അംഗീകരിക്കുകയാണ്. യാഥാർഥ്യങ്ങളെ വിശദീകരിക്കാൻ ശ്രമിക്കുന്നവരേയും, സത്യാസത്യങ്ങൾ വേർതിരിക്കുന്നവരേയും, വളച്ചൊടിച്ചവ തുറന്നുകാണിക്കുന്നവരേയും കുറ്റപ്പെടുത്താൻ ശ്രമിക്കുന്ന ഒരു പ്രവണതയാണ് ഇന്നു കാണുന്നത്. സ്ഥാപിത-വർഗീയ താൽപര്യക്കാർ ചരിത്രം വളച്ചൊടിക്കാനും അലങ്കോലപ്പെടുത്താനും തുടർന്ന് ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നു.

വളരെ വേദനാജനകമായ മറ്റൊരു കാര്യം, രണ്ട് വിഭാഗത്തിലും പെട്ട യാഥാസ്ഥിതികർ മധ്യകാല ഇന്ത്യാചരിത്രം മാത്രമല്ല; വേദങ്ങളിലേയും ഖുർആനിലേയും അധ്യാപനങ്ങൾ പോലും തെറ്റായി വ്യാഖ്യാനിക്കുന്നു എന്നതാണ്. മനസ്സാക്ഷിയില്ലാത്ത രാഷ്ട്രീയക്കാർ പകയുടെ കാറ്റ് വിതക്കുകയാണ്. തന്റെ നാട്ടുകാർ ഈ കൊടുങ്കാറ്റിൽ പിഴുതെറിയപ്പെടുമെന്ന് അവർ മറക്കുകയാണ്."

## കുറിപ്പുകൾ:

1. വുഡ് പേപ്പേർസ്: വുഡ് ടു എൽഗിൻ, മാർച്ച് 3, 1862
2. ഹാമിൽട്ടൺ ടു കർസൻ, 26 മാർച്ച്, 1888
3. ക്രോസ് ടു ഡഫ്‌രിൻ, 14 ജനുവരി 1887
4. ത്വബ്ഖാതെ അക്ബരി, വാല്യം 1, പേജ്: 82
5. താരീഖ്-എ-ഷാഹി
6. മിഡീവൽ ഇന്ത്യ കോർട്ടർലി, പേജ്: 5
7. ഹിസ്റ്ററി ഓഫ് ഔറംഗസീബ്-ജഡുനാഥ് സർക്കാർ
8. പാക്കിസ്ഥാനിലെ ആർക്കവീഡ് ഡയറക്ടർ എസ്സ്. എം. ജാഫർ വെളിപ്പെടുത്തിയത്- ശ്രീ. ഗ്യാൻചന്ദ്രക്ക്.
9. ഹൈക്കോടതി രേഖകൾ. അലഹബാദ് ഹൈക്കോടതിയിൽ കൃഷ്ണഗിരിയും മറ്റും ജഗദ്ഗുരു ശ്രീ. മഹന്ത് മാലിക് അർജുൻ സ്വാമിക്കെതിരെ 1934-ൽ ഫയൽ ചെയ്ത അന്യായം. എക്സിബിറ്റ്-20
10. Ibid, എക്സിബിറ്റ് നമ്പർ- 11
11. Ibid, എക്സിബിറ്റ് നമ്പർ- 16
12. എസ്സ്. എം. ജാഫർ അവർകൾ ഗ്യാൻചന്ദ്രയുടെ ശ്രദ്ധയിൽപെടുത്തിയത്.
13. പ്രജകളുടെ വികാരങ്ങൾ മാനിച്ചുകൊണ്ട് ആസ്സാമിൽ പുരാവൃത്ത മുദ്രയുള്ള നാണയം ബംഗാളി ലിപിയോടെ പുറത്തിറക്കി.
14. ആസ്സാം റിസർച്ച് സൊസൈറ്റിയുടെ ജേർണലിൽ പ്രസിദ്ധീകരിച്ചത്. ജനുവരി-ഏപ്രിൽ, 1942. പേജ്: 1-12
15. ഇന്ത്യാ ചീഫ് സിക്രട്ടരിക്ക് 1923-ൽ ജയിനന്മാർ സമർപ്പിച്ചത്.
16. ബോംബെ സർവകലാശാലാ ജേർണൽ, വാല്യം 1, പേജ്: 54
17. സർസയ്യിദ്-മഖാലാത്-എ- സർസയ്യിദ്. എസ്സ്.എം. ഇസ്മായീൽ എഡിറ്റ് ചെയ്തത്. വാല്യം 10, പേജ്: 50